www.malankaralibrary.com

# മാർ ഈവാനിയോസിന്റെ അനാഥബാലൻ

(സ്മരണാഞ്ജലി)

JOMI THOMAS
Thongalathu Toms Villa
Thamarakudy. P.O
Kalayapuram -691560
BOOK No.........................


ഗ്രന്ഥകർത്താ:
ബി. ജി. ജേക്കബ്

JOMI THOMAS
Thongalathu Toms Villa
Thamarakudy. P.O
Kalayapuram -691560
BOOK No.........................



മാർ ഈവാനിയോസ് തിരുമേനി

www.malankaralibrary.com



മാർ തിയോഫിലോസ് തിരുമേനി

JOMI THOMAS
Thongalathu Toms Villa
Thamarakudy. P.O
Kalayapuram -691560
BOOK No......................

# പ്രസ്താവന

അയിത്താചാരങ്ങൾ കൊടികുത്തി വാണിരുന്ന കാലത്ത് അധഃസ്ഥിതസമുദായത്തിൽ ജനിച്ചു വളർന്ന്, വളരെ പ്രയാസപ്പെട്ട് അക്ഷരാഭ്യാസം നേടിയിട്ട്, അതുലപ്രഭാവനായ മാർ ഈവാനിയോസ് തിരുമേനിയുടെ അനാഥബാലനും ബഥനിയിലെ അന്തേവാസിയുമായി ദീർഘകാലപരിശീലനം കഴിഞ്ഞ്, പുനരൈക്യ പ്രസ്ഥാനത്തിനും മലങ്കരസുറിയാനിറീത്തിനും വേണ്ടി പ്രാരംഭഘട്ടം മുതൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എനിക്കു നേരിട്ടറിയാവുന്ന ചില അസാധാരണസംഭവങ്ങളും ചരിത്രവസ്തുതകളും അനുഭവസാക്ഷ്യമായി വെളിച്ചത്തു കൊണ്ടുവരുന്നതിനായിട്ടാണ് ഞാൻ ഈ ഗ്രന്ഥരചനയ്ക്കൊരുമ്പെട്ടത്. മഹാമനസ്കരായ മാന്യവായനക്കാരിൽനിന്ന് സദയം പ്രോത്സാഹനം ലഭിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

എന്റെ വിദ്യാഭ്യാസം ഏതാനും മണിക്കൂർ മാത്രമായിരുന്നുവെന്ന പരമാർത്ഥം ഈ ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എങ്കിലും പണ്ഡിതന്മാരും സംസ്കാരസമ്പന്നരുമായ മഹാന്മാരുമായുള്ള നിരന്തരസമ്പർക്കം കൊണ്ടും ഉപദേശി എന്ന നിലയിലുള്ള ദീർഘകാലപരിചയംകൊണ്ടും മററും എന്റെ ആശയങ്ങൾ ഒരുവിധം വെളിവാക്കാനുള്ള കഴിവ് എനിക്കു ലഭിച്ചിട്ടുണ്ടെന്നു പറയാം. ദൈവവചനത്തിൽ ഞാൻ വിശ്വസിച്ചു; ആ വചനം എന്റെ കാലുകൾക്കു വിളക്കും ഊടുവഴികൾക്കു പ്രകാശവുമായിത്തീർന്നു.

www.malankaralibrary.com



എന്റെ മനസ്സിലിരുന്ന ആശയങ്ങൾ ഗ്രന്ഥരൂപത്തിലാക്കുവാൻ ആത്മാർത്ഥമായി സഹായിച്ച എന്റെ സഹോദരപുത്രൻ പി. ബേബി M. Sc. യോടും, എന്റെ ഭാര്യാസഹോദരീഭർത്താവു് ശ്രീ പി. ററി. ഡാനിയേൽ അവർകളോടും എനിക്കുള്ള കടപ്പാടു് ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ ഗ്രന്ഥരചനയ്ക്കുവേണ്ട വിദഗ്ദ്ധോപദേശവും പ്രോത്സാഹനവും നൽകി എന്നെ ധൈര്യപ്പെടുത്തിയ റിട്ട. പ്രൊഫസർ ശ്രീ പി. സി. ദേവസ്യാ M. A. അവർകളോടു് ഞാൻ അത്യന്തം കൃതജ്ഞനാണു്.

ഈ ഗ്രന്ഥത്തിന്റെ കൈയെഴുത്തുപ്രതിയും പ്രൂഫും സൂക്ഷ്മമായി പരിശോധിച്ചു് ഭാഷാപരമായ തെററുകൾ യഥാവിധി തിരുത്തിത്തന്നു് എന്നെ ധന്യനാക്കിയ സെൻറ് മേരീസ് ട്രെയിനിംഗ് സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ എൻ. ജി. ഫിലിപ്പ് അവർകളോടുള്ള കൃതജ്ഞത നിസ്സീമമത്രെ.

ബഥനിപ്രസ്ഥാനം കേന്ദ്രമാക്കിയുള്ള എന്റെ അനുസ്മരണകൾക്ക് അനുഭൂതിമധുരവും ലളിതകോമളവുമായ ഒരു സാക്ഷ്യപത്രം രചിച്ചു ഈ ഗ്രന്ഥത്തെ അലങ്കരിച്ച റവ. ഫാ. യൗനാൻ O. I. C. യോടും സ്നേഹമസൃണമായ ഒരു ആശംസാപത്രം നൽകി എന്നെ ചരിതാർത്ഥനാക്കിയ, എന്റെ വല്യുപ്പിതാവു്, പരേതനായ ശ്രീ കളരിക്കൽ കോശിമത്തായി അവർകളോടും ഞാൻ പ്രത്യേകമായി കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

പണ്ഡിതോചിതവും സമജ്ജ്വലവുമായ അനുമോദനംകൊണ്ടു് ഈ ഗ്രന്ഥത്തിനു് ആധ്യാത്മിക പരിവേഷം പകർന്നുതന്ന ഔദാര്യനിധിയായ ചങ്ങനാശ്ശേരി ബിഷപ്പ് റൈററ് റവ: ഡോ: ജോസഫ് പൗവ്വത്തിൽ തിരുമേനിയോടു് എനിക്കുള്ള അളവററ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.



സർവ്വോപരി ഈ ഗ്രന്ഥം ആദ്യന്തം പരിശോധിച്ചു് പൈതൃകമായ വാത്സല്യത്തോടെ ഹൃദ്യവും ഗഹനവും ആധികാരികവുമായ അവതാരിക എഴുതിത്തന്നു് എന്നെ അനുഗ്രഹിച്ച തിരുവനന്തപുരം ആർച്ചുബിഷപ്പ്, മോസ്റ്റ് റവ. ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയോടു് എനിക്കുള്ള ഹൃദയംഗമമായ കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഈ ഗ്രന്ഥം കഴിയുന്നത്ര വേഗത്തിൽ എത്രയും ഭംഗിയായി മുദ്രണം ചെയ്യുന്നതിനു് ആത്മാർത്ഥമായി പ്രയത്നിച്ച, പട്ടം സെൻറ് മേരീസ് പ്രസ്സ് ഭാരവാഹികളോടും മനോഹരമായ പുറംചട്ടയും ബ്ലോക്കുകളുംകൊണ്ടു് ഇതിനെ സമാകർഷകമാക്കിത്തീർത്ത തിരുവനന്തപുരം സെൻറ് ജോസഫ്സ് പ്രസ്സ് അധികൃതരോടും, ഇതിന്റെ പ്രസിദ്ധീകരണത്തിനു് ബഹുവിധ പ്രോത്സാഹനങ്ങൾ നൽകിയിട്ടുള്ള മഹാമനസ്കരും ധീരോദാത്തരുമായ എല്ലാവരോടുമുള്ള എന്റെ അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

തിരുവനന്തപുരം, ബി. ജി. ജേക്കബ്

15–7–1976.

www.malankaralibrary.com

# അവതാരിക

മലങ്കര സുറിയാനിസഭയുടെ ചരിത്രത്തിൽ മായാത്ത വ്യക്തിമുദ്രപതിച്ച ഒരു മഹാപുരുഷനാണു യശശ്ശരീരനായ മാർ ഈവാനിയോസ് തിരുമേനി. ആധുനികകാലത്ത് മലങ്കരസഭയുടെ ജീവിതത്തിൻെറ വിവിധ മണ്ഡലങ്ങളിൽ ഉണ്ടായിട്ടുള്ള പുതിയ ചലനങ്ങൾക്കും സംരംഭങ്ങൾക്കും തുടക്കംകുറിച്ചത് ആ മഹാപുരുഷൻ ആയിരുന്നു.

പ്രതിഭാശാലിയും അനുഗൃഹീതനുമായ ഒരു വൈദിക ശ്രേഷ്ഠൻ എന്നതുപോലെതന്നെ അദ്ദേഹം വിശാലഹൃദയനായ ഒരു മനുഷ്യസ്നേഹിയും ആയിരുന്നു. മാറിവരുന്ന കാലഘട്ടത്തിൻെറ അടയാളങ്ങളും ആവശ്യങ്ങളും മനസ്സിലാക്കിയിരുന്ന അദ്ദേഹം സ്ഥാപിച്ച ബഥനി സന്ന്യാസസമൂഹം (അദ്ദേഹം) സഭയ്ക്കു നൽകിയ സംഭാവനകളിൽ അത്യുൽകൃഷ്ടമായ ഒന്നാണ്. സന്ന്യാസിമാർ പൊതുക്രമം പാലിച്ചുകൊണ്ട് സമൂഹമായി ജീവിക്കുക, പ്രാർത്ഥനയോടൊത്തു ജനസേവനത്തിനായി സ്ഥിരമായ അടിസ്ഥാനത്തിൽ കർമ്മപരിപാടികൾ ഏറെറടുക്കുക, എന്നതു് മലങ്കരസഭയെ സംബന്ധിച്ച് ഒരു പുതിയ കാൽവയ്പായിരുന്നു. മാർ ഈവാനിയോസ് തിരുമേനി സ്ഥാപിച്ച ബഥനി സന്ന്യാസസമൂഹം ഇപ്രകാരമുള്ള ഒരു ജീവിതചര്യയാണ് അവലംബിച്ചതു്.

അശരണരും ആലംബഹീനരുമായ സഹോദരങ്ങളുടെ പുനരധിവാസത്തിനായി അദ്ദേഹം സ്ഥാപിച്ച



JOMI THOMAS
Thongalathu Toms Villa
Thamarakudy. P.O.
Kalayapuram -691560
BOOK No.

അനാഥമന്ദിരം ബഥനിയുടെ കർമ്മപരിപാടിയിൽ ഒന്നാമത്തേതായിരുന്നു. ആ സ്ഥാപനത്തിലെ ആദ്യത്തെ അന്തേവാസികളിൽ ഒരാളാണ് ഈ ഗ്രന്ഥത്തിൻെറ കർത്താവ് എന്ന വസ്തുത വളരെയേറെ ചാരിതാർത്ഥ്യത്തിനു വക നല്കുന്നു.

തികച്ചും പ്രതികൂല സാഹചര്യങ്ങളിൽ ജനിച്ചു വളർന്നെങ്കിലും മാർ ഈവാനിയോസ് തിരുമേനിയുടെ പൈതൃകമായ സഹായത്തോടെ ഈ അനാഥബാലൻ വളർന്നുവന്നു. അതോടൊത്തു കുടുംബാംഗങ്ങളും ഉന്നതി പ്രാപിച്ചു. ദൈവദത്തമായ കഴിവുകൾ ഉപയോഗിച്ച് സഭയിലും സമൂഹത്തിലും സേവനം ചെയ്യുവാനുള്ള അവസരവും ഈ അനാഥബാലനു ലഭിച്ചു. ഈ ഗ്രന്ഥത്തിൽ ഇക്കാര്യങ്ങൾ അഭിമാനപൂർവ്വം വിവരിച്ചിട്ടുണ്ട്.

ഈ ഗ്രന്ഥത്തിന് മറെറാരു വലിയ പ്രാധാന്യമുണ്ട്. സാന്ദർഭികമായി മലങ്കരസഭയുടെ കഴിഞ്ഞ അരശതാബ്ദക്കാലത്തെ സംഭവബഹുലമായ ചരിത്രത്തിലേയ്ക്ക് ഒരെത്തിനോട്ടംകൂടിയാണിതു്. ഈ സംഭവങ്ങളെപ്പററി ഗ്രന്ഥകാരൻേറതായ പശ്ചാത്തലത്തിൽനിന്നു കൊണ്ടുള്ള പരാമർശനങ്ങൾക്ക് ഒരു പ്രത്യേക ആസ്വാദ്യതയുണ്ട്. അതോടൊപ്പം ഭാഷാശൈലി ലളിതവും പ്രതിപാദനം സ്വച്ഛന്ദവുമാണ്.

പൗരാണികത്വവും, തീവ്രമായ വിശ്വാസചൈതന്യവും,അതുപോലെതന്നെ ഭൗതികമായ വളരെയധികം സിദ്ധികളുമുള്ള മലങ്കരസുറിയാനി സഭാംഗങ്ങൾ അവശജനോദ്ധാരണവും സാമൂഹ്യപരിവർത്തനവും ഒരു ഹോബി

www.malankaralibrary.com



യായിട്ടല്ല, അവരുടെ മതപരമായ കത്തവ്യത്തിൻെറ അവിഭാജ്യഘടകമായി കരുതി അതിലേപ്പെട്ടുന്നതിന് ഒരാഹ്വാനംകൂടിയാണ് ഈ ഗ്രന്ഥമെന്ന് എനിക്ക തോന്നുന്നു.

കഴിഞ്ഞ നാല്പതിലധികം വർഷങ്ങളായി ഗ്രന്ഥകാരനുമായി എനിക്ക് അടുത്തു പരിചയമുണ്ട്. വിനയാന്വിതക്ക് ദിവ്യരക്ഷകൻ വാഗ്ദാനം ചെയ്തിട്ടുള്ള സൗഭാഗ്യത്തിന് ഈ അനാഥബാലൻെറ ജീവിതം ഒരു തെളിവാണ്. ഗ്രന്ഥകാരന് എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നതോടൊപ്പം ഈ ഗ്രന്ഥം അനേകർക്ക് അറിവും പ്രചോദനവും നൽകട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.


എന്ന്,

ബനഡിക്ട് മാർ ഗ്രീഗോറിയോസ്,

തിരുവനന്തപുരം,
1974 ജൂലൈ 3

തിരുവനന്തപുരം ആർച്ചുബിഷപ്പ്.
(ഒപ്പ്)

JOMI THOMAS
Thongalathu Toms Villa
Thamarakudy. P.O
Kalayapuram -691560
BOOK No.........................



ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി

www.malankaralibrary.com



കളരിക്കൽ ശ്രീ. മത്തായി

JOMI THOMAS
Thongalathu Toms Villa
Thamarakudy. P.O
Kalayapuram -691560
BOOK No.........................

## അനുമോദനം

“മാർ ഈവാനിയോസിന്റെ അനാഥബാലൻ” എന്ന ഗ്രന്ഥം കൈരളിക്കു കാഴ്ചവയ്ക്കുന്നതു് ശ്രീ ബി. ജി. ജേക്കബാണു്. പേരിൽത്തന്നെ സ്നേഹത്തിന്റെയും വിനയത്തിന്റെയും പൂച്ചെണ്ടുകൾ ഗ്രന്ഥകാരൻ ആദ്ധ്യാത്മികപിതാവിനു് അർപ്പിക്കുകയാണു്.

സ്വാനുഭവത്തിന്റെ ഹൃദയത്തുടിപ്പുകളോടെ ആവിഷ്കരിക്കുന്ന ചരിത്രകഥനത്തിൽ കേരളക്രൈസ്തവസഭയിലെ പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭകാലാനുഭവങ്ങളിലേക്കു് സഹാനുഭൂതിയോടെ പങ്കുചേരുവാൻ അനുവാചകരെ ഗ്രന്ഥകാരൻ ക്ഷണിക്കുന്നു. പുറങ്ങൾ മറിക്കുമ്പോൾ ഇന്നാട്ടുകാർക്കു സുപരിചിതരായ സമുന്നതർ എന്നപോലെ സാധാരണരും ചെറിയവരുമായ ഒട്ടേറെപ്പേർ രംഗത്തു വരുന്നുണ്ടു്. അവരിൽ ദൃശ്യമാകുന്ന ക്രിസ്തീയചൈതന്യം നാനാരൂപങ്ങളിലൂടെ സമകാലീനരിൽ ചെലുത്തിയ സ്വാധീനശക്തി ഹൃദയപരിവർത്തനം ഇവയൊക്കെ വളരുന്ന തലമുറയ്ക്കും പ്രത്യേകിച്ചു് രാഷ്ട്രീയത്തിൽ മുങ്ങിക്കഴിയുന്ന പലർക്കും പുതിയ കാഴ്ചപ്പാടുകളും പ്രതീക്ഷകളും ജനിപ്പിക്കുവാൻ പോരുന്നവയാണു്.

ലളിതമായ ഭാഷയിൽ ആദ്ധ്യാത്മികതയുടെയും ആത്മാർത്ഥതയുടെയും സന്ദേശം വഹിക്കുന്ന ഈ ഗ്രന്ഥം

www.malankaralibrary.com



പൊതുജീവിതത്തിന് അതിൻെറ സംഭാവന നൽകി വിജയിക്കട്ടെ എന്നാശംസിക്കുകയും ഗ്രന്ഥകാരനെ ഹൃദയംഗമമായി അനുമോദിക്കുകയും ചെയ്യുന്നു.

എന്ന്,
മാർ ജോസഫ് പൗവ്വത്തിൽ,
ചങ്ങനാശ്ശേരി ബിഷപ്പ്.
(ഒപ്പ്)

ചങ്ങനാശ്ശേരി,
28-7-1974.

JOMI THOMAS
Thongalathu Toms Villa
Thamarakudy. P.O
Kalayapuram -691560
BOOK No.

## അഭിപ്രായം

ഈശ്വരഭക്തിയിലും ഗുരുഭക്തിയിലും വളർന്നുവന്ന ഒരനാഥബാലൻ ഇപ്പോൾ ഒരു കുടുംബനായകനും കിണറു സ്ഥാനനിർണ്ണയവിദഗ്ദ്ധനും അല്മായപ്രേഷിതനുമാണ്. സ്വഭാവവൈശിഷ്ട്യംകൊണ്ടും കിണറു സ്ഥാനനിർണ്ണയ വൈദഗ്ദ്ധ്യംകൊണ്ടും ഇതിനകം കേരളത്തിലും വെളിയിലും പല വിഭാഗക്കാരുടെയും വാത്സല്യഭാജനമായിത്തീരുവാൻ ശ്രീ ജേക്കബിന് സാധിച്ചിട്ടുണ്ട്. തൻെറ ഗുരുവും ആത്മീയപിതാവുമായ മാർ ഈവാനിയോസ് തിരുമേനിയാണ് ഭൂഗർഭജലസ്ഥിതിനിശ്ചയം വരുത്തുന്നതിന് തനിക്ക് പ്രാപ്തി നൽകിയത്. ആശ്രമസ്ഥരായ ഞങ്ങളോടൊരുമിച്ച് ദീർഘകാലം വസിച്ച ശ്രീ ജേക്കബ് ബഥനിയിൽനിന്ന് ആതുരസംരക്ഷണം, അദ്ധ്വാനശീലം, പ്രാർത്ഥനാസ്വഭാവം, സേവനസന്നദ്ധത, പാചകകലാനൈപുണ്യം മുതലായ ഗുണങ്ങൾ സമ്പാദിച്ചു. പുനരൈക്യപ്രസ്ഥാനത്തിൻെറയും, ബഥനിയുടെയും, ജനയിതാവും, സുഭഗസ്മരണാർഹനുമായ മാർ ഈവാനിയോസ് തിരുമേനിയോടും അനന്തരഗാമിയായ ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനിയോടുമുള്ള ഭക്ത്യാദരവുകളും കൃതജ്ഞതാസ്മരണകളുമാണ് ഈ ഗ്രന്ഥരചനയ്ക്ക് അനാഥബാലനെ പ്രേരിപ്പിച്ചതെന്ന് ന്യായമായി വിശ്വസിക്കാം. പുനരൈക്യപ്രസ്ഥാനം, ബഥനി, അതിൻേറതായ പ്രതിസന്ധികൾ ഇവയെ

www.malankaralibrary.com



സ്പർശിച്ചിട്ടുള്ള അനുഭവകഥയിൽ പാകപ്പിഴകളും, അപൂർണ്ണതകളും, നേരിട്ടാലും ഗ്രന്ഥകാരനെ സംബന്ധിച്ച് ക്ഷന്തവ്യമാണല്ലോ. ഈ ഗ്രന്ഥംമൂലം പലർക്കും അജ്ഞാതമായിരിക്കുന്ന കാര്യങ്ങൾ വെളിച്ചത്തു കൊണ്ടുവന്നിട്ടുണ്ട്. വളരെയധികം ബുദ്ധിമുട്ടുകളും ക്ലേശങ്ങളും സഹിച്ചുകൊണ്ടും പലരുടെയും സഹായം തേടിക്കൊണ്ടും സർവ്വോപരി ദൈവാനുഗ്രഹത്താൽ ചമച്ച ഈ കൃതിയെ സജ്ജനങ്ങൾ സ്വാഗതം ചെയ്യുമെന്ന് വിശ്വസിക്കുന്നു. അധഃകൃതവർഗ്ഗക്കാരും അല്ലാത്തവരുമായ പലരും ഇന്ന് നിരീശ്വരരാഷ്ട്രത്തിന്റെയും മററുംവലയിൽ കുടുങ്ങിയിരിക്കുകയാണ്. വിശ്വാസമുപേക്ഷിച്ച് ആവിഷ്കൃതമതത്തിന്റെ തൂവെളിച്ചത്തിൽനിന്ന് ഓടിപ്പോകുന്ന ആളുകളും കുറവല്ല. അങ്ങനെയുള്ളവരുടെ കണ്ണുതുറപ്പിക്കുവാൻ 'മാർ ഈവാനിയോസിന്റെ അനാഥബാലൻ' എന്ന ഗ്രന്ഥം ഉപകരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മധ്യതിരുവിതാംകൂറിൽനിന്നും കുടിയേറിപ്പാർത്ത ശ്രീജേക്കബും കുടുംബവും ബന്ധുമിത്രാദികളിൽ പലരും തിരുവനന്തപുരത്തെ താമസക്കാരാണ്. അഭ്യസ്തവിദ്യരും ബിരുദധാരികളും ഉദ്യോഗസ്ഥന്മാരുമായ പലരും ഇക്കൂട്ടത്തിലുണ്ട്. ഗ്രന്ഥകാരനെയും കുടുംബാംഗങ്ങളെയും ദൈവമനുഗ്രഹിക്കട്ടെ.

നെല്ലിക്കാക്കുഴി,
12–8–1974.

ഫാദർ യൗനാൻ O. I. C.
നെല്ലിക്കാക്കുഴി.

## വളർത്തുപിതാവിന്റെ ആശംസ

എന്റെ ആത്മീയപുത്രൻ യാക്കോബിന്,

നിന്റെ ഓർമ്മക്കുറിപ്പിൽ ചേർക്കാൻ അഭിപ്രായം എഴുതിത്തരാൻ ആവശ്യപ്പെട്ടിരുന്നതനുസരിച്ച് ഞാൻ ഇതെഴുതുന്നു.

എന്റെ വലിയപ്പച്ചൻ (അപ്പന്റെ അപ്പൻ) 14 രൂപാ കൊടുത്ത് 'ഞവര' എന്നൊരു സ്ത്രീയെ കൃഷിപ്പണിക്കുവേണ്ടി വാങ്ങി. അന്ന് അടിമക്കച്ചവടം നടപ്പുണ്ടായിരുന്നു. അവളുടെ മകളുടെ മകനാണ് ഈ ഗ്രന്ഥകർത്താവ്. ചെറുപ്പം മുതൽ അവൻ അവന്റെ അമ്മയുടെകൂടെ വീട്ടിൽ വരാറുണ്ട്. വീട്ടിൽ നടത്തുന്ന പാട്ടിലും പ്രാർത്ഥനയിലും അവൻ വളരെ താല്പര്യം കാണിച്ചിരുന്നു. ഒരുദിവസം ഞാൻ കൃഷിസ്ഥലത്തു പോയപ്പോൾ പെട്ടെന്നൊരു മഴ പെയ്തു. അപ്പോൾ ഞാൻ അടുത്ത വീട്ടിൽ കയറിയിരുന്നു. എന്നാൽ തീണ്ടൽ തൊടീൽ വളരെ പ്രാബല്യത്തിൽ ഇരുന്ന കാലമായിരുന്നതുകൊണ്ട് അവന് ഒരു മരച്ചുവട്ടിൽ അഭയം തേടേണ്ടിവന്നു. ആ സംഭവത്തെപ്പററിയാണ് പുസ്തകത്തിന്റെ ആദ്യഭാഗത്തു പറയുന്നത്. എന്റെ ഉപദേശമനുസരിച്ച് അവൻ ക്രിസ്തുമതം സ്വീകരിക്കാൻ നിശ്ചയിച്ചു. അവന്റെ ഈ നിശ്ചയം എനിക്കും അവനും പല ഉപദ്രവങ്ങൾക്കും ഇടയാക്കി. പുലച്ചെറുക്കനെ

www.malankaralibrary.com



വീട്ടിൽ കയററിയതുകൊണ്ടു് എന്റെ വസ്ത്രമലക്കുന്നവരെയും മുടി വെട്ടുന്നവരെയുംവരെ ആളുകൾ നിരോധിച്ചു. എങ്കിലും അവന്റെ സ്ഥിരനിശ്ചയവും താൽപ്പര്യവും എനിക്കു കൂടുതൽ ധൈര്യം പകർന്നുതന്നു. ഞാൻ പ്രാർത്ഥനയോടെ അവന്റെ ആഗ്രഹനിവൃത്തിക്കു കഴിവതു ശ്രമിച്ചു. വീട്ടിൽ നിന്നാൽ അവന്റെ ആഗ്രഹം നടപ്പില്ലെന്നു മനസ്സിലാക്കിയ ഞാൻ അവനെ ആദ്യം പെരുനാട്ട് ബഥനിആശ്രമത്തിലും പിന്നീട്ട് തിരുമൂലപുരത്തു ആശ്രമത്തിലും അയച്ചു. എന്റെ പ്രാർത്ഥനയ്ക്കു ദൈവംഫലം തന്നു. അവനും കുടുംബവും രക്ഷയിലേക്കു വന്നു. ദൈവത്തിനു മഹത്വം!

പുസ്തകം ഞാൻ വായിച്ചുകേട്ടു. നിന്റെ ഉദ്യമത്തിനു സർവ മംഗളങ്ങളും നേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കോശി മത്തായി കളരിക്കൽ,
ചെന്നീക്കര.

5-4-1974.

JOMI THOMAS
Thongalathu Toms Villa
Thamarakudy. P.O
Kalayapuram -691560
BOOK No..................................



ബി. ജി. ജേക്കബ്ബ്
മാർ ഈവാനിയോസിന്റെ അനാഥബാലൻ

www.malankaralibrary.com



ബി. ജി. ജേക്കബ്ബ്

കിണറുകൾക്കു സ്ഥാനം കാണുന്നു

JOMI THOMAS
Thongalathu Toms Villa
Thamarakudy. P.O
Kalayapuram -691560
BOOK No.................................

# മാർ ഈവാനിയോസിന്റെ അനാഥബാലൻ

അനാഥനായ ഒരടിമബാലൻ സ്വതന്ത്രപൗരനായിത്തീർന്ന കഥയാണു മാന്യവായനക്കാരുടെ സമക്ഷം ഞാൻ അവതരിപ്പിക്കുവാൻ പോകുന്നതു്.

ഇതു കെട്ടുകഥയല്ല; പക്ഷേ, കെട്ടുകഥയെക്കാൾ രസാവഹമായിത്തോന്നാം, പലർക്കും ഈ സംഭവകഥ. ഇതിലെ സംഭവങ്ങളുടെ സത്യാവസ്ഥയ്ക്കു സാക്ഷ്യം വഹിക്കുവാൻ കഴിയുന്ന പല വന്ദ്യവയോധികരും ഇന്നു ജീവിച്ചിരിപ്പുണ്ടു്.

അര ശതാബ്ദത്തിനു മുൻപു് മദ്ധ്യകേരളത്തിന്റെ ചില ഭാഗങ്ങളിൽ അടിമവ്യാപാരം നടന്നിരുന്നുവെന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുകയില്ലായിരിക്കാം. പക്ഷേ, എന്റെ അനുഭവകഥ കേൾക്കുമ്പോൾ നിങ്ങൾക്കതു ബോദ്ധ്യമാകും.

www.malankaralibrary.com



# ആദ്യത്തെ വിദ്യാഭ്യാസം

## ഏതാനും മണിക്കൂർ

മാവേലിക്കര താലൂക്കിൽപ്പെട്ട കുളനട വില്ലേജിൽ* കൈപ്പുഴ മുറിയിൽ ഒരു അധഃകൃതകുടുംബത്തിലാണു ഞാൻ ജനിച്ചതു്. ഒൻപതു വയസ്സുവരെ ഞാൻ മാതാപിതാക്കളോടൊന്നിച്ചു ജീവിച്ചു. അക്കാലത്തു് അധഃകൃതർക്കു സവർണ്ണരുടെകൂടെയിരുന്നു വിദ്യാഭ്യാസം ചെയ്യാൻ അനുവാദമുണ്ടായിരുന്നില്ല. അധഃകൃതർക്കു സ്വന്തമായി വിദ്യാലയങ്ങൾ ഇല്ലായിരുന്നുതാനും. എങ്ങനെയെങ്കിലും തങ്ങളുടെ കുട്ടികൾക്കു അക്ഷരജ്ഞാനമുണ്ടാക്കിക്കൊടുക്കണമെന്നു ഞങ്ങളുടെ കൂട്ടരിൽ പ്രായം ചെന്ന പലർക്കും ആഗ്രഹം ജനിച്ചു. അതിൻെറ ഫലമായി ഞങ്ങളുടെ അയൽപക്കത്തുള്ള ഒരു ജന്മിയുടെ വക പുരയിടത്തിൽ ചിലരെല്ലാംകൂടി പുലയക്കുട്ടികൾക്കായി ഒരു കുടിപ്പള്ളിക്കൂടം കെട്ടിയുണ്ടാക്കി. ക്രൈസ്തവനായ ഒരാശാനായിരുന്നു അവരെ പഠിപ്പിക്കുവാൻ സന്നദ്ധനായതു്. സവർണ്ണരിൽനിന്നുണ്ടാകാവുന്ന ശല്യം ഭയപ്പെട്ടു്, പഠിത്തം തുടങ്ങുന്നതു രാത്രി എട്ടു മണിക്കുശേഷം മതി എന്നു നിശ്ചയിച്ചു. അഞ്ചോ ആറോ വയസ്സു പ്രായമുള്ള ഞാനും വിദ്യാർത്ഥികളുടെ കൂട്ടത്തിൽ ചെന്നു കൂടിയിരുന്നു. എന്നാൽ ആ പഠിപ്പു് ഒരു ദിവസം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

* ഈ ശതാബ്ദത്തിൻെറ ആദ്യഘട്ടത്തിൽ കുളനട വില്ലേജു് മാവേലിക്കര താലൂക്കിൽ ഉൾപ്പെട്ടിരുന്നു.



പഠനം തുടങ്ങി ഏതാനും മണിക്കൂർ കഴിഞ്ഞതേയുള്ളൂ, അപ്പോഴതാ, അധഃകൃതവൈരികളായ ഏതാനും സവർണ്ണർ അവിടെ കടന്നു വന്നു. വന്നപാടേ അവർ ആശാനെ പിടികൂടി. ഭയവിഹ്വലരായ കുട്ടികളെല്ലാം നാനാവഴിക്കും ചിതറി പാഞ്ഞുപോയി. ആശാനെ അവർ പിടിച്ചുവലിച്ചു് അടുത്തുള്ള ഒരു പറമ്പിലേക്കു കൊണ്ടുപോയി കഠിനമായി മർദ്ദിച്ചുവശനാക്കി. കളരിപ്പന്തൽ അവർ പൊക്കിയെടുത്തു കൊണ്ടുപോയി ദൂരെ എറിഞ്ഞു. അങ്ങനെ അക്ഷരജ്ഞാനം സമ്പാദിക്കാനുള്ള ഞങ്ങളുടെ ആഗ്രഹം കളരിപ്പന്തലിനൊപ്പം തകർന്നുപോയെന്നേ പറയേണ്ടൂ.

രണ്ടു മാസം കഴിഞ്ഞു മലഞ്ചരുവിൽ വലിയ വാദ്ധ്യാർ തൻെറ വക പുരയിടത്തിൽ മറെറാരു പള്ളിക്കൂടം കെട്ടിയുണ്ടാക്കി അവിടെ ഏതാനും മാസം പഠിച്ചാണു ഞാൻ കുറേശ്ശെ എഴുത്തും വായനയും വശമാക്കിയതു്. അങ്ങനെ എനിക്കു വയസ്സു് ഒൻപതായി. അക്കാലത്തുണ്ടായ മറെറാരു സംഭവം എൻെറ ഭാവിയെ സാരമായി സ്പർശിച്ചതാകയാൽ അതിവിടെ ചുരുക്കിപ്പറയാം.

## എൻെറ വില ആറു രൂപാ

ഞാൻ മാതാപിതാക്കളോടൊത്തു താമസിക്കുമ്പോൾ ഒരു ദിവസം തോട്ടത്തിലെ ഒരു കങ്കാണി വീട്ടിൽ വന്നു. എൻെറ ജ്യേഷ്ഠനു് അയാൾ ഒരു രൂപാ അഡ്വാൻസ് കൊടുത്തിട്ടു് താൻ അടുത്ത ദിവസം

www.malankaralibrary.com



വരുമ്പോൾ കൂടെ ചെല്ലണമെന്നാവശ്യപ്പെട്ടു. ജ്യേഷ്ഠൻ അതു സമ്മതിച്ചു രൂപാ വാങ്ങി. എന്നാൽ അയാൾ പോയിക്കഴിഞ്ഞപ്പോൾ താൻ വാക്കു കൊടുത്തതിലുള്ള അബദ്ധമോർത്തു ജ്യേഷ്ഠൻ വിഷാദം പൂണ്ടു. ഞങ്ങളുടെ അപ്പനേയും ചിററപ്പനേയും മററും വിലയ്ക്കു വാങ്ങിയിരുന്ന ഒരു സവർണ്ണജന്മി അവരോടു ചെയ്ത കടുംകൈകൾ ജ്യേഷ്ഠൻെറ ഓർമ്മയിലെത്തി. അവയ്ക്കു സാക്ഷികളായിരുന്നു ഞങ്ങളിരുവരും. തക്കസമയത്തു നിലം ഉഴുവാൻ ചെല്ലാഞ്ഞതിന് ആൾക്കാർ അവരെ പിടിക്കാൻ ചെന്നപ്പോൾ അപ്പൻ ഓടിയൊളിച്ചു. ചിററപ്പനെ അവർ പിടികൂടി, ഒരു തെങ്ങിൽ കൈ പിന്നിലാക്കി കെട്ടിയിട്ട് കണക്കിനു പ്രഹരിച്ചു അതിനുശേഷം കെട്ടഴിച്ചു വിടുകയും, പുരട്ടുവാൻ എണ്ണയും കുഴമ്പും മററും കൊടുത്തയയ്ക്കുകയും ചെയ്തു. അവർ, കുളി കഴിഞ്ഞു വന്നശേഷം ചിററപ്പനു സമൃദ്ധമായ ഭക്ഷണവും നൽകി പറഞ്ഞയച്ചു. ഈ സംഭവത്തിൻെറ ഓർമ്മ ജ്യേഷ്ഠൻെറയും എൻെറയും മനസ്സിൽ തങ്ങിനിന്നിരുന്നതിനാൽ അടിമക്കച്ചവടഏജൻറായ കങ്കാണി രണ്ടാമതു വന്നപ്പോൾ ജ്യേഷ്ഠൻ പിടികൊടുക്കാതെ ഓടി ഒളിക്കുകയാണു ചെയ്തതു്.

## അടിമപ്പാട്ട്

അക്കാലത്തെ അടിമക്കച്ചവടത്തെ അനുസ്മരിപ്പിക്കുന്നതും ഞങ്ങളുടെയിടയിൽ പ്രചാരത്തിലിരുന്നതുമായ ഒരു പാട്ടിലെ ചില വരികൾ എൻെറ ഓർമ്മയിലുള്ളതു് ഇവിടെ കുറിക്കാം:



കെട്ടുകാൽ കെട്ടാനും പൂട്ടുകാൽ പൂട്ടാനും
ചട്ടമാക്കിയെഴുത്താധാരത്താൽ
താതനെ തെക്കോട്ടും മാതാവെ വേറിട്ടും
വിററു വില വാങ്ങിക്കൊണ്ടുപോയി
ഓമനക്കുഞ്ഞിൻ നിലവിളി കേൾക്കുവാൻ
ദൈവമല്ലാതെ മററാരുമില്ല.

അടിമക്കച്ചവടത്തിൽ മാതാവും പിതാവും നഷ്ടപ്പെട്ട ഒരു ശിശുവിനെ അതിൻെറ മൂത്ത സഹോദരി തിങ്ങുന്ന മനോവ്യഥയോടെ താരാട്ടു പാടി ഉറക്കുന്നതു കേൾക്കുക:

മാനം പറക്കുന്ന ചക്കിപ്പരുന്തേ!
എൻ കുഞ്ഞിൻ കണ്ണിലൊരു പാലുറക്കം തരണേ
കുഞ്ഞിൻറമ്മ ഇവിടില്ലേ
കുഞ്ഞിൻറച്ചനിവിടില്ലേ
അവരങ്ങു ചിങ്ങേലി ചേപ്പാട്ടേയ്ക്കു
അടിമകൾ കൊയ്ത്തരിയാനല്ലേ പോയി
അവരിന്നും വരവില്ലേ?
അവർ നാളേം വരവില്ലേ?
മററന്നാ കാലത്തവർ വന്നുചേരും.

ഇനി നമ്മുടെ കഥ തുടരാം.

## കങ്കാണിയുടെ കോപം

ജ്യേഷ്ഠനെ കൈയിൽ കിട്ടാതെ വന്നപ്പോൾ കോപാവിഷ്ടനായ കങ്കാണിയുടെ ക്രൂരദൃഷ്ടി എൻെറമേൽ

പതിഞ്ഞു. അയാൾ എന്റെ കൈയ്ക്കു കടന്നു പിടിച്ചു. എന്റെ അമ്മ ഇതു കണ്ടപ്പോൾ വാവിട്ടു നിലവിളിക്കുവാൻ തുടങ്ങി. അതൊന്നും ഗൗനിക്കാതെ അയാൾ എന്നെ കൂട്ടിക്കൊണ്ടു കുരുന്തോട്ടേത്തു (പന്തളം) ചന്തയുടെ അടുത്തുള്ള അയാളുടെ വീട്ടിലെത്തി. വീട്ടുമുററത്തുള്ള വണ്ടിപ്പുരയിൽ എന്നെ ഇരുത്തിയിട്ട് ഇല വെട്ടിയിട്ട് എനിക്കു ചോറു തന്നു. നല്ല വിശപ്പുണ്ടായിരുന്നതിനാൽ അതു മുഴുവനും ഞാൻ ആർത്തിയോടെ ഭക്ഷിച്ചു.

പിറേറദിവസം രാവിലെ കങ്കാണി എന്നെ കൂട്ടിക്കൊണ്ടു ചെങ്ങറ തോട്ടത്തിലെത്തി. അവിടെ വച്ച് ആലപ്പുഴക്കാരൻ ഫെർണാണ്ടസ് എന്ന റൈട്ടർക്ക് ആറു രൂപയ്ക്കു് എന്നെ വിററു. താൻ ആവശ്യപ്പെടുമ്പോൾ തിരിയെ വിട്ടുകൊടുക്കാമെന്നുള്ള കരാറിലാണ് ഇങ്ങനെ ചെയ്തതു്. എന്റെ ഉരുണ്ടുകൊഴുത്ത ശരീരപ്രകൃതിയും പ്രസരിപ്പും മററും കണ്ടു് അവിടെ എല്ലാവർക്കും എന്നോടു വളരെ ഇഷ്ടം തോന്നിയിരുന്നു. മൂന്നുമാസം അങ്ങനെ ഞാൻ അവിടെ താമസിച്ചു. ഒരു ദിവസം പഴയ കങ്കാണി അവിടെ എത്തി എന്നെ തിരിയെ ആവശ്യപ്പെട്ടു. വാക്കനുസരിച്ച് എന്നെ വിട്ടുകൊടുക്കാമെന്നു ഫെർണാണ്ടസ് സമ്മതിച്ചു. എന്നെ കൊണ്ടുപോകുമെന്നു മനസ്സിലാക്കിയ, പിന്നോക്കസമുദായത്തിൽപ്പെട്ട ഒരു കങ്കാണി എന്നെ വിളിച്ചു പറഞ്ഞു, "നാളെ വെളുപ്പിനു ആറു മണിക്കു മുമ്പു തോട്ടത്തിന്റെ അതിർത്തി കടക്കണം. നിന്നെ ഏതെങ്കിലും തോട്ടത്തിൽ കൊണ്ടുപോയി കൂടുതൽ വിലയ്ക്കു വിൽക്കുവാനാണ്



അയാൾ ഉദ്ദേശിക്കുന്നതു്. അങ്ങനെയായാൽ ജീവനോടെ തിരിച്ചു വരാമെന്നു നീ വിചാരിക്കേണ്ട". ഈ കാര്യം കേട്ടപ്പോൾ എനിക്കു ഭയമായി. എങ്ങനെയെങ്കിലും രക്ഷപ്പെടണമെന്നു വിചാരിച്ചു. അന്നു രാത്രി എനിക്കുറക്കമുണ്ടായില്ല.

## ഒളിച്ചോട്ടം

കിഴക്കു പ്രകാശം വീശി. പെട്ടെന്നൊരു ഭയങ്കര മഴയും ഇടിയും മിന്നലും തുടങ്ങി. അതുതന്നെ തക്കസമയമെന്നു കരുതി ഞാൻ ഇറങ്ങി ഓടി; വനത്തിന്റെ അരികിൽ എത്തി. വന്യമൃഗങ്ങളെ ഭയമുണ്ടായിരുന്നെങ്കിലും അര നാഴികയോളം ഞാൻ വനത്തിലൂടെ യാത്ര ചെയ്തു വനത്തിനു വെളിയിൽ മലനെല്ലിനിടയിൽ കയറിയിരുന്നു. ആരും പിന്തുടരുന്നില്ലെന്നു മനസ്സിലാക്കി നെല്ലിനിടയിൽനിന്നും ഇറങ്ങി. അടുത്തൊരിടത്തു ഒരു തീപ്പുക കണ്ടു് അവിടേയ്ക്കു നടന്നു. ഒരു കുടിലിനുള്ളിൽ ഒരു വല്യമ്മ തീ കാഞ്ഞുകൊണ്ടിരിക്കുന്നതു കണ്ടു. വിവരങ്ങളെല്ലാം ഞാൻ വല്യമ്മയെ അറിയിച്ചു. മൂന്നു ദിവസം അവരെന്നെ അവിടെ താമസിപ്പിച്ചു. നാലാം ദിവസം വല്യമ്മ എന്നെ എന്റെ അമ്മയുടെ വീട്ടിൽ (തുമ്പമൺ) കൊണ്ടുവിട്ടു.

അവിടത്തെ ഒരു പ്രമുഖ ക്രിസ്തീയകുടുംബമായ കളരിയ്ക്കൽ വീട്ടിലെ ജോലിക്കാരായിരുന്നു എന്റെ വല്യമ്മയും സഹോദരങ്ങളും. അവരുടെകൂടെ ഞാനും കളരിക്കൽ വീട്ടിൽ പോകുക പതിവായിരുന്നു. അവിടെ ന

www.malankaralibrary.com



ടക്കുന്ന പാട്ടിലും പ്രാർത്ഥനയിലും സംബന്ധിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടായി. ഒരു ദിവസം മഴ യത്തു് അവിടെ 'അമ്പാട്ട്' എന്ന വീടിനു സമീപം ഒരു മരച്ചുവട്ടിൽ ഞാൻ നിൽക്കുകയായിരുന്നു. മഴ നന യാതെ ആ വീട്ടിൽ കയറി നിൽക്കുന്നതിനു് അന്നത്തെ നാട്ടാചാരം എന്നെ അനുവദിച്ചിരുന്നില്ല. അപ്പോൾ അവിടെയുണ്ടായിരുന്ന കളരിക്കൽ മത്തായിച്ചായൻ എന്നോടു പറഞ്ഞു: "നീ ഒരു ക്രിസ്ത്യാനിയായിരുന്നെ ങ്കിൽ എന്റെ കൂടെ ഇവിടെ വരാന്തയിൽ ഇരിക്കാമാ യിരുന്നു; അതുപോലെ മരണശേഷം ദൈവത്തിന്റെ മടിയിലും". "എന്നാൽ ഇന്നുമുതൽ ഞാൻ ഒരു ക്രിസ്ത്യാ നിയാകാൻ ആഗ്രഹിക്കുന്നു" എന്നു് അദ്ദേഹത്തോടു പറഞ്ഞു അങ്ങനെ കളരിക്കൽ മത്തായിച്ചായന്റെ കൂടെ ഞാൻ താമസമാക്കി. തുടർന്നുള്ള മൂന്നു വർഷം കള രിക്കൽ വീട്ടിലെ കന്നുകാലിത്തൊഴുത്തിന്റെ തട്ടിലായി രുന്നു എന്റെ കിടപ്പ്. എന്നെ ക്രിസ്തീയജീവിതത്തി ലേക്കു നയിച്ച ആ കാലഘട്ടം വളരെയധികം ക്ലേശകര മായിരുന്നുവെന്നു് അനന്തരസംഭവങ്ങൾകൊണ്ടു് മാന്യ വായനക്കാർക്കു മനസ്സിലാക്കുവാൻ കഴിയും.

ഞാൻ കളരിക്കൽ വീട്ടിൽ, കുറേക്കാലം താമ സമായതിനുശേഷം എന്റെ മാതാപിതാക്കളും ബന്ധു ക്കളും വന്നു് എന്നെ കൂട്ടിക്കൊണ്ടു പോകുന്നതിനു വള രെയധികം പരിശ്രമിച്ചു. എന്നാൽ ക്രിസ്ത്യാനിയാക ണമെന്ന എന്റെ ആഗ്രഹം നിമിത്തം ഞാൻ അവരുടെ നിർബന്ധങ്ങൾക്കു വഴങ്ങിയില്ല.



ബന്ധുജനങ്ങളിൽനിന്നുള്ള ഉപദ്രവം വീണ്ടും വീ ണ്ടുമുണ്ടായപ്പോൾ "നിനക്കു മനസ്സാണെങ്കിൽ പൊ യ്ക്കൊള്ളുക" എന്നു മത്തായിച്ചായൻ എന്നോടു പറ ഞ്ഞു. ഞാൻ എന്റെ വിശ്വാസത്തിൽ തന്നെ ഉറച്ചു നിന്നു. ഇതിൽ സന്തുഷ്ടനായ മത്തായിച്ചായൻ തന്റെ വിശ്രമവേളകളിൽ വേദപാഠങ്ങൾക്കു പുറമേ എഴുത്തും വായനയും എന്നെ അഭ്യസിപ്പിച്ചു. ആയിടയ്ക്കു് എന്റെ രണ്ടു കാലിലും ഓരോ വ്രണമുണ്ടായി. സാത്താന്റെ പ രീക്ഷണമാണെന്നു് എല്ലാവരും പറഞ്ഞു. ഈ വ്രണ ങ്ങൾ സുഖമാക്കിത്തരണമേ എന്നു് പ്രാർത്ഥിച്ചുകൊണ്ടു ഞാൻ എന്നും ആററിൽ ഇറങ്ങി നില്ക്കുമായിരുന്നു. അപ്പോൾ മത്സ്യങ്ങൾ വന്നു വ്രണങ്ങളിൽ കൊത്തും, കരയ്ക്കു കയറുമ്പോൾ അവയിൽനിന്നും രക്തമൊലിക്കു കയും ചെയ്യുമായിരുന്നു. ഇങ്ങനെ ഏതാനും ദിവസം കഴിഞ്ഞപ്പോൾ വ്രണമെല്ലാം കരിഞ്ഞു. എന്റെ ദൈ വവിശ്വാസം പതിന്മടങ്ങു വർദ്ധിച്ചു.

## വളർത്തുപിതാവു്

ഏതാണ്ടു രണ്ടു വർഷത്തോളം ഞാൻ മത്തായി ച്ചായന്റെ കൂടെ കളരിക്കൽവീട്ടിൽ താമസിച്ചു. മാമോ ദീസാ മുക്കണമെന്നു പറഞ്ഞു ഞാൻ അദ്ദേഹത്തെ അല ട്ടിക്കൊണ്ടിരുന്നു. എന്നാൽ അവശസമുദായാംഗമായ എന്നെ പള്ളിയുടെ മതിൽക്കെട്ടിനകത്തു പ്രവേശിപ്പി ക്കുവാൻ അന്നത്തെ ക്രിസ്ത്യാനികൾ അനുവദിച്ചിരു ന്നില്ല. എങ്കിലും അദ്ദേഹം എനിക്കുവേണ്ടി പല പരി ശ്രമങ്ങളും നടത്തി. എല്ലാം നിഷ്ഫലമാകുകയാണു

www.malankaralibrary.com



ണ്ടായതു്. ഒടുവിൽ മാമോദീസാ പ്രശ്നവുമായി തുമ്പമൺ വടക്കേക്കര കാദീശ്ത്താ പള്ളിയിലെ വികാരിയായിരുന്ന തിരുവിനാലെ ബ. കൊച്ചച്ചനെ ഞങ്ങൾ സമീപിച്ചു. നേരേ മാമോദീസാകാര്യം അവതരിപ്പിച്ചാൽ നടക്കുകയില്ലെന്നു മനസ്സിലാക്കിയ എൻെറ വളർത്തുപിതാവ്, വേദപാഠക്ലാസ്സിൽ എനിക്കുകൂടി പ്രവേശനാനുമതി നൽകണമെന്നു് അച്ചനോടഭ്യർത്ഥിച്ചു. വികാരിയച്ചൻ അതു സമ്മതിക്കുകയും ചെയ്തു. അങ്ങനെ വേദപാഠക്ലാസ്സിൽ എനിക്കു പ്രവേശനം ലഭിച്ചു. എന്നാൽ മററുള്ള കുട്ടികളുടെ കൂടെ ബഞ്ചിൽ ഇരിക്കുന്നതിനു് എന്നെ അനുവദിച്ചില്ല. ക്ലാസ്സിൻെറ ഒരു മൂലയിൽ മററു കുട്ടികളിൽ നിന്നു് വളരെ അകന്നിരുന്നു് ദൈവവചനം പഠിക്കണമെന്നായി. ക്രിസ്ത്യാനിയാകണമെന്നുള്ള എൻെറ അതിയായ ആഗ്രഹം നിമിത്തം ഇത്തരം അവഗണനകൾ ഞാൻ അത്ര കണക്കാക്കിയിരുന്നില്ല. വേദപാഠം കുറേയെല്ലാം പഠിച്ചശേഷം എൻെറ വളർത്തുപിതാവ് ഒരു ദിവസം എന്നെയും കൂട്ടി കൊച്ചച്ചൻെറ അടുത്തു പോയി. എനിക്കു മാമോദീസാ തരണമെന്നു മത്തായിച്ചായൻ കൊച്ചച്ചനോടാവശ്യപ്പെട്ടു. രണ്ടാഴ്ച കഴിയട്ടെ എന്നായിരുന്നു മറുപടി. അതനുസരിച്ചു മൂന്നാമത്തെ ആഴ്ച ഞങ്ങൾ വീണ്ടും ചെന്നു. എനിക്കു മാമോദീസാ തരാൻ സാധിക്കാത്ത ഒരു നിലപാടാണു ഇടവകക്കാർ സ്വീകരിച്ചിരിക്കുന്നതെന്നു വികാരിയച്ചൻ പറഞ്ഞപ്പോൾ ഇടിവെട്ടേററതുപോലെ ഞങ്ങൾ നടുങ്ങിപ്പോയി. കടുത്ത നിരാശയോടും വേദ



നയോടുംകൂടി ഞങ്ങൾ മടങ്ങി. മാമോദീസാ സ്വീകരിച്ചു് ഒരു ക്രിസ്ത്യാനിയാകാൻ സാധിച്ചില്ലല്ലോ എന്ന വിഷമം എനിക്കും എന്നേക്കാളധികം എൻെറ വളർത്തുപിതാവിനും ഉണ്ടായി. അങ്ങനെയിരിക്കെ ഒരു ദിവസം അദ്ദേഹം എന്നെ വിളിച്ചുപറഞ്ഞു. “പെരുനാട്ടിൽ ബഥനിയിൽ പോയാൽ നമ്മുടെ ആഗ്രഹം സാധിച്ചേക്കും. അവിടെ സവർണ്ണരെന്നോ അവർണ്ണരെന്നോ വ്യത്യാസമൊന്നുമില്ലെന്നാണറിയുന്നതു്”.

ഒരിക്കൽ ഞാനും മത്തായിച്ചായനുംകൂടി പെരുനാട്ട് ആശ്രമത്തിൽ പോയി. അന്നു് അവിടെ ബ. അലക്സിയോസ് അച്ചനും ഉമ്മൻ സാധുവും അനാഥക്കുട്ടികളും വേറെ മൂന്നു നാലാളുകളുമാണുണ്ടായിരുന്നതു്. മത്തായിച്ചായൻ എന്നെ ആബൂനായുടെ (ഫാ. അലക്സിയോസ്) അടുത്തു കൊണ്ടുചെന്നിട്ട് “ഈ കുട്ടിയെ മാമോദീസാ മുക്കണം, അതിനാണു ഞാൻ ഇവനെയും കൊണ്ടു വന്നതു്” എന്നു പറഞ്ഞു “ആശ്രമപിതാവ് ഇപ്പോൾ തിരുവല്ലായിലാണു്, തൽക്കാലം ഞാൻ കുറേ പുസ്തകങ്ങൾ തരാം. അതു മുഴുവൻ പഠിച്ചിട്ടു രണ്ടു വർഷം കഴിഞ്ഞു വരണം എന്നു പറഞ്ഞു്, മാർഗ്ഗപ്രകാലിക, ചോദ്യോത്തരപുസ്തകം, കുർബാനക്രമം, ക്രിസ്തോനുകരണം എന്നീ പുസ്തകങ്ങൾ തന്നു. അന്നു് അവിടെ താമസിച്ചിട്ട് പിറേറദിവസം ഞങ്ങൾ വീട്ടിലേക്കു മടങ്ങി.

കുറേ ദിവസങ്ങൾ കഴിഞ്ഞപ്പോൾ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി ശീമയിൽ നിന്നും തിരിച്ചു വന്നു. അപ്രാവശ്യം മൂന്നുനോമ്പിനു മാക്കാം

www.malankaralibrary.com



കുന്നു പള്ളിയിൽ തിരുമേനി എഴുന്നെള്ളി. എം. എം. അച്ചനും (മാർ ഈവാനിയോസ്) കൂടെയുണ്ടായിരുന്നു. അന്നാണ് അദ്ദേഹത്തെ ഞാൻ ആദ്യമായി കാണുന്നത്. രണ്ടുമൂന്നു സാധുക്കൾ അവിടെ വേദപാഠം പഠിപ്പിച്ചുകൊണ്ടിരുന്നു. മററു കുട്ടികളുടെ കൂട്ടത്തിൽ ഞാനും കയറിയിരുന്നു. പാട്ടുകളും മററും പഠിപ്പിച്ചിരുന്നതുകൊണ്ടു വേദപാഠക്ലാസ്സ് എനിക്കു വളരെ ഹൃദ്യമായി തോന്നി. അവിടെ ഒരുതരം കുടുക്കകൾ അടുക്കി വച്ചിരുന്നത് എൻെറ ശ്രദ്ധയിൽപെട്ടു. ആ കൗതുകവസ്തുക്കൾ നേർച്ചക്കുടുക്കകളാണെന്ന് അന്വേഷണത്തിൽ ഞാൻ മനസ്സിലാക്കി.

## ക്ലേശകരമായ ഒരു യാത്ര

പെരുനാട്ടിൽനിന്നും മടങ്ങിവന്നിട്ടു വർഷം രണ്ടു കഴിഞ്ഞു. ഞാനും മത്തായിച്ചായനുംകൂടി എൻെറ മാമോദീസായ്ക്കുവേണ്ടി വീണ്ടും പെരുനാട്ടിൽ പോയി. ഞങ്ങളുടെ കൈയ്‌വശം പത്തു രൂപായും മെഴുകുതിരി, കുന്തുരുക്കം എന്നീ നേർച്ചവസ്തുക്കളും ഉണ്ടായിരുന്നു. ഞങ്ങൾ പെരുനാട്ടിൽ ചെന്നപ്പോൾ വന്ദ്യപിതാവ് തിരുവല്ലാ ആശ്രമത്തിലായിരുന്നു. "ആറു മാസം കൂടി കഴിഞ്ഞിട്ടേ മാമോദീസാ മുക്കാനൊക്കുകയുള്ളു, അതുവരെ അവൻ ഇവിടെ നില്ക്കട്ടെ" എന്ന് ആശ്രമസുപ്പീരിയർ (ഫാ. അലക്സിയോസ്) എൻെറ വളർത്തുപിതാവിനോടു പറഞ്ഞു. ഇതു കേട്ടപ്പോൾ മത്തായിച്ചായനു വല്ലാത്ത വിഷമം തോന്നി. അപ്പോൾ സമയം സന്ധ്യയോടടുത്തിരുന്നു. പ്രാർത്ഥനയ്ക്കുള്ള മണിയടിച്ചപ്പോൾ



ആശ്രമവാസികളെല്ലാം ചാപ്പലിൽ കൂടി. ഞങ്ങളും സന്ധ്യാപ്രാർത്ഥനയിൽ പങ്കുകൊണ്ടു. പ്രാർത്ഥന കഴിഞ്ഞ് എല്ലാവരും ഭക്ഷണശാലയിലേക്കു പോയി. "എൻെറ കുഞ്ഞിനെ മാമോദീസാ മുക്കിയില്ല" എന്നു പറഞ്ഞു കരഞ്ഞുകൊണ്ട് എൻെറ വളർത്തുപിതാവു നെഞ്ചത്തടിച്ചു പ്രാർത്ഥിച്ചു. ഭയവിഹ്വലനായ ഞാൻ മുട്ടിന്മേൽ അടുത്തുതന്നെ നിന്നു. അല്പം കഴിഞ്ഞ് മത്തായിച്ചായൻ വെളിയിലിറങ്ങിയിട്ട് എന്നോടു പറഞ്ഞു മേല്പോട്ടു നോക്കുവാൻ. ഞാൻ മേല്പോട്ടു നോക്കി. "നല്ല പ്രകാശമുള്ള ചന്ദ്രനെ കാർമേഘങ്ങൾ മൂടുന്നതു കണ്ടോ" എന്നെന്നോടു ചോദിച്ചു. ഉവ്വ് എന്നു ഞാൻ മറുപടി പറഞ്ഞു. സുപ്പീരിയർ അച്ചൻ വന്ന് ഞങ്ങളെ ഭക്ഷണത്തിനു ക്ഷണിക്കുകയുണ്ടായി. എൻെറ വളർത്തുപിതാവു ഭക്ഷണം വേണ്ടായെന്നു പറഞ്ഞപ്പോൾ, എനിക്കും വേണ്ടെന്നു ഞാനും പറഞ്ഞു. ഞങ്ങളുടെ വിഷമസ്ഥിതി കണ്ടു സുപ്പീരിയർ അച്ചൻ ആശ്രമപിതാവിൻെറ പേർക്ക് ഒരു എഴുത്തു തന്നു. രാത്രി ഒൻപതു മണിയോടുകൂടി ഞങ്ങൾ എഴുത്തുമായി അവിടെനിന്നും പുറപ്പെട്ടു. ആശ്രമവളപ്പിനു ചുററും വനമായിരുന്നു. വനത്തിൽകൂടി നടന്നു മഞ്ഞുമൂഴിക്കൽ വന്നു. വഴിയിൽ ഞങ്ങൾക്കു മണിമലയാറു കടക്കേണ്ടിയിരുന്നു. ആററിൽ വെള്ളം വളരെ കൂടുതൽ. 1099-ലെ വെള്ളപ്പൊക്കകാലമാണ്. ആ സമയത്ത് അവിടെ കടത്തുവള്ളമോ മററു വള്ളങ്ങളോ ഉണ്ടായിരുന്നില്ല. അക്കരെ കടക്കാൻ മാർഗ്ഗമൊന്നുമില്ലാതെ ഞങ്ങൾ വിഷമിച്ചു. ഒടുവിൽ വസ്ത്രങ്ങൾ അഴിച്ച്

www.malankaralibrary.com



ഒരു പൊതിക്കെട്ടാക്കി വലത്തേ കൈയിൽ ഉയർത്തിപ്പിടിച്ചുകൊണ്ടു് ആററിലിറങ്ങി. നിലയില്ലാത്തിടത്തു വന്നപ്പോൾ മത്തായിച്ചായൻ ഇടത്തേ കൈകൊണ്ടു് എന്നെയും പിടിച്ചു് നീന്തി അക്കരെ കടന്നു. കുറേനേരം മുട്ടിന്മേൽ നിന്നു പ്രാർത്ഥിച്ചശേഷം ഞങ്ങൾ യാത്ര തുടർന്നു. വഴിമദ്ധ്യേ വീണ്ടും വടശ്ശേരിക്കര ആറു നീന്തിക്കടക്കേണ്ടിവന്നു.

പത്തനംതിട്ട പുത്തൻപീടികയിൽ (മത്തായിച്ചായന്റെ സഹോദരിയുടെ വീട്ടു്) പോയിക്കിടന്നുറങ്ങാമെന്നു വിചാരിച്ചുകൊണ്ടു ഞങ്ങൾ മണ്ണാറക്കുളഞ്ഞി എന്ന സ്ഥലത്തെത്തി. അവിടെ വച്ചു മത്തായിച്ചായൻ എന്നോടു പറഞ്ഞു: "നീ എന്റെ കൈയിൽ പിടിച്ചു സത്യം ചെയ്യണം. നടന്ന സംഭവങ്ങളൊന്നും വീട്ടിൽ ആരോടും പറയുകയില്ലെന്നു". ഞാൻ സമ്മതിച്ചു. പുത്തൻപീടികയിൽ എത്തിയപ്പോൾ "ഇവിടെ കിടന്നുറങ്ങാമെന്നല്ലേ പറഞ്ഞതു്" എന്നു ഞാൻ ചോദിച്ചു. വീട്ടിൽ പോയിക്കിടന്നുറങ്ങാമെന്നായിരുന്നു അതിനു മറുപടി. ഒടുവിൽ പന്ത്രണ്ടു മണിയോടുകൂടി ഞങ്ങൾ വീട്ടിൽ എത്തിച്ചേർന്നു. പക്ഷേ, മത്തായിച്ചായനു സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. "എന്റെ കുഞ്ഞിനെ മാമോദീസാ മുക്കിയില്ല" എന്നു പറഞ്ഞു നെഞ്ചത്തടിച്ചു നിലവിളിക്കാൻ തുടങ്ങി. ഭാര്യയും സഹോദരങ്ങളും മക്കളുമെല്ലാം ഉണർന്നു. വീട്ടുകാരെല്ലാം പരിഭ്രമിച്ചു. സ്ത്രീകൾ കൂട്ടക്കരച്ചിലായി. കാര്യമെന്തെന്നറിയാൻ ആളുകൾ ഓടിക്കൂടി. മത്തായിച്ചായൻ എന്നെയും പിടി



ച്ചുകൊണ്ടു് അവിടെനിന്നും പോയി. ഞങ്ങൾ ഇരുന്നു പഠിക്കാറുള്ള മാടത്തിലേക്കാണു പോയതു്. മാടത്തിൽ മത്തായിച്ചായന്റെ ഇളയസഹോദരൻ കിടന്നിരുന്നു. അയാളെ അവിടെനിന്നും പറഞ്ഞയച്ചിട്ടു ഞങ്ങൾ മാടത്തിൽ കയറി. ഒരു വടി എന്നെ ഏല്പിച്ചിട്ടു് ഒരുത്തനെയും ഇതിനകത്തു കയററരുതെന്നു പറഞ്ഞു മത്തായിച്ചായൻ മാടത്തിൽ കയറിയിരുന്നു പ്രാർത്ഥന തുടങ്ങി. പെട്ടെന്നു ചാടിയെഴുന്നേററിട്ടു എന്നോടു പറഞ്ഞു നമുക്കു കാദീശ്ത്താപള്ളിയിൽ പോയി പ്രാർത്ഥിക്കാമെന്നു. അങ്ങനെ എന്നെയും വിളിച്ചുകൊണ്ടു് ആ രാത്രിയിൽ തന്നെ പള്ളിയിൽ പോയി പള്ളിയുടെ പടിഞ്ഞാറെ വാതിൽപ്പടിയിൽ നിന്നുകൊണ്ടു ഞങ്ങൾ പ്രാർത്ഥിച്ചു. ഇത്രയുമായപ്പോൾ അടുത്ത വീട്ടിൽ കോഴി കൂവി. ഞങ്ങൾ തിരിയെ വീട്ടിൽ വന്നു.

മത്തായിച്ചായന്റെ ചില ബന്ധുക്കളുടെ ശകാരങ്ങളും ഉപദ്രവങ്ങളും സഹിച്ചു മൂന്നു ദിവസംകൂടി അവിടെ താമസിച്ചു. നാലാം ദിവസം മുടി വെട്ടിക്കാനെന്നും പറഞ്ഞു അദ്ദേഹത്തിന്റെ മൗനാനുവാദത്തോടെ ഞാൻ സ്ഥലംവിട്ടു. എന്റെ പ്രാർത്ഥനപ്പുസ്തകങ്ങൾ ഞാൻ നേരത്തേ കരസ്ഥമാക്കിയിരുന്നു. നേരേ തിരുമൂലപുരം ആശ്രമത്തിലേക്കാണു പോയതു്. എന്റെ ഈ പുറപ്പാടു് മത്തായിച്ചായനെ കൂടുതൽ വിഷമത്തിലാക്കി. അദ്ദേഹത്തിന്റെ പ്രാർത്ഥന എനിക്കു സഹായമായിരുന്നു.

## ആശ്രമപിതാവിന്റെ സന്നിധിയിൽ

പകൽ ഉദ്ദേശം നാലു മണിയോടുകൂടി ഞാൻ തിരുമൂലപുരത്തു എത്തിച്ചേർന്നു. അവിടെവച്ചു യൂഹാ

www.malankaralibrary.com



ഒരു ആശ്രമസ്ഥനെ (സാധു) കണ്ടു. അദ്ദേഹത്തിന്റെ സഹായത്തോടെ ഞാൻ ആശ്രമത്തിൽ ചെന്നു. ഞങ്ങൾ ചെന്നപ്പോൾ ആശ്രമപിതാവ് ആശ്രമത്തിന്റെ പടിഞ്ഞാറെ അററത്തെ മുറിയിൽ വടക്കുവശത്തു തുറന്നിട്ടിരുന്ന ഒരു ജനാലയ്ക്കരികിൽ മേശപ്പുറത്തുവച്ച് എന്തോ എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. ഞാൻ ജനലിനടുത്തേക്കു മാറി പിതാവിനു കാണത്തക്കവിധം നിന്നു. പിതാവു തല ഉയർത്തി എന്നെ നോക്കി എന്നിട്ട് എന്നോടു ചോദിച്ചു. "മകനേ, നീ എവിടെനിന്നു വരുന്നു?

ഞാൻ: തുമ്പമൺ വടക്കേക്കര നിന്നും

പിതാവ്: നീ എന്തിനാ വന്നത്?

ഞാൻ: പിതാവിനെ കാണാൻ

പിതാവ്: എന്താ നിന്റെ ആവശ്യം?

ഞാൻ: എനിക്കു മാമോദീസാ മുങ്ങണം

പിവാവ്: എന്തിനാ മാമോദീസാ മുങ്ങുന്നത്?

ഞാൻ: എന്റെ ആത്മാവിനു രക്ഷ കിട്ടാൻ

പിതാവ്: മാമോദീസാ മുങ്ങിയാൽ ആത്മാവിനു രക്ഷ കിട്ടുമോ?

ഞാൻ: മാമോദീസാ മുങ്ങിയാൽ മാത്രമേ ആത്മാവിനു രക്ഷ കിട്ടുകയുള്ളു.

സംഭാഷണം ഇത്രയുമായപ്പോൾ മേശപ്പുറത്തിരുന്ന ഒരു ഡയറി എടുത്ത് എന്തോ എഴുതിയിട്ട് എന്നോടു ചോദിച്ചു. "നീ വല്ലതും കഴിച്ചോ?" "കുളനടനിന്നും ഒന്നര ചക്രത്തിനു കാപ്പി കുടിച്ചു" വിവരം ഞാൻ അ



റിയിച്ചു. പിതാവു മേശപ്പുറത്തിരുന്ന മണി എടുത്തു കിലുക്കി. ഒരു സാധു ഓടിവന്നു. "ഈ കൊച്ചന് ആവശ്യമുള്ള കാപ്പി കൊടുക്കണെ"മെന്നു പിതാവു നിർദ്ദേശം നൽകി. കാപ്പികുടിയും കഴിഞ്ഞു കിഴക്കേ അററത്തെ മുറിയിൽ കിടന്നു വിശ്രമിച്ചിട്ടു ആറുമണിക്കു വിളിക്കുമ്പോൾ വരണമെന്നു പറഞ്ഞ് എന്നെ അയച്ചു.

ഞാൻ സാധുവിനോടൊന്നിച്ചു പോയി. കാപ്പികുടിയും കഴിഞ്ഞ് അവിടെ വിശ്രമിച്ചു. ആറുമണിയായപ്പോൾ ആശ്രമപിതാവ് എന്നെ വിളിച്ചു. ഞാൻ അടുത്തുചെന്നു ഞങ്ങൾ പള്ളിമുററത്തേക്കു (തിരുമൂലപുരം യാക്കോബായപള്ളി) പോയി. അദ്ദേഹം എന്നോടു മകനേ, നിന്റെ പേരെന്താണ് എന്നു ചോദിച്ചു. യാക്കോബു എന്നാണ് എന്നെ വിളിക്കുന്നതെന്നു ഞാൻ പറഞ്ഞു. അദ്ദേഹം എന്റെ തോളത്തു കൈവച്ചുകൊണ്ടു അങ്ങോട്ടുമിങ്ങോട്ടും നടന്നു. "നിന്നെക്കുറിച്ചുള്ള വിശദവിവരങ്ങൾ കേൾക്കട്ടെ". പിതാവ് ആവശ്യപ്പെട്ടു. എല്ലാം ഞാൻ വിശദമായി പറഞ്ഞു.

"പിതാവേ, ഞാൻ അധഃകൃതവർഗ്ഗത്തിൽ ജനിച്ചവനാണ്. തുമ്പമൺ വടക്കേക്കര കളരിക്കൽ വീട്ടിൽ മത്തായിച്ചായനാണ് എന്റെ വളർത്തുപിതാവ്. അവിടത്തെ ഒരു പ്രമുഖ യാക്കോബായ കുടുംബക്കാരൻ. അദ്ദേഹമാണു ക്രിസ്തുമതത്തെക്കുറിച്ച് എന്നെ പഠിപ്പിച്ചത്. ബഥനിയുടെ 'മാർഗ്ഗപ്രകാശിക' എന്നെ വായിച്ചു കേൾപ്പിച്ചു; ഒരു ദൈവമേയുള്ളുവെന്നും, മാമോദീസാ സ്വീ

www.malankaralibrary.com



കരിച്ചവർ മാത്രമേ രക്ഷ പ്രാപിക്കുകയുള്ളുവെന്നും, ആത്മാവിനു രക്ഷ കിട്ടിയാൽ ദൈവത്തിന്റെ മടിയിലിരിക്കാമെന്നും എന്നെ പഠിപ്പിച്ചു. ഇതെല്ലാം കേട്ടപ്പോൾ ക്രിസ്ത്യാനിയാകണമെന്നുള്ള ആഗ്രഹം എനിക്കുണ്ടായി. എന്റെ ആഗ്രഹം ഞാൻ അദ്ദേഹത്തെ അറിയിച്ചു. എന്നെ മാമോദീസാ മുക്കാൻ പല പള്ളികളിലെയും അച്ചന്മാരെ അദ്ദേഹം സമീപിച്ചെങ്കിലും താണജാതിക്കാരനെ പള്ളിയിൽ ചേർക്കാൻ ആരും സമ്മതിച്ചില്ല. എന്റെ വളർത്തുപിതാവും ഞാനും വളരെ നിരാശരായി. എങ്കിലും പെരുനാട്ടിലെ ബഥനിയിൽ ജാതിചിന്തയും ഉച്ചനീചത്വവുമില്ലെന്നും അങ്ങനെ നമ്മുടെ ഉദ്ദേശ്യം സാധിക്കുമെന്നും പറഞ്ഞ് അദ്ദേഹം എന്നെ ആശ്വസിപ്പിച്ചു. അപ്രകാരം പിതാവിനെ അഭയംപ്രാപിക്കാനിടയായി.

“മകനേ, നിന്റെ ഇഷ്ടം നടക്കട്ടെ; ക്രിസ്ത്യാനിയായശേഷം നിനക്കു വീട്ടിൽ തിരിച്ചു പോകണമോ? അദ്ദേഹം എന്നോടു ചോദിച്ചു. ‘പിതാവിന്റെ ഇഷ്ടംപോലെ’ എന്നു ഞാൻ പറഞ്ഞു. “ഇന്നുമുതൽ നീ ഇവിടെ താമസിച്ചുകൊള്ളുക” എന്നു പിതാവു കല്പിച്ചതനുസരിച്ച് അന്നുമുതൽ ഞാൻ തിരുമൂലപുരം ബഥനി ആശ്രമത്തിൽ താമസമായി.

ഞാൻ ആശ്രമത്തിൽ വന്നതും എനിക്കവിടെ പ്രവേശനം ലഭിച്ചതും മററും ആശ്രമപിതാവ് എന്റെ വളർത്തുപിതാവിനെ അറിയിച്ചു. എന്നെ കാണുന്നതിനും ആശ്രമപിതാവിനു നന്ദി രേഖപ്പെടുത്തുന്നതിനു



മായി മത്തായിച്ചായൻ തിരുമൂല ആശ്രമത്തിൽ വന്നു. എന്നെ കൊണ്ടുപോകുവാനാഗ്രഹമുണ്ടായിരുന്നെങ്കിലും ആശ്രമത്തിൽത്തന്നെ നിൽക്കണമെന്ന എന്റെ താൽപര്യത്തെ അദ്ദേഹം തടഞ്ഞില്ല.

## തിരുമൂലപുരം ബഥനി ആശ്രമം (തിരുവല്ലായിൽ)

ഞാൻ തിരുമൂലപുരം ബഥനിആശ്രമത്തിൽ ചെല്ലുമ്പോൾ ഏഴോ എട്ടോ മുറികളുള്ള ഒരു കെട്ടിടമായിരുന്നു അത്. മേൽക്കൂര ഓല മേഞ്ഞത്; തറ മണ്ണിട്ടുറപ്പിച്ച് ചാണകം മെഴുകിയതും. ഭിത്തികൾ പകുതിവരെ മണ്ണുകൊണ്ടും പകുതിക്കു മുകളിൽ പരമ്പുകൊണ്ടും നിർമ്മിച്ചിരുന്നു. കിഴക്കേ അററത്തുള്ള മുറി പ്രാർത്ഥന (ചാപ്പൽ)യ്ക്കായി ഉപയോഗിച്ചിരുന്നു. (ഇവിടെ ഇപ്പോൾ ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നു.)

ആശ്രമപിതാവിനെ (എം. എ. അച്ചൻ)ക്കൂടാതെ ഗുരുവച്ചൻ, (കാലംചെയ്ത മാർ തിയോഫിലോസ് തിരുമേനി) സ്തേഫാനോസ് സാധു (പരേതനായ ഫാദർ സ്തേഫാനോസ്) യാക്കോബു സാധു (നിര്യാതനായ ഫാ. ബർസ്ലീബാ) വർഗ്ഗീസ് സാധു, വർഗ്ഗീസ് പുളിക്കീഴ് എന്നിവരായിരുന്നു ആശ്രമത്തിൽ ഉണ്ടായിരുന്നത്.

ആശ്രമസ്ഥരുടെ വേഷം ഒരു പ്രത്യേക രീതിയിലത്രേ. വൈദികർ കാവിനിറത്തിലുള്ള കുപ്പായവും ഇടക്കെട്ടും ധരിച്ചിരുന്നു. കാവി മുണ്ടും കാവി ഉടുപ്പും ഇടക്കെട്ടും തലക്കെട്ടുമായിരുന്നു സാധുക്കളുടെ വേഷം. (സാധുക്കൾ—വൈദികരല്ലാത്ത ആശ്രമവാസികൾ)

www.malankaralibrary.com



## തിരുമൂലപുരം കന്യാസ്ത്രീമഠം

തിരുമൂലപുരം ബഥനി ആശ്രമത്തിൽനിന്നും ഏകദേശം അര മൈൽ പടിഞ്ഞാറു മാറിയാണു കന്യാസ്ത്രീമഠം സ്ഥിതിചെയ്തിരുന്നതു്. ബലമേറിയ ഭിത്തികൾ ഉള്ള നെടിയ കെട്ടിടം. മഠത്തിനു കിഴക്കുവശത്തായി ഒരു ചെറിയ കെട്ടിടം ക്ലാസ്സുകൾ നടത്തുന്നതിനുപയോഗിച്ചിരുന്നു. മഠത്തിന്റെ അന്നത്തെ സുപ്പീരിയർ ഒരു യൂറോപ്യൻ കന്യാസ്ത്രീയായ സിസ്റ്റർ*ഹെലനും ഇളയമ്മ സിസ്റ്റർ ശൈനയുമായിരുന്നു. സി: ഹൂബാ, സി: സറംഗാ, സി: ദനഹാ, സി: തൈബൂസ്, സി: ത്രിസൂസ്, സി: സൈബാർ, സി: മാക്സാ, സി: ഹൈമനോസ് എന്നിങ്ങനെ എട്ടു കന്യാസ്ത്രീകൾകൂടി അവിടെ ഉണ്ടായിരുന്നു

ഞാൻ ആശ്രമത്തിൽ താമസമായതിന്റെ പിറേറ ദിവസംമുതൽ പരീക്ഷണാർത്ഥം എന്നെ മഠത്തിലെ ബോയിയായി നിയമിച്ചു. മഠത്തിനു ചുററും നിറഞ്ഞുനിന്നിരുന്ന മുൾപ്പടർപ്പുകളും മററും വെട്ടിത്തെളിച്ചു പരിസരം വൃത്തിയാക്കുക, ആശ്രമസ്ഥർക്കു ഭക്ഷണം കൊണ്ടുകൊടുക്കുക എന്നിവയായിരുന്നു എന്റെ പ്രധാന ജോലികൾ. ഒരുദിവസം കാടു വെട്ടിത്തെളിച്ചുകൊണ്ടു നിൽക്കവേ, കാലിൽ വെട്ടേററു് ആശുപത്രിയിൽ കിടക്കേണ്ടിവന്നു. തിരിയെ വന്നപ്പോൾ ശുചീകരണജോ

* സിസ്ററർ ഹെലൻ ഇപ്പോഴും ഇംഗ്ലണ്ടിൽ ജീവിച്ചിരിക്കുന്നു. അവർക്കു 1974 സെപ്ററംബർ 22-ാം തീയതി 90 വയസ്സ് തികഞ്ഞു.



ലിക്കു പുറമേ, അടുത്തുള്ള 'മുതലപ്പടി' ജോർജ്ജിന്റെ വീട്ടിൽനിന്നു വെള്ളം കോരിക്കൊണ്ടു വരിക എന്ന പുതിയ ജോലികൂടി ലഭിച്ചു. പ്രയാസപ്പെട്ടെങ്കിലും സന്തോഷത്തോടെ എന്റെ ജോലികൾ ഞാൻ കൃത്യമായി ചെയ്തുവന്നു.

ഈസ്റ്റർ കഴിഞ്ഞാൽ കന്യാസ്ത്രീകൾ ഒരാഴ്ചത്തേയ്ക്കു വീടുകളിൽ പോകുക പതിവായിരുന്നു. അങ്ങനെ അപ്രാവശ്യം കന്യാസ്ത്രീകൾ അവധിക്കു പോയപ്പോൾ അടുക്കളഭരണം എന്നെ ഏല്പിച്ചു. ഒരാഴ്ച കഴിഞ്ഞു അവർ തിരിച്ചു വന്നപ്പോൾ പഴയ ജോലിയിലേക്കു് ഞാനും തിരിയെ പോയി. രാത്രികാലങ്ങളിൽ മഠം സൂക്ഷിക്കുക എന്ന ജോലികൂടി ആശ്രമപിതാവു് എന്നെ ഏല്പിച്ചു. അതിനിടയാക്കിയ ഒരു സംഭവം അവിടെ ഉണ്ടായി.

## മദ്യപാനികളുടെ ആക്രമണം

ഒരുദിവസം അർദ്ധരാത്രിയോടുകൂടി മദ്യപാനികളായ കുറേപ്പേർ മഠത്തിന്റെ വരാന്തയിൽക്കൂടി ആർത്തട്ടഹസിച്ചു് അസഭ്യങ്ങളും പറഞ്ഞുകൊണ്ടു് കടന്നു പോയി. പരിഭ്രാന്തരായ കന്യാസ്ത്രീകൾ കൂട്ടമണിയടിച്ചു. മണിനാദം കേട്ടു ഗുരുവച്ചനും ഞങ്ങൾ രണ്ടുമൂന്നുപേരുംകൂടി മഠത്തിൽ ചെന്നപ്പോൾ മദ്യപാനികൾ സ്ഥലം വിട്ടിരുന്നു. അന്നു് ആശ്രമപിതാവു് അവിടെ ഇല്ലായിരുന്നു. പിതാവിനെ വിവരമറിയിച്ചതനുസരിച്ചു് പിതാവു വന്നു രക്ഷാകർത്താക്കളെ വരുത്തി സമാധാനം പറയിച്ചു. ഈ സംഭവത്തിനുശേഷമാണു് ഞാനും ചെ

www.malankaralibrary.com



രിയാൻ, കൊച്ചുതോമ്മാ എന്നിവരും രാത്രികാലങ്ങളിൽ മഠം സൂക്ഷിക്കുവാൻ നിയുക്തരായതു്. പിന്നീടൊരിക്കലും ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടില്ല.

ബഥനിസമൂഹം അക്കാലത്തു സാമ്പത്തികമായി വളരെ വിഷമത്തിലായിരുന്നു. ആയതിനാൽ ദൈനംദിനാവശ്യങ്ങൾക്കുള്ള സാധനങ്ങൾ നേർച്ചകളായി സമ്പാദിച്ചിരുന്നു. അങ്ങനെയാണു് പിടിയരിസമ്പ്രദായം ഏർപ്പെടുത്തിയതു്. വീടുകളിൽ പോയി പിടിയരി ശേഖരിക്കുക എന്ന ജോലിക്കുകൂടി ഞാൻ നിയുക്തനായി.

യാക്കോബായസഭയിൽ ഒരു സ്വതന്ത്രസ്ഥാപനമായി ബഥനിയെ നിലനിർത്തണമെന്ന ആശ്രമപിതാവിന്റെ അതിയായ ആഗ്രഹം വളരെയധികം പ്രയാസങ്ങൾക്കും കഷ്ടപ്പാടുകൾക്കും ഇടയാക്കി. എന്തെല്ലാം പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നിട്ടും ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനായി അടിപതറാത്ത ആത്മധൈര്യത്തോടെ യഹോവയിൽ വിശ്വാസമർപ്പിച്ചുകൊണ്ടു് അദ്ദേഹം തന്റെ പ്രവർത്തനങ്ങൾ തുടരുകയും ഭാവിപരിപാടികൾക്കു രൂപം നൽകുകയും ചെയ്തു. സർവ്വശക്തനായ ദൈവം ആശ്രമപിതാവിനെയും അന്തേവാസികളെയും പ്രയാസങ്ങളിൽനിന്നും ആപത്തുകളിൽനിന്നും രക്ഷിച്ചുകൊണ്ടിരുന്നു.

## പ്രവചനം ഫലിച്ചു

ഒരുദിവസം വൈകിട്ടു ഞാൻ കന്യാസ്ത്രീമഠത്തിൽ ചെന്നപ്പോൾ മദർ ശൈന ആശ്രമപിതാവിനു കൊടുക്കാൻ ഒരു കുറിപ്പു് എന്റെ കൈയിൽ തന്നയച്ചു. കുറിപ്പിലെ വിവരം പിതാവു് എന്നെയും ഗുരുവച്ചനെയും വായിച്ചു കേൾപ്പിച്ചു. "പിതാവേ, നാളത്തെ ആഹാരത്തിനു ഒരു സാധനവും ഇവിടെ ഇല്ല". അതിനു മറുപടിയായി പിതാവു് ഇങ്ങനെ പറഞ്ഞു: "സർവ്വശക്തനായ ദൈവം എല്ലാം നടത്തിക്കൊള്ളും".



പറേറദിവസം രാവിലെ ഞാൻ മഠത്തിൽ ചെന്നപ്പോൾ കണ്ട കാഴ്ച എന്നെ അത്ഭുതപ്പെടുത്തി. ഒരു കാളവണ്ടി നിറയെ സാധനങ്ങൾ! അരി, വാഴക്കുല, ചേന, ചേമ്പു് മുതലായവ; ആശ്രമസ്ഥർക്കായി കൊണ്ടുവന്നിരിക്കുന്നു. ബ. മദർ ശൈന ഒരു കുറിപ്പു് എന്റെ കൈവശം തന്നയച്ചു, പിതാവിനു കൊടുക്കാൻ. കഴിഞ്ഞദിവസം അറിയിച്ചതിൽ പിതാവു വിഷമിക്കരുതെന്നും ഒരു വണ്ടി നിറയെ അരിയും സാധനങ്ങളും വന്നുചേർന്നിരിക്കുന്നുവെന്നുമായിരുന്നു കുറിപ്പിലെ വിവരം. (കവിയൂർ കല്ലേക്കാട്ടിലച്ചന്റെ വീട്ടിൽനിന്നും കൊടുത്തയച്ചതായിരുന്നു സാധനങ്ങൾ) എന്നാൽ ദാതാവാരെന്നു പിതാവോ, മദർ ശൈനായോ അറിഞ്ഞിരുന്നില്ല. "സർവ്വശക്തനായ ദൈവം നടത്തിക്കൊള്ളു"മെന്ന പിതാവിന്റെ വിശ്വാസം എത്ര വലുതും അഗാധവുമായിരുന്നുവെന്നു് ഓർത്തു് അദ്ഭുതപ്പെട്ടുപോയി. അദ്ദേഹത്തിന്റെ വാക്കുകൾ പ്രവചനങ്ങളാണെന്നു കണ്ടപ്പോൾ എന്റെ വിശ്വാസം വർദ്ധിക്കുകയും ഒരു ദിവ്യമനുഷ്യനാണദ്ദേഹമെന്നു ബോദ്ധ്യമാവുകയും ചെയ്തു.

കൊച്ചുകുഷന്റെ സകല പ്രവർത്തനങ്ങളിലും ദൈവനു

www.malankaralibrary.com



ഹായം അധികമായി ലഭിച്ചുകൊണ്ടിരുന്നു എന്നുള്ളതിന് അനന്തരകാലങ്ങളിലെ പല സംഭവങ്ങളും സാക്ഷ്യം വഹിക്കുന്നു.

## ജ്ഞാനസ്നാനത്തിനുള്ള ഒരുക്കം

ബഥനിയാശ്രമത്തിൽ വന്നിട്ട് ആറു മാസത്തോളമായെങ്കിലും മാമോദീസാ മുങ്ങി ഒരു ക്രിസ്ത്യാനിയാകാൻ കഴിഞ്ഞില്ലെന്ന സംഗതി എന്നെ വളരെ കുണ്ഠിതപ്പെടുത്തി. എന്നാൽ അതേക്കുറിച്ചു ഞാൻ യാതൊന്നും പിതാവിനോടു പറഞ്ഞില്ല. മുമ്പിലത്തെ അനുഭവം ആവർത്തിക്കപ്പെട്ടേക്കുമോ എന്ന ആശങ്ക എനിക്കുണ്ടായിരുന്നു. അങ്ങനെയിരിക്കെ ഒരുദിവസം ആശ്രമപിതാവ് എന്നെ വിളിച്ചു പറഞ്ഞു: "നാളെമുതൽ നമുക്കു രണ്ടുപേർക്കും ഒരാഴ്ചത്തേക്കു തിരുമൂല യാക്കോബായ ഇടവകപ്പള്ളിയിൽവച്ചു ധ്യാനമാണ്. നമുക്കു ആഹാരം എത്തിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. അതുകൊണ്ടു ധ്യാനത്തിനു പോകാൻ ഒരുങ്ങിക്കൊള്ളുക." ഒരു ബുക്കും പെൻസിലും എന്നെ ഏല്പിച്ചിട്ട് അദ്ദേഹം തുടർന്നു പറഞ്ഞു: "ഒരാഴ്ചത്തെ ധ്യാനസമയത്തു മുമ്പു ചെയ്തുപോയിട്ടുള്ള പാപങ്ങളെക്കുറിച്ചോർത്ത് അവയെല്ലാം ഈ ബുക്കിൽ കുറിച്ചു വയ്ക്കണം. അവയെല്ലാമോർത്തു പാപപരിഹാരത്തിനായി മനസ്താപപ്പെടുകയും വേണം. ധ്യാനം കഴിഞ്ഞു നിന്റെ മാമോദീസായും നടത്തണമെന്നാണുദ്ദേശിക്കുന്നത്. അതു കഴിഞ്ഞ് ഒരു നല്ല കുമ്പസാരം നടത്തുകയും ചെയ്യണം."



പറഞ്ഞതനുസരിച്ച് പിറേറദിവസം ധ്യാനം ആരംഭിച്ചു. പിതാവ് മദ്ബഹായിലും ഞാൻ ഹൈക്കലായിലും ധ്യാനനിരതരായി കഴിഞ്ഞു. പിതാവിന്റെ അപാരമായ ദൈവഭക്തിയെക്കുറിച്ചു കേട്ടിരുന്നെങ്കിലും നേരിൽ കാണാൻ ഇടയായതു് ഈ ധ്യാനാവസരത്തിലായിരുന്നു. ധ്യാനം കഴിഞ്ഞു പള്ളിയിൽത്തന്നെയായിരുന്നു ഉറക്കവും. മിക്ക ദിവസങ്ങളിലും അർദ്ധരാത്രിയിൽ ഞാൻ ഉണർന്നുനോക്കുമ്പോൾ മദ്ബഹായിൽ ഒരു മെഴുകുതിരിയും കത്തിച്ചുവച്ച് രണ്ടു കൈയും മുകളിലേക്കുയർത്തിപ്പിടിച്ചു മുട്ടിന്മേൽ നിന്നുകൊണ്ടു പ്രാർത്ഥിക്കുന്ന പിതാവിനെയാണ് എനിക്കു കാണുവാൻ കഴിഞ്ഞിട്ടുള്ളതു്. ഇങ്ങനെ ഉറക്കവും വിശ്രമവുമില്ലാതെ അദ്ദേഹം പ്രാർത്ഥനയിലും ദൈവസംസർഗ്ഗത്തിലും കഴിഞ്ഞിരുന്നു. ഈ വിധത്തിലുള്ള പ്രാർത്ഥനയുടെയും ധ്യാനയോഗത്തിന്റെയും ഫലമാണ് പിൽക്കാലത്തു പുനരൈക്യപ്രസ്ഥാനത്തിനുണ്ടായിട്ടുള്ള നേട്ടങ്ങളും അഭിവൃദ്ധിയുമെന്നതു തർക്കമററ സംഗതിയാണ്.

## അവിസ്മരണീയമായ ആ സുദിനം

ഒരാഴ്ചത്തെ ധ്യാനം കഴിഞ്ഞ് അടുത്ത ദിവസം (കൊല്ലവർഷം 1100-ാമാണ്ട് മകരം 15) ആശ്രമപിതാവിന് (പി. ററി. ഗീവർഗീസ് അച്ചൻ) നിരണം മെത്രാപ്പോലീത്തായുടെ മഹനീയ കാർമ്മികത്വത്തിൽ റമ്പാൻ പട്ടം ലഭിച്ചു. അതിന്റെ മൂന്നാംദിവസം ആശ്രമപിതാവ് ആഡംബരപൂർവം എനിക്കു മാമോദീസാ നൽകി. ബ. കന്യാസ്ത്രീകളും ചിററയ്ക്കാട്ട്, വാഴത്തറ

www.malankaralibrary.com



എന്നീ കുടുംബാംഗങ്ങളും മററു പല മാന്യന്മാരും തദവസരത്തിൽ സന്നിഹിതരായിരുന്നു. ഈ വിവരം എന്റെ വല്യുപിതാവിനെ അറിയിച്ചപ്പോൾ അദ്ദേഹം അത്യധികം സന്തോഷിച്ചു.

"തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ,
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ" എന്നു മാനവരാകെ അപലപിച്ചിരുന്ന അവശസമുദായത്തിലെ അംഗമായ എനിക്ക്, മാമോദീസാ സ്വീകരിച്ചു ക്രിസ്തുവിന്റെ സഭയിലെ അംഗമാകാൻ കഴിഞ്ഞതിലുള്ള സന്തോഷാധിക്യത്താൽ ഞാൻ സർവ്വശക്തനായ ദൈവത്തെ സ്തുതിച്ചു. അധഃകൃതവർഗ്ഗത്തിൽനിന്നു് ആദ്യമായി ബഥനി പ്രസ്ഥാനത്തിൽ ചേരാനുള്ള മഹാഭാഗ്യം സിദ്ധിച്ചതിൽ എന്നും ഞാൻ ദൈവത്തെ സ്തുതിച്ചുകൊണ്ടു്, ഈ മഹാഭാഗ്യത്തിനിടയാക്കിയ എന്റെ വല്യുപിതാവിനെയും, അതിലുപരിയായി അവർണ്ണർക്കു പള്ളിയിൽപ്പോലുമുണ്ടായിരുന്ന ഭ്രഷ്ട് മാററാൻ സാഹസികപരിശ്രമം നടത്തിയ ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനിയെയും നന്ദിയോടെ സ്മരിക്കുന്നു.

## ഒരു അസാധാരണ സംഭാവന

അനാഥക്കുട്ടികൾക്കുവേണ്ടി പിടിയരിയും മററു സംഭാവനകളും ശേഖരിക്കുന്നതിനുവേണ്ടി ഓരോരുത്തരെ ചുമതലപ്പെടുത്തിയിരുന്നു. പീരുമേടു മുതലായ തോട്ടങ്ങളിൽനിന്നും സംഭാവനകൾ ശേഖരിക്കുന്നതിനു ചുമ



തലപ്പെടുത്തിയിരുന്നതു് ഫാ. അലക്സിയോസിനെ ആയിരുന്നു. ഒരു ദിവസം അദ്ദേഹം പീരുമേട്ടിൽ ഒരു തോട്ടം റൈട്ടരുടെ വീട്ടിൽ ചെന്നു. എന്തു നേർച്ചയും സ്വീകരിക്കുമോ എന്നു റൈട്ടർ ചോദിച്ചു. എന്തു നേർച്ചയും സ്വീകരിക്കുമെന്നു ബ. അലക്സിയോസച്ചൻ പറഞ്ഞപ്പോൾ അയാൾ പോയി പട്ടുതുണിയിൽ പൊതിഞ്ഞ ഒരാൺകുഞ്ഞിനെ കൊണ്ടുവന്നു് വൈദികനെ ഏല്പിച്ചു. അദ്ദേഹം ആ കുഞ്ഞിനെ സസന്തോഷം ബഥനിആശ്രമത്തിൽ കൊണ്ടുവന്നു. 'ഇതാ ബഥനിക്കു കിട്ടിയ ഒരു നേർച്ച'! എന്നു പറഞ്ഞു് ആശ്രമപിതാവിനെ ഏല്പിച്ചു.

തിരുമൂല ആശ്രമത്തിൽനിന്നു് ആ കുഞ്ഞിനെ പെരുനാട്ടു ബഥനിയാശ്രമത്തിൽ എത്തിക്കുന്നതിനു് ആശ്രമപിതാവു് എന്നെ ചുമതലപ്പെടുത്തി. അടുത്ത ദിവസം ഞാനും ഇഗ്നേഷ്യസ് യുവാവും കൂടി ആ കുഞ്ഞിനെയും കൊണ്ടു് പെരുനാട്ടു ബഥനിആശ്രമത്തിലേക്കു യാത്രയായി. പുത്തൻകാവുവരെ കാൽനടയായും പിന്നീടു് ഒരു കമ്പനിവള്ളത്തിൽ കയറിയും; പിറേറദിവസം രാവിലെ എട്ടു മണിയോടുകൂടി ഞങ്ങൾ വടശ്ശേരിക്കരെ എത്തി. അവിടെനിന്നും ഏകദേശം ആറു മൈലോളം നടക്കണമായിരുന്നു, പെരുനാട്ടു ബഥനിആശ്രമത്തിലെത്താൻ. ഏതാണ്ടു പന്ത്രണ്ടു മണിയായപ്പോൾ ഞങ്ങൾ കുഞ്ഞിനെയും കൊണ്ടു് ആശ്രമത്തിലെത്തി. കുഞ്ഞിനെ അനാഥശാലയുടെ ചുമതല വഹിച്ചിരുന്ന പുന്നൂസ് സാധുവിനെ ഏല്പിച്ചു. പിൽക്കാലത്തു

www.malankaralibrary.com



നാലാഞ്ചിറ ബഥനിആശ്രമത്തിൽ ഉണ്ടായിരുന്ന അനന്തപ്പൂ (പൗലൂസ്) എന്ന കുട്ടിയായിരുന്നു ബഥനിക്കു കിട്ടിയ ഈ അസാധാരണമായ നേർച്ച.

## പെരുനാട് ബഥനി ആശ്രമം

പെരുനാട്ടിൽ 'മുണ്ടൻമല' എന്നറിയപ്പെടുന്ന ഒരു കുന്നിൻപുറത്തായിരുന്നു ബഥനിആശ്രമം. കുററിക്കാടുകളും മുൾപ്പടർപ്പുകളും അങ്ങിങ്ങായി വൻകാടുകളും; ജനസഞ്ചാരം കുറവ്, വന്യമൃഗങ്ങൾ ധാരാളം. ശ്രീ ഇ. ജെ. ജോണിൽനിന്ന് ദാനം ലഭിച്ച നൂറ് ഏക്കർ സ്ഥലവും ഗവൺമെൻറിൽനിന്നും പുറമ്പോക്കു പതിച്ചു കിട്ടിയ മുന്നൂറേക്കർ സ്ഥലവുമുൾപ്പെടെ നാനൂറ് ഏക്കറോളം സ്ഥലം ആശ്രമത്തിനുണ്ടായിരുന്നു. മധ്യഭാഗത്തായി ഉദ്ദേശം അറുപതു ഏക്കർ സ്ഥലത്തിനു ചുററും കാട്ടുകല്ലുകൾ അടുക്കിയുണ്ടാക്കിയ മതിൽക്കെട്ടിനുള്ളിലായിരുന്നു ആശ്രമം സ്ഥിതിചെയ്തിരുന്നത്. സത്രം, ആശ്രമപിതാവിൻെറ വാസസ്ഥലം, അനാഥശാല, അടുക്കള, കാലിത്തൊഴുത്ത്, ചാപ്പൽ എന്നിങ്ങനെ ആറു പുരകളായിരുന്നു ആശ്രമത്തിനുണ്ടായിരുന്നത്. മൺഭിത്തികളും പുല്ലു മേഞ്ഞ കൂരകളുമുള്ള ഈ പുരകൾക്ക് പ്രകൃതിയോടിണങ്ങുന്ന ഒരു പ്രത്യേക ഭംഗി ദൃശ്യമായിരുന്നു. മാത്രമല്ല അവിടത്തെ ശുദ്ധമായ അന്തരീക്ഷം മനസ്സിനു കുളിർമ്മ നൽകാൻ പര്യാപ്തവും. ഈ പുരകൾ നിർമ്മിച്ചതു മിക്കവാറും ആശ്രമസ്ഥർ തന്നെയായിരുന്നു. ആശ്രമത്തിനു ചുറ്റുമുണ്ടായിരുന്ന അറുപതു ഏക്കർ സ്ഥലത്ത് എല്ലാവിധ കൃഷികളും ആശ്രമസ്ഥർ



തന്നെയാണ് ചെയ്തിരുന്നത്. ആശ്രമസ്ഥരുടെ ദൈനംദിനാവശ്യങ്ങൾക്കുവേണ്ടിവരുന്ന ചെലവിൽ ഗണ്യമായ ഭാഗം ഈവിധ കൃഷികളിൽനിന്ന് ലഭിച്ചിരുന്നു. ഞാൻ പെരുനാട്ടിൽ ചെല്ലുമ്പോൾ അവിടെ എട്ടു പേരാണ് ആശ്രമസ്ഥരായി ഉണ്ടായിരുന്നത്. ഗുരുവച്ചൻ (മാർ തിയോഫിലോസ് തിരുമേനി) ഫാ. അലക്സിയോസ് (മാർ തേവോദോസിയോസ് തിരുമേനി) ഗീവറുഗീസ് സാധു (ഫാ. ഗീവറുഗീസ്) ഏബ്രഹാം സാധു (ഫാ: ഏബ്രഹാം) കോശി സാധു (ഫാ: കോശി) ഉമ്മൻ സാധു (ഫാ: ബസ്കീപ്പാ) ജോഷപാ സാധു (ഫാ: ജോഷപാ) ജോബ് സാധു (ഫാ: ജോബ്). കുറെ നാളുകൾക്കുശേഷം ശെമ്മാശ്ശന്മാരായി ജോൺ, സെറാഫിയോൻ, യൗനാൻ, റഫായേൽ പാക്കോമിയസ്, അപ്രേം എന്നീ വൈദികവിദ്യാർത്ഥികളും ചേപ്പാട്ടു ഫാ: ഫിലിപ്പോസ് (ഫിലിപ്പോസ് റമ്പാച്ചൻ) എന്നിവരും ആശ്രമവാസികളായി വന്നുചേർന്നു. കൂടാതെ പതിനഞ്ചോളം അനാഥബാലന്മാരും ഈ അവസരത്തിൽ അവിടെ ഉണ്ടായിരുന്നു.

ആശ്രമത്തിൽ നാല്പതോളം കന്നുകാലികളെ വളർത്തുന്നുണ്ടായിരുന്നു. ആശ്രമപിതാവിന് അദ്ദേഹത്തിൻെറ അമ്മ സംഭാവനചെയ്ത പശു (അമ്മച്ചിപ്പശു എന്നാണതിനെ വിളിച്ചിരുന്നത്) പ്രാധാന്യമർഹിക്കുന്നു. പിതാവ് എവിടെയെങ്കിലും പോയിട്ടു വന്നാലുടൻ അമ്മച്ചിപ്പശുവിനെ ചെന്നു കാണുകയും പരിചരണത്തിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക പതിവാ

യിരുന്നു. പതിനൊന്നു മാസവും പാൽ തന്നിരുന്നുവെന്നതാണ് അതിന്റെ പ്രത്യേകത.

ആശ്രമസ്ഥനായ വന്ദ്യപിതാവ് ആശ്രമത്തിൽതന്നെ പ്രാർത്ഥനയിലും മതാനുഷ്ഠാനങ്ങളിലും കഴിഞ്ഞുകൂടുകയല്ല ചെയ്തിരുന്നത്. എത്ര ദുർഘടമായ വഴിയായിരുന്നാലും അവയെല്ലാം തരണംചെയ്ത് പല സ്ഥലങ്ങളിലും പോയി സുവിശേഷം പ്രസംഗിച്ച് ദൈവത്തിനുവേണ്ടി ആത്മാക്കളെ നേടുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ലക്ഷ്യപ്രാപ്തിക്കുവേണ്ടി എന്തു ത്യാഗം സഹിക്കുവാനും അദ്ദേഹം സദാ സന്നദ്ധനായിരുന്നു. ഒരു കുതിരയും വള്ളവുമായിരുന്നു ദൂരയാത്രയ്ക്കുപയോഗിച്ചിരുന്നത്. ചിലപ്പോൾ കഴുതപ്പുറത്തും ഒറ്റക്കാളവണ്ടിയിലും സഞ്ചരിച്ചിരുന്നു. ചെറുപ്പം മുതൽക്കേ അദ്ദേഹം കുതിരസവാരിയിൽ സമർത്ഥനായിരുന്നു. അനാഥബാലന്മാരിൽ പ്രായക്കൂടുതൽ എനിക്കായിരുന്നതുകൊണ്ടും എന്നോടു പ്രത്യേക വാത്സല്യം തോന്നിയിരുന്നതുകൊണ്ടും പല സ്ഥലങ്ങളിലും പിതാവിനു കൂട്ടു പോകാനുള്ള ഭാഗ്യം എനിക്കുണ്ടായി.

## മാർ ദിവന്നാസ്യോസുമായി കൂടിക്കാഴ്ച

ഒരുദിവസം മാർ ദിവന്നാസ്യോസ് തിരുമേനിയെ കാണാൻ പരുമല പോയപ്പോൾ വന്ദ്യപിതാവ് എന്നെയുംകൂടെ കൊണ്ടുപോയി. വള്ളത്തിലാണ് പോയത്. യാത്രാമദ്ധ്യേ പുത്തൻകാവിൽവെച്ച് കൂടെയുണ്ടായിരുന്ന ഗീവറുഗീസ് സാധുവിനോടു പിതാവ് ഇങ്ങ



നെ പറഞ്ഞു; "ഗീവറുഗീസ് സാധൂ! എനിയ്ക്കു യാക്കോബിനെ ഒരു ഉപദേശിയാക്കണം. എന്താ നല്ലതല്ലേ?" "അതേ" എന്നു ഗീവറുഗീസ് സാധു മറുപടി പറഞ്ഞു. ഞങ്ങൾ പരുമല കടവിൽ അടുക്കാറായപ്പോൾ പിതാവ് ഇപ്രകാരം എന്നോടു പറഞ്ഞു: "എടാ യാക്കോബേ! സെമിനാരിയിൽ ചെല്ലുമ്പോൾ ദിവന്നാസ്യോസ് തിരുമേനി, നീ ഏതാണെന്നും എവിടത്തുകാരനാണെന്നുമൊക്കെ ചോദിക്കും. അതിനു മറുപടിയായി നീ ബഥനിയിലെയാണെന്നും മറ്റൊന്നും പറയാൻ അനുവാദമില്ലെന്നും പറയണം." ഞങ്ങൾ വള്ളത്തിൽ നിന്ന് ഇറങ്ങി പിതാവ് മുൻപിലും ഞാൻ പുറകിലുമായി നടന്നു. കബറിങ്കൽ ചെന്നു പ്രാർത്ഥനയും കഴിഞ്ഞു ഞങ്ങൾ സെമിനാരിയുടെ രണ്ടാം നിലയിലേയ്ക്ക് കയറിപ്പോയി. ചെന്നയുടൻതന്നെ പിതാവു വട്ടശ്ശേരിൽ തിരുമേനിയുടെ കൈമുത്തി. ഞാനും കൈമുത്തി. പിതാവ് പറഞ്ഞിരുന്നതുപോലെതന്നെ വട്ടശ്ശേരിൽ തിരുമേനി എന്നോടു ചോദിച്ചു:

വ: തിരു: എടാ നീ ഏതാ?
ഞാൻ: ബഥനിയിലെയാ.
വ: തിരു: ബഥനിയിലെയോ?
ഞാൻ: അതേ.
വ: തിരു: നിന്റെ വീടെവിടെയാ?
ഞാൻ: അതു പറയാനെനിക്കനുവാദമില്ല.
വ: തിരു: ആരുടെ അനുവാദം വേണം?
ഞാൻ: പിതാവിന്റെ.

www.malankaralibrary.com

www.malankaralibrary.com



വ: തിരു: നിനക്കെന്തെല്ലാം പറയുവാൻ അനുവാദ
മുണ്ടു്?

ഞാൻ: എൻെറ പേരും ബഥനിയിലെയാണെന്നും
പറയാനുള്ള അനുവാദം മാത്രമേ എനി
ക്കുള്ളൂ.

ദിവന്നാസ്യോസ്സ്തിരുമേനി ഓഹോ! എന്നു പറ
ഞ്ഞു ചോദ്യം നിറുത്തി.

മൂന്നു ദിവസം ഞങ്ങൾ അവിടെ താമസിച്ചു. പി
താവും ദിവന്നാസ്യോസ് തിരുമേനിയുമായി പല കാ
ര്യങ്ങളെക്കുറിച്ചും സംസാരിച്ചു. പ്രധാനമായും വട്ടിപ്പ
ണക്കേസിനെക്കുറിച്ചായിരുന്നു. കേസിൽ തോററുപോ
യാൽ യക്കോബായപ്പള്ളി ഉള്ള സ്ഥലത്തെല്ലാം ഓരോ
ബഥനിപ്പള്ളി ഉണ്ടായിരിക്കണമെന്നു പിതാവു വട്ടശ്ശേ
രിൽ തിരുമേനിയോടു പറഞ്ഞു. പിതാവിൻെറ അഭി
പ്രായങ്ങൾക്കൊന്നും വട്ടശ്ശേരിൽ തിരുമേനി എതിരു
പറഞ്ഞിരുന്നില്ല. കൂടുതൽ ബഥനിപ്പള്ളികൾ സ്ഥാ
പിച്ചു യാക്കോബായസഭയെ പുനരുദ്ധരിക്കണമെന്നും
സഭയുടെ അഭിവൃദ്ധിക്കുവേണ്ടി പരമാവധി പരിശ്രമി
ക്കണമെന്നുമായിരുന്നു പിതാവിൻെറ ആഗ്രഹം. മൂന്നു
ദിവസത്തെ ആലോചനകൾക്കുശേഷം കർബാനയും ക
ഴിഞ്ഞു, ഞങ്ങൾ തിരിയെ പോന്നു.

## വന്ദ്യപിതാവിൻെറ ഗുരുഭക്തി

അനേകം ഗുരുവരേണ്യരുടെ ശിഷ്യത്വം സ്വീകരി
ച്ചു് ഉന്നതബിരുദം നേടി, കോളജിൽ പ്രൊഫസറായി
പിതാവു സേവനമനുഷ്ഠിച്ചിരുന്നു. പ്രിൻസിപ്പാൾപദ



വി ഉപേക്ഷിച്ചിട്ടു് ആശ്രമജീവിതം തെരഞ്ഞെടുത്ത
മഹാത്മാവാണദ്ദേഹം. ഗുരുക്കന്മാരെ ബഹുമാനിക്കുന്ന
തിൽ അദ്ദേഹം പ്രകടിപ്പിച്ചിരുന്ന ഔത്സുക്യം അന
ന്യസാധാരണമായിരുന്നു. ഒരു ചെറിയ സംഭവംകൊണ്ടു
ഇതു വ്യക്തമാക്കാം.

പിതാവു പെരുനാട്ടു് ആശ്രമത്തിൽ ആയിരുന്ന
പ്പോൾ ഒരു ദിവസം നാലു മണിയോടുകൂടി മുഷിഞ്ഞ
വസ്ത്രം ധരിച്ച ഒരു വൃദ്ധൻ ആശ്രമത്തിലെ സത്രത്തിൽ
വന്നു. സ്കൂളിൽനിന്നും അതുവഴി വന്ന അനാഥക്കുട്ടിക
ളോടു മാവേലിക്കരെനിന്നും ഒരു വല്യപ്പൻ പിതാവിനെ
കാണാൻ വന്നിരിക്കുന്നുവെന്നു പറഞ്ഞയച്ചു. അനാഥ
ക്കുട്ടികൾ വിവരം പിതാവിനെ അറിയിച്ചു. അതു കേട്ട
മാത്രയിൽത്തന്നെ എന്നെയും ലൂക്കോസ് എന്ന ബാല
നെയും വിളിച്ചു് സത്രത്തിൽ ഒരു വൃദ്ധൻ ഇരിപ്പുണ്ടെ
ന്നും കുതിരയ്ക്കു ജീനി വെച്ചുകെട്ടി വീഴാതെ കുതിരപ്പുറ
ത്തു കയററി ഇവിടെ കൊണ്ടുവരണമെന്നും പറഞ്ഞു. ഞ
ങ്ങൾ അപ്രകാരം ചെയ്തു. വൃദ്ധനെ കണ്ടമാത്രയിൽ
അത്യാദരപൂർവ്വം തൊഴുതുകൊണ്ടു ഹൃദ്യമായി സ്വീകരി
ച്ചു. കാപ്പികുടിയെല്ലാം കഴിഞ്ഞു് ആശ്രമവാസികളെ
യെല്ലാം വിളിച്ചു വരുത്തി പിതാവിനെ 'ഹരിശ്രീ' പ
ഠിപ്പിച്ച ഗുരുനാഥനെ എല്ലാവർക്കും പരിചയപ്പെടുത്തി.
അന്നവിടെ താമസിച്ചിട്ടു് പിറേറദിവസം രാവിലെയാ
ണദ്ദേഹം പോയതു്. പോയപ്പോൾ സാധുവായ തൻെറ
ഗുരുവിനു ഒരു വള്ളം നിറയെ ഏത്തക്കുല, കപ്പ, ചേ
ന, ചേമ്പു്, നാരങ്ങാ, പേരയ്ക്കാ മുതലായ കാർഷിക

www.malankaralibrary.com



വിഭവങ്ങളും കൊടുത്തയച്ചു. അദ്ദേഹത്തിന്റെ ഈ ഗുരുഭക്തി ഞങ്ങളെയെല്ലാം വിസ്മയഭരിതരാക്കി.

## ആശ്രമപിതാവിന്റെ സേവനസന്നദ്ധത

ആശ്രമസ്ഥർ ഓരോരുത്തർക്കും ഓരോ ജോലി നിശ്ചയിച്ചിരുന്നെങ്കിലും മേൽനോട്ടം വഹിച്ചിരുന്നത് ആശ്രമപിതാവായിരുന്നു. മററുള്ളവരോടൊപ്പം ഏതു ജോലി ചെയ്യുന്നതിനും സദാ സന്നദ്ധനായിരുന്നു അദ്ദേഹം. മനം കവരുന്ന വാഗ്‌വിലാസം, മണിക്കൂറുകളോളം തുടർച്ചയായി ഏതു വിഷയത്തെക്കുറിച്ചും പ്രസംഗിക്കാനുള്ള പാടവം എന്നിവകൊണ്ട് മാർ ഈവാനിയോസ് തിരുമേനി എല്ലാവരെയും ആകർഷിച്ചു. ഈ അനുഗൃഹീതവാഗ്മി എത്ര ജോലിത്തിരക്കായാലും സുവിശേഷപ്രസംഗങ്ങൾ നടത്താനും പൊതുസമ്മേളനങ്ങളിൽ പ്രസംഗിക്കാനും എപ്പോഴും ഒരുക്കമായിരുന്നു. കിട്ടുന്ന അവസരങ്ങൾ എല്ലാം അവിടുന്നു ശരിക്കു വിനിയോഗിച്ചിരുന്നു. ദൈവം തരുന്ന സന്ദർഭങ്ങൾ ശരിക്കുപയുക്തമാക്കിയില്ലെങ്കിൽ ഒടുവിൽ അതിനെല്ലാം കണക്കു ബോധിപ്പിക്കേണ്ടിവരുമെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. അങ്ങനെ അധികസമയവും ആശ്രമത്തിനു വെളിയിലായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. എവിടെയെങ്കിലും പോയിട്ട് ആശ്രമത്തിൽ എത്തിച്ചേർന്നാൽ ആദ്യമായി ചെയ്യുന്നത് എല്ലാവരുടെയും സുഖവിവരങ്ങൾ അന്വേഷിക്കുകയാണ്. കൂട്ടത്തിൽ കന്നുകാലികളെയും കൃഷികളെയും കുറിച്ച് അന്വേഷിക്കാനും മറക്കാറില്ല.



ഒരിക്കൽ അദ്ദേഹം തിരുവല്ല, കുന്നംകുളം തുടങ്ങിയ സ്ഥലങ്ങളിൽ സുവിശേഷപ്രസംഗത്തിനു പോയിട്ടു മൂന്നു ദിവസം കഴിഞ്ഞാണു തിരിയെ വന്നത്. വന്നയുടൻതന്നെ കന്നുകാലിത്തൊഴുത്തിൽ പോയി നോക്കി. തൊഴുത്തിന്റെ കിടപ്പു കണ്ടിട്ട് ദേഷ്യവും അതിലുപരി വിഷമവും തോന്നി. തൊഴുത്തിലെ ചാണകം വാരി വൃത്തിയാക്കിയിട്ടു രണ്ടു ദിവസമായിരുന്നു. ചാണകവും മൂത്രവും വീണു തൊഴുത്തു വളരെ വൃത്തികേടായി കിടന്നിരുന്നു. ഇതു കണ്ടയുടനെ മൺവെട്ടിയും കുട്ടയുമെടുത്ത് ചാണകമെല്ലാം വാരി അകലെയുണ്ടായിരുന്ന കുഴിയിൽ കൊണ്ടിട്ടു. എന്നിട്ട് എന്നെ വിളിച്ചു. സുഖമില്ലാതെ കിടന്നിരുന്ന ഞാൻ എഴുന്നേററു ചെന്നപ്പോൾ കൈയും കാലും കുപ്പായവുമെല്ലാം ചാണകം പുരണ്ടു നിൽക്കുന്ന പിതാവിനെയാണു കണ്ടത്. പിതാവിന്റെ ഈ നില കണ്ടു ഞാൻ പരിഭ്രമിച്ചു. അപ്പോഴാണദ്ദേഹം പറഞ്ഞത് "തൊഴുത്തെല്ലാം വൃത്തികേടായിരുന്നു. ഞാനതു വാരി വൃത്തിയാക്കി. നീ കുറച്ചു വെള്ളം കൊണ്ടുവാ, കൈയും കാലുമൊക്കെ ഒന്നു കഴുകട്ടെ" എന്തു ജോലി ചെയ്യുന്നതിനും അദ്ദേഹം യാതൊരു മടിയും കാണിച്ചിരുന്നില്ല.

## പെരുനാട് അനാഥശാല

ജാതീയചിന്തകൾക്കതീതമായിരുന്നു ബഥനിയിലെ എല്ലാ സ്ഥാപനങ്ങളും. അക്കൂട്ടത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നായിരുന്നു പെരുനാട് അനാഥശാല. ജാതിചിന്ത കൊടികുത്തി വാണിരുന്ന അക്കാ

www.malankaralibrary.com



ലത്തു സവർണ്ണരെന്നും അവർണ്ണരെന്നും മാനവസമുദായത്തെ ക്രിസ്തീയപുരോഹിതന്മാർപോലും വേർതിരിച്ചിരുന്നു. അവർണ്ണർ വെള്ളവസ്ത്രം ധരിക്കാനോ പൊതുവഴിയിൽക്കൂടി സ്വതന്ത്രമായി സഞ്ചരിക്കാനോ സവർണ്ണർ സമ്മതിച്ചിരുന്നില്ല. നിരന്തരമർദ്ദനങ്ങൾ ഏററു് അവർണ്ണർ അടിമകളായി കഴിഞ്ഞുകൂടി. വിവിധ ജാതികളിൽപ്പെട്ടവരെ അനാഥശാലകളിൽ പ്രവേശിപ്പിച്ചതും അവരെ സഹകരിപ്പിച്ചു മുന്നോട്ടു കൊണ്ടുപോയതും വളരെയധികം എതിർപ്പുകൾക്കിടയാക്കി. എങ്കിലും അതെല്ലാം തൃണവൽഗണിച്ചുകൊണ്ടു സധൈര്യം മുന്നോട്ടു പോകുകയാണുണ്ടായതു്. വിവിധ ജാതികളിലും മതങ്ങളിലുമുള്ള അനാഥബാലന്മാർ ആശ്രമസ്ഥരോടൊപ്പം വളരെ ചിട്ടയിലും അച്ചടക്കത്തിലും കഴിഞ്ഞുപോന്നു.

ആശ്രമസ്ഥർ തന്നെ കൃഷിചെയ്തുണ്ടാക്കുന്ന വിഭവങ്ങൾ ആശ്രമവാസികളുടെയും അനാഥക്കുട്ടികളുടെയും ആഹാരത്തിനു മതിയായിരുന്നില്ല. മററു വരുമാനമാർഗ്ഗങ്ങൾ ബഥനിക്കില്ലാതിരുന്നതുകൊണ്ടു ചിലപ്പോൾ പട്ടിണി കിടക്കേണ്ടിവന്നിട്ടുണ്ടു്. കഞ്ഞിയും കപ്പയും നെല്ലിക്ക ഉപ്പിലിട്ടതുമായിരുന്നു സാധാരണ വിഭവങ്ങൾ. ആശ്രമസ്ഥരും അനാഥക്കുട്ടികളും ഒരുമിച്ചാണു് ആഹാരം കഴിച്ചിരുന്നതു്. ഇരിക്കുവാനുപയോഗിച്ചിരുന്നതു് ഏതാണ്ടു മൂന്നിഞ്ചു പൊക്കം വരുന്ന നീളമുള്ള പലകകളായിരുന്നു. മരച്ചട്ടികളിലാണു് ആഹാരം കഴിച്ചിരുന്നതു്. നീളം കുറഞ്ഞ തകരസ്പൂണുകളും, ചെറിയ തവികളുമാണു കഞ്ഞി കുടിക്കാനുപയോഗിച്ചിരുന്നതു്.



അക്കാലത്തു് അനാഥശാല, ആശ്രമം എന്നിവയുടെ പ്രവർത്തനങ്ങൾ കണ്ടു മനസ്സിലാക്കുന്നതിനു് കൽക്കട്ടയിൽനിന്നും കുറേ യൂറോപ്യൻപുരോഹിതന്മാർ വരികയുണ്ടായി. ആശ്രമപിതാവു യഥോചിതം അവരെ സ്വീകരിച്ചു കുശലപ്രശ്നങ്ങൾക്കുശേഷം ആശ്രമത്തോടനുബന്ധിച്ചുണ്ടായിരുന്ന എല്ലാ ഷെഡ്ഡുകളും കാണിച്ചുകൊടുത്തു. എല്ലാററിനെയുംകുറിച്ചു ശരിയായ വിവരം അവർക്കു നൽകുകയും ചെയ്തു. അനാഥശാല, ആശ്രമം, അതോടു ചേർന്നുള്ള അടുക്കള മുതലായവ സന്ദർശിച്ചു ദീർഘകായരായ പുരോഹിതന്മാരുടെ തല, അറിയാതെ ഷെഡ്ഡുകളുടെ മേൽക്കൂരയുമായിക്കൂട്ടിമുട്ടിയപ്പോൾ ഉതിർന്നു വീണ കരിയും പുല്ലും മററും അവരുടെ വസ്ത്രങ്ങളിൽ പററിപ്പിടിച്ചിരുന്നപ്പോൾ, പ്രിൻറുചെയ്ത കുപ്പായങ്ങളാണവർ ധരിച്ചിരുന്നതെന്നു തോന്നുമാറു് ആ കാഴ്ച ഞങ്ങൾക്കു വളരെ രസകരമായിരുന്നു.

## പിടിയരിപ്രസ്ഥാനം

ആശ്രമസ്ഥരുടെ പ്രയത്നംകൊണ്ടു് ഉൽപാദിപ്പിക്കപ്പെട്ടിരുന്ന കാർഷികവിഭവങ്ങൾ ദൈനംദിനാവശ്യങ്ങൾക്കു തികയാതെ വന്നപ്പോൾ പിടിയരിസമ്പ്രദായം സാർവ്വത്രികമാക്കി. പിടിയരി ശേഖരിക്കുക എന്ന പ്രയാസമേറിയ ജോലിയിൽ ഒരു പ്രധാന പങ്കു വഹിക്കുന്നതിനെനിക്കിടയായി. പിടിയരി ശേഖരണം ഞാനും തോമസ് എന്ന അനാഥബാലനുമായിരുന്നു നിർവ്വഹിച്ചിരുന്നതു്. വളരെ ദുർഘടമായ വഴികളിലൂടെ ദീർഘ

www.malankaralibrary.com



യാത്രചെയ്തു പിശുക്കന്മാരിൽനിന്നും ലഭിക്കുന്ന ശകാരവാക്കുകളും മഹാമനസ്കരിനിന്നു കിട്ടുന്ന അരിയും മററും ശേഖരിച്ച് ആശ്രമത്തിൽ കൊണ്ടുവന്നു ഞങ്ങൾ ഏല്പിച്ചിരുന്നു. അതിരാവിലെ പുറപ്പെട്ടാൽ വൈകുന്നേരമാണു ഞങ്ങൾ തിരിച്ചെത്തുക.

(പല വീടുകളിൽനിന്നും ലഭിക്കുന്ന സംഭാവനകൾ വീട്ടമ്മമാരുടെ ശകാരങ്ങളായിരുന്നു.) കുടിക്കുന്നതിനു പച്ചവെള്ളംപോലും ചിലർ തന്നിരുന്നില്ല. ഞങ്ങൾക്കനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകളും മററും ഞങ്ങൾ വന്ദ്യപിതാവിനെ അറിയിച്ചു. ഒരിക്കൽ പിതാവു ഞങ്ങൾക്ക് ഒരു സൂത്രം പറഞ്ഞുതന്നു. "ഒരു ബുക്കും പെൻസിലും കൂടെ നിങ്ങൾ കൊണ്ടുപോകണം. ഓരോ വീട്ടിലും ചെല്ലുമ്പോൾ കിട്ടുന്ന ശകാരവാക്കുകൾ ബുക്കിൽ കുറിച്ചെടുത്ത് എന്നെ ഏല്പിക്കണം." ഞങ്ങൾ പിതാവു പറഞ്ഞതുപോലെ ചെയ്തു. ഞായറാഴ്ച പള്ളിയിൽ പ്രസംഗസമയത്തു ബുക്കിൽ കുറിച്ചെടുത്ത വിവരങ്ങൾ ഫലിതരൂപത്തിൽ ആളുകളുടെ ശ്രദ്ധയിൽപ്പെടുത്തി. അതിനുശേഷം ഇത്തരം ശകാരങ്ങൾ ഞങ്ങൾക്കു കേൾക്കേണ്ടിവന്നിട്ടില്ല.

ഒരുദിവസം പിടിയരിശേഖരിക്കാൻ പോയപ്പോൾ ഒരു പൊതിച്ചോറു ഞങ്ങളുടെ കൈയിൽ തന്നിട്ടു ഇങ്ങനെ പറഞ്ഞു: "നിങ്ങൾ പിരിവു കഴിഞ്ഞു തിരിയെ പോരുന്നതുവരെ ഈ പൊതി കൈയിൽ സൂക്ഷിച്ചുകൊള്ളണം. ഇതെന്താണെന്ന് ആരെങ്കിലും ചോദിച്ചാൽ നിങ്ങൾക്കു വിശക്കുമ്പോൾ കഴിക്കാനുള്ള ആഹാ



രമാണെന്നു പറയണം." കല്പിച്ചതുപോലെ ഞങ്ങൾ പൊതിയുമായി പിരിവിനു പോയി. പലരും ചോദിച്ചു പൊതി എന്താണെന്ന്. വിശക്കുമ്പോൾ കഴിക്കാനുള്ള ആഹാരമാണെന്നു ഞങ്ങൾ പറഞ്ഞു. പല വീട്ടമ്മമാരും ഞങ്ങളോടു പറഞ്ഞു, "അടുത്ത പ്രാവശ്യം മുതൽ നിങ്ങൾ ആഹാരമൊന്നും കൊണ്ടുവരണ്ടാ. നിങ്ങൾക്കാവശ്യമുള്ള ആഹാരം ഞങ്ങൾ തരാം." അങ്ങനെ ഒരു ഗ്ലാസ് പച്ചവെള്ളംപോലും തരാതിരുന്ന പലരും ഞങ്ങൾക്കു ഭക്ഷണം തരാൻ മനസ്സായത് വന്ദ്യപിതാവിന്റെ ബുദ്ധിവൈഭവവും ദീർഘവീക്ഷണവും നിമിത്തമാണല്ലോ.

## പായ്ക്കുള്ളിൽ ഗൃഹനായിക

ഒരിക്കൽ പെരുനാട്ടു ആശ്രമത്തിലെ ഒരംഗമായിരുന്ന ഉമ്മൻ സാധുവും ഞാനുമൊരുമിച്ചു പിടിയരി ശേഖരിക്കുന്നതിനായി പോയി. ഒരു വീട്ടിൽ ചെന്നപ്പോൾ അവിടെ രണ്ടുമൂന്നു കുട്ടികൾ മുററത്തു കളിച്ചുകൊണ്ടു നിൽക്കുന്നു. വീട്ടിൽ ആരുമില്ലേ എന്നു സാധു കുട്ടികളോടു ചോദിച്ചു. ഇവിടെ അമ്മയുമാരുമില്ല എന്നു കുട്ടികൾ പറഞ്ഞു. പല സ്ഥലത്തും നടന്നു ക്ഷീണിച്ചിരുന്നതിനാൽ അല്പമൊന്നു വിശ്രമിക്കാമെന്നു കരുതി സാധു ആ വീട്ടിന്റെ വരാന്തയുടെ ഒരററത്തു ചുരുട്ടി ചാരി വച്ചിരുന്ന ഒരു പായ് വലിച്ചെടുത്തപ്പോഴുണ്ട് ഗൃഹനായിക ആ ചുരുളിനുള്ളിൽ ഇരിക്കുന്നു. ആ കാഴ്ച കണ്ട് ഞാനും സാധുവും വല്ലാതെ വിഷമിച്ചുപോയി. വിറയ്ക്കുന്ന കൈകളാൽ തൊഴുതുകൊണ്ട് ആ സ്ത്രീ പറഞ്ഞു:

www.malankaralibrary.com



“പിടിയരി ഞങ്ങൾ എടുത്തുപോയി. 'അതിനാലാണ് ഞാൻ ഇവ്വിധം പ്രവർത്തിച്ചതു്.” കാര്യം പറഞ്ഞാൽ മതിയായിരുന്നല്ലോ എന്തിനിങ്ങനെ ചെയ്കുന്നു എൻ്റെ മക്കളേ! എന്നു പലതും പറഞ്ഞു സാധു അവരെ ആശ്വസിപ്പിച്ചു.

## കോപിഷ്ഠനായ അടുക്കള വല്യപ്പൻ

ഇക്കാലത്തു ആശ്രമത്തിൻ്റെ അടുക്കളയിൽ രസകരമായ ഒരു സംഭവമുണ്ടായി. അടുക്കളജോലിക്കായി തിരുവല്ലാ സ്വദേശിയായ ഒരു വല്യപ്പൻ ഉണ്ടായിരുന്നു. എല്ലാവരോടും സ്നേഹവും ബഹുമാനവുമുള്ള ആൾ. പക്ഷേ, അല്പം മുൻകോപിയാണ്. അതിനാൽ ആശ്രമപിതാവുപോലും അദ്ദേഹത്തോടു വളരെ കരുതലോടെയാണു സംസാരിച്ചിരുന്നതു്.

ഒരുദിവസം ഉച്ചഭക്ഷണത്തിനുശേഷം അടുത്തദിവസത്തേയ്ക്കു വിറകില്ലെന്നു വല്യപ്പൻ ആശ്രമസുപ്പീരിയറെ അറിയിച്ചു. വിറക് അവിടെ എത്തിച്ചേക്കാമെന്നു സുപ്പീരിയർ ഉറപ്പു പറഞ്ഞു. അനുദിനാവശ്യങ്ങൾ നേടുന്നതിൽ വ്യാപൃതനായിരുന്ന സുപ്പീരിയർ വിറകിൻ്റെ കാര്യം മറന്നുപോയി.

പിറേറദിവസം പ്രഭാതമായി. അന്നത്തെ രീതിയനുസരിച്ചു് മണി ഏഴേകാൽ ആയപ്പോൾ ആശ്രമസ്ഥരെല്ലാവരും നിശ്ചിതസ്ഥാനത്തു കഞ്ഞി കുടിക്കുന്നതിനു് എത്തിച്ചേർന്നു. കഞ്ഞി വിളമ്പുന്ന ആൾ എല്ലാവർക്കും യഥാസ്ഥാനങ്ങളിൽ പാത്രങ്ങൾ നിരത്തിവച്ചു. കഞ്ഞി വയ്ക്കുന്ന പാത്രം നോക്കിയപ്പോഴാണു് വിളമ്പു



കുന്ന കഥ മനസ്സിലായതു്. കഞ്ഞിക്കലത്തിൽ വെള്ളം വെച്ചു് അരി കഴുകി കലത്തിൽ ഇട്ടിട്ടുണ്ടു്. കപ്പ വേവിക്കുന്ന കലത്തിൽ കപ്പയും കഴുകി ഇട്ടിട്ടുണ്ടു്. കുശിനിക്കാരൻ വല്യപ്പനെ അവിടെയെങ്ങും കാണാനുമില്ല. ആശ്രമസ്ഥർക്കു തമ്മിൽതമ്മിൽ മിണ്ടാൻ നിയമമില്ലാത്തതിനാൽ വിളമ്പുന്ന ആൾ കഞ്ഞിയില്ലായെന്നു ആംഗ്യം കാണിച്ചു് എല്ലാവരെയും മനസ്സിലാക്കി. അപ്പോൾ കഞ്ഞികുടിക്കാതെ എല്ലാവരും അവരവരുടെ സ്ഥാനങ്ങളിലേക്കു മടങ്ങിപ്പോയി. പെട്ടെന്നുതന്നെ സുപ്പീരിയറും മററു പലരും ചേർന്നു കഞ്ഞിയും കപ്പയുമൊക്കെ വേവിച്ചു ശരിയാക്കി. ഉദ്ദേശം ഒൻപതര മണിയോടുകൂടി ആശ്രമസ്ഥർ എല്ലാവരും കഞ്ഞി കുടിച്ചു.

## വല്യപ്പനും പുലിയും

രണ്ടാഴ്ച കഴിഞ്ഞപ്പോൾ വല്യപ്പൻ വീണ്ടും ആശ്രമത്തിൽ വന്നു പഴയജോലിയിൽ പ്രവേശിച്ചു. ഒരു ദിവസം വല്യപ്പൻ വനത്തിൽ കന്നുകാലികളെ മേയ്ക്കാൻ പോകുന്നതിനു് ആശ്രമസുപ്പീരിയറുടെ അനുവാദം വാങ്ങി. വിശപ്പിനെന്തെങ്കിലും ആഹാരം വേണമല്ലോ എന്നു കരുതി മൂന്നുനാലു ഏത്തയ്ക്കായുമെടുത്തു കന്നുകാലികളെയുംകൊണ്ടു വനത്തിലേക്കു തിരിച്ചു. വൈകുന്നേരം മണി മൂന്നരയായപ്പോൾ കന്നുകാലികളെ ആശ്രമത്തിലേക്കു തിരിച്ചുവിട്ടു. വഴിമദ്ധ്യേ ഒരു പശു വല്ലാതെ അമറുന്നതു കേട്ടു വല്യപ്പൻ കാട്ടിലേക്കു നോക്കിയപ്പോൾ ഒരു പുലി പശുവിൻ്റെമേൽ ഇരിക്കുന്നതു കണ്ടു. മുൻകോപിയായ വല്യപ്പൻ തൻ്റെ കൈയ്‌വശമുണ്ടായി

www.malankaralibrary.com



രുന്ന വെട്ടുകത്തികൊണ്ടു സർവ്വശക്തിയും പ്രയോഗിച്ചു് ആ പുലിയെ വെട്ടി. വെട്ടുകൊണ്ടു പുലി ഭയന്നോടി. ധൈര്യശാലിയായ വല്യപ്പൻ പശുക്കളെയും കൊണ്ടു് ആശ്രമത്തിലെത്തി. ധീരതയ്ക്കു് അവാർഡു കൊടുക്കുന്ന ഏർപ്പാടു് അന്നുണ്ടായിരുന്നെങ്കിൽ തീർച്ചയായും വല്യപ്പനു് അതു ലഭിക്കുമായിരുന്നു.

## ഒരു പുരോഹിതന്റെ ത്യാഗശീലം

പെരുനാട്ടു് ആശ്രമത്തിനു സാധാരണ ലഭിക്കുന്ന സംഭാവനകൾ അപര്യാപ്തമായിരുന്ന അവസരങ്ങളിൽ കൂടുതൽ ത്യാഗം സഹിച്ചു പ്രവർത്തിച്ചിരുന്ന ഒരു പുരോഹിതനായിരുന്നു ഫാ. അലക്സിയോസ്. അനാഥക്കുട്ടികൾ വിശന്നു വിഷമിക്കുന്നതാണു് അദ്ദേഹത്തിനു് ഏററം ദുസ്സഹം. അവരെ ഒരുതരത്തിലും വിഷമിപ്പിക്കരുതെന്നു് അദ്ദേഹത്തിനു വളരെ നിർബന്ധമാണു്. തന്നിമിത്തം കൂടുതൽ സംഭാവനകൾ ശേഖരിക്കുന്നതിനായി വെയിലും തണുപ്പും സഹിച്ചു ബദ്ധപ്പെട്ടു് ദൂരസ്ഥലമായ തോട്ടങ്ങളിൽ പോകുമായിരുന്നു. കൊയ്ത്തുകാലങ്ങളിൽ ആറുകളും തോടുകളും ചെളിക്കുണ്ടുകളും താണ്ടി വീയപുരം മുതലായ കുട്ടനാടൻ പ്രദേശങ്ങളിൽ പോയി കൃഷിക്കാരിൽനിന്നും സംഭാവനയായി ലഭിക്കുന്ന നെല്ലു് ശേഖരിച്ചു്, അവിടെത്തന്നെ മില്ലിൽകൊടുത്തു് അരിയാക്കി വള്ളത്തിൽ കയററി വടശ്ശേരിക്കര കടവിൽ എത്തിക്കുമ്പോൾ അനാഥക്കുട്ടികൾ ഉത്സാഹത്തോടെ ചാക്കുകളുമായി ചെന്നു് അരി ആശ്രമത്തിലേക്കു കൊണ്ടുപോകുന്നതു് ആ പുരോഹിതൻ ആത്മനിർ



വൃതിയോടെ നോക്കിനിൽക്കുമായിരുന്നു. അനാഥക്കുട്ടികളുടെ സംരക്ഷകനായിരുന്ന അദ്ദേഹത്തെ 'ആബൂന' എന്നാണു വിളിച്ചിരുന്നതു്. ആബൂന വരുന്നെന്നു കേട്ടാൽ അനാഥക്കുട്ടികൾ ആനന്ദംകൊണ്ടു തുള്ളിച്ചാടും. അദ്ദേഹത്തോടു് അനാഥക്കുഞ്ഞുങ്ങൾക്കുള്ള പ്രതിപത്തിക്കു വേറെയും കാരണമുണ്ടു്. ഓണം, ക്രിസ്മസ്, ഈസ്റ്റർ എന്നീ വിശേഷദിവസങ്ങളിൽ അദ്ദേഹം പപ്പടം, ഉപ്പേരി ശർക്കരപുരട്ടി മുതലായ വിശേഷവിഭവങ്ങൾ ഉണ്ടാക്കിക്കൊടുത്തിരുന്നു.

വെറും നിസ്സാരകാര്യങ്ങൾപോലും അദ്ദേഹം വളരെ ശ്രദ്ധയോടെ ചെയ്തിരുന്നു. മററുള്ളവരിൽ അദ്ധ്വാനശീലം വളർത്തിയെടുക്കുന്നതിനും വളരെ നിഷ്കർഷ പ്രദർശിപ്പിച്ചു. ഒരു ജോലിചെയ്തു ക്ഷീണിക്കുമ്പോൾ വിശ്രമമെന്നോണം അദ്ദേഹം മറെറാരു ജോലിയിൽ വ്യാപൃതനാകുകയാണു ചെയ്തിരുന്നതു്. ഈ വിധത്തിൽ ജോലിചെയ്യുന്നതിനു് അദ്ദേഹം മററുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. വിശേഷിച്ചു് അനാഥക്കുട്ടികളെ. ആശ്രമത്തിനു ചുററുമുള്ള അറുപതു് ഏക്കർ സ്ഥലം കൃഷിചെയ്യുന്നതിൽ അനാഥക്കുട്ടികൾ ആവുന്നത്ര പരിശ്രമിച്ചു. ഈ അറുപതേക്കർ കൃഷിസ്ഥലത്തു് അങ്ങിങ്ങായി ഏറുമാടങ്ങൾ കെട്ടി കൃഷിയെ വന്യമൃഗങ്ങളിൽനിന്നു രക്ഷിക്കുന്ന ചുമതല അനാഥക്കുട്ടികളിലാണു് നിക്ഷിപ്തമായിരുന്നതു്. പാട്ട കൊട്ടി ശബ്ദമുണ്ടാക്കി വന്യമൃഗങ്ങളെ ഓടിക്കുന്ന സമ്പ്രദായം കുട്ടികൾക്കു രസവും ധൈര്യവും കൃഷിക്കു രക്ഷയും ഒരുമിച്ചു ലഭിക്കുവാൻ ഉപകരിച്ചു.

www.malankaralibrary.com



അനാഥക്കുട്ടികളുടെ ജീവിതരീതി വളരെ ക്രമീകൃതമായിരുന്നു. പ്രഭാതത്തിൽ അഞ്ചു മണിക്കു മണി കിലുക്കുമ്പോൾ എല്ലാവരും എഴുന്നേററു് സ്നാനാദികൾ നിർവ്വഹിക്കുന്നു; ആറുമണിക്കു മണി കിലുക്കുമ്പോൾ പ്രായമനുസരിച്ചു വരിവരിയായി ചാപ്പലിൽ എത്തും. ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമെല്ലാം പ്രായക്രമത്തിനു വരിവരിയായിട്ടാണു് പള്ളിയിൽ നിൽക്കുക. വി. കുർബാനസമയത്തു് എല്ലാവരും ഭയഭക്തിപൂർവ്വം കൈകൂപ്പി നിൽക്കണം. കുരിശു വരയ്ക്കുന്നതും പ്രാർത്ഥന ചൊല്ലുന്നതും ഒരുമിച്ചായിരിക്കണമെന്നു നിഷ്കർഷയുണ്ടു്. ചാപ്പലിൽനിന്നും ഭക്ഷണശാലയിലേയ്ക്കു പോകുമ്പോൾ ഏററവും പ്രായം കുറഞ്ഞ ആൾ മുമ്പിലും ഏററവും പ്രായം കൂടിയ ആൾ പിമ്പിലുമായിരിക്കും. ഏററവും ഒടുവിലത്തെ ആൾ സാധാരണമായി ആശ്രമപിതാവായിരിക്കും. ആശ്രമപിതാവില്ലാത്തപ്പോൾ ആശ്രമസുപ്പീരിയറായിരിക്കും ആ സ്ഥാനത്തു്. എല്ലാവരും ഭക്ഷണശാലയിൽ ചെന്നു് അവരവരുടെ സ്ഥാനത്തു നിൽക്കും. ആശ്രമപിതാവു വന്നു പ്രാർത്ഥിച്ചതിനുശേഷം എല്ലാവരും യഥാസ്ഥാനങ്ങളിൽ ഇരിക്കുന്നു. മണി കിലുക്കുമ്പോൾ ഭക്ഷണം കഴിച്ചു തുടങ്ങും. ഭക്ഷണസമയത്തു 'ജ്ഞാനവായന' നടത്തുക പതിവാണു്. ഭക്ഷണം കഴിഞ്ഞു് ഓരോരുത്തരും പാത്രം കഴുകി യഥാസ്ഥാനങ്ങളിൽ വെച്ചിട്ടു് അവരവരുടെ മുറികളിലേക്കു ക്രമമായി പോകും.

ആശ്രമക്കുട്ടികൾക്കു പരിശീലനം നൽകുന്ന കാര്യത്തിൽ അതീവശ്രദ്ധാലുവായിരുന്നു ആശ്രമപിതാവു്.



ആശ്രമത്തിനു പുറത്തു പോകുമ്പോൾ ശുദ്ധജലം കുടിക്കാനല്ലാതെ ഭക്ഷണമോ പണമോ മററുള്ളവരിൽനിന്നും സ്വീകരിക്കുന്നതിനനുവാദമില്ലായിരുന്നു സത്യനിഷ്ഠയിൽ പ്രത്യേകം നിഷ്കർഷിച്ചിരുന്നു.

## 20-ാം വെട്ടലും ഫോറസ്റ്റാഫീസറുടെ വരവും

ആശ്രമവളപ്പിനു വെളിയിൽ ശാഖയില്ലാത്ത ഒരു തേക്കു് ഏതാണ്ടു ഉണങ്ങിയ മട്ടിൽ നിന്നിരുന്നു. അതിനടുത്താണു് അനാഥക്കുട്ടികൾ ദിവസവും കന്നുകാലികളെ മേയ്ക്കുന്നതു്. ഓരോരുത്തരും മാറിമാറി കൈവശമുണ്ടായിരുന്ന വെട്ടുകത്തികൊണ്ടു് കളിയായി തേക്കുതടിയിൽ വെട്ടുതുടങ്ങി. ഓരോ വെട്ടു്; ഒരേ സ്ഥാനത്തു്; തടി മുറിഞ്ഞു താഴെ വീണു. കളി കാര്യമായി. കുട്ടികൾക്കു വല്ലാത്ത ഭയവും കുററബോധവും ഉണ്ടായി. ഈ സംഭവം വനം സൂക്ഷിപ്പുകാരന്റെ ശ്രദ്ധയിൽപ്പെട്ടു. അയാൾ വിവരം മേലുദ്യോഗസ്ഥനെ അറിയിച്ചു. ഫോറസ്റ്റാഫീസർ സ്ഥലത്തു വന്നു കുട്ടികളെ ചോദ്യം ചെയ്തു. അവർ ഭയവിഹ്വലരായി. സംഭവിച്ച വിവരങ്ങൾ അദ്ദേഹത്തോടു പറഞ്ഞു. മരം വീഴുമെന്നു ഞങ്ങൾക്കറിയാൻ പാടില്ലായിരുന്നുവെന്നു പറഞ്ഞപ്പോൾ 'സാരമില്ല'യെന്നു പറഞ്ഞു് അദ്ദേഹം അവരെ ആശ്വസിപ്പിച്ചു. ഫോറസ്റ്റാഫീസർ വിവരം പിതാവിനെ ബോദ്ധ്യപ്പെടുത്തി. പിതാവു കുട്ടികളെ വിളിച്ചു ചോദിക്കാനൊരുങ്ങിയപ്പോൾ ഫോറസ്റ്റാഫീസർ തടഞ്ഞു. എന്നിട്ടിങ്ങനെ പറഞ്ഞു: "യഥാർത്ഥവിവരം കുട്ടികൾ എന്നോടു

www.malankaralibrary.com



പറഞ്ഞു; സത്യം പറഞ്ഞതിൽ ഞാൻ അവരെ അഭിനന്ദിക്കുന്നു.”

കാപ്പികുടിയും ഉച്ചഭക്ഷണവും കഴിഞ്ഞു് ഫോറസ്റ്റാഫീസറെ കൊണ്ടു വിടുന്നതിനു് എന്നെ ചുമതലപ്പെടുത്തി. ഞാൻ അദ്ദേഹത്തെ കുതിരപ്പുറത്തു കയററി ചിററാറ്റുള്ള അദ്ദേഹത്തിന്റെ ആഫീസിൽ കൊണ്ടുപോയി വിട്ടു ഞാൻ തിരിച്ചു പോരാൻ തുടങ്ങിയപ്പോൾ അഞ്ചു വെള്ളിരൂപാ അദ്ദേഹം എന്റെ നേർക്കു നീട്ടി. ഞാൻ അതു നിരസിക്കുകയുണ്ടായെങ്കിലും അടുത്തു നിന്ന ആളുകൾ അതു വാങ്ങിക്കാൻ ആംഗ്യം കൊണ്ടു് എന്നെ നിർബന്ധിച്ചു. ആഫീസറെ ധിക്കരിക്കുന്നതു ശരിയല്ലെന്നു കണ്ടു ഞാൻ ആ രൂപാ വാങ്ങി. എന്നിട്ടു രൂപാ തിരിയെ കൊടുത്തുകൊണ്ടു ഞങ്ങൾക്കിത്തരം സംഭാവനകൾ വാങ്ങുവാൻ അനുവാദമില്ലെന്നു് അദ്ദേഹത്തോടു പറഞ്ഞു. തിരിയെ തരുന്നതിൽ ദേഷ്യം തോന്നരുതെന്നും ഞാൻ അദ്ദേഹത്തോടു വിനീതമായി പറഞ്ഞു. അദ്ദേഹം രൂപ വാങ്ങിയിട്ടു തന്റെ ഡയറിയിൽ എന്തോ കുറിച്ചിട്ടശേഷം ബഥനിക്കു് ഞാൻ ഒരു സംഭാവന തരുന്നുണ്ടെന്നു പറഞ്ഞു്, എന്നെ യാത്രയാക്കി.

ഞാൻ ആശ്രമത്തിൽ വന്നപ്പോൾ പിതാവു് എന്നോടു വിവരങ്ങൾ ചോദിച്ചു. അദ്ദേഹത്തെ സുഖമായി കൊണ്ടുവിട്ടെന്നും പ്രതിഫലമായി എനിക്കു അഞ്ചു രൂപാ തന്നതു്, സംഭാവന സ്വീകരിക്കാൻ എനിക്കു് അനുവാദമില്ലെന്നു പറഞ്ഞു് തിരിയെ കൊടുത്തുവെന്നും



ഞാൻ പിതാവിനോടു പറഞ്ഞു. “നന്നായി. അതു വാങ്ങിയിരുന്നെങ്കിൽ നീ ഒരു തെണ്ടിച്ചെറുക്കനാണെന്നു കരുതുകയില്ലായിരുന്നോ”? എന്നു പിതാവു പറഞ്ഞു. എന്റെ പേരു് ഡയറിയിൽ കുറിച്ചിട്ടതും “ബഥനിക്കു ഒരു സംഭാവന തരുന്നതാണു്” എന്നു പറഞ്ഞതും ഞാൻ പിതാവിനെ അറിയിച്ചു.

ഒരാഴ്ച കഴിഞ്ഞപ്പോൾ പിതാവു് എന്നെ വിളിച്ചു പറഞ്ഞു: “ആ ഫോറസ്റ്റാഫീസർ അനാഥക്കുട്ടികൾക്കു നൂറു രൂപാ അയച്ചു തന്നു. നീ അന്നു് ആ അഞ്ചു രൂപാ വാങ്ങിയിരുന്നെങ്കിൽ ഈ രൂപാ കിട്ടുമായിരുന്നോ? മാത്രമല്ല, നിന്നെ ഒരു തെണ്ടിച്ചെറുക്കനായി കണക്കാക്കുമായിരുന്നു” സത്യസന്ധമായി പെരുമാറിയതുകൊണ്ടുള്ള നേട്ടങ്ങളെക്കുറിച്ചു പിതാവു പല ദൃഷ്ടാന്തങ്ങളും പറഞ്ഞു മനസ്സിലാക്കി.

ദൈവത്തിൽ അടിയുറച്ച. വിശ്വാസം, അനുസരണം, സത്യസന്ധത എന്നീ വിശിഷ്ടഗുണങ്ങളിൽ അധിഷ്ഠിതമായിരുന്നു അനാഥക്കുട്ടികളുടെ ആശ്രമജീവിതം.

## പെരുനാട്ട പള്ളിയും വന്ദ്യപിതാവിന്റെ കാരുണ്യപ്രവർത്തനങ്ങളും

ആശ്രമത്തിൽനിന്നും അരനാഴിക അകലെയായിരുന്നു പെരുനാട്ട് ഇടവകപ്പള്ളി. അവിടത്തെ ആരാധനകൾ സാധാരണ നടത്തിയിരുന്നതു് വന്ദ്യപിതാവിന്റെ നേതൃത്വത്തിലാണു്. ഹാശാആഴ്ചയിലെ ആരാധ

www.malankaralibrary.com



നകൾ നാടാകെ പ്രസിദ്ധമായി. ധ്യാനപ്രസംഗങ്ങളും ഭക്തിനിർഭരമായ ആരാധനയും നോമ്പാചരണവുമെല്ലാം വിശ്വാസികളെ ഹഠാദാകർഷിച്ചിരുന്നു. നാറാണംമൂഴി, വടശ്ശേരിക്കര, പെരുമണ്ണ്, കണ്ടങ്കുളം, കാവനാൽ, ളാഹ, ചിററാർ എന്നീ സ്ഥലങ്ങൾക്കു പുറമേ വെണ്ണിക്കുളം, കവിയൂർ, തിരുവല്ലാ മുതലായ ദൂരസ്ഥങ്ങളിൽനിന്നുപോലും ധാരാളം ആളുകൾ ഹാശാആഴ്ചയിലെ ശുശ്രൂഷകളിൽ പങ്കെടുക്കുന്നതിനായി വന്നിരുന്നു. അക്കൂട്ടത്തിൽ തിരുവല്ലായിൽനിന്നുമുള്ള ബ. കന്യാസ്ത്രീകളും ഉൾപ്പെടുന്നു.

ഭക്തകൃത്യങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെ നിർവഹിക്കുന്നതിൽ അസാമാന്യമായ നിഷ്കർഷ വന്ദ്യപിതാവിനുണ്ടായിരുന്നു. ദുഃഖവെള്ളിയാഴ്ചത്തെ ശുശ്രൂഷകളിൽ കുരിശും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണസമയത്ത് "യരുസലേം പുത്രികളേ, നിങ്ങൾ എന്നെ ഓർത്തു കരയേണ്ടാ, നിങ്ങളെയും നിങ്ങളുടെ മക്കളെയും ഓർത്തു കരയുവിൻ" എന്ന വാക്കുകൾ അദ്ദേഹത്തിന്റെ ഗദ്ഗദകണ്ഠത്തിൽനിന്നും പുറത്തു വരുമ്പോൾ ഭക്തജനങ്ങൾ നെഞ്ചത്തടിച്ചു നിലവിളിക്കുന്ന കാഴ്ച ഏതൊരു കഠിനഹൃദയനെയും കോരിത്തരിപ്പിക്കും. കബറടക്കശുശ്രൂഷ കഴിഞ്ഞാൽ ദുഃഖമണിയടിക്കുക പതിവായിരുന്നു. മുന്നൂറു പറ അരിയുടെ കഞ്ഞിയായിരുന്നു ഓശാനാ, പെസഹാ, ദുഃഖവെള്ളിയാഴ്ച എന്നീ ദിവസങ്ങളിലായി ചെലവായിക്കൊണ്ടിരുന്നത്. ഭക്തജനങ്ങളുടെ സംഭാവനകളായിരുന്നു അരിയും മററു സാധനങ്ങളും. ഹാശാ



ആഴ്ചയിൽ അവിടെ കൂടുന്ന നാനാജാതിമതസ്ഥരിൽനിന്നും ധാരാളം ആളുകളെ ക്രിസ്തുമതത്തിലേക്കാനയിക്കാൻ കഴിഞ്ഞിട്ടുണ്ട്.

അന്ന് പെരുനാട്ടിൽ നടത്തിയിരുന്ന ആരാധനകളെ അനുസ്മരിപ്പിക്കുന്ന ആരാധനക്രമങ്ങൾ നടക്കുന്ന ഒരുപള്ളി നാലാഞ്ചിറ ആശ്രമത്തോടുചേർന്നുള്ള സെൻറ് ബനഡിക്ട് ഇടവകപ്പള്ളിയാണ്. അന്നത്തെ ആരാധനകളിൽ പങ്കെടുത്തിട്ടുള്ള ഭക്തജനങ്ങളിൽ ചിലർ ഇന്നും ഹാശാആഴ്ചയിൽ നാലാഞ്ചിറ പള്ളിയിലെ ശുശ്രൂഷകളിൽ പങ്കെടുക്കുവാൻ വന്നുകൊണ്ടിരിക്കുന്നത് എനിക്കു നേരിട്ടറിയാവുന്നതാണ്.

## കപ്യാരുടെ വിളംബരം

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പിതാവ് സുവിശേഷപ്രസംഗങ്ങൾ നടത്തിയിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുവാൻ കൂടുന്നവർ നിരവധിയത്രേ. പ്രോട്ടസ്റ്റൻറു വിശ്വാസത്തിൽ കുടുങ്ങാതിരിക്കുവാൻ അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു. പ്രസംഗപര്യടനവേളയിൽ കുന്നംകുളത്തു വച്ചുണ്ടായ ഒരു സംഭവം എനിക്കു മറക്കുവാൻ കഴിയുകയില്ല.

ഒരു ദിവസം കുന്നംകുളത്തു ആർത്താററുപള്ളിയിൽ, വന്ദ്യപിതാവു പ്രസംഗത്തിനു പോയപ്പോൾ എന്നെയും കൂടെ കൊണ്ടുപോയി. കൊല്ലവർഷം 1103-ലെ ഹാശാആഴ്ച. ആ ദിവസങ്ങളിലെ വി. കുർബാനയ്ക്ക് അക്കാലത്തു പള്ളിനിറയെ ആളുകൾ കൂടുമായിരുന്നു. അ

www.malankaralibrary.com



ങ്ങൾ അവിടെ ചെന്നയുടൻതന്നെ കപ്യാരെ വിളിച്ച്
നാളെ വി. കുർബാനയുണ്ടെന്നുള്ള വിവരം പട്ടണത്തിൽ
അറിയിക്കുന്നതിനിടപാടു ചെയ്തു. വലിയ മണിയടി
ച്ചു വിവരം അറിയിക്കുന്നതിനുള്ള സൗകര്യം അന്ന് അ
വിടെ ഉണ്ടായിരുന്നില്ല. ഇന്നത്തേപ്പോലെ ഉച്ചഭാഷി
ണിയുടെസഹായവും അക്കാലത്തില്ലായിരുന്നു. അതുകൊ
ണ്ടു കപ്യാർ തന്നെ പ്രചാരണചുമതല ഏറ്റെടുത്തു.
കപ്യാരുടെ പ്രചാരണം വളരെ രസകരമത്രെ.

ഒരു മണിയും കിലുക്കിക്കൊണ്ട് കപ്യാർ പട്ടണ
ത്തിൽക്കൂടി "കുർബാന, കുർബാന" എന്നു വിളിച്ചുപ
റഞ്ഞുകൊണ്ടു പോയി. ഇതു കേട്ട് ആളുകൾ വീടിന്റെ
മുൻവശത്തു വന്ന് "ആരാ, ആരാ" എന്നു വിളിച്ചുചോ
ദിച്ചതിനു "എം. എ. അച്ചൻ" എന്നു മറുപടി പറ
ഞ്ഞു. 'എവിടെ' എന്ന രണ്ടാം ചോദ്യത്തിനു 'പഴയ
പള്ളി' എന്നു വിളിച്ചുപറഞ്ഞുകൊണ്ടു കപ്യാർ നടന്നു
പോയി.

എം. എ. അച്ചന്റെ കുർബാനയും പ്രസംഗവും
ഉണ്ടെന്നറിഞ്ഞു ധാരാളം ആളുകൾ പള്ളിയിൽ കൂടി.
അന്ന് ആളുകൾ പള്ളിയിൽ പോകുമ്പോൾ ഓരോരു
ത്തരും (സ്ത്രീകൾ) ഓരോ പായ് കൂടി കൊണ്ടുപോകുക
പതിവായിരുന്നു. പള്ളിയിൽ ഇരിക്കുന്നതിനും പള്ളി
പിരിയുമ്പോൾ തലയിൽ വച്ചുകൊണ്ടു വെയിൽ കൊ
ള്ളാതെ പോകുന്നതിനും ഇതുപകരിച്ചിരുന്നു. നോമ്പു
കാലമായിരുന്നതിനാൽ മൂന്നുദിവസം ഞങ്ങൾ അവിടെ
താമസിച്ചു. ധാരാളം ആളുകൾ കുർബാനയിൽ സംബ



ന്ധിക്കുന്നതിനും പ്രസംഗം കേൾക്കുന്നതിനുമായി അവി
ടെ കൂടി. ദുഃഖവെള്ളിയാഴ്ച ദുഃഖക്കഞ്ഞി നടത്തി.
കഞ്ഞിയും മുതിരയും പപ്പടവുമായിരുന്നു വിഭവങ്ങൾ.
യാക്കോബായപ്പള്ളിയുള്ള സ്ഥലങ്ങളിലെല്ലാം ബഥനി
പ്പള്ളി സ്ഥാപിക്കുകയായിരുന്നു പിതാവിന്റെ ഉദ്ദേ
ശ്യം. അതനുസരിച്ച് അവിടെ പള്ളിപണി ആരംഭി
ച്ചെങ്കിലും പണമില്ലാതിരുന്നതിനാൽ അതു പൂർത്തിയാ
ക്കാൻ കഴിഞ്ഞില്ല. പള്ളിപണി പൂർത്തിയാക്കുന്നതി
നുവേണ്ടിയുള്ള ധനശേഖരാർത്ഥം വന്ദ്യപിതാവ് പള്ളി
യിൽ ഇപ്രകാരമൊരു പ്രസ്താവനചെയ്തു. "വേനൽക്കാ
ലത്തും വെള്ളം വറ്റാത്തവിധം കുറഞ്ഞ ആഴത്തിൽ
വെള്ളനില കണ്ടുപിടിച്ചു വിദഗ്ദ്ധമായി കിണറിനു
സ്ഥാനം നിർണ്ണയിക്കുവാൻ കഴിവുള്ള ശ്രീമാൻ ജേക്കബ്
എന്നോടൊപ്പം ഇവിടെ എത്തിയിട്ടുണ്ട്. കുടിക്കാൻ
വെള്ളം കിട്ടാതെ കഷ്ടപ്പെടുന്നവർക്ക് ഇതൊരു സുവർ
ണ്ണാവസരമാണ്. സാമ്പത്തികശേഷിയനുസരിച്ച് അ
തിനു പ്രതിഫലം കൊടുക്കേണ്ടതാണ്." ഇതായിരുന്നു
പ്രസ്താവന. സാമ്പത്തികശേഷിയുള്ളവരിൽനിന്നും ആറു
രൂപായും സാമ്പത്തികശേഷി കുറഞ്ഞവരിൽ നിന്നും
മൂന്നു രൂപായുമാണു വാങ്ങിയിരുന്നത്.

ഈ ഇനത്തിൽ കിട്ടുന്ന പണം കൊണ്ട് പള്ളിയു
ടെ പണി പൂർത്തിയാക്കണമെന്നായിരുന്നു വന്ദ്യപിതാ
വിന്റെ ഉദ്ദേശ്യം. അതിനു പള്ളിയുടെ ചുമതലവഹി
ച്ചിരുന്ന ഫാ. ചാക്കുണ്ണി, ഇയ്യോബ് എന്നിവർക്ക് വേണ്ട
നിർദ്ദേശങ്ങൾ കൊടുത്തു. ഞാൻ അവിടെ 55 കിണറു

www.malankaralibrary.com



കൾക്കു സ്ഥാനം നിർണ്ണയിച്ചു. പണവും ധാരാളം വെങ്കലപത്രങ്ങളും എനിക്കു സമ്മാനമായി ലഭിച്ചു.

## കിണറുകൾക്കു സ്ഥാനം നിർണ്ണയിക്കുന്ന വിദ്യ

മാർ ഈവാനിയോസ് തിരുമേനി സെറാംപൂർ കോളജിൽ പ്രൊഫസറായിരുന്ന കാലത്തു് ഒരു ശാസ്ത്ര പുസ്തകത്തിൽനിന്നും മനസ്സിലാക്കിയതാണു് ഈ വിദ്യ. ഭൂമിക്കടിയിലുള്ള നീരുറവകൾ കണ്ടുപിടിക്കുന്നതിനുതകുന്ന ഒരു പ്രത്യേകശക്തി ചില മനുഷ്യരിലുണ്ടെന്നും അതു വികസിപ്പിച്ചെടുത്താൽ ഭൂമിക്കടിയിലുള്ള വെള്ളത്തിന്റെ നില മനസ്സിലാക്കുവാൻ നിഷ്പ്രയാസം കഴിയുമെന്നുമായിരുന്നു പുസ്തകത്തിൽ പ്രതിപാദിച്ചിരുന്നതു്. ഈ ശക്തിവിശേഷം തന്നിലുണ്ടോയെന്നു തിരുമേനി പരിശോധിച്ചു നോക്കി. പരീക്ഷണത്തിൽ ഈ ശക്തിവിശേഷം തന്നിലുള്ളതായി കാണുകയും അദ്ദേഹം ഈ ശക്തിവിശേഷത്തെക്കുറിച്ചു ചില യൂറോപ്യൻ ശാസ്ത്രജ്ഞന്മാരുമായി സംസാരിക്കുകയും തനിക്കുണ്ടായിരുന്ന ചില സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു. അദ്ദേഹം നാട്ടിൽ വന്നശേഷം ഈ ശക്തിവിശേഷം ഉണ്ടോ എന്നു പലരിലും പരിശോധിച്ചു നോക്കി. അതു വളരെ ശക്തിയായി കണ്ടതു് എന്നിൽ മാത്രമായിരുന്നു. ഈ ശക്തിയുപയോഗിച്ചു് കിണറുകൾക്കു സ്ഥാനനിർണ്ണയം ചെയ്യാൻ പിതാവിൽനിന്നും ഞാൻ അഭ്യസിച്ചു. ഇതഭ്യസിച്ചതിനുശേഷം നമ്മുടെ സ്ഥാപനങ്ങളിൽ അനേകം കിണറുകൾക്കു ഞാൻ സ്ഥാനം നിർണ്ണയിച്ചിട്ടുണ്ടു്. വന്ദ്യപിതാവു് വാർദ്ധക്യസഹജമായ സുഖക്കേടു



പിടിപെട്ടു കിടന്നപ്പോൾ ഒരുദിവസം എന്നെവിളിച്ചു് ഇപ്രകാരം പറഞ്ഞു: "ദൈവദത്തമായി നിനക്കു കിട്ടിയിട്ടുള്ള ഈ വരം പൊതുജനങ്ങളുടെ നന്മയ്ക്കായി നീ ഉപയോഗിക്കണം. ഇരുമ്പു നല്ലതാണെങ്കിലും അതു കുഴിച്ചിട്ടാൽ തുരുമ്പിച്ചുപോകും. അതുകൊണ്ടു് അതെപ്പോഴും കൈകാര്യം ചെയ്താലേ പ്രയോജനപ്രദമാകുകയുള്ളു." അദ്ദേഹം സ്വന്തം കൈപ്പടയിൽ ഒരു സർട്ടിഫിക്കററു തന്നു. ഞാൻ അതു കൊണ്ടുപോയി കോട്ടയത്തു ശ്രീ മാമ്മൻ മാപ്പിളയുടെ കൈയിൽ കൊടുത്തു അടുത്ത ദിവസത്തെ മനോരമപ്പത്രത്തിൽ അതു പരസ്യം ചെയ്തു. അന്നുമുതൽ ഈ വിദ്യ പൊതുജനനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതോടൊപ്പം എന്റെ ഉപജീവനമാർഗ്ഗമായും ഉപകരിച്ചുവരുന്നു. കേരളത്തിന്റെ മിക്കഭാഗങ്ങളിലും ഞാൻ കിണറുകൾക്കു സ്ഥാനം നിർണ്ണയിച്ചുകൊടുത്തിട്ടുണ്ടു്. മാത്രമല്ല, ആന്ധ്രാ, മഹാരാഷ്ട്രാ, തമിഴ്നാട്ടു് എന്നീ സംസ്ഥാനങ്ങളിലും ധാരാളം ആളുകൾക്കു കിണറിനു സ്ഥാനം നിർണ്ണയിച്ചിട്ടുണ്ടു്. ഞാൻ പോകുന്ന സ്ഥലങ്ങളിലെല്ലാം പിതാവിന്റെ സർട്ടിഫിക്കററു കാണിക്കും. എന്നു മാത്രമല്ല അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു് ഒരു ചെറുവിവരണം കൂടി നൽകുക പതിവാണു്.

31-11-1970-ൽ ആൾ ഇന്ത്യാ റേഡിയോയുടെ തിരുവനന്തപുരം നിലയത്തിൽവച്ചു് ഒരഭിമുഖസംഭാഷണം നടത്തുകയുണ്ടായി. അതിൽ എന്റെ ഈ സിദ്ധിവിശേഷത്തെക്കുറിച്ചും, അതു് അഭ്യസിപ്പിച്ച മാർ ഈ

www.malankaralibrary.com



വാനിയോസ് തിരുമേനിയെക്കുറിച്ചും പ്രതിപാദിക്കുകയുണ്ടായി. പല സ്ഥലങ്ങളിലും ഞാൻ അദ്ദേഹത്തിന്റെ ഫോട്ടോ കാണിക്കാറുണ്ട്. ഹൈന്ദവർ അദ്ദേഹത്തെ ഒരു മുനിവര്യനെപ്പോലെ ആദരിച്ചുപോന്നു.

അഭിവന്ദ്യതിരുമേനി എനിക്ക് എഴുതിത്തന്ന സർട്ടിഫിക്കറ്റ്:-

This is to certify that B. G. Jacob has located several wells in the Archdiocese of Trivandrum successfully. The undersigned discovers that he has the gift of water divining. He has good use of his gift.

S/d

Mar Ivanios O. I. C.,
M.A., D D. L.L.D.,
Archbishop of Trivandrum.

Trivandrum,
20-11-1950.

## മാർ തിയോഫിലോസ് തിരുമേനി

ബഥനിയുടെ സ്ഥാപനത്തിനും പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിക്കും മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം പ്രവർത്തിച്ച ഒരു പുരോഹിതശ്രേഷ്ഠനായിരുന്നു മാർ തിയോഫിലോസ് തിരുമേനി. അടിയുറച്ച ദൈവഭക്തി, എളിമ, സേവനതൽപരത, ഹൃദയവിശാലത എന്നിത്യാദി ശ്രേഷ്ഠഗുണങ്ങൾ അദ്ദേഹത്തിന്റെ കൈമുതലായിരുന്നു. അനിതരസാധാരണ



മായ പ്രസംഗപാടവം, രോഗശാന്തിപ്രാർത്ഥന ഇവ അദ്ദേഹത്തെ പ്രസിദ്ധനാക്കിത്തീർത്തു. സാഹിത്യനിപുണനായ തിയോഫിലോസ് തിരുമേനിയുടെ ഹോബി ഗ്രന്ഥപാരായണമത്രേ. സാഹിത്യരചനയിലും പ്രഗല്ഭനായിരുന്നു അദ്ദേഹം. ധർമ്മധീരനും ഭരണനിപുണനുമായിരുന്ന അദ്ദേഹം പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

ആശ്രമഗുരുവായിരുന്നതിനാൽ അദ്ദേഹത്തെ ഗുരുവച്ചൻ എന്നാണു വിളിച്ചിരുന്നത്. അദ്ദേഹത്തിന്റെ ത്യാഗപ്രവൃത്തികൾ ആരെയും ആശ്ചര്യപ്പെടുത്തും. ആശ്രമപരിസരം വൃത്തിയാക്കുക, ചാണകവും കരിയുമുപയോഗിച്ച് ആശ്രമക്കെട്ടിടത്തിന്റെ തറ മെഴുകി വൃത്തിയാക്കുക എന്നീ ജോലികൾ ആരുടെയും സഹായം കൂടാതെ അദ്ദേഹം നിർവ്വഹിച്ചിരുന്നു. അനാഥക്കുട്ടികളുടെ തലമുടി വെട്ടുക, അവരുടെ വസ്ത്രങ്ങൾ അലക്കുക, അവർക്ക് വേദപാഠക്ലാസ്സുകൾ നടത്തുക, വി. കുമ്പസാരം, വി. കുർബാന എന്നിവ നൽകുക മുതലായ കാര്യങ്ങളിൽ അദ്ദേഹം അതീവശ്രദ്ധാലുവായിരുന്നു. സാഹിത്യപ്രവർത്തനത്തിൽ അദ്ദേഹം അത്യധികം താൽപര്യം പ്രദർശിപ്പിച്ചിരുന്നു. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഏതെങ്കിലും പുതിയ ആശയം മനസ്സിൽ പൊന്തിവരുന്നതെങ്കിൽ അതെഴുതി വെച്ചതിനുശേഷമേ ഭക്ഷണം പൂർത്തിയാക്കുകയുള്ളൂ.

പെരുനാട്ട് ആശ്രമത്തിൽ താമസിച്ചുകൊണ്ടിരിക്കെ റമ്പാൻപട്ടം ലഭിച്ച അദ്ദേഹം തിരുവല്ലാ ബഥനി

www.malankaralibrary.com



യിലെ ആളുകളുടെ നിർബന്ധപ്രകാരം തിരുവല്ലാ ബഥ നിയിലേക്കു താമസം മാററി. അദ്ദേഹത്തോടൊപ്പം ഞാനും തിരുവല്ലായ്ക്കു പോയി. കൊച്ചുപിതാവ് പള്ളി വരാന്തയുടെ കിഴക്കേ അററത്തുണ്ടായിരുന്ന മുറിയിലും ഞാൻ തെക്കേ വരാന്തയിലുമാണ് ഉറങ്ങിയിരുന്നത്.

## ബ്രാഹ്മണരും അന്തർജനങ്ങളും

ഒരു ദിവസം ഉദ്ദേശം നാലു മണിയോടുകൂടി കുറേ ബ്രാഹ്മണരും അന്തർജനങ്ങളും പള്ളിയുടെ മുററത്തു നിൽക്കുന്നതു കണ്ടു. ഞാൻ ചെന്നു ചോദിച്ചു, എന്തി നാണു വന്നതെന്ന്. അവരിൽ പ്രഥമൻ ഇങ്ങനെ പറ ഞ്ഞു. "ഞങ്ങൾ ഗർഭിണിയായ ഈ സ്ത്രീയെ പ്രസവ ക്ലേശം നിമിത്തം തിരുവല്ലാ ഗവണ്മെൻറാശുപത്രിയിൽ കൊണ്ടുപോയി. അവിടത്തെ ഡാക്ടർ ഐസക്ക് വൈ ദ്യശാസ്ത്രപ്രകാരം ലഭ്യമായിരുന്ന എല്ലാ ചികിത്സാവി ധികളും പ്രയോഗിച്ചു പരാജയമടഞ്ഞപ്പോൾ അദ്ദേഹ മാണ് ഞങ്ങളെ ഇങ്ങോട്ടയച്ചത്. ഇവിടെ ദൈവഭക്ത നായ ഒരു റമ്പാച്ചനുണ്ടെന്നും അദ്ദേഹത്തെക്കൊണ്ടു പ്രാ ത്ഥിപ്പിച്ചാൽ രക്ഷപ്പെട്ടുമെന്നും അല്ലാതെ ചികിത്സ കൊണ്ട് ഇവൾക്കു പ്രയോജനമില്ലെന്നും ഡോക്ടർ നിർ ദ്ദേശിച്ചതുകൊണ്ടാണ് ഞങ്ങൾ ഇങ്ങോട്ടു വന്നത്. ഞ ങ്ങൾക്കു റമ്പാച്ചനെ ഒന്നു കാണണം." ഞാൻ പോയി വിവരം പിതാവിനെ അറിയിച്ചു.

വിവരം കേട്ടയുടനെ പിതാവു നേരേ മദ്ബഹാ യിലേക്കാണു പോയത്. അവിടെ ചെന്നു കുറേനേരം പ്രാത്ഥിച്ചശേഷം ആശീർവദിച്ച വെള്ളം എടുത്തുകൊ



ണ്ടുവന്ന് മൂന്നു പ്രാവശ്യം ആ സ്ത്രീയ്ക്കു കുടിക്കാൻ കൊടു ത്തു. അതിനുശേഷം വീട്ടിൽ ചെന്നിട്ടു കുടിക്കാനും കുറ ച്ചു വെള്ളം കൊടുത്തയച്ചു.

പിറേറദിവസം രാവിലെ ഉണന്നപ്പോൾ തലേദി വസം വന്ന ബ്രാഹ്മണരെയാണു കണ്ടത്. തലേദിവ സം വന്ന ഗർഭിണി കൂട്ടത്തിലുണ്ടായിരുന്നില്ല. പല സംശയങ്ങളും എൻെറ മനസ്സിലൂടെ മിന്നൽവേഗ ത്തിൽ കടന്നുപോയി. ഞാൻ വിവരം തിരക്കി. അ വർ പറഞ്ഞു: "ഇന്നലെ വന്ന സ്ത്രീ സുഖമായി പ്രസ വിച്ചു. അതിൻെറ സന്തോഷസൂചകമായി ഒരു നേർ ച്ചയുംകൊണ്ടാണു ഞങ്ങൾ വന്നിരിക്കുന്നത്. ഞങ്ങൾ ക്കു വന്ദ്യറമ്പാച്ചനെ ഒന്നു കാണണം." ഞാൻ വിവരം ധരിപ്പിച്ചു പിതാവ് നേരെ മദ്ബഹായിൽ ചെന്ന് കുറെനേരം പ്രാത്ഥിച്ചശേഷം വെളിയിൽ വന്നു. സ ന്തോഷവും കൃതജ്ഞതയും നിറഞ്ഞ അവരുടെ നേർച്ച സ്വീകരിച്ച് അവരെ സന്തോഷത്തോടെ യാത്രയാക്കി.

തിയോഫിലോസ് തിരുമേനിയുടെ രോഗശാന്തി പ്രാത്ഥന സമീപപ്രദേശങ്ങളിലുള്ള നാനാജാതിമത സ്ഥരുടെയിടയിലും അറിയപ്പെട്ടിരുന്നു. വളരെയധി കം ആളുകൾ അദ്ദേഹത്തിൻെറ അദ്ഭുതശക്തിയിൽ വിശ്വസിച്ചിരുന്നു. വിശുദ്ധ കുർബാന കഴിയുമ്പോൾ ആബാലവൃദ്ധം ജനങ്ങളെ വരിവരിയായി നിരത്തിനിറു ത്തി തലയിൽ കൈവച്ചു പ്രാത്ഥിക്കുക പതിവായിരു ന്നു. ദൈവം അദ്ദേഹത്തിനു നൽകിയിരുന്ന ഈ അദ് ഭുതശക്തി അനേകം ആളുകൾക്കു പ്രയോജനപ്പെട്ടിരു

www.malankaralibrary.com



ന്നു. മനുഷ്യരുടെ ആത്മികവും ലൗകികവുമായ നന്മയ്ക്കു വേണ്ടി എന്തു ത്യാഗവും പീഡനങ്ങളും സഹിക്കാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു.

## വിദ്യാർത്ഥിയെ നന്നാക്കിയ രീതി

ഒരു ദിവസം (1929-ൽ) മാർ തിയോഫിലോസ് എന്ന പേരിൽ ബഥനിയിലെ എപ്പിസ്കോപ്പാ ആയതിനുശേഷം) തിരുവല്ലായിൽവച്ച് ഒരു സംഭവമുണ്ടായി. തിരുവല്ലായ്ക്കടുത്തുള്ള ഒരു മാന്യൻ തന്റെ മകൻ (ദുസ്തനടത്തക്കാരനായ സ്കൂൾഫൈനൽ വിദ്യാർത്ഥി) നിമിത്തം പൊറുതിമുട്ടി എങ്ങനെയെങ്കിലും അവനെയൊന്നു നേരെയാക്കിത്തരണമെന്ന അഭ്യർത്ഥനയുമായി പിതാവിന്റെ അടുത്തു വന്നു. മകനെ തന്റെ അടുക്കല ആയയ്ക്കുന്നതിനു കല്പിച്ചതനുസരിച്ച് അന്നുതന്നെ പിതാവ് മകനെ കൊണ്ടുവന്നു തിരുമേനിയെ ഏല്പിച്ചു. അവിടുന്നു ആ വിദ്യാർത്ഥിയെ വിളിച്ച് സ്വതഃസിദ്ധമായ അനുനയവാക്കുകളാൽ ഉപദേശിച്ചു. മൂകനായി നിന്ന് ആ വിദ്യാർത്ഥി എല്ലാം ശ്രദ്ധിച്ചതല്ലാതെ ഒന്നും മിണ്ടിയില്ല.

രാത്രിയായപ്പോൾ തിരുമേനി എന്നെ വിളിച്ച് ആ വിദ്യാർത്ഥിക്ക് ഉറങ്ങുന്നതിനു വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ പറഞ്ഞു. ഞാൻ കിടക്കാൻ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുത്തു. ആ വിദ്യാർത്ഥിയുടെ പ്രവൃത്തികൾ ശ്രദ്ധിച്ചുകൊള്ളുന്നതിനു തിരുമേനി എന്നെ ചുമതലപ്പെടുത്തിയിരുന്നു. അർദ്ധരാത്രിയോടടുത്ത സമയത്തു ഞാൻ എഴുന്നേറ്റു വിദ്യാർത്ഥിയെ നോക്കി.



ദേഹമാസകലം മൂടിപ്പുതച്ച് അയാൾ കിടന്നുറങ്ങുന്നു. ഞാനൊന്നു വിളിച്ചു. അനക്കമില്ല. ഒന്നുരണ്ടു വിളി കൂടി വിളിച്ചിട്ടും അനക്കമില്ല. പുതപ്പു മാറ്റി നോക്കിയപ്പോൾ വിദ്യാർത്ഥിക്കു പകരം രണ്ടു തലയിണകളായിരുന്നു കട്ടിലിൽ. ഞാൻ ഉറങ്ങാതെ കിടന്നു. വെളുപ്പിനു നാലരമണിയായപ്പോൾ വിദ്യാർത്ഥി ശബ്ദമുണ്ടാക്കാതെ വന്നു കിടന്നുറങ്ങി. നേരം വെളുത്തപ്പോൾ സംഭവം ഞാൻ തിരുമേനിയെ അറിയിച്ചു. അന്നു രാത്രി അത്താഴം കഴിഞ്ഞു തിരുമേനി വിദ്യാർത്ഥിയെ വിളിച്ച് "പള്ളിക്കകത്തേക്കു പോകുക, ഞാൻ ഉടനെ വരാം" എന്നു പറഞ്ഞിട്ട് അദ്ദേഹം മദ്ബഹായ്ക്കകത്തു കയറി. വിദ്യാർത്ഥി പള്ളിക്കകത്തുതന്നെ നിന്നു. തിരുമേനി ഒരു നല്ല ചൂരൽവടിയുമായി വിദ്യാർത്ഥിയെ സമീപിച്ചു. എന്നിട്ട് അദ്ദേഹം പറഞ്ഞു: "നീ ചെയ്ത കുറ്റത്തിനു ത്തരവാദി ഞാനാണ്. അതുകൊണ്ടു നീ സർവ്വശക്തിയുമുപയോഗിച്ചു ഈ വടികൊണ്ട് എന്റെ തുടയിൽ മൂന്നടി അടിക്കുക." വടി വിദ്യാർത്ഥിയുടെ നേർക്കു നീട്ടി. വിദ്യാർത്ഥി ഇതികർത്തവ്യതാമൂഢനായി നിന്നു. വിദ്യാർത്ഥി കൃത്യം നിർവഹിക്കാത്തതുകൊണ്ട് ആ കൃത്യം സ്വയം നിർവഹിക്കാൻ തിരുമേനി തീരുമാനിച്ചു. അദ്ദേഹം വടികൊണ്ടു സ്വന്തം തുടയിൽ സർവ്വശക്തിയുമുപയോഗിച്ചു മൂന്നു അടി അടിച്ചു. ഈ പ്രവൃത്തിയിൽ വിദ്യാർത്ഥിക്കു വല്ലാത്ത കുണ്ഠിതം തോന്നി. ഞാൻ നല്ലവനായി ജീവിച്ചുകൊള്ളാമെന്ന് അയാൾ ഏറ്റുപറഞ്ഞു. അങ്ങനെ അയാൾ നല്ലവനായിത്തീരുകയുംചെയ്തു.

www.malankaralibrary.com



ഇങ്ങനെ മററുള്ളവരുടെ നന്മയ്ക്കുവേണ്ടി സ്വയം പീഡനം ഏൽക്കുന്നതിനുപോലും അദ്ദേഹം സന്നദ്ധനായിരുന്നു.

## എന്റെ രോഗവും അദ്ഭുതരോഗശാന്തിയും

തിരുവല്ലായിൽ ഒരു വാടകക്കെട്ടിടത്തിൽ താമസിച്ചിരുന്ന കാലത്ത് ആഹാരം പാകംചെയ്യുകയും, കർബാനയ്ക്കു കൂടുകയുമായിരുന്നു എന്റെ ജോലികൾ. ഒരുദിവസം എന്റെ ശരീരത്തിനു ചെറിയ വേദന ആരംഭിച്ചു. എണ്ണ പുരട്ടി ആവി പിടിക്കുന്നതിനു തിരുമേനി ബ. ജോബച്ചനെ ചുമതലപ്പെടുത്തി. നിർഭാഗ്യമെന്നു പറയട്ടെ, വേദന വർദ്ധിച്ചതല്ലാതെ യാതൊരു കുറവുമുണ്ടായില്ല. അബോധാവസ്ഥയിലെത്തിയപ്പോൾ തിരുവല്ലാ ആശുപത്രിയിൽനിന്നും, ഡാക്ടർ ഐസക്കിനെ വരുത്തി. പരിശോധനയ്ക്കുശേഷം ആശയ്ക്കു വകയില്ലെന്നു മനസ്സിലാക്കിയ ഡോക്ടർ ഇങ്ങനെ പറഞ്ഞു: “മൂന്നു ദിവസത്തേയ്ക്കു ഒന്നും ചെയ്യണ്ടാ. അതു കഴിഞ്ഞു നോക്കാം.” വിവരം മാർ ഈവാനിയോസ് തിരുമേനിയെ അറിയിച്ചു. അദ്ദേഹം വന്ന് അന്ത്യകൂദാശ തന്നു. മരിക്കുകയാണെങ്കിൽ പള്ളിയുടെ തെക്കേ മുററത്തു കിഴക്കരികിൽ അടക്കണമെന്നു പറഞ്ഞിട്ട് അദ്ദേഹം തിരിയെ പോയി എന്റെ അസുഖം ബഥനി നിവാസികളെ ആകുലരാക്കി. തിയോഫിലോസ് തിരുമേനി മൂന്നു ദിവസത്തെ ധ്യാനമാരംഭിച്ചു. ഒരു നേരത്തെ ആഹാരം മാത്രം കഴിച്ചുകൊണ്ടു ധ്യാനനിരതനായി പള്ളിയിൽത്തന്നെ അദ്ദേഹം കഴിച്ചുകൂട്ടി. ഈ മൂന്നു ദി-



വസം എന്നെ ശുശ്രൂഷിക്കുന്നതിന് (ഫാദർ) പക്കോമിയസ്, (ഫാദർ) ഏബ്രഹാം, (ഫാദർ) ജോബ് എന്നിവരെ ചുമതലപ്പെടുത്തി. (അന്ന് ഇവർ വൈദികരായിരുന്നില്ല) ഓരോരുത്തർ മാറിമാറി എന്നെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. അങ്ങനെ എണ്ണപ്പെട്ട ദിവസങ്ങൾ ഒന്നൊന്നായി കഴിഞ്ഞു. നാലാംദിവസം അബോധാവസ്ഥയിൽ കിടന്ന എന്റെ വായ് പെട്ടെന്നു തുറന്നു. ഒന്നുരണ്ടു സ്പൂൺ നാരങ്ങാവെള്ളം എന്റെ വായിൽ ഒഴിച്ചുതന്നു. പെട്ടെന്നു ഞാൻ കണ്ണു തുറന്നു. എന്നെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന പള്ളത്തുകാരൻ ഏബ്രഹാം സാധു സന്തോഷാധിക്യത്താൽ പ്രാർത്ഥിക്കാനായി പള്ളിയിലേയ്ക്കോടി. അദ്ദേഹത്തിന്റെ വരവുകണ്ടു പള്ളിയിൽ കർബാനയ്ക്കു വന്ന ആളുകൾ ഞാൻ മരിച്ചുപോയെന്നു ധരിച്ച് എന്റെ ചുററും ഓടിക്കൂടി. കണ്ണു തുറന്നു കിടക്കുന്ന എന്നെ കണ്ടപ്പോൾ അവർ ആശ്ചര്യഭരിതരായി നോക്കിനിന്നു.

മൂന്നു ദിവസത്തെ ധ്യാനം കഴിഞ്ഞ് എന്റെ നില ആരായാൻ മാർ തിയോഫിലോസ് തിരുമേനി എന്റെ അടുത്തു വന്നു. അപ്പോൾ ഞാൻ കണ്ണു തുറന്നു കരഞ്ഞുകൊണ്ടു കിടക്കുന്നതായിട്ടാണ് അദ്ദേഹത്തിനു കാണാൻ കഴിഞ്ഞത്. ആ വാത്സല്യനിധിയായ പിതാവ് എന്നോട്: “മകനേ, നീ എന്താ കരയുന്നത്”? എന്നു ചോദിച്ചു. “കുഞ്ഞുങ്ങളുടെയും മാലാഖമാരുടെയും കൂടെ പാടുന്നതിന് എനിക്കു സാധിച്ചില്ല” എന്നു ഞാൻ മറുപടി പറഞ്ഞു. എന്റെ ക്ഷീണമെല്ലാം മാറിയപ്പോൾ

www.malankaralibrary.com



ഒരു ദിവസം എന്റെ കരച്ചിലിനുള്ള കാരണം അദ്ദേഹം ആരാഞ്ഞു. സുഖമില്ലാതെ അബോധാവസ്ഥയിൽ കിടന്നപ്പോൾ കണ്ട കാഴ്ച ഞാൻ അദ്ദേഹത്തോടു പറഞ്ഞു.

## ഒരു ദിവ്യദർശനം

ഒരു വലിയ സിംഹാസനത്തിൽ അതീവതേജോരൂപിയായ ഒരാൾ ഇരിക്കുന്നതും സിംഹാസനത്തിന്റെ വലത്തു വശത്തായി ഒരു മാലാഖയും മറുവശത്ത് വിരൂപിയായ ഒരു പിശാചും ഓരോ വലിയ പുസ്തകവും വഹിച്ചുകൊണ്ടു നില്ക്കുന്നതും കണ്ടു. പുസ്തകങ്ങൾ തുറന്നുവച്ച് മാലാഖയും പിശാചും എന്തൊക്കെയോ വാഗ്വാദങ്ങൾ നടത്തുന്നതും ഞാൻ കേട്ടു. ഓടി രക്ഷപ്പെടണമെന്ന് എനിക്കു തോന്നിയെങ്കിലും എന്റെ കാലുകൾ അനങ്ങിയില്ല. സിംഹാസനത്തിൽ ഇരുന്ന ആ തേജഃസ്വരൂപൻ എന്തോ പറഞ്ഞപ്പോൾ രണ്ടു മാലാഖമാർ വന്ന് എന്നെ കൂട്ടിക്കൊണ്ടുപോയി. മനോഹരമായ ഒരു കവാടത്തിലൂടെ വിസ്തൃതമായ ഒരു സ്ഥലത്തേയ്ക്കാണ് എന്നെ കൊണ്ടുപോയത്. അവിടുത്തെ കാഴ്ച എന്നെ ആനന്ദതുന്ദിലനാക്കി. ധവളവസ്ത്രധാരികളായ അനേകം കുഞ്ഞുങ്ങൾ വരിവരിയായി നിന്ന് കർണ്ണാനന്ദകരമായ ഗാനങ്ങൾ ആലപിച്ചുകൊണ്ടിരുന്നു. ആ ഗാനലഹരിയിൽ മുങ്ങിപ്പോയ ഞാൻ അവരോടൊപ്പം പാടുന്നതിനാഗ്രഹിച്ചുവെങ്കിലും അതിനെന്റെ നാവനങ്ങിയില്ല. ആ കുഞ്ഞുങ്ങളുടെ മദ്ധ്യത്തിൽ മിന്നിത്തിളങ്ങുന്ന കുങ്കുമവസ്ത്രം ധരിച്ച് മനോഹരമായ



ഒരു കിരീടവുമണിഞ്ഞ് അതിസുന്ദരിയായ ഒരു സ്ത്രീ നില്ക്കുന്നതു കണ്ടു. പരിശുദ്ധ മാതാവായിരുന്നു അതെന്നു മനസ്സിലാക്കാൻ എനിക്കു ബുദ്ധിമുട്ടുണ്ടായില്ല. ഞാൻ ഓടിച്ചെന്ന് അല്പനേരം അവിടെ ഇരുന്നു. അധികനേരം അവിടെ ഇരിക്കുന്നതിന് എന്നെ കൂട്ടിക്കൊണ്ടുപോയവർ സമ്മതിച്ചില്ല. അവിടെ നിന്നും പിന്നീട് വേറൊരു സ്ഥലത്തേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയി. കണ്ണഞ്ചിക്കുന്ന പ്രഭയോടുകൂടിയ തീജ്വാല അവിടെ കത്തിയെരിയുന്നുണ്ടായിരുന്നു. അതിന്റെ മദ്ധ്യത്തിലായി പ്രശോഭിക്കുന്ന ഒരു വലിയ സിംഹാസനത്തിൽ ഒരു സുന്ദരരൂപം ഇരിക്കുന്നതായി ഞാൻ കണ്ടു. നാലുവരികളിലായി അനേകായിരം മാലാഖമാർ നിരന്നു നിന്ന് ഗാനങ്ങൾ ആലപിക്കുന്നത് ഞാൻ കേട്ടു. അടുത്തേയ്ക്കു പോകാനുള്ള എന്റെ ഉദ്യമത്തെ എന്നെ കൂട്ടിക്കൊണ്ടു പോയവർ തടഞ്ഞു.

അതിനുശേഷം എന്നെ കൂട്ടിക്കൊണ്ടുപോയവർ ഒരു ശുഭ്രവസ്ത്രം എന്നെ അണിയിച്ചു. രണ്ടു പാദരക്ഷ എന്റെ കാലിൽ ഇട്ടുതന്നു. തദനന്തരം ഒരു പല്ലക്കിൽ കയററി ചുററുപാടുമുള്ള സുന്ദരദൃശ്യങ്ങൾ എന്നെ കാണിച്ചു. പിന്നീടെന്നെ പ്രവേശനകവാടത്തിൽ കൊണ്ടുവന്ന് നേരത്തെ ധരിപ്പിച്ച വസ്ത്രവും പാദരക്ഷകളും എടുത്തുമാററിയ ശേഷം വേറൊരു സ്ഥലത്തേയ്ക്കു കൊണ്ടുപോയി.

ചതുരാകൃതിയിൽ വിസ്തൃതമായ ആ സ്ഥലത്തിന്റെ ചുററും വളരെ ഉയർന്ന ഭിത്തികൾ ഉണ്ടായി

www.malankaralibrary.com



രുന്നു. ഒരു പ്രവേശനദ്വാരമേ അതിനുണ്ടായിരുന്നുള്ളു. അവിടെ ഉയർന്ന സ്ഥലത്തെന്നെ ഇരുത്തി. വാലും കൊമ്പുകളും ഇരുണ്ടുനീണ്ട കണ്ണുകളുമുള്ള കറുത്ത ഭീകരസത്വങ്ങൾ ആയിരക്കണക്കിനു വരിവരിയായി പ്രവേശനദ്വാരത്തിൽ കൂടി അകത്തേക്കു കടന്നു. ഉടൻ വാതിൽ അടയ്ക്കപ്പെട്ടു. പെട്ടെന്നു് എവിടെ നിന്നോ ഒരഗ്നിജ്വാല അവിടം മുഴുവൻ വ്യാപിച്ചു. പിശാചുക്കൾ തീയിൽ കിടന്നു് വേദനകൊണ്ടു പുളയുന്നതും അവിടെ കിടന്നു ഉയരത്തിൽ ചാടുന്നതും കണ്ടപ്പോൾ എനിക്കു ഭയമായി. ഒടുവിൽ എന്നെ ആദ്യം പ്രവേശിപ്പിച്ച സ്ഥലത്തു കൊണ്ടുവന്നു. ഒരു മാലാഖ ഒരു വലിയ പുസ്തകം എന്നെ ഏല്പിച്ചിട്ട് ഇനി വരുമ്പോൾ കണക്കുകളെല്ലാം കൊണ്ടുവരണമെന്നു പറഞ്ഞു. ഇത്രയുമായപ്പോൾ ഞാൻ കണ്ണുതുറന്നു.

ഈ സംഭവം തിരുമേനിയിൽ നിന്നും അറിയാനിടയായ സുപ്രസിദ്ധ പ്രസംഗകനായ കുര്യാച്ചൻ എം. എ. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പല സ്ഥലങ്ങളിലും പറഞ്ഞു. പലരും ഇതു സത്യമാണോ എന്നു് എന്നോടു നേരിട്ടു് അന്വേഷിക്കുകയും ചെയ്തിട്ടുണ്ടു്.

ഡാക്ടർ ഐസക് സ്വപ്നത്തിൽ പോലും വിചാരിച്ചില്ല ഞാൻ ജീവിക്കുമെന്നു്. എന്റെ അസുഖം മാറിയതു് അദ്ഭുതം തന്നെയെന്നു് അദ്ദേഹം പറഞ്ഞു. എനിക്കു പിടിപെട്ട ഈ അതിഭയങ്കരമായ സുഖക്കേടിൽ നിന്നും ഞാൻ രക്ഷപ്പെട്ടതു് തിയോഫിലോസു് തിരുമേനിയുടെ പ്രാർത്ഥനകൊണ്ടു മാത്രമാണു്.



## റൂൾപെൻസിൽ കടിച്ച കഥ

ഫലിതപ്രിയനായ മാർ തിയോഫിലോസ് തിരുമേനി കൂടെക്കൂടെ ഒന്നാംതരം ഫലിതങ്ങൾ പ്രയോഗിക്കുക പതിവായിരുന്നു. ഒരു ദിവസം തിരുമേനിയും അന്നു കൊച്ചു ശെമ്മാശ്ശനായിരുന്ന (ഫാദർ) സെറാഫിയോനും കൂടി രാത്രി തിരുമൂലനിന്നും തിരുവല്ലായ്ക്കു വരുന്ന വഴി ചിറവരമ്പിൽ വച്ചു് ശെമ്മാശ്ശനെ ഒരു പാമ്പു കടിച്ചു. ഉടനേ തിരുമേനി ശെമ്മാശ്ശനെ വിഷവൈദ്യന്റെ വീട്ടിൽ കൊണ്ടുചെന്നു വിട്ടിട്ട് തിരുവല്ലാ ബഥനിപ്പള്ളിയിൽ വന്നു. അത്താഴം കഴിക്കാൻ വന്നപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞു. "നീ ഒരു രസമറിഞ്ഞോ? നമ്മുടെ ശെമ്മാശ്ശനെ ഒരു റൂൾപെൻസിൽ കടിച്ചു. ഞാൻ വൈദ്യശാലയിൽ എത്തിച്ചിട്ടാണു വരുന്നതു്. സാരമില്ല, പ്രാർത്ഥിച്ചാൽ മതി. എളുപ്പം സുഖമാകും." മൂന്നാംദിവസം ശെമ്മാശ്ശൻ ചികിത്സ കഴിഞ്ഞു വന്നു. പിന്നീടു് ഞാനാണദ്ദേഹത്തെ ശുശ്രൂഷിച്ചതു്. അന്നു് അദ്ദേഹം ബഥനിപ്രസ്സിന്റെ മാനേജരായിരുന്നു.

ഒരുദിവസം തിരുമേനി എന്നോടിങ്ങനെ ചോദിച്ചു. "എടാ യാക്കോബേ! നീ ആശ്രമത്തിൽനിന്നും പോയാൽ എങ്ങനെ ജീവിക്കും;" ദൈവം എന്തെങ്കിലും കരു വഴി കാണിച്ചുതരും എന്നു ഞാൻ മറുപടി പറഞ്ഞു. "അതു പോരാ, ജീവിക്കാൻ ഭരു തൊഴിൽ അഭ്യസിച്ചിരിക്കണം." ഒരു തയ്യൽമെഷീൻ പിതാവു വാങ്ങിത്തന്നു. ഞാൻ തയ്യൽ പഠിച്ചു. അധികം ജോലി ചെ

www.malankaralibrary.com



സ്ഥലപ്പോൾ പഴയ സുഖക്കേട്ട വീണ്ടും വന്നതിനാൽ ഡോക്ടറുടെ ഉപദേശപ്രകാരം തയ്യൽ ഉപേക്ഷിക്കേണ്ടി വന്നു.

## പോലീസച്ചൻ

ഒരുദിവസം ഞാൻ മാർ ഈവാനിയോസ് തിരുമേനിയോടിങ്ങനെ പറഞ്ഞു. പിതാവേ,പിതാവിൻെറ അപ്പച്ചനും അമ്മച്ചിയും മരിച്ചാൽ സ്വർഗ്ഗത്തിൽ പോകും. എൻെറ അപ്പനും അമ്മയും മരിച്ചാൽ നരകത്തിലേ പോകുകയുള്ളു. യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ താനും തൻെറ കുടുംബവും രക്ഷിക്കപ്പെടുമെന്നു ഞാൻ പഠിച്ചിട്ടുണ്ട്. എൻെറ മാതാപിതാക്കളെ ക്രിസ്ത്യാനികളാക്കുന്നതിനു പിതാവു സഹായിക്കണം. എൻെറ ആഗ്രഹം വലിയ പിതാവ് തിയോഫിലോസ് തിരുമേനിയോടു പറഞ്ഞു. അപ്പനും അമ്മയ്ക്കും സഹോദരന്മാർ അഞ്ചുപേർക്കും വേണ്ട വസ്ത്രങ്ങളെല്ലാം വാങ്ങിത്തന്നു. മാമോദീസാ മുക്കുന്നതിനു മാവേലിക്കരക്കാരൻ പോലീസച്ചൻ എന്നു വിളിച്ചിരുന്ന ഫാ. ഫിലിപ്പോസിനു് ഒരെഴുത്തും തന്നയച്ചു. പൊലീസച്ചൻ എന്നു പേരു കിട്ടാൻ ഇടയാക്കിയ സംഭവം ചുരുങ്ങിയ വാക്കുകളിൽ ഞാൻ പറയാം.

ഒരു ദിവസം രാവിലെ മാവേലിക്കരനിന്നും ഒരു സ്ത്രീയും പുരുഷനും തിരുമൂല ആശ്രമത്തിൽ മാർ ഈവാനിയോസ് തിരുമേനിയെ കാണാനായി വന്നു. ഭർത്താവിൻെറ മാനസാന്തരത്തിനുവേണ്ടി അദ്ദേഹത്തെയും കൂട്ടിക്കൊണ്ടു ഭാര്യ പുറപ്പെട്ടിരിക്കയാണു്. ബഥനിയിലെ



പിതാവിനെക്കൊണ്ടു് ഗുണദോഷിപ്പിച്ചാൽ ഭർത്താവു നേരെയാകും എന്ന വിശ്വാസത്തിൽ സ്ത്രീ പിതാവിനോടു വിവരമെല്ലാം പറഞ്ഞു. എല്ലാം മനസ്സിലാക്കിയ പിതാവു സ്ത്രീയെ പറഞ്ഞയച്ചിട്ട് അദ്ദേഹത്തെ കുറേനാൾ ആശ്രമത്തിൽ താമസിപ്പിച്ച് വേണ്ടവണ്ണം ഉപദേശിച്ചു; സ്വഭാവത്തിൽ ഗണ്യമായ മാററമുണ്ടായെന്നു മാത്രമല്ല, അയാൾ വളരെ നല്ലവനായും കാണപ്പെട്ടു. പരീക്ഷണാർത്ഥം പിതാവ് ഒരു ജോലി അദ്ദേഹത്തെ ഏല്പിച്ചു. ചുററുപാടും താമസിച്ചിരുന്ന പാവപ്പെട്ടവരെ കൂട്ടിക്കൊണ്ടുവന്നു് വേദപാഠം പഠിപ്പിക്കുകയായിരുന്നു ജോലി. വേണ്ട ഉപദേശങ്ങൾ നൽകിയും ധനവാന്മാരിൽനിന്നും വസ്ത്രങ്ങളും ആഹാരസാധനങ്ങളും സംഭരിച്ചു സാധുക്കൾക്കു സംഭാവന ചെയ്തും, തന്നെ ഭരമേല്പിച്ച ജോലി സ്തുത്യർഹമായ വിധത്തിൽ അദ്ദേഹം നിറവേററി. പ്രസ്തുത പ്രവർത്തനത്തിൽ സന്തുഷ്ടനായ പിതാവ് അദ്ദേഹത്തെ ഒരു ഉപദേശിയാക്കി നിയോഗിച്ചു. വിശ്വസ്തനായി സേവനം നിർവഹിച്ചതിനാൽ പിതാവ് അദ്ദേഹത്തിനു ശെമ്മാശ്ശുപട്ടം നൽകി. സുറിയാനിപഠനം പ്രയാസമാകയാൽ കുർബാനക്രമം മുഴുവൻ മലയാളത്തിലാക്കി അദ്ദേഹത്തെ പഠിപ്പിച്ചു. പരിശീലനം പൂർത്തിയായതോടുകൂടി വൈദികപട്ടവും കൊടുത്തു. (പുനരൈക്യപ്രസ്ഥാനത്തിൻെറ പ്രാരംഭത്തിൽ അദ്ദേഹം പിതാവിനോടുകൂടി വളരെയധികം പ്രവർത്തിച്ചു.) മുൻപു് പോലീസുകാരനായിരുന്നതുകൊണ്ടു് എല്ലാവരും അദ്ദേഹത്തെ പോലീസച്ചൻ എന്നാണു വിളി

www.malankaralibrary.com



ച്ചിരുന്നതു്. വന്ദ്യപിതാവിന്റെ കല്പനയനുസരിച്ചു് എന്റെ മാതാപിതാക്കളെയും സഹോദരങ്ങളെയും കൂട്ടിക്കൊണ്ടു് ഞാൻ തുമ്പമൺ വടക്കേക്കര പമ്പുമല ബഥനിപ്പള്ളിയിൽ ചെന്നു പൊലീസച്ചനെ കണ്ടു് പിതാവു തന്നയച്ച എഴുത്തു ഞാൻ അദ്ദേഹത്തെ ഏല്പിച്ചു. അതനുസരിച്ചു് എല്ലാവൎക്കും മാമോദീസാ നൽകി പള്ളിക്കടുത്തുള്ള കെട്ടിടത്തിൽ താമസിക്കാൻ വേണ്ട സൗകര്യങ്ങൾ ചെയ്തുതന്നു.

ബഥനിക്കുവേണ്ടി വിശ്രമമില്ലാതെ പ്രവൎത്തിച്ചുകൊണ്ടിരുന്ന മാർ ഈവാനിയോസ് തിരുമേനിയുടെ വലംകൈയായിരുന്ന മാർ തിയോഫിലോസ് തിരുമേനി ആരുടെയും ബുദ്ധിമുട്ടിലും കഷ്ടപ്പാടിലും പങ്കുകൊണ്ടു് ആശ്വാസം പകൎന്നുകൊടുക്കുന്നതിൽ ദത്തശ്രദ്ധനായിരുന്നു.

തിരുവല്ലായിൽ ചേരിയിൽ കൊച്ചുകുഞ്ഞു് എന്നൊരു മാന്യൻ ഉണ്ടായിരുന്നു. ബഥനിപ്പള്ളി സ്ഥാപിക്കുന്നതിനു തിരുവല്ലാ കച്ചേരിക്കു പടിഞ്ഞാറുവശത്തുള്ള സ്ഥലം ശ്രീമാൻ കൊച്ചുകുഞ്ഞിൽനിന്നും മാർ ഈവാനിയോസ് തിരുമേനി വിലയ്ക്കുവാങ്ങിയതാണു്. ബഥനിയോടു വളരെ കൂറുള്ള ഒരാളായിരുന്നു അദ്ദേഹം. മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തിനു് അല്പദിവസങ്ങൾക്കു മുമ്പു് ഒരു കേസിനുവേണ്ടി അദ്ദേഹം തിരുവനന്തപുരത്തേയ്ക്കു പോകുംവഴി ബസ്സിൽ വച്ചു് രോഗബാധിതനായി, ജനറൽ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു. ആശുപത്രിയിൽവച്ചു മരണമടഞ്ഞ



ശ്രീമാൻ കൊച്ചുകുഞ്ഞിന്റെ മൃതദേഹം തിയോഫിലോസ് തിരുമേനിയുടെ ശ്രമഫലമായി തിരുവല്ലായിൽ കൊണ്ടുവരുന്നതിനും തിരുമൂല ചാപ്പൽ അങ്കണത്തിൽ സംസ്കരിക്കുന്നതിനും സാധിച്ചു. മാർ ഈവാനിയോസ് തിരുമേനിയോടൊന്നിച്ചു പുനരൈക്യപ്പെട്ടുമെന്നു തീൎച്ചയായതിനാൽ ശ്രീമാൻ കൊച്ചുകുഞ്ഞിന്റെ വീട്ടിൽ യാക്കോബായക്കാർ ആരുംതന്നെ കയറുകയില്ലായിരുന്നു. ഈ സാഹചര്യത്തിൽ തിരുമേനി മുൻകൈയെടുത്തു തന്റെ ചുമതലയിൽത്തന്നെ ശവസംസ്കാരകൎമ്മങ്ങളെല്ലാം ഭംഗിയായി നിൎവ്വഹിച്ചു.

## പുനരൈക്യസംരംഭം

ദീൎഘവീക്ഷണവിചക്ഷണനായ മാർ ഈവാനിയോസ് തിരുമേനി വൈദികനായിരിക്കുമ്പോൾ സ്ഥാപിച്ച ബഥനിയുടെ സത്യാന്വേഷണ സംരംഭത്തിന്റെ പരിണാമമാണു് പുനരൈക്യപ്രസ്ഥാനമെന്നു പറയാം. സെറാമ്പൂരിൽ പ്രൊഫസറായിരിക്കുമ്പോൾത്തന്നെ പരിശ്രമമാരംഭിച്ചു; ബഥനിയിൽവെച്ചു് അതു് ഉരുത്തിരിഞ്ഞു. അന്നത്തെ യാക്കോബായ മെത്രാന്മാർ പുനരൈക്യപര്യാലോചനകൾക്കു് പിന്തുണയും പ്രോത്സാഹനവും നൽകി. വ്യവഹാരത്തിൽപ്പെട്ടുഴലുന്ന മലങ്കര സുറിയാനിസഭയെ, പരമ്പരാഗതമായ വ്യക്തിത്വവും ആരാധനാക്രമവും പുലൎത്തിക്കൊണ്ടു് സാൎവ്വത്രികസഭയുടെ ഐക്യത്തിലേക്കു് ആനയിക്കുക മഹത്തായ ഒരു കൎത്തവ്യമായി അദ്ദേഹം കരുതി; അതിനു് അടിസ്ഥാനം ഉറപ്പിക്കുന്നതിനുവേണ്ടി, കത്തോലിക്കാസഭയിലെന്ന

www.malankaralibrary.com



വണ്ണം ആശ്രമങ്ങൾ, കന്യാസ്ത്രീമഠങ്ങൾ, അനാഥശാലകൾ, മിഷ്യൻ പ്രവർത്തനം, ആരാധനാലയങ്ങൾ മുതലായവ ബഥനിപ്രസ്ഥാനത്തിന്റെ മുഖ്യഘടകങ്ങളായി രൂപംപ്രാപിച്ചു. അതോടൊപ്പം പുനരൈക്യത്തിനു വഴിയൊരുക്കുന്ന കത്തിടപാടുകൾ യഥാസമയം നടത്തിക്കൊണ്ടുമിരുന്നു.

## ഒരു ധീരമായ പുറപ്പാട്

മാർ ഈവാനിയോസ് തിരുമേനിയും മാർ തിയോഫിലോസ് തിരുമേനിയും ആണ്ടുതോറും തേച്ചിരിപ്പും പിഴിച്ചിലും നടത്തുക പതിവായിരുന്നു. ഇതു പ്രമാണിച്ച് ഏകദേശം മൂന്നുമാസത്തോളം വന്ദ്യതിരുമേനിമാർ വിശ്രമത്തിലായിരിക്കും. ഇങ്ങനെ പെരുനാട്ടിൽ തേച്ചിരിപ്പും പിഴിച്ചിലും കഴിഞ്ഞു വിശ്രമിച്ചുകൊണ്ടിരുന്ന അവസരത്തിൽ ഒരു ദിവസം തിരുവല്ലാ ആശ്രമത്തിൽ ഒരു സംഭവമുണ്ടായി. ആശ്രമത്തിലുണ്ടായിരുന്ന വൈദികരിലൊരാൾ (ഫാദർ ഗീവറുഗീസ്) ഒരു ദിവസം വെളുപ്പിനു് നാലുമണിയോടുകൂടി ആശ്രമത്തിൽനിന്നും ഇറങ്ങി നേരെ ചെത്തിപ്പുഴ (കർമ്മലീത്താ) ആശ്രമത്തിലേയ്ക്കു പോയി. ഈ സംഭവം നടന്നതു് 1929 ഓഗസ്റ്റിലാണു്. അന്വേഷണത്തിൽ വിവരം അറിഞ്ഞ വൈദികർ ഈ വാർത്ത വന്ദ്യതിരുമേനിമാരെ അറിയിച്ചു. എല്ലാവരും വല്ലാതെ വിഷമിച്ചു. അദ്ദേഹം തിരിയെ വരുമെന്ന ധാരണയിൽ വിവരം പുറത്തുവിടാതെ രണ്ടാഴ്ചയോളം കാത്തിരുന്നു. എന്നിട്ടും വരുന്ന ലക്ഷണമില്ല. വിഷമം വർദ്ധിച്ചു, പഥ്യം തീർന്നില്ലെങ്കിലും



വേണ്ടില്ല പോയി ബ. വൈദികനെ തിരിയെകൊണ്ടുവരണമെന്നു തിരുമേനിമാർ തീരുമാനിച്ചു.

വന്ദ്യതിരുമേനിമാർ രണ്ടുപേരുംകൂടി ചെത്തിപ്പുഴ ആശ്രമത്തിൽ ചെന്നു. സുപ്പീരിയർ ആദ്യം വിസമ്മതിച്ചെങ്കിലും പിന്നീടു കാണാൻ അനുവദിച്ചു. കൊവേന്തക്കാരുടെ രീതിയിൽ കുപ്പായവും ധരിച്ച് ആശ്രമത്തിലെ ഒരംഗമായിത്തീർന്നിരുന്ന ഗീവറുഗീസച്ചനെ കണ്ടപ്പോൾ തിരുമേനിമാരുടെ പ്രയാസം പതിന്മടങ്ങു വർദ്ധിച്ചു. അവിടെനിന്നും പിരിഞ്ഞുപോരാൻ ബഹു. വൈദികനോടാവശ്യപ്പെട്ടപ്പോൾ അദ്ദേഹം അതിനു വിസമ്മതിക്കുകയാണു ചെയ്തതു്. അദ്ദേഹത്തിന്റെ ആഗ്രഹം കത്തോലിക്കാസഭയിൽ ഉടനടി ചേരുന്നതിനായിരുന്നു. അങ്ങനെ തിരുമേനിമാർ ചെത്തിപ്പുഴ ആശ്രമത്തിൽനിന്നും തിരിയെ പോന്നു.

ആശ്രമത്തിൽനിന്നും തിരുമേനിമാർ ഇറങ്ങിവരുന്നതു കണ്ട ചില യാക്കോബായ സഹോദരന്മാർ, തിരുമേനിമാർ റോമാ സഭയിൽ ചേരാൻ പോയതാണെന്നു പറഞ്ഞു പരത്തി. ഈ കിംവദന്തി ചങ്ങനാശ്ശേരിയിലും തിരുവല്ലായിലും പടർന്നു. തിരുവല്ലാ ബഥനിപ്പള്ളിക്കു സമീപമുള്ള ചില മാന്യന്മാർ വിവരം എന്നോടു ചോദിച്ചു. ഞാൻ സത്യസ്ഥിതി അവരോടു പറഞ്ഞുവെങ്കിലും അതവർക്കു വിശ്വസനീയമായി തോന്നിയില്ല. പള്ളിയിൽ ബഹളമായി.

കുറെ മാസങ്ങൾ കഴിഞ്ഞു് ഒരു ദിവസം സന്ധ്യയായപ്പോൾ തിരുവല്ലാ ബഥനിപ്പള്ളിക്കു ചുറ്റും ആളു

www.malankaralibrary.com



കൾ തടിച്ചുകൂടി. അവിടെയുണ്ടായിരുന്ന ബഹു. വൈ
ദികർ (ഫാദർ ഏബ്രഹാം, ഫാദർ പക്കോമിയസ്)
തിരുമൂല ആശ്രമത്തിലേയ്ക്കു പോയി. പിറേറദിവസം
ഇടവകക്കാർ പള്ളിയിൽ വന്ന് പള്ളി തുറക്കാത്ത
തിൽ പ്രതിഷേധം രേഖപ്പെടുത്തി. അടുത്ത ഞായറാ
ഴ്ച പള്ളി തുറന്നില്ലെങ്കിൽ കതക ചവുട്ടിത്തുറന്ന് അ
കത്തു കടക്കുമെന്ന് മുന്നറിയിപ്പു നൽകിയിട്ട് അവർ
സ്ഥലംവിട്ടു.

## പള്ളിയിൽ ബഹളം

ഈ സംഭവം, അവിടെയുണ്ടായിരുന്ന മാനേജർ
ചാക്കോച്ചൻ പിതാവിനെ അറിയിച്ചു. ഈ അവസ
രത്തിൽ പിതാവ് പെരുനാട്ടിലായിരുന്നു. പിറേറ ഞാ
യറാഴ്ച പള്ളിയിൽ വായിക്കാൻ ഒരു കല്പന തിരുമേനി
കൊടുത്തയച്ചു. "ചേരിയിൽ ശ്രീമാൻ കൊച്ചുകുഞ്ഞു
എനിക്കെഴുതിത്തന്ന സ്ഥലത്തുഎന്തും ചെയ്യുന്നതിനുള്ള
അധികാരം എനിക്കുണ്ടെന്നും കുർബാന കഴിഞ്ഞു പ
ള്ളി പൂട്ടി താക്കോൽ ട്രസ്റ്റിയായ മേളാമ്പറമ്പിൽ വല്യ
കുഞ്ഞിനെ ഏല്പിക്കണമെന്നും" ആയിരുന്നു കല്പന.
കല്പന വായിച്ചു കേട്ടപ്പോഴേക്കും നിയന്ത്രണാതീതമായ
ബഹളം പള്ളിയിലുണ്ടായി. വി. കുർബാന കഴിഞ്ഞു
പള്ളി പൂട്ടി താക്കോൽ ട്രസ്റ്റിയെ ഏല്പിച്ചു. അന്നു
വൈകിട്ടു സന്ധ്യാപ്രാർത്ഥനയ്ക്കു ആളുകൾ വന്ന് താ
ക്കോൽ കൊടുക്കണമെന്ന് എന്നോടു പറഞ്ഞു. താ
ക്കോൽ എൻെറ കൈവശമില്ലെന്നു ഞാൻ പറഞ്ഞു.



അപ്പോൾ അവർ അടുക്കളയുടെ താക്കോൽ ആവശ്യ
പ്പെട്ടു. അതു തരാൻ സാദ്ധ്യമല്ലെന്നു ഞാൻ പറഞ്ഞു.
കൂടിയവരിൽ ഒരുവൻ വന്ന് എൻെറ ചെകിട്ടത്തു
ഒരടി അടിച്ചു. ഒററയ്ക്കെതിർക്കാൻ സാദ്ധ്യമല്ലാത്തതി
നാൽ മിണ്ടാതെ നിൽക്കുന്നതിനേ എനിക്കു കഴി
ഞ്ഞുള്ളു.

അടുത്ത ഞായറാഴ്ച ബഹളമുണ്ടാകുമെന്നും ഒരാക്ര
മണംതന്നെ നടത്താൻ ആളുകൾ തയ്യാറായിരിക്കുകയാ
ണെന്നും മാനേജർചാക്കോച്ചൻ തിരുമേനിയെ അറി
യിച്ചു. തിരുമേനിയുടെ നിർദ്ദേശപ്രകാരം മാനേജർ
ചാക്കോച്ചൻ തിരുവനന്തപുരത്തു പോയി ശ്രീമാൻ
ഐ. സി. ചാക്കോയുടെ സഹായത്താൽ അന്നത്തെ
ദിവാനെ കണ്ടു, സുശക്തമായ പോലീസ് സംരക്ഷണം
നൽകുന്നതിനു ഏർപ്പാടു ചെയ്തു.

അക്രമാസക്തരായ ആളുകൾ പിറേറ ഞായറാഴ്ച
പള്ളിമുററത്തു തടിച്ചുകൂടി. മുൻകരുതൽ ഉണ്ടായിരുന്ന
തിനാൽ ഒരു സംഘം പോലീസുകാർ കൃത്യസമയത്തു അ
വിടെ എത്തി. എ. എസ്. പി. പള്ളി തുറന്നപ്പോൾ
ആളുകൾ പള്ളിയ്ക്കകത്തേക്കു തള്ളിക്കയറി ബഹളമു
ണ്ടാക്കി. പൊലീസ് എല്ലാവരെയും വെളിയിലാക്കി
പള്ളി പൂട്ടി സീൽചെയ്തു. ആരാധന നടത്തുന്നതിനു
സ്ഥലമില്ലാതെ വന്നപ്പോൾ മാർ ഈവാനിയോസ് തി
രുമേനിയുടെ അനുഭാവികളായ കുറേപ്പേർ അന്നു രാത്രി
തന്നെ തിരുവല്ലാ ഗവണ്മെൻറാശുപത്രിയുടെ കിഴക്കു
വശത്തായി, മാനേജർ ചാക്കോച്ചൻ പാട്ടത്തിനു വാ
ങ്ങിയ സ്ഥലത്തു ഒരു ഷെഡ്ഡ് ഉണ്ടാക്കി.

www.malankaralibrary.com



ബഥനി മെത്രാന്മാർ കത്തോലിക്കാസഭയിൽ ചേർന്നു എന്ന ജനങ്ങളുടെ തെററിദ്ധാരണ പൂർവ്വാധികം വർദ്ധിച്ചു. ഇക്കാരണത്താൽ വന്ദ്യതിരുമേനി വളരെയധികം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നു.

## പുനരൈക്യത്തിന്റെ തുടക്കവും എതിർപ്പുകളും

കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിനു വേണ്ടി മാർ ഈവാനിയോസ് തിരുമേനി സ്വന്തനിലയിലും യാക്കോബായമെത്രാന്മാരുടെ പ്രതിനിധിയായും വളരെയധികം എഴുത്തുകുത്തുകൾ നടത്തിയിട്ടുണ്ട്. സ്ഥലപരിമിതിയാൽ ചുരുക്കം ചില സംഗതികൾ മാത്രമേ ഇവിടെ പ്രസ്താവിക്കുന്നുള്ളു. പുനരൈക്യം കഴിയുന്നതും വേഗം സാധ്യമാകണമെന്ന ഉദ്ദേശത്തോടെ മോറാൻ മാർ ബസ്സേലിയോസ്, മാർ ഗ്രിഗോറിയോസ് എന്നീ മെത്രാന്മാരുമായി സഹകരിച്ച് 1926-ലും, 1927-ലും രണ്ടു മെമ്മോറാണ്ടം റോമിലേക്കയയ്ക്കുകയുണ്ടായി. മലങ്കര യാക്കോബായ ആരാധനക്രമവും മററും കത്തോലിക്കാ വിശ്വാസത്തിനും പാരമ്പര്യത്തിനും വിരുദ്ധമല്ലെന്നും, സാർവ്വത്രികസഭയുടെ അംഗത്വത്തിന് അനുയോജ്യമാണെന്നും മാർപ്പാപ്പായ്ക്കു ബോദ്ധ്യം വന്നതിനുശേഷമേ പുനരൈക്യത്തിനു അനുവാദം ലഭിക്കുമായിരുന്നുള്ളു. അക്കാരണത്താൽ മെമ്മോറാണ്ടത്തെ തുടർന്ന് വളരെയധികം വിശദീകരണങ്ങൾ നൽകുകയും എഴുത്തുകുത്തുകൾ നടത്തുകയുമുണ്ടായി. ഇ



തിനിടെ വട്ടിപ്പണക്കേസിൽ മെത്രാൻകക്ഷിക്ക് അനുകൂലമായ വിധിയുണ്ടായതിനാൽ പുനരൈക്യസംരംഭത്തിൽനിന്ന് മിക്ക മെത്രാന്മാരും പിന്മാറുകയും ഭൂരിപക്ഷത്തിന്റെ ഈ പിന്മാററം പുനരൈക്യാനുവാദത്തിനു അമാന്തമുണ്ടാക്കുകയും ചെയ്തു
(ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്, അദ്ധ്യായം 22, 28 നോക്കുക)

കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിനു തയ്യാറായിരുന്ന മെത്രാന്മാർ പിന്മാറിയതിനാൽ വീണ്ടും മാർപ്പാപ്പായ്ക്ക് എഴുതുക സാദ്ധ്യമല്ലെന്നുള്ള ഇൻഡ്യൻ ഡലിഗേററിന്റെ മറുപടിക്കത്ത് മാർ ഈവാനിയോസ് തിരുമേനിയെ വളരെയധികം വിഷമിപ്പിച്ചു. എങ്കിലും അദ്ദേഹം നിരാശനാകാതെ മാർപ്പാപ്പായുമായി കത്തിടപാടുകൾ നടത്തിക്കൊണ്ടിരുന്നു. ചില യാക്കോബായ സഹോദരന്മാർ പുനരൈക്യത്തിനെതിരായ സംരംഭങ്ങളിൽ വ്യാപൃതരായി. ഭിന്നാഭിപ്രായസംഘട്ടനങ്ങളുടെ ഫലം കലാപമെന്നു മനസ്സിലാക്കിയ വന്ദ്യപിതാവ് ബഥനിക്കുണ്ടായിരുന്ന സകല സ്വത്തുക്കളും ഉപേക്ഷിച്ചുകൊണ്ട് പെരുനാട് ആശ്രമം വിട്ടു പോരുവാൻ തീരുമാനിച്ചു. അദ്ദേഹം ഒരുദിവസം ആശ്രമസ്ഥരോടായി ഇങ്ങനെ പറഞ്ഞു: "എന്നോടുകൂടി പോരുന്നവർ അങ്ങനെ ചെയ്യട്ടെ. ആരെയും (അതിലേക്ക്) നിർബന്ധിക്കുന്നില്ല" അദ്ദേഹം അവിടെനിന്നും പുറപ്പെട്ടു. അന്തേവാസികളിൽ ബഹുഭൂരിപക്ഷവും ആ മഹാത്മാവിനെ അനുഗമിച്ചു. ഭക്ഷണവും പാർപ്പിടവും സർവ്വശക്തനായ ദൈവം കരുതിക്കൊള്ളുമെന്നുള്ള പരിപൂർണ്ണ

www.malankaralibrary.com



വിശ്വാസത്തിലാണ് പുറപ്പാട്. ഏതാനും പുസ്തകങ്ങളും പാത്രങ്ങളും ഗ്രന്ഥശേഖരവും മാത്രമാണ് കൊണ്ടുപോന്നത്. മാർഗ്ഗമദ്ധ്യേ കോഴഞ്ചേരിക്കടുത്തു ആറാട്ടുകടവിൽവച്ചു കാഞ്ഞിരത്തുങ്കൽ കുട്ടി എന്നൊരു മാന്യനെ യദൃച്ഛയാ കണ്ടുമുട്ടി. വിവരം ഗ്രഹിച്ച അദ്ദേഹം തിരുമേനിയേയും മററും നിർബന്ധിച്ച് വെണ്ണിക്കുളത്തേക്ക് ആനയിച്ചു. ഭാവിപരിപാടികൾക്കുവേണ്ടി എന്തു സഹായവും ചെയ്യാൻ താൻ ഒരുക്കമാണെന്നു അദ്ദേഹം പിതാവിനെ അറിയിച്ചു. അതാണ് ദൈവഹിതമെന്നുറച്ച് അദ്ദേഹത്തിൻെറ വസതികളിലൊന്നിൽ തൽക്കാലം താമസമാക്കി. വെണ്ണിക്കുളത്തിൻെറയും പുല്ലാടിൻെറയും അതിർത്തിയിൽ കുറേ സ്ഥലം വിലയ്ക്കു വാങ്ങി; ഒരു ആശ്രമവും ചാപ്പലും നിർമ്മിക്കുകയും പുനരൈക്യപരിശ്രമം വിപുലമാക്കുകയും ചെയ്തു; യാക്കോബായസഹോദരങ്ങളിൽ നിന്നും നിരന്തരമായുണ്ടായിക്കൊണ്ടിരുന്ന പീഡനങ്ങളെല്ലാം ക്രിസ്തുനാഥനിൽ സമർപ്പിച്ചുകൊണ്ട് തൻെറ ലക്ഷ്യത്തിലേക്ക് മാർ ഈവാനിയോസ് തിരുമേനി സധൈര്യം മുന്നേറി.

## പുനരൈക്യത്തിൻെറ വിപുലീകരണം

കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിനു യാക്കോബായ സഹോദരങ്ങളിൽ ചുരുക്കം ചിലർ മാത്രമാണ് അനുകൂലികളായുണ്ടായിരുന്നത്. ഒരു പുതിയ റീത്തിനു രൂപം നൽകി പരിശുദ്ധ സിംഹാസനത്തിൻെറ അംഗീകാരം നേടുന്നതിനാണ് മാർ ഈവാനിയോസ് തിരുമേനി തൻെറ മുഴുവൻ ശ്രദ്ധയും കേന്ദ്രീക



രിച്ചത്. പക്ഷേ, തൻെറ ലക്ഷ്യപ്രാപ്തിക്ക് സംഖ്യാബലം അത്യന്താപേക്ഷിതമായിരുന്നു. സാമാന്യം വിപുലമായ ഒരു പ്രസ്ഥാനം വളർത്തിയെടുത്തെങ്കിലേ തൻെറ ഉദ്യമം സഫലമാകു എന്നറിയാമായിരുന്ന വന്ദ്യതിരുമേനി, പുനരൈക്യപ്രസ്ഥാനത്തിൻെറ വിപുലീകരണത്തിനുള്ള പരിപാടികൾ ആസൂത്രണംചെയ്തു. യാക്കോബായസഹോദരന്മാരുടെ എതിർപ്പുകാരണം അദ്ദേഹത്തിൻെറ ഉദ്യമം അത്ര എളുപ്പമായിരുന്നില്ല. ബഥനി സന്ന്യാസികളിൽ ചിലർ തൻെറ സംരംഭങ്ങൾക്ക് എതിരായി നിന്നതു അദ്ദേഹത്തെ വേദനിപ്പിച്ചു. എങ്കിലും അല്പവും നിരാശനാകാതെ എന്തു ത്യാഗം സഹിച്ചും പുനരൈക്യപ്രസ്ഥാനം വളർത്തിയെടുക്കും എന്നദ്ദേഹം ദൃഢനിശ്ചയം ചെയ്തു. ഒരു പുതിയ പന്ഥാവു വെട്ടിത്തുറന്നു. പിന്നോക്കസമുദായങ്ങളിൽപ്പെട്ടവരെ കൂട്ടത്തോടെ പ്രസ്ഥാനത്തിൽ ചേർക്കുക; അന്നു അതു ഒരു സാഹസികസംരംഭമായിരുന്നു. പാവപ്പെട്ടവരുടെയിടയിൽ ക്രിസ്തുവിൻെറ വെളിച്ചം പകരാൻ ദീപശിഖയുമേന്തി സധൈര്യം ഇറങ്ങിച്ചെന്ന അദ്ദേഹത്തെ പ്രകീർത്തിക്കാതിരിപ്പാൻ സാധ്യമല്ല. അടിമകളുടെ സ്വാതന്ത്ര്യത്തിനായി പടപൊരുതിയ എബ്രഹാം ലിങ്കനെപ്പോലെ ഈ കൊച്ചു കേരളത്തിൽ മാർ ഈവാനിയോസ് തിരുമേനി ക്രിസ്തുവിൻെറ നാമത്തിൽ പാവപ്പെട്ടവർക്കുവേണ്ടി ഒരു വിമോചനപ്രസ്ഥാനം നയിച്ച് വിജയം വരിച്ചു.

www.malankaralibrary.com



## ഹരിജനങ്ങൾക്കിടയിൽ പ്രചാരണവും സവർണ്ണരുടെ എതിർപ്പും

ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലമാണു പുല്ലാട്ട്. അവിടെയാണ് വന്ദ്യപിതാവു ഹരിജനങ്ങളുടെയിടയിൽ പ്രവർത്തനം ആദ്യമായി ആരംഭിച്ചതു്. പുലയസമുദായത്തിൽപ്പെട്ട കുറെ ആളുകളെ മാമോദീസാ കൊടുത്തു് തൻ്റെ പ്രസ്ഥാനത്തിൻ്റെ അംഗങ്ങളാക്കി. തീണ്ടലും തൊടീലും വളരെ പ്രബലമായിരുന്ന ഈ കാലഘട്ടത്തിൽ പാവപ്പെട്ട ഹരിജനങ്ങൾ വളരെ അസ്വാതന്ത്ര്യം അനുഭവിച്ചിരുന്നു സവർണ്ണരുടെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന അവശസമുദായത്തിനു മാർ ഈവാനിയോസ് തിരുമേനിയുടെ ഈ സംരംഭം വളരെ ആശ്വാസകരമായിരുന്നു. ഓതറ എന്ന സ്ഥലത്തു ഒരു ചാപ്പൽ ഉണ്ടാക്കി; ഏകദേശം ഇരുനൂററമ്പതോളം ആളുകളെ (പുലയർ) മാനസാന്തരപ്പെടുത്തി മാമോദീസാ കൊടുത്തു സഭയോടു ചേർത്തു. ഈ രണ്ടു സ്ഥലങ്ങളിലും ഇങ്ങനെ ക്രിസ്തുമതം സ്വീകരിച്ച ഹരിജനങ്ങളെ യാക്കോബായക്കാർ വെറുതേ വിട്ടില്ല. പലതരത്തിലുള്ള ഉപദ്രവങ്ങൾ പുതുക്രൈസ്തവർ സഹിക്കേണ്ടിവന്നിട്ടുണ്ടു്. ആരുടെയും കണ്ണിൽപ്പെടാതെ ഒളിച്ചും പതുങ്ങിയുമാണ് ഇക്കൂട്ടർ പള്ളിയിൽ പൊയ്ക്കൊണ്ടിരുന്നതു്. വളരെയധികം ഉപദ്രവങ്ങൾ ഏൽക്കേണ്ടിവന്നതു് എനിക്കും ചെന്നിത്തല കിളയ്ക്കാടൻകുററി ഗീവറുഗീസ് ഉപദേശിക്കും കുടുംബാംഗങ്ങൾക്കുമാണ്. അന്നു് ഗീവറുഗീസ് ഉപദേശിയെ കൂടാതെ അദ്ദേഹത്തിൻ്റെ മകൻ



ശ്രീ എം. ജി. മാത്യുവും ഉപദേശിവേല ചെയ്തിരുന്നു. ഏതെല്ലാം വിധത്തിൽ ഉപദ്രവിച്ചിട്ടും അവരെ ക്രിസ്തീയവിശ്വാസത്തിൽനിന്നും പിന്തിരിപ്പിക്കാൻ ആർക്കും കഴിഞ്ഞില്ല. എന്നുതന്നെയല്ല, അവരുടെ വിശ്വാസത്തിൻ്റെ ആഴം വർദ്ധിപ്പിക്കുകയാണുചെയ്തതു്.

## ഗീവറുഗീസ് ഉപദേശി

ശ്രീമാൻ ഗീവറുഗീസ് ഉപദേശിയെക്കുറിച്ചു് അല്പം പറയുന്നതു് അസ്ഥാനത്താകയില്ലെന്നു ഞാൻ കരുതുന്നു. അദ്ദേഹംതന്നെ എഴുതിവച്ചിരുന്ന കാര്യങ്ങളാണു് ഞാൻ ഇവിടെ ചേർക്കുന്നതു്. കൊല്ലവർഷം 1057-ൽ ചെന്നിത്തല കിളയ്ക്കാടൻകുററി വീട്ടിൽ ഇസഹാക്കിൻ്റെയും മാത്തയുടെയും മകനായി ജനിച്ചു. 1072-ൽ ചെന്നിത്തല യാക്കോബായപ്പള്ളിയിൽവച്ചു്, കാലംചെയ്ത പരുമല മാർ ഗ്രിഗോറിയോസ് തിരുമേനിയിൽനിന്നും മാമോദീസാ സ്വീകരിച്ചു. ഗീവറുഗീസ് ഉപദേശിയുടെ അപ്പൻ്റെ പരിശ്രമത്താൽ 225 പേർകൂടി ഉപദേശിയോടൊപ്പം മാർ ഗ്രിഗോറിയോസ് തിരുമേനിയിൽനിന്നും മാമോദീസാ സ്വീകരിച്ചു. മാമോദീസാ കഴിഞ്ഞു മുററത്തിറങ്ങിയപ്പോൾ മാർ ഗ്രിഗോറിയോസ് തിരുമേനി ഉപദേശിയുടെ തലയിൽ കൈയ്‌വച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു "നീ അനുഗൃഹീതനാണു്; എന്തുകൊണ്ടെന്നാൽ ദൈവവിശ്വാസത്തിലും പൊതുപ്രവർത്തനങ്ങളിലും നേതൃത്വം വഹിക്കുന്ന ആളിൻ്റെ മകനാണു്."

മുടങ്ങാതെ പള്ളിയാരാധനയിൽ സംബന്ധിക്കുന്നതോടൊപ്പം പരുമല, ചെന്നിത്തല എന്നീ മിഷൻസ്ഥ

www.malankaralibrary.com



ലങ്ങളിൽ വീട്ടുസന്ദർശനം നിർവഹിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഗീവറുഗീസ് ഉപദേശി മാർ ഈവാനിയോസ് തിരുമേനിയുമായി പരിചയപ്പെട്ടതു്. പുതുക്രിസ്ത്യാനികൾക്കു മാത്രമായി തയ്യാറാക്കിയിരുന്ന പരുമല ചാപ്പലിൽ ഒരു ഞായറാഴ്ച ബഹുമാനപ്പെട്ട ഗീവറുഗീസ് ശെമ്മാശൻ (മാർ ഈവാനിയോസ് തിരുമേനി) വരികയുണ്ടായി. ഉപദേശി, പാവപ്പെട്ടവരോട്, ദൈവമുണ്ടെന്നും ദൈവത്തെ സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യേണ്ടതു് നമ്മുടെ കടമയാണെന്നും മററും പറഞ്ഞു പഠിപ്പിച്ചുകൊണ്ടിരിക്കുന്ന അവസരത്തിലായിരുന്നു ശെമ്മാശന്റെ വരവ്. ശെമ്മാശൻ, ചാപ്പലിൽ ഉള്ളവരാരും അറിയാതെ കുറെനേരം വെളിയിൽനിന്നു് വേദപാഠക്ലാസ്സ് ശ്രദ്ധിച്ചു. അതു കഴിഞ്ഞു് ചാപ്പലിൽ കയറി അവിടെ കൂടിയിരുന്നവരോടിങ്ങനെ പറഞ്ഞു. "ഞാൻ ഗീവറുഗീസ് ഉപദേശിയുടെ പ്രസംഗം കേട്ടുകൊണ്ടു് പുറത്തു നിൽക്കുകയായിരുന്നു. നിങ്ങളുടെ ഉപദേശിയെ മാർ ഗ്രിഗോറിയോസ് തിരുമേനി അനുഗ്രഹിച്ചതു് വളരെ അർത്ഥവത്തായി എനിക്കു തോന്നുന്നു. അതോടൊപ്പം സന്തോഷവും. ഉപദേശിക്കു് ദീർഘായുസ്സും അനുഗ്രഹങ്ങളും നൽകണമെന്നു് സർവ്വശക്തനോട് ഞാൻ പ്രാർത്ഥിക്കുന്നു. ഗീവറുഗീസ് ഉപദേശിയെ എന്റെ സ്ഥിരം ഉപദേശിയായി എടുക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതിനു അനുവാദം തരണമെന്നു് ഗ്രിഗോറിയോസ് തിരുമേനിയോടപേക്ഷിക്കുന്നതാണ്. പക്ഷേ, ആളു വളരെ ചെറുപ്പമാണ്......1078-ൽ ഉപ



ദേശി ബഹു. ശെമ്മാശന്റെകൂടെ ഉപദേശിയായി ജോലിയാരംഭിച്ചു. പരുമല, ചെന്നിത്തല, ശൂരനാട്, വന്മഴി, മാന്നാർ, വെമ്പാല, വാണാഞ്ചിറ, വെണ്ണിക്കുളം എന്നീ സ്ഥലങ്ങളിലാണ് അദ്ദേഹം ഉപദേശിയായി ജോലിനോക്കിയിരുന്നതു്. 1079 ഇടവം 16-ാം നു- ഗീവറുഗീസ് ഉപദേശി വിവാഹിതനായി. 1101-ൽ മാർ ഈവാനിയോസ് തിരുമേനിയുടെ കല്പനയനുസരിച്ചു് കുടുംബസമേതം വെണ്ണിക്കുളത്തു ബഥനിപ്പള്ളിക്കടുത്തു് താമസമാക്കുകയും കർത്താവിന്റെ വേല തുടരുകയും ചെയ്തു. സുറിയാനി ക്രിസ്ത്യാനികളിൽനിന്നും ലഭിച്ചിരുന്ന പിടിയരികൊണ്ടു കുടുംബകാര്യങ്ങൾ ഭംഗിയായി നടന്നുവന്നു.

ക്രി. വ. 1930-ൽ ഉപദേശിയും കുടുംബവും തിരുമേനിയുടെകൂടെ കത്തോലിക്കാസഭയിൽ ചേർന്നു. ഞങ്ങൾ പെരുനാട്ടിലായിരുന്നപ്പോൾ ഒരുദിവസം തിരുമേനിയെ കാണാൻ ഗീവറുഗീസ് ഉപദേശി അവിടെ വന്നിരുന്നു. അന്നാണു ഞാൻ ആദ്യമായി അദ്ദേഹത്തെ കാണുന്നതു്.

ഉപദേശിയും കുടുംബവും കത്തോലിക്കാസഭയിൽ ചേർന്നതുനിമിത്തം വൈരാഗ്യംമൂത്ത യാക്കോബായക്കാർ പലതരത്തിലും അവരെ വളരെയധികം ഉപദ്രവിച്ചിരുന്നു.

ഒരുദിവസം വീട്ടിലേയ്ക്കു പോകുന്ന വഴി ഗീവറുഗീസ് ഉപദേശിയുടെ മകൻ എം. ജി. കുട്ടിയെ കുലീനനായ ഒരു യാക്കോബായ യുവാവ് ഒളിച്ചിരുന്നു് ആക്രമിച്ചു. (പുനരൈക്യത്തിനു മുൻപുവരെ അവർ

www.malankaralibrary.com



നല്ല അയൽക്കാരായിരുന്നു.) നിലവിളികേട്ട് ആളുകൾ ഓടിക്കൂടിയപ്പോൾ അക്രമി ഓടിക്കളഞ്ഞു. തലയ്ക്കു ക്ഷതമേററ കുട്ടിയെ തിരുവല്ലാ ആശുപത്രിയിലാക്കി. ഇങ്ങനെ തുടർച്ചയായുള്ള ഉപദ്രവങ്ങൾകൊണ്ടു പൊറുതിമുട്ടിയ ഉപദേശിയും കുടുംബവും പരുമലയ്ക്കു താമസം മാററി. വന്ദ്യപിതാവ് വാങ്ങിയ സ്ഥലത്ത് ഒരു ചാപ്പൽ ഉണ്ടാക്കി അതിന്റെ ചുമതല ഗീവറുഗീസ് ഉപദേശിയെ ഏല്പിച്ചിരുന്നു. പിന്നീട് അവിടെ ബഥനിക്കുണ്ടായിരുന്ന ക്രിസ്തീയ കുടുംബങ്ങളെ ആവശ്യപ്പെടുമ്പോൾ വിട്ടുതരണമെന്ന കരാറിൽ കൊല്ലംരൂപതയുടെ ലത്തീൻ ഇടവകയിലേയ്ക്കു വിട്ടുകൊടുക്കുകയും ഉപദേശിയേയും കുടുംബത്തെയും തിരുവനന്തപുരത്തേയ്ക്കു കൊണ്ടുവരികയും ചെയ്തു. ശ്രീമാൻ ഗീവറുഗീസ് ഉപദേശി മൺമറഞ്ഞുവെങ്കിലും അദ്ദേഹത്തിന്റെ മകൻ എം. ജി. കുട്ടിയും കുടുംബവും ഇന്നും കത്തോലിക്കാ വിശ്വാസത്തിൽ തിരുവനന്തപുരത്തു താമസിക്കുകയാണ്.

മാർ ഈവാനിയോസ് തിരുമേനി വൈദികനായിരുന്ന കാലത്ത് പരുമല പള്ളിയുടെ ചുമതല വഹിച്ച് കുറേനാൾ അവിടെ കഴിഞ്ഞിരുന്നു. ഇക്കാലത്ത് പിന്നോക്കസമുദായക്കാരുടെ ഇടയിൽ ക്രിസ്തീയവിശ്വാസം പ്രചരിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹം ഹരിജൻ ഭവനങ്ങൾ സന്ദർശിക്കുക പതിവായിരുന്നു. അദ്ദേഹത്തിന്റെ നിരന്തരമായ കുടുംബസന്ദർശനവും ഉപദേശവും ധാരാളം ഹരിജനങ്ങളെ ക്രിസ്തുമതത്തിലേക്ക് ആകർഷിക്കുന്നതിന് ഇടയാക്കി. അങ്ങനെ അദ്ദേഹം (എം.



എ. അച്ചൻ) പാവപ്പെട്ടവർക്കെല്ലാം പ്രിയങ്കരനായിത്തീർന്നു. സഭയോടു താൽപര്യം പ്രകടിപ്പിക്കുന്നവരെയെല്ലാം മാമോദീസാ മുക്കുവാനും, വിവാഹിതർക്ക് വിവാഹനവീകരണം നടത്തുന്നതിനും അദ്ദേഹം തീരുമാനിച്ചു.

## വിവാഹനവീകരണവും എതിർപ്പും

ഒരുദിവസം, വിവാഹിതരായ ഹരിജനങ്ങൾ എല്ലാവരും പള്ളിയിൽ വരുന്നതിനും വിവാഹനവീകരണം നടത്തുന്നതിനും ഏർപ്പാടുകൾ നേരത്തേ ചെയ്തിരുന്നു. എന്നാൽ ഈ സംരംഭം വിചാരിച്ചതുപോലെ അത്ര എളുപ്പമല്ലെന്ന് അധികം താമസിയാതെ അദ്ദേഹത്തിനു മനസ്സിലായി. യാക്കോബായക്കാരിൽനിന്നുതന്നെ വളരെ എതിർപ്പുകളുണ്ടായി. പിന്നോക്കസമുദായത്തിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർ പൂർവ്വക്രിസ്ത്യാനികളോടൊപ്പം പള്ളിയിൽ ആരാധനയിൽ സംബന്ധിക്കുന്നതിന് അന്ന് അനുവദിക്കപ്പെട്ടിരുന്നില്ല.

വന്ദ്യപിതാവിന്റെ തീരുമാനത്തെ എതിർക്കുവാനും തടസ്സപ്പെടുത്തുവാനും അവിടത്തെ പ്രധാന യാക്കോബായകുടുംബക്കാർ തീർച്ചപ്പെടുത്തിയിരിക്കുന്നതായി വിവരം അദ്ദേഹത്തിനു ലഭിച്ചു. ആക്ഷേപിക്കുവാനും പ്രതിബന്ധങ്ങൾ സൃഷ്ടിക്കുവാനും ആളുകൾ തയ്യാറെടുത്തു നിൽക്കുമ്പോൾ അവരോടു മല്ലിടുക എളുപ്പമല്ലെന്നു മനസ്സിലാക്കിയ തിരുമേനി കൗശലത്തിൽ കാര്യം സാധിക്കണമെന്നു തീരുമാനിച്ചു. ആരാധന തുടങ്ങുന്നതിനു രണ്ടു മണിക്കൂർ മുമ്പേ ഹരിജനങ്ങൾ എല്ലാവരും

www.malankaralibrary.com



പള്ളിയിൽ എത്തിയിരിക്കണമെന്നു രഹസ്യമായി എല്ലാവരെയും അറിയിച്ചു. നല്ലവസ്ത്രങ്ങൾ ഇല്ലാതിരുന്നവർക്കു നേരത്തേതന്നെ വസ്ത്രങ്ങൾ സംഭാവന ചെയ്തിരുന്നു. പറഞ്ഞിരുന്നതുപോലെതന്നെ വെളുപ്പിനു ഹരിജനങ്ങളെല്ലാം പള്ളിയിൽ വന്നു. മാമോദീസായ്ക്കുശേഷം വിവാഹിതരായവരെ ക്രിസ്തീയചട്ടങ്ങളനുസരിച്ച് ഭർത്താവിനെക്കൊണ്ടു ഭാര്യയുടെ കഴുത്തിൽ താലി കെട്ടിച്ചു. വിവാഹിതരുടെ എണ്ണമനുസരിച്ച് മിന്നുകൾ അദ്ദേഹം നേരത്തേ കരുതിയിരുന്നു. ഇടവകാംഗങ്ങൾ വി. കുർബാനയ്ക്കു പള്ളിയിൽ എത്തിയപ്പോൾ ചടങ്ങുകൾ എല്ലാം കഴിഞ്ഞിരുന്നു. കാര്യം മനസ്സിലാക്കിയ ഇടവകാംഗങ്ങളിൽ ചിലർ രോഷാകുലരായി. "ചട്ടയും മുണ്ടും നേര്യതും വാങ്ങിക്കൊടുത്ത് ഒരുപുലയിയെ മിന്നുകെട്ടി അച്ചനും കൊണ്ടുപോകാമല്ലോ" എന്നു പറഞ്ഞു പരിഹസിച്ചു. എന്നു മാത്രമല്ല, ഒരുകൂട്ടർ വലിയ ബഹളമുണ്ടാക്കുകയും ചെയ്തു. എം. എ. അച്ചൻ സെമിനാരിയുടെ മുകളിൽ കയറിനിന്നുകൊണ്ട് രോഷാകുലരായ ജനങ്ങളോടിങ്ങനെ പറഞ്ഞു: "നിങ്ങളിപ്പോൾ വഴക്കുണ്ടാക്കുവാൻ ഭാവിക്കുന്നു. നിങ്ങളെയെല്ലാം ഞാൻ ഒരു കോർമ്പലിൽ കോർത്തില്ലെങ്കിൽ ഞാൻ വിശ്വസിക്കുന്നതു സത്യദൈവത്തിലല്ലെന്നോർത്തുകൊള്ളുക." വിവിധ ജാതിയിൽപ്പെട്ടവരെ തന്റെ പ്രസ്ഥാനത്തിന്റെ അംഗങ്ങളാക്കുമെന്ന അദ്ദേഹത്തിന്റെ പ്രവചനം അക്ഷരംപ്രതി അന്വർത്ഥമായി എന്നു എന്നെപ്പോലെ അനുവാചകർക്കും അറിയാവുന്നതാണല്ലോ.



ഹരിജനങ്ങളിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവരെ, മറ്റുള്ളവരോടൊപ്പം ആരാധന നടത്തുന്നതിനു അവിടത്തെ ഉന്നതകുടുംബക്കാർ അനുവദിക്കാതിരുന്നതിനാൽ അവശക്രൈസ്തവർക്കായി പ്രത്യേകിച്ച് ഒരു ഷെഡ്ഡുണ്ടാക്കിയാണ് ആരാധനയും വേദപാഠക്ലാസ്സും നടത്തിയിരുന്നത്. പുനരൈക്യപ്പെട്ടതിനു ശേഷം ഒരു ചാപ്പൽ അവിടെയുണ്ടാക്കുകയും പുതിയ മിഷൻപ്രവർത്തനം നടത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്തു. പരുമല പ്രദേശത്തു ഹരിജനങ്ങളിൽനിന്നും ചേർന്ന കുറെപ്പേരല്ലാതെ യാക്കോബായ സഭയിൽനിന്നും പുനരൈക്യപ്പെട്ടവർ ആരുംതന്നെയുണ്ടായിരുന്നില്ല. ഹരിജനങ്ങൾ ആദ്യമായി യാക്കോബായസഭയിൽ ചേർന്നത് പരുമലയാണെന്നാണ് പറയപ്പെടുന്നത്. ഈ സ്ഥലത്തു പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രചാരകനായി നിയുക്തനായത് മുൻപറഞ്ഞ ഗീവറുഗീസ് ഉപദേശിയാണ്.

അഭിവന്ദ്യ തിരുമേനിയുടെ മിഷൻപ്രവർത്തനങ്ങളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സ്ഥലമത്രേ തുമ്പമൺ വടക്കേകര. പമ്പുമല ബഥനിപ്പള്ളിയുടെ സമീപപ്രദേശങ്ങളാണ് പ്രവർത്തനപരിധിയിൽപ്പെടുന്നത്. ഈ പ്രദേശത്ത് അധിവസിച്ചിരുന്ന ഈഴവരുടെയിടയിലാണ് മിഷൻപ്രവർത്തനമാരംഭിച്ചത്. ഇതിന് ഒരു പ്രത്യേക കാരണമുണ്ടായിരുന്നു. ക്ഷേത്രപ്രവേശനത്തിനുവേണ്ടി ബഹളം നടന്നുകൊണ്ടിരുന്ന കാലഘട്ടമായിരുന്നു അത്. ക്ഷേത്രപ്രവേശനം നൽകുന്നില്ലെങ്കിൽ

www.malankaralibrary.com


ഈഴവരും മററു പിന്നോക്കവർഗ്ഗങ്ങളും ഹിന്ദുമതത്തിൽ നിന്നും പിരിഞ്ഞുപോകാൻ ഒരുങ്ങിനിന്നിരുന്ന ഈ കാലഘട്ടത്തിലാണ് വന്ദ്യപിതാവ് ആ പ്രദേശത്തു തൻെറ സഭയുടെ വിപുലീകരണ പരിപാടികളുമായി രംഗപ്രവേശം ചെയ്തതു്.

## പൊടിമണ്ണിൽ മാധവൻ

ഒരു നാട്ടുപ്രമാണിയും ബഹുമാന്യനുമായിരുന്നു പൊടിമണ്ണിൽ മാധവൻ. കന്യാകുമാരി മുതൽ കൊച്ചി വരെയുള്ള ഈഴവർ ഒന്നടങ്കം ക്രിസ്തുമതത്തിൽ ചേരാൻ ആലോചിച്ചുകൊണ്ടിരിക്കുന്ന അവസരത്തിലാണ് വന്ദ്യപിതാവ് ആ പ്രദേശത്ത് (തുമ്പമൺ വടക്കേകര) ഒരു മിഷൻ സ്ഥാപിച്ചതു്. ഈ കാലത്താണ് ശ്രീമാൻ പൊടിമണ്ണിൽ മാധവൻ പിതാവിനെ സമീപിച്ചതു്. വന്ദ്യപിതാവ് സസന്തോഷം അദ്ദേഹത്തെ സ്വാഗതം ചെയ്തു. ആ പ്രദേശത്തുള്ള ഈഴവരെ ക്രിസ്തുമതത്തിലേയ്ക്കു ചേർക്കാൻ വേണ്ട ശ്രമങ്ങളാരംഭിച്ചു. ശ്രീ മാധവൻെറ സ്വാധീനമുപയോഗിച്ച് ഏതാണ്ട് ഇരുപതോളം കുടുംബങ്ങളെ മാമോദീസാകൊടുത്തു ക്രിസ്ത്യാനികളാക്കി. ശ്രീ മാധവൻ പൗലൂസ് എന്ന പേരു സ്വീകരിച്ചു. യാക്കോബായക്കാരും പുതുക്രിസ്ത്യാനികളും തമ്മിൽ മിശ്രവിവാഹങ്ങൾ നടത്തപ്പെട്ടു. മിശ്രപന്തിഭോജനങ്ങളും അയിത്തമില്ലാതാക്കാനുള്ള ശ്രമങ്ങളും പലതരത്തിൽ നടന്നു. അതിലൊന്നാണ് ഒരു പുലക്കുട്ടിയെ അദ്ദേഹത്തിൻെറ വീട്ടിൽ താമസിപ്പിച്ചതു്. ഈ അവസരത്തിലാണ് എൻെറ കുടുംബാംഗങ്ങൾ ബഥനിപ്പള്ളിയു



ടെ അടുത്തു താമസമാക്കിയതു്. മാത്രമല്ല അവർ പൊടിമണ്ണിൽ പൗലോച്ചൻെറ കുടുംബവുമായി സഹകരിച്ചു കഴിഞ്ഞിരുന്നു.

അയിത്തോച്ചാടനപ്രവർത്തനങ്ങളും കൂട്ടത്തോടെയുള്ള ക്രിസ്തുമത സ്വീകരണവും അവിടത്തെ നായന്മാരെയും ബ്രാഹ്മണരെയും വല്ലാതെ ശുണ്ഠിപിടിപ്പിച്ചു. തങ്ങളുടെ അധീനതയിലുള്ള പുലയരും മററും ക്രിസ്തുമതത്തിലേയ്ക്കു പോകുമെന്നു മനസ്സിലാക്കിയ ചില നായർ പ്രമാണിമാർ തുമ്പമൺ വടക്കേകര ക്ഷേത്രത്തിലെ പൂജാരിയായ ബലേനിക്കൽ പോററിയെ ചെന്നുകണ്ടു വിവരം ധരിപ്പിച്ചു. പോററിയും നായർ പ്രമാണിമാരും കൂടെ അവിടെയുള്ള പുലയരുടെയിടയിൽ ഇറങ്ങി പ്രവർത്തനം തുടങ്ങി. ക്രിസ്തുമതത്തിലേയ്ക്കുള്ള പോക്കു തടയണമെന്നതായിരുന്നു അവരുടെ ഉദ്ദേശം.

## ഞാൻ സവർണ്ണപ്രമാണികളുടെ മദ്ധ്യത്തിൽ

ബഥനിപ്പള്ളിക്കു സമീപം ശ്രീ അയ്യങ്കാളിയുടെ ഒരു 'സംഘംപള്ളിക്കൂട'മുണ്ടായിരുന്നു. പോററിയും നായന്മാരും സംഘം പള്ളിക്കൂടത്തിൽവച്ച് പുലയക്ക് മതപഠനക്ലാസ്സുകൾ ആരംഭിച്ചു. ഇങ്ങനെയിരിക്കെ ഒരു ദിവസം ഞാൻ എൻെറ കുടുംബാംഗങ്ങളെ കാണാനായി പൊടിമണ്ണിൽ പൗലോച്ചൻെറ വീട്ടിൽ പോയി. രണ്ടു മൂന്നു ദിവസം അവിടെ താമസിച്ചു. ഒരു ഞായറാഴ്ചയാണെന്നുതോന്നുന്നു, പോററിയും രണ്ടു നായന്മാരും അവിടെ വന്നു സംഘം പള്ളിക്കൂടത്തിൽവച്ചു ഒരു മീററിംഗ്

www.malankaralibrary.com



ഉണ്ടെന്നും അതിൽ സംബന്ധിക്കണമെന്നും പറഞ്ഞു് എന്നെ വിളിച്ചു. ഞാൻ പിന്നെ വരാം എന്നു പറഞ്ഞു് അവരെ അയച്ചു. കുറച്ചുകഴിഞ്ഞു ഞാൻ സംഘം പള്ളിക്കൂടത്തിൽ ചെന്നു. അപ്പോൾ പോററിയും നായർ പ്രമാണികളുംകൂടി ഹിന്ദുമതതത്വങ്ങൾ പഠിപ്പിക്കുകയും, ക്രിസ്ത്യാനികളാകരുതെന്നുപദേശിക്കുകയുമായിരുന്നു. എന്നെ കണ്ടപ്പോൾ സഹോദരൻ വരണം ഇരിക്കണം എന്നുപറഞ്ഞു് പോററിയുടേയും നായർ പ്രമാണിമാരുടെയും ഇടയിൽ എന്നെ പിടിച്ചിരുത്തി. യോഗം തീരാറായപ്പോൾ എന്നോടു രണ്ടു വാക്കു പറയാനാവശ്യപ്പെട്ടു. ഞാൻ എഴുന്നേററു് സ്കൂൾനിറയെ ഉണ്ടായിരുന്ന ആളുകളോടിങ്ങനെ പറഞ്ഞു.

ഞാൻ ഇക്കാണുന്ന കറുത്ത മുഖങ്ങളും, ഞാനും ഒന്നായിട്ടെനിക്കു തോന്നുന്നു. എങ്കിലും ഞാൻ ഒരു ക്രിസ്ത്യാനിയും നിങ്ങൾ ഹിന്ദുക്കളുമാണു്. ഞാൻ ക്രിസ്ത്യാനിയാകാൻ കാരണം എന്താണെന്നു് ചുരുങ്ങിയ വാക്കുകളിൽ പറയാം. ഒരിക്കൽ ഞാൻ ഉള്ളന്നൂർ ക്ഷേത്രത്തിൽ പോയി. അന്നവിടെ കണ്ട കാഴ്ച വല്ലാതെ എന്റെ ഹൃദയത്തിൽ തട്ടി. ക്ഷേത്രത്തിനോടു് ഏററവും അടുത്തു് ബ്രാഹ്മണരും അവരുടെ പുറകിൽ നായന്മാരും, അവരുടെ പുറകിൽ ഈഴവരും, അവക്കു പുറകിലായി മററു താണജാതിക്കാരും ഏററവും പുറകിലായി പുലയരും. ഈ ക്രമത്തിലാണു് ദർശനത്തിനു നിന്നിരുന്നതു്. ഏററവും പുറകിലത്തെ നിരയായ പുലയർ ഒന്നുരണ്ടു ഫർലോംഗു് ദൂരെയാണെന്നതാണു് പരമാർത്ഥം. പൂജയുടെ അവസാനത്തിൽ നേർച്ചകൾ സ്വീകരിച്ചു. പണമായിട്ടും ഉൽപന്നങ്ങളായിട്ടും. (പ്രധാനമായും നെല്ലു്)കിട്ടിയ നേർച്ചവസ്തുക്കൾ യാതൊരു സങ്കോചവുംകൂടാതെ ക്ഷേത്രകലവറയിലേക്കു മാററുന്ന കാഴ്ച എന്നെ വല്ലാതെ അരിശംകൊള്ളിച്ചു. പുലയന്റെ നെല്ലിനോ കാശിനോ യാതൊരു തീണ്ടലുമില്ല. എനിക്കു് വളരെ ആശ്ചര്യം തോന്നി.



കുറച്ചു കഴിഞ്ഞു പോരാൻ നേരമായപ്പോൾ എന്റെകൂടെ വന്ന പട്ടിയെ കാണുന്നില്ല. ഞാൻ നോക്കിയപ്പോൾ പട്ടി ക്ഷേത്രത്തിനടുത്തു പോയി ബ്രാഹ്മണന്റെ എച്ചിലിലയ്ക്കുവേണ്ടി കാത്തുനിൽക്കുന്നു. ഞാൻ വളർത്തുന്ന പട്ടിക്കു ക്ഷേത്രസന്നിധിയിൽ ചെല്ലാം. ഒരു മനുഷ്യൻ, അവൻ താണജാതിയിൽപ്പെട്ടവനാണെങ്കിൽ ക്ഷേത്രവളപ്പിൽ പ്രവേശിച്ചാൽ ക്ഷേത്രം അശുദ്ധമായി. എന്നാൽ അവന്റെ അദ്ധ്വാനഫലം നേർച്ചയായി കൊടുത്താൽ അതിനു തീണ്ടലില്ല. അതുകൊണ്ടു തീണ്ടലുള്ള ദൈവത്തിൽ വിശ്വസിക്കാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. അങ്ങനെയാണു് ഞാൻ ക്രിസ്ത്യാനിയായതു്. പ്രിയപ്പെട്ടവരേ, നിങ്ങൾ ഒന്നു മനസ്സിലാക്കണം. നാമെല്ലാം ദൈവത്തിന്റെ മക്കളാണു്. ദൈവത്തിന്റെ മുമ്പിൽ അവർണ്ണനെന്നോ സവർണ്ണനെന്നോ പാവപ്പെട്ടവനെന്നോ പണക്കാരനെന്നോ യാതൊരു വ്യത്യാസവുമില്ല. എല്ലാവരെയും ദൈവം ഒരുപോലെ സ്നേഹിക്കുന്നു. അങ്ങനെയുള്ള ദൈവത്തിലാണു ഞാൻ വിശ്വസിക്കുന്നതു്." എന്റെ വാക്കുകൾ അവസാനിപ്പിച്ചു.

www.malankaralibrary.com



അപ്പോൾ പോററിയുടെയും നായർപ്രമാണിമാരുടെയും മുഖം വിളറിയിരുന്നു. എന്നാൽ അവിടെ കൂടിയിരുന്ന ഹരിജനങ്ങൾക്കു വളരെ സന്തോഷമായി.

വൈകിട്ടു ഞാൻ വന്നപ്പോൾ പൊടിമണ്ണിൽ പൗലോച്ചൻ യോഗത്തെക്കുറിച്ചു ചോദിച്ചു. "ഇന്നെനിക്കു് ഒരു പ്രസംഗമുണ്ടായിരുന്നു അടുത്തയാഴ്ചമുതൽ അവർക്കു് ആളു കിട്ടുമോയെന്നു സംശയമാണു്." "അതെന്താ" എന്നു പൗലോച്ചൻ ചോദിച്ചു. ഞാൻ പറഞ്ഞു: "പോററിയുടെയും പ്രമാണിമാരുടെയും കാപട്യങ്ങൾ അവിടെ കൂടിയിരുന്നവർക്കു തുറന്നുകാട്ടി. അവരുടെ ദൈവത്തിന്റെ തീണ്ടിക്കൂടായ്മയും ഞാൻ പരാമർശിച്ചു." പോററിക്കും കൂട്ടുകാർക്കും എന്നോടു കടുത്ത അമർഷമുണ്ടായിരുന്നു. അക്കൊല്ലം അവിടെ ഒരു ക്രിസ്മസ് കരോൾ നടത്തി. മുന്നൂറോളം രൂപാ പിരിഞ്ഞുകിട്ടി. ആ തുക കൊടുത്തു പള്ളിക്കു കയററുപായ് വാങ്ങി. പള്ളിയിൽ വേദപാഠക്ലാസ്സുകളും പാട്ടുക്ലാസ്സുകളും ഞങ്ങൾ സംഘടിപ്പിച്ചു. അധികനാൾ അവിടെ പ്രവർത്തിക്കാൻ സാധിക്കാതെ വന്നുവെങ്കിലും ഇന്നു് ആ സ്ഥലത്തു് ഒരു കത്തോലിക്കാപ്പള്ളി സ്ഥിതിചെയ്യുന്നതിൽ ഞാൻ അഭിമാനംകൊള്ളുന്നു.

## പുനരൈക്യപ്രസ്ഥാനവും മററു റീത്തുകളുടെ സഹകരണവും

യാക്കോബായ ജനങ്ങളുടെയും വൈദികരുടെയും എതിർപ്രവർത്തനങ്ങളുണ്ടായിരുന്നിട്ടും ദൈവഹിതം നി



റവേറി. 1930-ൽ റോമിൽനിന്നും പുനരൈക്യത്തിനുള്ള കല്പന ലഭിക്കുകയുണ്ടായി. അഭിവന്ദ്യ തിരുമേനിമാരോടൊപ്പം വേറെ മൂന്നുപേരും സെപ്റ്റംബർ 20-ാം തീയതി കൊല്ലത്തു് മെത്രാസന അരമനയിൽ എത്തി കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടു. തിരുമേനിമാർ കൊല്ലത്തുനിന്നും വന്നതിനുശേഷം ബ. കന്യാസ്ത്രീകളെയും വെണ്ണിക്കുളത്തു താമസിച്ചിരുന്ന ആശ്രമസ്ഥരെയും മററുള്ളവരെയും പുനരൈക്യപ്പെടുത്തി. അന്നു് തിരുവല്ലായിൽ താമസിക്കുകയായിരുന്ന എന്റെ പുനരൈക്യം വന്ദ്യ തിയോഫിലോസ് തിരുമേനി എന്നെക്കൊണ്ടു് സത്യവാചകം (തിരുസഭയുടെ തലവൻ മാർപ്പാപ്പായാണെന്നു ഞാൻ വിശ്വസിക്കുന്നു......) ചൊല്ലിച്ചുകൊണ്ടു് നിർവ്വഹിച്ചു. അങ്ങനെ ഇരുപത്തിമൂന്നാമത്തെ അംഗമായിട്ടാണു് ഞാൻ പുനരൈക്യപ്പെട്ടതെന്നാണു് എന്റെ ഓർമ്മ.

അന്നു തിരുവല്ലായിൽ ഞങ്ങൾ താമസിച്ചുകൊണ്ടിരുന്നതു മല്ലപ്പള്ളിക്കാരൻ ശ്രീമാൻ പോത്തൻ വക്കീലിന്റെ ആഫീസിലായിരുന്നു. പുനരൈക്യപ്രസ്ഥാനാരംഭത്തിൽ മാർ ഈവാനിയോസ് തിരുമേനിയോടു അനുഭാവമുള്ളവർ വളരെ വിരളമായിരുന്നുവെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അക്കാലത്തു് ചങ്ങനാശ്ശേരി, കുറവിലങ്ങാടു്, ഭരണങ്ങാനം, തൃശ്ശൂർ, എറണാകുളം മുതലായ സ്ഥലങ്ങളിൽ കൽദായസുറിയാനിക്കാർ വന്ദ്യപിതാവിനു് സ്വീകരണവും സാമ്പത്തികസഹായവും നൽകിയിരുന്നു. ചങ്ങനാശ്ശേരിയിൽ നടന്ന ഒരു സ്വീ

www.malankaralibrary.com



കരണയോഗത്തിൽവച്ച് അഭിവന്ദ്യ കാളാശ്ശേരി തിരുമേനി പ്രസംഗിച്ചത് ഞാൻ ഇപ്പോഴും ഓർക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു. "എത്രയോ നൂററാണ്ടുകളായി കത്തോലിക്കാ തിരുസഭയോടെ തിത്തുനിന്നിരുന്ന യാക്കോബായസഭയുടെ മേലദ്ധ്യക്ഷന്മാരായ മാർ ഈവാനിയോസ് തിരുമേനിയും, മാർ തിയോഫിലോസ് തിരുമേനിയും കത്തോലിക്കാ തിരുസഭയോടു പുനരൈക്യപ്പെട്ടതിൽ നമുക്കുള്ള അതിയായ സന്തോഷം രേഖപ്പെടുത്തുകയും അതോടൊപ്പം ഹാർദ്ദമായി അനുമോദനങ്ങൾ അർപ്പിക്കുകയും ചെയ്യുന്നു" ഒരു പണക്കിഴി കൊടുത്തുകൊണ്ട് അദ്ദേഹം തുടർന്നു. "ഏററവും ചെറുതായിരിക്കുന്ന പുനരൈക്യപ്രസ്ഥാനം വളർന്ന് ഒരു വൻവൃക്ഷമാകുന്നതിന് നമ്മുടെ സകല ജനങ്ങളും താങ്ങും തണലുമേകി സംരക്ഷിക്കുവാൻ അങ്ങേയററം പരിശ്രമിക്കണം. പ്രത്യേകിച്ചും നമ്മുടെ ബഹു. വൈദികരും, കന്യാസ്ത്രീകളും, വൈദികപട്ടത്തിനു പോകാൻ ആഗ്രഹിക്കുന്ന യുവാക്കളും ബഥനിയെ സഹായിക്കണമെന്നു നാം ആഹ്വാനം ചെയ്യുന്നു." ഈ പ്രസംഗത്തിനുശേഷം ഇതര റീത്തുകളിൽനിന്നും വന്ദ്യതിരുമേനിമാർക്കു ലഭിച്ച സ്വീകരണങ്ങളും സഹായസഹകരണങ്ങളും നിർല്ലോപമായിരുന്നു. മററു റീത്തുകളിലെ വൈദികരുടെ നിരന്തരമായ സഹകരണം നിമിത്തം പുതിയ ഈ പ്രസ്ഥാനം ത്വരിതഗതിയിൽ വളരാൻ തുടങ്ങി.

ഒരിക്കൽ ചെത്തിപ്പുഴ ആശ്രമത്തിൽനിന്നും അൻപതോളം വൈദികർ തിരുവല്ലാ ബഥനിആശ്രമത്തിൽ



വന്ന കാഴ്ച വളരെ മനോഹരവും അതിലേറെ പ്രാധാന്യമർഹിക്കുന്നതുമായിരുന്നു. ഇവരുടെ വരവു കണ്ട് ധാരാളം ആളുകൾ അവിടെ കൂടിയിരുന്നു. ഈ സംഭവം യാക്കോബായക്കാരെ അമ്പരപ്പിക്കുകയും അസൂയപ്പെടുത്തുകയും ചെയ്തു. ഈ വിധത്തിൽ മററു റീത്തുകാരുടെ സഹകരണം പുനരൈക്യപ്രസ്ഥാനക്കാർക്കു വളരെയധികം ആശ്വാസകരവും ധൈര്യപ്രദവുമായിരുന്നു.

പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രവർത്തനം മുറയ്ക്കു നടന്നുകൊണ്ടിരുന്നെങ്കിലും ഒരു പുതിയ ഭരണക്രമത്തിന് മാർപ്പാപ്പായുടെ അനുവാദം സമ്പാദിക്കണമെന്നുള്ള വന്ദ്യപിതാവിന്റെ ലക്ഷ്യത്തിലെത്തിച്ചേരുന്നതിന് അധിക കാലതാമസം വരുത്തരുതെന്ന് അദ്ദേഹം നിശ്ചയിച്ചു. പലരുടെയും സഹായസഹകരണത്തോടെ റോമിലേക്കു പോകുന്നതിനു വേണ്ട ഒരുക്കങ്ങൾ ചെയ്തുതുടങ്ങി. പല മെത്രാന്മാരെയും സമീപിച്ച് കാര്യങ്ങൾ ശരിയാക്കുന്നതിനു പല സ്ഥലങ്ങളിലും വിശ്രമം കൂടാതെ സഞ്ചരിച്ചുകൊണ്ടിരുന്നു. ഈ കാലയളവിൽ വലിയ തിരുമേനിയുടെ അഭാവത്തിൽ തിയോഫിലോസ് തിരുമേനിയായിരുന്നു പ്രസ്ഥാനത്തിന്റെ ചുമതല വഹിച്ചിരുന്നത്; പുലിക്കോട്ടു റമ്പാച്ചൻപ്രധാന സഹായിയും.

പുനരൈക്യപ്രസ്ഥാനത്തിന്റെ വർദ്ധനവിന് ചിന്നോക്കസമുദായക്കാരുടെ കൂട്ടായ ആഗമനം വളരെ സഹായിച്ചു. മററുള്ളവരുടെ കെണിയിലകപ്പെട്ട് ക്രിസ്തീയവിശ്വാസത്തിൽനിന്നും വ്യതിചലിച്ചുപോകരുതെന്ന

www.malankaralibrary.com



ഉദ്ദേശ്യത്തോടെ ഓതറ, പുല്ലാട്ട്, വെണ്ണിക്കുളം മുതലായ സ്ഥലങ്ങളിൽനിന്നും പിന്നോക്കസമുദായക്രിസ്ത്യാനികളെ പങ്കെടുപ്പിച്ചുകൊണ്ടു് ഒരു ധ്യാനം തിരുമൂലവച്ചു നടത്തി. ജാതിചിന്തകൂടാതെ ധ്യാനത്തിൽ സംബന്ധിക്കുന്നതിനും, മിശ്രപന്തിഭോജനം നടത്തുന്നതിനും തയ്യാറുള്ള എല്ലാവരും അതിൽ സംബന്ധിച്ചിരുന്നു.

ധ്യാനം കഴിഞ്ഞു മടങ്ങിപ്പോകുന്നവർക്കു് വഴിക്കുവെച്ചു യാക്കോബായക്കാരിൽനിന്നും ഉപദ്രവങ്ങൾ ഉണ്ടാകാനിടയുള്ളതിനാൽ ഓരോ സ്ഥലത്തുനിന്നും വന്നയാളുകൾ കൂട്ടംകൂട്ടമായി തങ്ങളുടെ നാട്ടിലേയ്ക്കു പോകുവാൻ നിർദ്ദേശം കൊടുത്തു. ഇങ്ങനെയൊരു മുൻകരുതൽ നടപടി സ്വീകരിച്ചിരുന്നതുകൊണ്ടു് ചില ഭീഷണികളുണ്ടായതിൽ കവിഞ്ഞു് മററുപദ്രവങ്ങളൊന്നുമുണ്ടായില്ല.

## മാർപ്പാപ്പാതിരുമനസ്സിലെ സന്ദേശവും വന്ദ്യപിതാവിൻെറ റോമായാത്രയും

ഇങ്ങനെയിരിക്കെ മാർ ഈവാനിയോസ് തിരുമേനിയെ കാണുന്നതിനും സംസാരിക്കുന്നതിനും പതിനൊന്നാം പീയൂസ് മാർപ്പാപ്പാ ആഗ്രഹിക്കുന്നതായി സന്ദേശം ലഭിച്ചു. താമസിയാതെതന്നെ യാത്രയ്ക്കുവേണ്ട പാസ്പോർട്ടും മററു രേഖകളും പിതാവിനു ലഭിച്ചു. ചിരപ്രതീക്ഷിതമായ, കൂടിക്കാഴ്ചയ്ക്കു് അവസരം ലഭ്യമായതിൽ അദ്ദേഹം അതീവ സന്തുഷ്ടനായി. ആ മഹാഭാഗ്യത്തിനു വഴിയൊരുക്കിയ സർവ്വശക്തനായ ദൈവത്തെ മഹത്വപ്പെടുത്തി. ഉടൻതന്നെ മാവേലി



ക്കര ചെന്നു് സ്വമാതാപിതാക്കളെ കണ്ടു് വിവരം അറിയിക്കുകയും അനുഗ്രഹാശിസ്സുകൾ വാങ്ങുകയും ചെയ്തു.

കടൽമാർഗ്ഗം യാത്രചെയ്യാൻ തീരുമാനിച്ചതനുസരിച്ചു് അദ്ദേഹം ബോംബയിലേയ്ക്കു തിരിച്ചു. എങ്ങനെയെങ്കിലും തിരുമേനിയുടെ യാത്ര മുടക്കണമെന്നു് എതിരാളികൾ പ്ലാനിട്ടിരുന്നു. ബോംബയിലെത്തിയാലുടൻ അവിടെ വച്ചു് അറസ്ററുചെയ്യിച്ചു് യാത്രമുടക്കണമെന്നായിരുന്നു ശത്രുക്കളുടെ ആസൂത്രിത പരിപാടി. അതിനുവേണ്ടി ഒരു കള്ളക്കേസുണ്ടാക്കി അറസ്ററുവാറണ്ടുമായി പൊലീസുകാർ ബോംബയിലെത്തിയപ്പോൾ അത്ഭുതമെന്നു പറയട്ടെ തിരുമേനി കയറിയ കപ്പൽ തുറമുഖത്തുനിന്നും ഏതാനും മൈലുകൾ പിന്നിട്ടിരുന്നു. അങ്ങനെ ശത്രുക്കളുടെ ചതിപ്രയോഗം നടക്കാതെപോയി. ദൈവാനുഗ്രഹം ഒന്നുകൊണ്ടു മാത്രമാണു് തിരുമേനി ഈ ചതിയന്മാരുടെ കെണിയിൽനിന്നു് രക്ഷപ്പെട്ടതു്. വിശുദ്ധ കുർബാന അർപ്പിക്കുന്നതിനു വേണ്ട സൗകര്യങ്ങൾ കപ്പലിൽ ഉണ്ടായിരുന്നതായും കപ്പൽ യാത്രക്കാർ പലരും വിശുദ്ധ കുർബാനയിൽ സംബന്ധിച്ചിരുന്നതായും കത്തുമുഖേന പിതാവു് അറിയിച്ചിരുന്നു. റോമിൽ എത്തുന്നതുവരെ പ്രാർത്ഥനയിൽ കഴിഞ്ഞിരുന്നുവെന്നാണു് അദ്ദേഹത്തിൽനിന്നും പിന്നീടു് അറിയാൻ കഴിഞ്ഞതു്.

## മാർപ്പാപ്പായെ സന്ദർശിക്കുന്നു

റോമിൽ എത്തിയ ഉടനേ മാർപ്പാപ്പായെ കാണാൻ കഴിഞ്ഞു. പിതാവിൻെറ അനിതരസാധാരണ

www.malankaralibrary.com



മായ വാഗ്മിത്വവും വ്യക്തിപ്രഭാവവും വിപുലമായ പ്രവർത്തനമണ്ഡലങ്ങളും പരിശുദ്ധ പിതാവിനെ അത്യന്തം ആകർഷിച്ചു. ദീർഘനേരത്തെ സംഭാഷണത്തിനിടയിൽ തന്റെ ലക്ഷ്യവും പ്രവർത്തനങ്ങളും പരിശുദ്ധപിതാവിനെ ബോദ്ധ്യപ്പെടുത്തി ആശ്രമം, കന്യാസ്ത്രീമഠം, അനാഥശാല എന്നിവയുടെ പ്രവർത്തനങ്ങളിൽ സന്തുഷ്ടനായ പരിശുദ്ധപിതാവ് പുതിയ വൈദികസംസ്ഥാനം അനുവദിക്കുന്നതിനു തീരുമാനിച്ചു. ഈ അനുവാദം ലഭിച്ചപ്പോൾ വന്ദ്യപിതാവിന്റെ സന്തോഷം അവർണ്ണനീയമായിരുന്നു. അധികം താമസിയാതെ പിതാവ് റോമിൽനിന്നും യാത്രതിരിച്ചു.

## പ്രത്യാഗമനവും സ്വീകരണവും

നാട്ടിലേയ്ക്കുള്ള യാത്ര വിമാനമാർഗ്ഗമായിരുന്നു. തിരുമേനിയും കൂടെയുണ്ടായിരുന്ന ഫാദർ മററവും നാട്ടിലേക്കു തിരിക്കുന്നതിനുമുമ്പ് പുലിക്കോട്ടു റമ്പാച്ചന് അയച്ച കമ്പിസന്ദേശത്തിൽ വൈദികസംസ്ഥാനാനുവാദം ലഭിച്ച വിവരം വ്യക്തമാക്കിയിരുന്നു.

രാത്രിയിലാണു കമ്പി ലഭിച്ചതു്. രാത്രി ആരോ വാതിലിൽ മുട്ടുന്ന ശബ്ദം കേട്ട് റമ്പാച്ചൻ എന്നെ വിളിച്ചു. അക്രമികളുടെ ശല്യമുണ്ടായിരുന്നതിനാൽ വാതിൽ തുറക്കാൻ ഞങ്ങൾക്കു ഭയമായിരുന്നു. എന്തും വരട്ടെ എന്നു വിചാരിച്ചു വാതിൽ തുറന്നപ്പോൾ പോസ്റ്റ്മാൻ കൈയിൽ ഒരു കവറുമായി നിൽക്കുന്നതാണു കണ്ടതു്. തിരുമേനിക്കു വല്ല അപകടവും സംഭവിച്ചു



തായിരിക്കുമോ എന്നായിരുന്നു എന്റെ ഭയം. ഞാൻ ഓടിച്ചെന്നു വിവരം റമ്പാച്ചനോടു പറഞ്ഞു. റമ്പാച്ചൻ കവർ ഒപ്പിട്ടു വാങ്ങുമ്പോൾ ഞങ്ങൾ രണ്ടുപേരും വിറയ്ക്കുന്നുണ്ടായിരുന്നു. റമ്പാച്ചൻ കവർ പൊട്ടിച്ചുവായിച്ചിട്ടിങ്ങനെ പറഞ്ഞു: "എടാ യാക്കോബേ, ഇതു പിതാവ് ഇറാക്കിൽനിന്നും അയച്ചതാണു്". ഞങ്ങൾക്കു രണ്ടുപേർക്കും ആശ്വാസമായി. എന്താണു വിശേഷമെന്നു ഞാൻ തിരക്കി. "തിരുസിംഹാസനത്തിൽ നിന്നും നമ്മെ തിരുവനന്തപുരം അതിരൂപതയുടെ ആർച്ചുബിഷപ്പായി നിയമിച്ചിരിക്കുന്നു. ഉടൻ തിരുവനന്തപുരത്തുപോയി ഒരു കെട്ടിടം വാടകയ്ക്കെടുത്തു നമുക്കു താമസിക്കാൻ വേണ്ട സജ്ജീകരണങ്ങൾ ചെയ്യണം" ഇതാണു് കമ്പിസന്ദേശം എന്നദ്ദേഹം എന്നോടു പറഞ്ഞു. പുലിക്കോട്ടു റമ്പാച്ചൻ ഉടനെ തിരുവനന്തപുരത്തിനു പോകാൻ തീരുമാനിച്ചു. എന്നാൽ കമ്പിസന്ദേശം വന്ദ്യപിതാവിന്റെ മാതാപിതാക്കളെ അറിയിക്കേണ്ടിയിരുന്നതുകൊണ്ടു് മാനേജർ ചാക്കോച്ചനെ തിരുവനന്തപുരത്തേയ്ക്കയച്ചിട്ട് റമ്പാച്ചനും ഞാനുംകൂടി മേളാംപറമ്പിലെ കാറിൽ മാവേലിക്കരെയ്ക്കു പുറപ്പെട്ടു. വന്ദ്യപിതാവിന്റെ വീട്ടിൽ ചെന്നയുടനെ പിതാവിന്റെ അപ്പച്ചൻ ഓടിവന്നു് റമ്പാച്ചന്റെ കൈ മുത്തിയിട്ട് കെട്ടിപ്പിടിച്ചുകൊണ്ടു ചോദിച്ചു. "നമ്മുടെ തിരുമേനിയുടെ എഴുത്തുവല്ലതുമുണ്ടോ?" "പിതാവിന്റെ ഒരു കമ്പി കിട്ടി. ആ സന്തോഷവാർത്തയും കൊണ്ടാണു് ഞങ്ങൾ വന്നതു്" എന്നു പറഞ്ഞു. പിതാവിനെ തിരു

www.malankaralibrary.com



വനന്തപുരം അതിരൂപതയുടെ ആർച്ചുബിഷപ്പായി നിയമിച്ച വിവരവും ഞങ്ങളുടെ തിരുവനന്തപുരത്തേയ്ക്കുള്ള യാത്രോദ്ദേശവും എല്ലാം റമ്പാച്ചൻ അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹം അതീവ സന്തുഷ്ടനായി കാണപ്പെട്ടു. അധികം താമസിയാതെതന്നെ ഞങ്ങൾ തിരുവനന്തപുരത്തേയ്ക്കു യാത്രതിരിച്ചു

മാനേജർ ചാക്കോച്ചൻ നേരത്തേതന്നെ തിരുവനന്തപുരത്തു വന്നു് കുന്നുകുഴിയിലുള്ള മിലിട്ടറിഡാക്ടർ ശ്രീമാൻ മനുവേലിന്റെ ഒരു വീടു് വാടകയ്ക്കെടുത്തിരുന്നു. ഞങ്ങൾ അവിടെ താമസിച്ചുകൊണ്ടു് തിരുമേനിയെ സ്വീകരിക്കുന്നതിനു വേണ്ട ഒരുക്കങ്ങൾ ആരംഭിച്ചു. ഞങ്ങൾക്കു കിട്ടിയ വീട്ടിൽ വേണ്ടുവോളം സൗകര്യമില്ലാതിരുന്നതിനാൽ സൗകര്യപ്രദമായ ഒരു കെട്ടിടം പല സ്ഥലത്തും അന്വേഷിച്ചുവെങ്കിലും കിട്ടിയില്ല. ഒടുവിൽ വെള്ളയമ്പലത്തു ഡാക്ടർ രാമൻതമ്പിയുടെ വക ഒരു കെട്ടിടം 75 രൂപാ വാടകയ്ക്കു ലഭിച്ചു. ഞങ്ങൾ താമസം അങ്ങോട്ടു് മാററി. തിരുമേനി തിരുവനന്തപുരത്തു വരുന്നതിന്റെ തലേദിവസമാണു് ആ കെട്ടിടം ഞങ്ങൾക്കു ലഭിച്ചതു്.

പിറേറദിവസം (1932 ഒക്ടോബർ 30) അഭിവന്ദ്യ തിരുമേനിയും ഫാദർ സി. കെ. മററവും തിരുവനന്തപുരം റയിൽവേസ്റ്റേഷനിൽ വന്നുചേർന്നു. നാലഞ്ചു കാറുകളുമായി ഞങ്ങൾ പിതാവിനെ സ്വീകരിക്കാൻ നേരത്തേതന്നെ റയിൽവേസ്റ്റേഷനിൽ എത്തിയിരുന്നു. പിതാവിനെയും മററത്തിലച്ചനെയും സ്വീകരിച്ചു് ഞങ്ങൾ



വെള്ളയമ്പലത്തിലെത്തിയപ്പോൾ ഒരു അതിരൂപതാദ്ധ്യക്ഷനെ സ്വീകരിക്കുവാൻ മലങ്കരസുറിയാനിക്കത്തോലിക്കരായി വിരലിലെണ്ണാൻ മാത്രമേ ആളുകൾ ഉണ്ടായിരുന്നുള്ളു. കൽദായസുറിയാനിറീത്തിലെ വൈദികരും അല്മായപ്രമുഖരും ഏതാനും ലത്തീൻകത്തോലിക്കരുമായിരുന്നു അദ്ദേഹത്തെ സ്വീകരിക്കാനെത്തിയ മററാളുകൾ. മുത്തുക്കുടകൾ പിടിക്കാനാളില്ലാതിരുന്നതിനാൽ വൃക്ഷക്കൊമ്പുകളിൽ കെട്ടിനിറുത്തുകയാണു ചെയ്തതു്. നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ വളരെയേറെ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവരുമെന്നറിയാമായിരുന്ന തിരുമേനി വളരെ ഊർജ്ജസ്വലനും സന്തുഷ്ടനുമായി കാണപ്പെട്ടു. എല്ലാം സർവ്വശക്തനായ യഹോവയിൽ സമർപ്പിച്ചുകൊണ്ടു് ധീരോദാത്തനായി ദൈവവേല ചെയ്യുവാൻ തീരുമാനിച്ചുകൊണ്ടു് ഭാവികാര്യങ്ങൾ കരുപ്പിടിപ്പിക്കുന്നതിൽ അദ്ദേഹം വ്യാപൃതനായി.

അഭിവന്ദ്യതിരുമേനിയും കുറെ വൈദികരും തിരുവനന്തപുരത്തു താമസമാക്കി. ഒരു ബിഷപ്പും കുറെ വൈദികരും വന്നിരിക്കുന്നുവെന്നവാർത്ത കാട്ടുതീപോലെ തിരുവനന്തപുരം പട്ടണം മുഴുവൻ പരന്നു. അന്വേഷണകുതുകികളായ ധാരാളം സന്ദർശകർ വന്നുകൊണ്ടിരുന്നു. വേണ്ടവിധത്തിൽ സന്ദർശകരെ സൽക്കരിക്കുന്നതിലും, തങ്ങളുടെ ആഗമനോദ്ദേശം അവരെ ധരിപ്പിക്കുന്നതിലും പിതാവു് പ്രത്യേകം ശ്രദ്ധപതിപ്പിച്ചിരുന്നു.

ഏതാനും മാസങ്ങൾക്കുശേഷം അഭിവന്ദ്യതിരുമേനി പട്ടം ശരവണക്കുന്നു് പാട്ടത്തിനെടുക്കുകയും അവി

Thongalathu Toms Villa
www.malankaralibrary.com
Thamarakudy P.O
Kalayapuram -691560
BOOK No.........................

ടെയുണ്ടായിരുന്ന വിശാലമായ പഴയ കെട്ടിടത്തിലേക്ക് താമസം മാറുകയും ചെയ്തു. (അവിടെയാണ് ഇപ്പോഴത്തെ ആർച്ചുബിഷപ്പ്സ് ഹൗസ്.)

ഇക്കാലത്ത് കുറെ ആളുകളെ ഉപദേശിമാരായി തെരഞ്ഞെടുക്കുകയും അവർക്ക് ശരിയായ മതബോധനവും പരിശീലനവും നൽകുകയും ചെയ്തു. ഇങ്ങനെ തെരഞ്ഞെടുക്കപ്പെട്ട ഉപദേശിമാരെ പല സ്ഥലങ്ങളിലും അയച്ചു. അവരുടെ പ്രവർത്തനങ്ങളുടെ ഫലമായി ധാരാളമാളുകൾ മലങ്കരസഭയിൽ ചേർന്നു. ജനങ്ങൾ കൂട്ടമായി പാർത്തിരുന്ന സ്ഥലങ്ങളിലെല്ലാം ആരാധനാലയങ്ങൾ ഉണ്ടാക്കി. ഓലമേഞ്ഞ ചെറിയ ഷെഡ്ഡുകളായിരുന്നു അവ. ഷെഡ്ഡുകൾ പണിയുന്നതിനാവശ്യമായ ചെലവിന്റെ പകുതി തിരുമേനി സംഭാവന ചെയ്യുമ്പോൾ പകുതി വിശ്വാസികൾ പിരിച്ചെടുത്താണ് ഷെഡ്ഡുകൾ നിർമ്മിച്ചിരുന്നത്. ഷെഡ്ഡുകൾ ശരിയായിക്കഴിഞ്ഞാൽ ഉപദേശിമാർ വിവരം പിതാവിനെ അറിയിക്കുകയും പിതാവും ഫാദർ സി. കെ. മററവുംകൂടി ഓരോ സ്ഥലത്തും പോയി ആളുകളെ മാമോദീസാ നൽകി തിരുസഭയോടു ചേർക്കുകയുമായിരുന്നു പതിവ്.

ഒരിക്കൽ ഉപദേശിമാരെയെല്ലാം അരമനയിൽ വിളിച്ചു വരുത്തി. പിതാവിന്റെ നിർദ്ദേശമനുസരിച്ചു അവരെ ഓവർക്കോട്ടു ധരിപ്പിച്ചു. ആർച്ചുബിഷപ്പിന്റെ ഉപദേശിമാരെ തിരിച്ചറിയുന്നതിനുവേണ്ടി എല്ലാവർക്കും ഓരോ ബാഡ്ജ് നൽകി. കേസ് സംബന്ധമായി പോലീസ്സ്റ്റേഷനിൽ പോകേണ്ടിവന്നാൽ



ബാഡ്ജ് നിർബന്ധമായും ധരിച്ചിരിക്കണമെന്ന് പ്രത്യേകം നിർദ്ദേശിച്ചിരുന്നു. അരമനയും ഉപദേശിമാരും വിശ്വാസികളും തമ്മിൽ സുദൃഢബന്ധം പുലർത്തിയിരുന്നു. തിരുവനന്തപുരത്തു പുനരൈക്യപ്രസ്ഥാനം പെട്ടെന്നു വളരാൻ ഇടയാക്കിയ സാഹചര്യവും ഇതുതന്നെയായിരുന്നു. വാസ്തവത്തിൽ പട്ടം അരമന പാവപ്പെട്ടവരുടെയും പീഡിതരുടെയും അശരണരുടെയും മററും ആശാകേന്ദ്രമായിരുന്നു. ഇങ്ങനെ പുനരൈക്യപ്രസ്ഥാനം തിരുവനന്തപുരത്ത് ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്ന അവസരത്തിൽ പാട്ടത്തിന്റെ കാലാവധി തീർന്നതിനാൽ അരമനയിരുന്ന സ്ഥലം വിട്ടുകൊടുക്കാൻ ഉടമസ്ഥൻ ആവശ്യപ്പെട്ടു. മററു മാർഗ്ഗമൊന്നുമില്ലാതിരുന്നതിനാൽ സ്ഥലം വിട്ടുകൊടുക്കാൻ തന്നെ തീരുമാനിച്ചു ഈ അവസരത്തിലാണ് ഒരു മുഹമ്മദീയനിൽനിന്നും ഇപ്പോൾ സെൻറ് മേരീസ് കത്തീഡ്രൽ ഇരിക്കുന്ന സ്ഥലം വിലയ്ക്കു വാങ്ങിയത്. ആ സ്ഥലം വാങ്ങുമ്പോൾ ഇപ്പോൾ പള്ളിയിരിക്കുന്ന സ്ഥാനത്ത് ഒരു വീടുണ്ടായിരുന്നു. ആ വീട്ടിലേക്കു വന്ദ്യതിരുമേനിയും വൈദികരും താമസം മാററിയശേഷം പാട്ടസ്ഥലം ഉടമസ്ഥനു വിട്ടുകൊടുത്തു.

## മാർ തിയോഫിലോസ് തിരുമേനിയുടെ അന്തിമദിനങ്ങൾ

മാർ തിയോഫിലോസ് തിരുമേനി മെത്രാനായതിനുശേഷം തിരുവല്ലാ ബഥനിപ്പള്ളിയുടെ തെക്കുവശ

www.malankaralibrary.com



ത്തു് ഒരു ചെറിയ കെട്ടിടത്തിലാണു താമസിച്ചിരുന്നതു്. ഇതായിരുന്നു അദ്ദേഹത്തിൻെറ ആദ്യത്തെ അരമന. രണ്ടാമത്തെ അരമന ഇപ്പോഴത്തെ കത്തീഡ്രലിനടുത്തുള്ള, ചങ്ങനാശ്ശേരി രൂപതവക ഒരു കെട്ടിടമായിരുന്നു. മൂന്നാമത്തെ അരമനയായിരുന്നു പുഷ്പഗിരി. (അതിപ്പോൾ പുഷ്പഗിരി ആശുപത്രിയാണ്.) തിയോഫിലോസ് തിരുമേനി രോഗബാധിതനായപ്പോൾ പുഷ്പഗിരി അരമനയിലാണ് താമസിച്ചിരുന്നതു്. രോഗിയായശേഷം അദ്ദേഹം അധികസമയവും ഏകാകിയായിട്ടാണു കഴിഞ്ഞുകൂടിയതു്.

എൻെറ രോഗശമനത്തിനുവേണ്ടി അദ്ദേഹം ധ്യാനനിരതനായി ഒന്നിലധികംദിവസം പ്രാർത്ഥനയിൽ കഴിഞ്ഞുകൂടിയവിവരം ഞാൻ മുമ്പുപ്രസ്താവിച്ചിട്ടുണ്ടല്ലോ. അങ്ങനെ എന്നെ അധികമായി സ്നേഹിച്ചിരുന്ന ആ വന്ദ്യപിതാവ് രോഗശയ്യയിലാണെന്നു കേട്ടപ്പോൾ എനിക്ക് അത്യധികമായ സങ്കടമുണ്ടായി. ഒരുദിവസം അദ്ദേഹത്തെ കാണുന്നതിനു് ഞാൻ അവിടെ ചെന്നു. അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന വൈദികർ എന്നെ അകത്തു വിട്ടില്ല ഞാൻ തിരുവനന്തപുരത്തുനിന്നും വരികയാണെന്നും അദ്ദേഹത്തെ കാണാൻവേണ്ടി മാത്രമാണു ഞാൻ വന്നതെന്നും പറഞ്ഞപ്പോൾ അവർ അഞ്ചുമിനിട്ടു നേരത്തേയ്ക്കു് സന്ദർശനം അനുവദിച്ചു. ഞാൻ അകത്തു ചെന്നപ്പോൾ പിതാവു ധ്യാനിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നെ കണ്ടയുടൻ തല ഉയർത്തി നോക്കി. ഞാൻ അടുത്തുചെന്നു് കൈമുത്തി. അദ്ദേഹത്തിൻെറ



അപ്പോഴത്തെ ദയനീയാവസ്ഥ കണ്ടു് ഞാൻ കരഞ്ഞുപോയി. മുഖത്തോടുമുഖം നോക്കി ഞങ്ങൾ അല്പനേരം നിന്നു. എന്നിട്ട് എന്നോടു ചോദിച്ചു. "നീ എപ്പോൾ വന്നു?" ഞാൻ ഇപ്പോൾ വന്നതേയുള്ളുവെന്നു അറിയിച്ചു. "നീ വല്ലതും കഴിച്ചോ?" എന്നു ചോദിച്ചിട്ട് അദ്ദേഹം അലമാര തുറന്നു് പുസ്തകാകൃതിയിലുള്ള ഒരു കേക്കെടുത്തു് അതിൽനിന്നും മൂന്നുകഷണം മുറിച്ചു മാററിവച്ചു. സിസ്റ്റർ സൈബാർ (അദ്ദേഹത്തിൻെറ സഹോദരി) പുത്തൻകാവ് മഠത്തിൽനിന്നും കൊടുത്തയച്ചതാണെന്നു് എന്നോടു പറഞ്ഞു. എന്നിട്ട് രണ്ടു ഭരണികളിൽനിന്നു് മുമ്മൂന്നു ബിസ്കററുമെടുത്തു് കേക്കുകഷണങ്ങളുടെ കൂടെ തന്നു. "ത്രിത്വത്തിൻെറ നാമത്തിൽ ഇതിരിക്കട്ടെ. അടുക്കളയിൽ ചെന്നു് കാപ്പിയും വാങ്ങി കുടിച്ചിട്ട് നീ ഇവിടെ വരണം" എന്നു പറഞ്ഞു. അപ്രകാരം കാപ്പികുടിയും കഴിഞ്ഞു് ഞാൻ തിരിച്ചു വന്നു. പലതും സംസാരിച്ചു. പഴയ കാര്യങ്ങൾ പറയുമ്പോൾ അദ്ദേഹത്തിൻെറ മുഖത്തു സന്തോഷവും കൃതാർത്ഥതയും നിറഞ്ഞു നിന്നിരുന്നു. അങ്ങനെ കുറെനേരത്തെ കുശലപ്രശ്നങ്ങൾക്കുശേഷം കൈമുത്തി യാത്രപറയാൻനേരം എൻെറ തലയിൽ കൈവെച്ചു പ്രാർത്ഥിച്ചു.

കുറെനാൾ അദ്ദേഹം രോഗശയ്യയിൽ കിടന്നു. 1956 ജൂൺ 27-ാംനു- അവിടെവച്ചുതന്നെ കർത്താവിൽ നിദ്രപ്രാപിച്ചു. അദ്ദേഹത്തെ തിരുവല്ലാ അരമനയ്ക്കടുത്തുള്ള കത്തീഡ്രലിലാണു് സംസ്കരിച്ചതു്.

www.malankaralibrary.com



## കൽദായറീത്തിൽപ്പെട്ട

## ബ. വൈദികരുടെ സഹകരണം

പുനരൈക്യപ്രസ്ഥാനത്തിൻെറ പ്രാരംഭപ്രവർത്ത
നങ്ങൾക്ക് കൂടുതൽ സഹായകമായിരുന്ന കൽദായറീ
ത്തിൽപ്പെട്ട ബ വൈദികരുടെ ആത്മാർത്ഥസേവനവും
വന്ദ്യതിരുമേനിയുടെ നേതൃത്വവും സർവ്വോപരി അദ്ദേ
ഹത്തിൻെറ വ്യക്തിപരമായ കഴിവുകളും അഗാധമായ
ദൈവഭക്തിയും ധാരാളം ആളുകളെ പുനരൈക്യപ്രസ്ഥാ
നത്തിലേക്കാകർഷിച്ചു. ഉപദേശിമാരുടെയും വൈദി
കരുടെയും സഹകരണത്തോടുകൂടി തിരുവനന്തപുരത്തും
തെക്കൻപ്രദേശങ്ങളിലും ധാരാളം ഹരിജനങ്ങളെയും നാ
ടാർസമുദായത്തിൽപ്പെട്ടവരെയും കൂട്ടത്തോടെ സഭയിൽ
ചേർത്തു.

പുനരൈക്യപ്രസ്ഥാനത്തിൻെറ പ്രവർത്തനങ്ങൾ
തിരുവനന്തപുരത്തു തുടങ്ങിയപ്പോൾ അന്നിവിടെയു
ണ്ടായിരുന്നതു പുലിക്കോട്ടു റമ്പാച്ചൻ, ഫാ. സി. കെ.
മററം, ഫാ. ജോഷ്വാ, ഫാ. തോട്ടിൻകര ചേന്നാത്ത
ച്ചൻ, ഫാ. പോത്തനാമൂഴി, (കോതമംഗലം മെത്രാൻ)
പ്ലാന്തോട്ടത്തിലച്ചൻ എന്നിവരായിരുന്നു. പിന്നീടു ധാ
രാളം വൈദികർ മലങ്കര റീത്തിൽ ചേരുകയും അഭിവ
ന്ദ്യപിതാവിൻെറ കരങ്ങൾക്കു ശക്തി വർദ്ധിപ്പിക്കു
കയും ചെയ്തു. ഇങ്ങനെ പുരോഹിതന്മാരുടെയും അൽ
മേനികളുടെയും സംഖ്യ വർദ്ധിച്ചു വന്നതോടുകൂടിയാണ്
പട്ടം സെൻറ് മേരീസ് ഹൈസ്കൂളിൻെറ തെക്കുവശ



ത്തായി കാണുന്ന പഴയ അരമനയും സെമിനാരിയും പ
ണിയിച്ച് വന്ദ്യപിതാവും വൈദികരും അങ്ങോട്ടു മാ
റിയതു്.

## സർ സി. പി. യുടെ നിരോധനശ്രമങ്ങൾ

തിരുമേനി ഈ സ്ഥലം വിലയ്ക്കു വാങ്ങിയതറി
ഞ്ഞ ഉടനെ അന്നത്തെ ദിവാനായിരുന്ന സർ സി. പി.
രാമസ്വാമി അയ്യർ ആ സ്ഥലം ഗവണ്മെൻറ് ആവശ്യ
ത്തിനു എടുക്കണമെന്നു തീരുമാനിച്ചു. ഒരു ദിവസം
കുറെ പോലീസുദ്യോഗസ്ഥന്മാരും മററു ചില ഉയർന്ന
ഉദ്യോഗസ്ഥന്മാരും സർക്കാർ ഉത്തരവുമായി വന്ന് തി
രുമേനിയെ കണ്ടു് ഗവണ്മെൻറിൻെറ തീരുമാനമറിയി
ച്ചു. പിതാവ് അല്പം ആലോചിച്ചിട്ട് ഇങ്ങനെ മറു
പടി പറഞ്ഞു. “മീൻകച്ചവടംപോലെ ലാഭത്തിനു
വാങ്ങാനും വിൽക്കാനും എനിക്ക് അധികാരമില്ല. ഈ
സ്ഥലം മാർപ്പാപ്പായുടെ വകയാണ്. അതുകൊണ്ടു്
മാർപ്പാപ്പായ്ക്കെഴുതി മറുപടി അറിഞ്ഞശേഷമേ ഇതി
നു സമാധാനം പറയുവാൻ നിവൃത്തിയുള്ളു.” ഇതു
കേട്ട് ഉദ്യോഗസ്ഥന്മാർ സ്ഥലംവിട്ടു. പിന്നീടതേക്കു
റിച്ച് ഒരനക്കവുമുണ്ടായിട്ടില്ല.

സർ സി. പി. യുടെ സ്നേഹിതനായി, പടിയറക്കു
ഞ്ഞു് എന്നൊരു മാന്യനുണ്ടായിരുന്നു. അദ്ദേഹം പി
താവിൻെറയും സ്നേഹിതനായിരുന്നു. അതുകൊണ്ടു സി.
പി. യുമായി കൂടുതൽ അടുക്കുന്നതിനും സ്നേഹം സമ്പാദി
ക്കുന്നതിനും പിതാവിനു കഴിഞ്ഞു. സെൻറ് മേരീസ്

www.malankaralibrary.com



സ്കൂളിൻെറ ശിലാസ്ഥാപനം നിർവ്വഹിക്കുവാൻ സർ സി. പി. യെ പിതാവു ക്ഷണിക്കുകയും അദ്ദേഹം വന്നു് സസന്തോഷം ആ ചടങ്ങു നിർവ്വഹിക്കുകയും ചെയ്തു. എല്ലാ പ്രതിബന്ധങ്ങളെയും തരണംചെയ്തു് സധൈര്യം മുന്നോട്ടു പോകുന്നതിനു വേണ്ട കരുത്തു് സർവ്വശക്തനായ ദൈവം വന്ദ്യപിതാവിനു നൽകിയിരുന്നു.

## അഭയാർത്ഥികൾ

പല മിഷൻ സ്ഥലങ്ങളിൽനിന്നും ധാരാളം പാവപ്പെട്ടവർ പട്ടത്തു് അരമനയിൽ അഭയംതേടിയിരുന്നു. ഇങ്ങനെ വരുന്നവരെ പാർപ്പിക്കുന്നതിനു് ഒരു ഓലക്കെട്ടിടം അരമനയ്ക്കടുത്തുണ്ടായിരുന്നു. പട്ടം സെമിത്തേരിപ്പള്ളിക്കു തെക്കുവശത്തുണ്ടായിരുന്ന ഈ ഷെഡ്ഡിൽ വച്ചു് വിശ്വാസികൾക്കു വേദപാഠക്ലാസ്സ് നടത്തിയിരുന്നു. പള്ളിയുടെ വടക്കുവശത്തുള്ള മുറിയിലാണു് അന്നത്തെ വികാരിജനറാലായിരുന്ന ഫാദർ സി. കെ. മററം താമസിച്ചിരുന്നതു്. പള്ളിയുടെ കിഴക്കുവശം സെമിത്തേരിയും.

സെമിത്തേരിയിൽ ഒരാളെ ആദ്യമായി സംസ്കരിച്ചപ്പോൾ നാട്ടുകാർ അതിനെ എതിർക്കുകയും കേസു കൊടുത്തു് (അവിടെ ശവമടക്കാൻ പാടില്ലെന്നു്) നിരോധന ഉത്തരവു വാങ്ങുകയും ചെയ്തു. തന്നിമിത്തം പള്ളി കുറേക്കാലം പൂട്ടിയിടേണ്ടിവന്നു. അതിനാൽ പിതാവിനു വളരെ കണ്ഠിതമുണ്ടായി. എങ്ങനെയും പള്ളി തുറക്കണമെന്നും പള്ളിപ്പറമ്പിൽ ശവമടക്കണമെന്നും ദൃഢനിശ്ചയം ചെയ്തുകൊണ്ടു് വന്ദ്യപിതാവു്



ശ്രീ ചിത്തിരതിരുനാൾ മഹാരാജാവിനെ സന്ദർശിച്ചു് സമുചിതമായ നിവേദനം നടത്തി. അങ്ങനെ പള്ളി തുറക്കുന്നതിനും പള്ളിപ്പറമ്പിൽ ശവമടക്കുന്നതിനുമുള്ള കല്പന വാങ്ങിച്ചുകൊണ്ടാണു് വന്ദ്യപിതാവു തിരിച്ചു വന്നതു്. അതിനാൽ പിന്നീടു് പള്ളി തുറന്നപ്പോഴും സെമിത്തേരിയിൽ ശവസംസ്കാരകർമ്മം നടത്തിയപ്പോഴും എതിരാളികൾക്കു് നോക്കിനിൽക്കാനേ കഴിഞ്ഞുള്ളു.

## ആരാധനയും കല്ലേറും

ക്രിസ്മസ്സ് മുതലായ വിശേഷദിവസങ്ങളിൽ ആരാധനകളെല്ലാം വളരെ ആഘോഷപൂർവ്വം നടത്തിയിരുന്നു. അടുത്ത പ്രദേശങ്ങളിലെ എല്ലാ മിഷൻ സ്ഥലങ്ങളിൽനിന്നും ആളുകൾ വാദ്യമേളങ്ങളോടെ പട്ടം പള്ളിയിൽ വരികയും ആരാധനകളിൽ പങ്കുകൊള്ളുകയുമായിരുന്നു പതിവു്. പട്ടം ഇടവകാംഗങ്ങളിൽ അധികംപേരും എൽ. എം. എസ്., രക്ഷാസൈന്യം മുതലായ പ്രോട്ടസ്റ്റൻറ് വിഭാഗങ്ങളിൽനിന്നും ചേർന്നവരായിരുന്നു. ശ്രീമാൻ 'ഹാബേൽ' ഉപദേശിയായിരുന്നു പ്രധാനി. അദ്ദേഹത്തിൻെറ ആഗമനം ഒട്ടേറെ കുടുംബങ്ങൾ കത്തോലിക്കാസഭയിലേയ്ക്കു വരാൻ ഇടയാക്കി. അതു് എൽ. എം. എസ്സ്. കാരുടെ പ്രവർത്തനങ്ങളെ വളരെയധികം ബാധിക്കുകയും ചെയ്തു. ആയതിൽ രോഷാകുലരായി മുട്ടട എൽ. എം. എസ്സ്. പള്ളിയിലെ പാസ്റ്ററും കുറെ ആളുകളുംകൂടി ഒരു ക്രിസ്മസ്സിനു പട്ടം പള്ളിയിൽ വന്നു് ആരാധനാസമയത്തു് കല്ലേറുനടത്തി—ബഹളമുണ്ടാക്കി.

www.malankaralibrary.com



പള്ളിയിൽനിന്നും ആളുകൾ ഇറങ്ങിവന്നപ്പോഴേയ്ക്കും അക്രമികൾ സ്ഥലംവിട്ടിരുന്നു. ഉടൻതന്നെ വന്ദ്യതിരുമേനി വിവരം പോലീസിൽ അറിയിച്ചു. പിറേറദിവസം പൊലീസ് സൂപ്രണ്ടും പാർട്ടിയും സ്ഥലത്തുവന്ന് അക്രമികളെ ചോദ്യംചെയ്യുകയും മേലിൽ ഇത്തരം പ്രവൎത്തനങ്ങളിൽ ഏർപ്പെടുകയില്ലെന്ന് എഴുതിവച്ചിട്ട് വിട്ടയയ്ക്കുകയും ചെയ്തു. അങ്ങനെ വളരെയധികം എതിർപ്പുകളും യാതനകളും അനുഭവിച്ചു വളർന്നുവന്ന ഒരു ഇടവകയാണ് 'പട്ടം'.

## നാലാഞ്ചിറ ഇടവക

തിരുവനന്തപുരം അതിരൂപതയിൽ രണ്ടാംസ്ഥാനമർഹിക്കുന്നത് നാലാഞ്ചിറ ഇടവകയാണ്. വളരെക്കാലം ഞാൻ മിഷ്യൻജോലി ചെയ്തതും അനവധി തിക്താനുഭവങ്ങൾക്കു സാക്ഷ്യംവഹിച്ചതും നാലാഞ്ചിറയാണ്. ചുരുക്കം ചില കാര്യങ്ങൾമാത്രം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

നാലാഞ്ചിറ ഒരു മിഷൻ കേന്ദ്രമായിട്ടാണ് പ്രവർത്തനമാരംഭിച്ചത്. ബഥനി ആശ്രമസ്ഥരായിരുന്നു ചുമതല വഹിച്ചിരുന്നത്. മലങ്കര സുറിയാനിസഭയുടെ ആസ്ഥാനം തിരുവനന്തപുരമാക്കണമെന്നായിരുന്നു അഭിവന്ദ്യപിതാവിൻെറയും സഹപ്രവൎത്തകരുടെയും ആഗ്രഹം. അങ്ങനെ പട്ടത്ത് അരമനസ്ഥാപിച്ചുകഴിഞ്ഞപ്പോൾ ആശ്രമവും കന്യാസ്ത്രീമഠവുംകൂടി തിരുവനന്തപുരത്ത് സ്ഥാപിക്കണമെന്ന് തിരുമേനി നിശ്ചയിച്ചു.



നാലാഞ്ചിറ എം. സി. റോഡിൻെറ പടിഞ്ഞാറുവശത്ത് ഏഴെട്ടേക്കർ സ്ഥലം വിലയ്ക്കുവാങ്ങിച്ചു. അവിടെ ആശ്രമം സ്ഥാപിച്ചു. കെട്ടിടംപണി പൂൎത്തിയായപ്പോൾ വെണ്ണിക്കുളം ആശ്രമത്തിൽനിന്നും ഏതാനും വൈദികർ വന്നുചേർന്നു. ബഹുമാനപ്പെട്ട ജോണച്ചൻ, ജോഷ്വാച്ചൻ, കോശിയച്ചൻ, അഫ്രേംഅച്ചൻ, പക്കോമിയോസച്ചൻ, സെറാഫിയോനച്ചൻ, യൗനാനച്ചൻ എന്നീ വൈദികരും ഏതാനും സന്ന്യാസിമാരും നാലാഞ്ചിറ താമസമാക്കി.

ആശ്രമത്തിനു സമീപം എം. സി. റോഡിൻെറ കിഴക്കുഭാഗത്തായി നാലഞ്ചേക്കർ സ്ഥലം കന്യാസ്ത്രീമഠത്തിനായി വിലയ്ക്കുവാങ്ങി. ഈ സ്ഥലംസൂക്ഷിപ്പുകാരനായി വന്ദ്യതിരുമേനി എന്നെ അവിടെ താമസിപ്പിച്ചു. ഒരു ദിവസം പിതാവുവന്ന് എന്നെ വിളിച്ച് ഇങ്ങനെ കല്പിച്ചു. "ഞാൻ നിന്നെ ഒരു ഉപദേശിയാക്കാൻ പോകുകയാണ്. മുമ്പൊരിക്കൽ പരുമലയ്ക്കു പോയപ്പോൾ വള്ളത്തിൽവച്ച് പറഞ്ഞതു നിനക്കു ഓൎമ്മയുണ്ടോ? അതു ഞാനിന്നു നിറവേററുകയാണ്. ഇന്നുമുതൽ നീ കത്തോലിക്കാസഭയുടെ ഒരു ഉപദേശിയാണ്. ജനങ്ങളുടെ ഇടയിൽ ഇറങ്ങി ക്രിസ്തുവിൻെറ ഉപദേശങ്ങൾ പഠിപ്പിക്കുകയാണ് നിൻെറ ജോലി. ഇന്നുമുതൽ നീ അതിലേയ്ക്കായി പ്രവൎത്തിക്കണം. നമ്മുടെ പള്ളിയിൽ വരുന്നവൎക്കുവേണ്ടി വി. കർബാന അർപ്പിക്കുന്നതിന് ബഹു. ജോഷ്വാ അച്ചനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

www.malankaralibrary.com



വന്ദ്യപിതാവിന്റെ കല്പനയനുസരിച്ച് അന്നുമുതൽതന്നെ ഞാൻ പ്രവൎത്തനമാരംഭിച്ചു. പല വീടുകളും സന്ദർശിച്ച് ദൈവത്തെക്കുറിച്ചും രക്ഷാമാൎഗ്ഗങ്ങളെക്കുറിച്ചും പറഞ്ഞു മനസ്സിലാക്കി. പ്രസ്തുത ജോലി ഞാൻ കൃത്യമായി ചെയ്തുവന്നു.

## ഞാൻ വീണ്ടും മാതാപിതാക്കളോടൊത്ത്

എന്റെ മാതാപിതാക്കളെയും സഹോദരങ്ങളെയും ജ്ഞാനസ്നാനപ്പെടുത്തി ക്രിസ്ത്യാനികളാക്കിയ വിവരം മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആയിടയ്ക്കു പമ്പൂരെ കൊച്ചച്ചന്റെ കാൎമ്മികത്വത്തിൽ എന്റെ വിവാഹവും നടത്തിയിരുന്നു. എന്റെ മാതാപിതാക്കളും മറ്റും സ്വദേശത്തുതന്നെ താമസിച്ചാൽ അവരുടെ ക്രിസ്തീയ വിശ്വാസത്തിന് ഉലച്ചിലുണ്ടാകാനിടയുള്ളതിനാൽ കഴിയുന്നതും വേഗം അവരെ തിരുവനന്തപുരത്തു കൊണ്ടുവരാൻ തീരുമാനിച്ചു; വിവരം വന്ദ്യപിതാവിനെ അറിയിച്ചു.

മന്ത്രവാദികളും പിശാചിനെ ആരാധിക്കുന്നവരുമായിരുന്ന എന്റെ ബന്ധുമിത്രാദികളുടെ മാമോദീസായ്ക്കുവേണ്ടി ഞാൻ മുൻപു വീട്ടിൽ ചെന്നപ്പോഴുണ്ടായ ഒരു സംഭവം ശ്രദ്ധേയമത്രേ.

ഞാൻ വീട്ടുമുറ്റത്തു ചെന്നപ്പോൾ കുറെ ആളുകൾ കൂട്ടംകൂടി ഇരിപ്പുണ്ട്. അവരുടെ മധ്യത്തിലായി ഒരു മന്ത്രവാദിയും, അയാളുടെ മുൻവശത്ത് ഒരു ശംഖും മണിയും. സമീപത്തായി ഒരു പട്ടു വിരിച്ച് അതിനു



മുകളിൽ ഒരു പറയും വെച്ചിരുന്നു. അന്വേഷിച്ചതിൽ വയറുവേദനയ്ക്കു വേണ്ടി ചെയ്യുന്ന മന്ത്രവാദമാണെന്നറിഞ്ഞു. എനിക്കു കടുത്ത ദേഷ്യമുണ്ടായി. ചെന്നു കയറിയ ഉടൻ തന്നെ മന്ത്രവാദിയോട് "എടുക്കെടാ ഇതെല്ലാം" എന്നു പറഞ്ഞു. മന്ത്രവാദി ശംഖും മണിയും പറയുമെല്ലാം പട്ടിനകത്തു വച്ചു കെട്ടി കൈയിലെടുത്തു. എന്റെ അടുത്ത വാക്ക് "ഓടെടാ" എന്നായിരുന്നു. തൽക്ഷണം അവൻ ഓടി സ്ഥലം വിട്ടു. കൂടിയിരുന്നവർ എന്നോടു പറഞ്ഞു: "നിനക്കു മന്ത്രവാദിയുടെ തിരിച്ചടിയുണ്ടാകും" ആ വെല്ലുവിളി ഞാൻ സ്വീകരിച്ചു.

വേണ്ട വസ്ത്രങ്ങളും യാത്രച്ചെലവിനു പണവും വന്ദ്യപിതാവ് എന്നെ ഏൽപ്പിച്ചിരുന്നതിനാൽ യാതൊരു ബുദ്ധിമുട്ടും കൂടാതെ എന്റെ അപ്പനും അമ്മയും അഞ്ചു സഹോദരങ്ങളുമൊത്ത് ഞാൻ തിരുവനന്തപുരത്തു വന്നു. ഇപ്പോൾ നാലാഞ്ചിറ സെൻറ് ഗൊരേത്തീസ് ഹൈസ്കൂളിരിക്കുന്ന സ്ഥലത്തിന്റെ മധ്യഭാഗത്തായി ആശ്രമസ്ഥരുടെ സഹായത്താൽ ഫാ. പക്കോമിയോസിന്റെ മേൽനോട്ടത്തിൽ ഒരു വീടുണ്ടാക്കി ഞങ്ങൾ അവിടെ താമസമാക്കി. വന്ദ്യപിതാവ് എന്നെ ഏല്പിച്ച ജോലി ഉത്സാഹത്തോടെ ഞാൻ ചെയ്തുകൊണ്ടിരുന്നു.

## മറവൻ വരുന്നേ!

ഒരുദിവസം ഞാൻ ഒരു വീട്ടിൽ ചെന്നു. എന്നെ കണ്ടപ്പോൾ ആ വീട്ടിൽ ഉണ്ടായിരുന്നവർ "മറവൻ വ

www.malankaralibrary.com



രുന്നേ!" എന്നു ഉച്ചത്തിൽ വിളിച്ചു പറഞ്ഞു് ബഹളമുണ്ടാക്കി. അടുത്തുള്ള ആളുകൾ അവിടെ ഓടിക്കൂടി. അക്കാലത്തു് മറവൻ എന്നു കണ്ടാൽ പിടിച്ചുകെട്ടി പൊലീസിൽ ഏല്പിക്കുകയായിരുന്നു പതിവു്. ദേഹോപദ്രവം ഏല്പിക്കുന്നതിനും അവർ മടിച്ചിരുന്നില്ല. ഇതുപോലെ ഒരു പഴയ സംഭവമോർത്തു് ഞാൻ ഓടി രക്ഷപ്പെട്ടു.

ഞാൻ പെരുനാട്ടിൽ താമസിച്ചിരുന്ന കാലത്തു് ഒരു സംഭവമുണ്ടായിട്ടുണ്ടു്. ആശ്രമംവക പറമ്പിൽ കൃഷിപ്പണികൾക്കായി വെളിയിൽനിന്നും വന്നവരുടെ കൂട്ടത്തിൽ ചാത്തൻ എന്നു പേരുള്ള ഒരു തടിയൻ ഉണ്ടായിരുന്നു. ഒരുദിവസം വന്ദ്യപിതാവു് ചാത്തന്റെ കൈവശം ഒരു എഴുത്തുകൊടുത്തു് ചിററാർ തോട്ടത്തിലെ സായിപ്പിനെ ഏല്പിക്കാൻ പറഞ്ഞുവിട്ടു. അക്കാലത്തു മറവന്മാരുടെ ഉപദ്രവം വളരെയുണ്ടായിരുന്നു. ആറേഴുമൈൽ ദൂരം വനത്തിൽക്കൂടി നടന്നുവേണമായിരുന്നു ചാത്തനു് ചിററാർ തോട്ടത്തിൽ എത്തുവാൻ. തോട്ടത്തിൽ പ്രവേശിച്ചപ്പോൾ പാണ്ടിക്കാരായ സ്ത്രീപുരുഷന്മാർ ചാത്തനെ കണ്ടു് കൂവിവിളിച്ചു. ചാത്തൻ മറവനെന്നായിരുന്നു ആളുകളുടെ ധാരണ. ചാത്തൻ പരിഭ്രമിച്ചുനിന്നു. ആളുകളെല്ലാം ഓടിക്കൂടി. അവർ ചാത്തനെ പിടിച്ചുകെട്ടി വളരെയധികം മർദ്ദിച്ചു. പരിഭ്രാന്തനായ ചാത്തനു്, എന്തിനുവന്നെന്നോ എവിടെനിന്നു വന്നെന്നോ പറയുവാൻ നാവനങ്ങിയില്ല. പിറേറദിവസം തോട്ടമുടമയായ സായിപ്പിന്റെ നിർദ്ദേ



ശപ്രകാരം പൊലീസുകാർ ചാത്തനെ വിലങ്ങുവച്ചു് സ്റ്റേഷനിലേയ്ക്കു കൊണ്ടുപോയി. ആശ്രമത്തിനു സമീപമുള്ള റോഡിൽക്കൂടിയായിരുന്നു കൊണ്ടുപോയതു്. പോകുന്നവഴി പ്രഹരമേല്പിക്കുകയും ഈവീട്ടിലാണോ മോഷ്ടിച്ച മാല കൊടുത്തതെന്നു് ചോദിക്കുകയും ചെയ്തു. ഇതുകേട്ട ആശ്രമത്തിലെ വള്ളക്കാരൻ, ചാത്തനെ മനസ്സിലാക്കുകയും വന്ദ്യപിതാവിനെ വിവരം ധരിപ്പിക്കുകയും ചെയ്തു. പിതാവിന്റെ കല്പനയനുസരിച്ചു് അവിടത്തെ കൃഷിയുടെ മേൽനോട്ടംവഹിക്കുന്ന പാപ്പി എന്ന ആളിനെ സ്റ്റേഷനിൽ അയച്ചു് ഇൻസ്പെക്ടറെ വിവരം ധരിപ്പിച്ചു. കാര്യം മനസ്സിലാക്കിയ ഇൻസ്പെക്ടർ വല്ലാതെ വിഷമിച്ചു. സായിപ്പിനെ വരുത്തി ചാത്തനുമായി വന്ദ്യപിതാവിനെ വന്നുകണ്ടു് സമാധാനം പറഞ്ഞു. സായിപ്പു് ചാത്തന്റെ ചികിത്സയ്ക്കുവേണ്ട ധനസഹായം ചെയ്തു. ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ ഞാൻ ദത്തശ്രദ്ധനായിരുന്നു.

ഏതാനും ദിവസത്തെ അശ്രാന്തപരിശ്രമ ഫലമായി ഒൻപതുപേരെ നാലാഞ്ചിറ പള്ളിയിൽ കൊണ്ടുവരാൻ സാധിച്ചു. ആറുമാസത്തെ കഠിനാദ്ധ്വാനംകൊണ്ടു് അംഗസംഖ്യ ഗണ്യമായി വർദ്ധിച്ചു. ഹിന്ദുക്കളെ ക്രിസ്തുമതത്തിലേയ്ക്കു കൊണ്ടുവരുന്നതിനു് വളരെ പാടുപെടേണ്ടിവന്നു. പുലയർ, പറയർ, നാടാർ തുടങ്ങിയ പിന്നോക്ക ജാതിക്കാർക്കു് നല്ല വസ്ത്രംധരിക്കാനും, വിദ്യാഭ്യാസം നടത്താനുമുള്ള അവകാശം നിഷേധിച്ചിരുന്ന ആ കാലത്തു് പല വീടുകളിലും ചെന്നു് അവരുടെ വസ്ത്രം കഴുകി വൃത്തിയാക്കി പള്ളിയിൽ വരുന്നതിനും

www.malankaralibrary.com



ഞാൻ സഹായിച്ചുകൊണ്ടിരുന്നു. ക്രിസ്തുമതം സ്വീകരിച്ച പിന്നോക്കജാതിക്കാർക്കെന്നപോലെ മതപ്രചാരകനായ എനിക്കും കുടുംബാംഗങ്ങൾക്കും വളരെയധികം ഉപദ്രവങ്ങൾ സവർണ്ണരിൽനിന്നും ഏൽക്കേണ്ടിവന്നു.

## ആക്ഷേപങ്ങളുടെ ശമനം

പുതുതായി ക്രിസ്തുമതം സ്വീകരിച്ച ചില സ്ത്രീകൾ മധ്യതിരുവിതാംകൂറിലെപ്പോലെ ചട്ടയും മുണ്ടും ധരിച്ചാണ് പള്ളിയിൽ പോയിരുന്നത്. വഴിയരികിൽനിന്ന് "വാല്യമുള്ളച്ചേ!" എന്നും മറ്റും ചിലർ വിളിച്ചുകൂകി ആക്ഷേപിക്കുക പതിവായിരുന്നു. ഇത്തരം ഉപദ്രവങ്ങൾ കൂടിക്കൂടി വന്നപ്പോൾ വിവരം ഞാൻ വന്ദ്യപിതാവിനെ അറിയിച്ചു. പിതാവ് വിവരം കാണിച്ച് ഒരെഴുത്ത് പൊലീസ് സൂപ്രണ്ടിനു കൊടുക്കാനായി എന്റെ കൈയിൽ തന്നയച്ചു. ഞാൻ എഴുത്തു കൊണ്ടുപോയി കൊടുത്തു. പിറ്റേദിവസം വന്ന് അന്വേഷിക്കാമെന്നും തദവസരത്തിൽ ഞാൻ അവിടെ ഉണ്ടായിരിക്കണമെന്നും അദ്ദേഹം എന്നോടു പറഞ്ഞു.

പിറ്റേദിവസം രാവിലെ ഡി. എസ്. പി. യും ഇൻസ്പെക്ടറും കുറെ പൊലീസുകാരും സ്ഥലത്തു വന്നു. ആളുകളെല്ലാം ചുറ്റും വന്നുകൂടിയപ്പോഴേയ്ക്കും ഞാനും ചെന്നു. "ഇവിടെയാണോ സ്ത്രീകൾ പള്ളിയിൽ പോകുമ്പോൾ ആക്ഷേപിക്കുകയും ചീത്തവിളിക്കുകയും മറ്റും ചെയ്യുന്നത്"? എന്ന് ഡി. എസ്. പി. എന്നോടു ചോദിച്ചു. കൂടിനിന്നവർ കേൾക്കത്തക്കവണ്ണം ഡി. എസ്. പി. എന്നോടിങ്ങനെ പറഞ്ഞു. "ഇനി



യും ഇവിടെ എന്തെങ്കിലും ഉപദ്രവമുണ്ടാകുകയാണെങ്കിൽ ഉടൻ എന്നെ അറിയിക്കണം. ബാക്കികാര്യം ഞാൻ നോക്കിക്കൊള്ളാം." അതോടുകൂടി പള്ളിയിൽ പോകുന്ന സ്ത്രീകളെ ആക്ഷേപിക്കുന്ന പതിവ് അവസാനിച്ചു

നാലാഞ്ചിറ മിഷനിൽ അംഗങ്ങൾ വർദ്ധിക്കയും സെന്റ് ഗൊരേത്തിസ് സ്കൂൾ നിൽക്കുന്നിടത്തു സാമാന്യം സൗകര്യപ്രദമായി ഒരു ആരാധനാലയം നിർമ്മിക്കയും ചെയ്തു.

ഒരുദിവസം പിതാവ് എന്നെയും കൂട്ടിക്കൊണ്ടു കന്യാസ്ത്രീമഠത്തിനായി വാങ്ങിയ പറമ്പു മുഴുവൻ ചുറ്റിനടന്നു; മഠത്തിനു പറ്റിയ ഒരു സ്ഥാനം കണ്ടുപിടിച്ചു. പ്രാരംഭമായി ഒരു കിണർ കുഴിക്കുന്നതിന് എന്നെക്കൊണ്ടു സ്ഥാനം നിർണ്ണയിച്ചു ഉടൻതന്നെ കിണർ കുഴിക്കുകയും കെട്ടിടംപണി ആരംഭിക്കുകയും ചെയ്തു. മഠത്തിന്റെ പണി പൂർത്തിയായതോടുകൂടി മഠത്തിനടുത്തുണ്ടായിരുന്ന പള്ളി പൊളിച്ചുമാറ്റി. പരുത്തിപ്പാറയ്ക്കടുത്ത് ഒരു താൽക്കാലിക കെട്ടിടത്തിൽ ആരാധനയും വേദപാഠക്ലാസ്സും നടത്തിവന്നു.

ഈ അവസരത്തിലാണ് ആശ്രമവാസികളുടെ സംഖ്യാവർദ്ധന പരിഗണിച്ച് വിശാലമായ ആശ്രമക്കെട്ടിടവും, ഇടവകയ്ക്കും ഉപകരിക്കത്തക്കവണ്ണം ആശ്രമത്തോടനുബന്ധിച്ച് മനോഹരമായ ഒരു പള്ളിയും പണിതത്. പള്ളിക്ക് വലുപ്പം പോരെന്ന് അന്നു ഞാനും അഭിപ്രായപ്പെട്ടു. ഇന്ന് അത് യഥാർത്ഥമായിത്തീർന്നി

www.malankaralibrary.com



രിക്കുന്നു. നാലാഞ്ചിറ പള്ളി പണിപൂർത്തിയായപ്പോൾ പരുത്തിപ്പാറ പള്ളിയിലെ ആരാധന നിറുത്തി. അതു് നാലാഞ്ചിറ ആശ്രമപ്പള്ളിയിലാക്കി. നാലാഞ്ചിറ ഇടവകയുടെ അദ്ഭുതകരമായ അഭിവൃദ്ധിയിൽ അഭിമാനംകൊള്ളുന്നവരിൽ ഒരുവനാണു ഞാൻ. ഈ ഇടവകാതിർത്തിയ്ക്കുള്ളിലാണു് അതിരൂപതയിലെ മഹാസ്ഥാപനങ്ങൾ മിക്കതും. തന്നിമിത്തം നാലാഞ്ചിറ എന്ന പ്രദേശത്തിന്റെ മുഖച്ഛായ പാടേ മാറിയിരിക്കുന്നു.

## എന്റെ മാതാപിതാക്കളുടെ വേർപാടു്

നാലാഞ്ചിറവെച്ചാണു് എന്റെ മാതാവും, പിതാവും, ജ്യേഷ്ഠസഹോദരനും മരണമടഞ്ഞതു്. പ്രസ്തുത ശവസംസ്കാരങ്ങളിൽ ബഹു. ആശ്രമവൈദികരുടെയും, ബഹു. സന്യാസിനിമാരുടെയും, ഇടവകാംഗങ്ങളുടേയും മഹനീയമായ സാന്നിധ്യസഹായസഹകരണങ്ങൾ പരമാവധി ലഭിച്ചതു് ഞങ്ങൾ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

## യുദ്ധരംഗത്തുള്ള ആത്മീയപ്രവർത്തനം

ഞാൻ തിരുവനന്തപുരത്തു് സുവിശേഷവേല നടത്തിക്കൊണ്ടിരിക്കുമ്പോഴാണു് രണ്ടാം ലോകമഹായുദ്ധം ആരംഭിക്കുന്നതു്. യുദ്ധസേവനത്തിനു് പോകണമെന്നു് എനിക്കും ആഗ്രഹമുണ്ടായി. ഞാൻ വന്ദ്യപിതാവിനെ സമീപിച്ചു് എന്റെ ആഗ്രഹം അറിയിച്ചു. അവിടുന്നു് എന്റെ തലയിൽ കൈവച്ചു പ്രാർത്ഥിച്ചനുഗ്രഹിച്ചു് യുദ്ധമുന്നണിയിലെ ഒരു പ്രവർത്തകനായി എന്നെ അയച്ചു.



ഞാൻ ലേബർ ഫോഴ്സിൽ 35-ാം യൂണിററിൽ ഇരുപത്തിനാലുപേരുടെ ലീഡറായി ആസ്സാമിലേയ്ക്കു യാത്രയായി. പത്തുദിവസം തുടർച്ചയായ ട്രെയിൻയാത്രയും മൂന്നുദിവസത്തെ സ്റ്റീമർയാത്രയും വേണ്ടിയിരുന്നു. ഞങ്ങൾ വിശാഖപട്ടണത്തിലെത്തിയപ്പോൾ അവിടെ ബോംബിട്ടു എന്ന വിവരം ലഭിച്ചു. സമയം അർദ്ധരാത്രിയോടടുത്തിരുന്നു. എല്ലാവരും ഭയവിഹ്വലരായി. അധികാരികൾ രണ്ടു് എഞ്ചിൻ ഘടിപ്പിച്ചു് ആ ട്രെയിൻ പുറകോട്ടു തിരിച്ചുവിട്ടു. അപകടമേഖല കഴിഞ്ഞു് ട്രെയിൻ നിന്നുവെന്നു കരുതി ഞാൻ പെട്ടന്നു വാതിലിൽകൂടി വെളിയിലിറങ്ങുന്നതിനു ശ്രമിച്ചു. ട്രെയിനിൽനിന്നും പിടിവിടാഞ്ഞതു് രക്ഷയായി. ഞങ്ങൾ ബ്രഹ്മപുത്രാനദിയുടെ കരയിലെത്തി.

മൂന്നുദിവസത്തെ യാത്ര സ്റ്റീമറിലായിരുന്നു. യാത്രാമദ്ധ്യേ ഒരപകടമുണ്ടായി. സ്റ്റീമറിലുണ്ടായിരുന്ന ഒരുവൻ ബ്രഹ്മപുത്രാനദിയിൽ വീണുപോയി. അതു നോക്കുന്നതിനായി എല്ലാവരും ഒരുവശത്തേയ്ക്കു് മാറിയതിനാൽ സ്റ്റീമർ ചരിഞ്ഞു മുങ്ങുമെന്ന മട്ടായി. പെട്ടെന്നു പൊലീസിടപെട്ടു് ആളുകളെ നിയന്ത്രിച്ചില്ലായിരുന്നുവെങ്കിൽ ഞാനുൾപ്പടെ എണ്ണൂറിൽപ്പരം ആളുകളുടെ കഥ അന്നു കഴിയുമായിരുന്നു. സർവ്വശക്തനായ ദൈവം ആ അപകടങ്ങളിൽ നിന്നെല്ലാം ഞങ്ങളെ രക്ഷിച്ചു.

ഞങ്ങൾ ആസ്സാമിലിറങ്ങി. ആദ്യമായി ടെൻറടിച്ചു പാർപ്പിടങ്ങൾ ശരിയാക്കി. ഞങ്ങളുടെ അടുത്ത

www.malankaralibrary.com



ജോലി ട്രഞ്ചു (ബോംബിടുമ്പോൾ ചാടി രക്ഷപ്പെടാനുള്ള കുഴി) വെട്ടുകയായിരുന്നു. കുഴികളെല്ലാം ശരിയാക്കി. ഒരുദിവസം ശമ്പളം കൊടുക്കുന്നതിനായി ആളുകളെ നിരത്തിനിറുത്തിയതും ബോംബിംഗിന്റെ അപകടസൂചനയുടെ വിസിൽ മുഴങ്ങിയതും ഒന്നിച്ചായിരുന്നു. എല്ലാവരും കുഴിയിലേക്കു ചാടി ഞാൻ ചാടിയ കുഴിയിൽ എനിക്കടിയിലും മുകളിലുമായി അഞ്ചെട്ടാളുകൾ ഉണ്ടായിരുന്നു. അപകടഘട്ടം കഴിഞ്ഞു എന്ന അറിയിപ്പുണ്ടായപ്പോൾ അടിയിൽ കിടന്ന ആളുകളെയെല്ലാം പൊക്കിയെടുത്താണു് കരയ്ക്കു കയററിയതു്. ചിലരുടെ ശ്വാസോച്ഛ്വാസംപോലും കുറേനേരത്തേയ്ക്കു് നിലച്ചിരുന്നതുപോലെ തോന്നി. ഇങ്ങനെ രണ്ടു തവണ ഞാൻ കുഴിയിൽ ചാടി രക്ഷപ്പെട്ടു. മൂന്നാമത്തെ പ്രാവശ്യം സൈറൻ മുഴങ്ങിയപ്പോൾ ശ്വാസംമുട്ടി ചാകുന്നതിനേക്കാൾ നല്ലതു് കുഴിയിൽ ചാടാതെ ചാകുകയാണെന്നു തീരുമാനിച്ചു് ഒരു മാവിനു മറഞ്ഞുനിന്നു. ദൈവഗത്യാ അപ്പോഴത്തെ അപകടവും തരണം ചെയ്തു.

ഞങ്ങളുടെ ക്യാമ്പിലുള്ളവർ എല്ലാവരും എന്നെ 'ഉപദേശി'യെന്നാണു് വിളിച്ചിരുന്നതു്. അവിടെയും ഞാൻ എന്റെ ജോലി നിർവിഘ്നം നിർവഹിച്ചിരുന്നു. ഉച്ചയ്ക്കുശേഷം മൂന്നു മണിക്കു ജോലികഴിഞ്ഞു ക്യാമ്പിൽ വന്നാൽ പിന്നെ വിശ്രമവേളകളിലെല്ലാം മററുള്ളവരിൽ ക്രിസ്തീയവിശ്വാസം വളർത്തുന്നതിനു വേണ്ട ഉപദേശങ്ങൾ ഞാൻ നൽകിക്കൊണ്ടിരുന്നു.



ചിലപ്പോഴൊക്കെ വി. കർബാന കാണുന്നതിനും അനുഭവിക്കുന്നതിനും ഞങ്ങൾക്കു സാധിച്ചിരുന്നു. അവിടെ ചെന്നു അധികനാൾ കഴിയുന്നതിനുമുമ്പു് ഒരു ദിവസം കമാൻറിംഗ്ഓഫീസറുടെ ഒരു നിർദ്ദേശം കിട്ടി. കത്തോലിക്കർ അവരുടെ പേരു കൊടുക്കണമെന്നായിരുന്നു ആ നിർദ്ദേശം. അതിൻപ്രകാരം കത്തോലിക്കരെല്ലാവരും പേരു കൊടുത്തു. ഒ. സി-യുടെ നിർദ്ദേശപ്രകാരം ടെൻറടിച്ചു് ഒരു പള്ളിയുണ്ടാക്കി. കത്തോലിക്കരെല്ലാവരും മൂന്നുമണിക്കുശേഷം പള്ളിയിൽ പോകുന്നതിനു ഒ. സി. പറഞ്ഞു. ഞങ്ങളെല്ലാവരും പള്ളിയിൽ കയറി ആരാധന നടത്തിക്കൊണ്ടിരുന്നു. അല്പം കഴിഞ്ഞപ്പോൾ ഒരു മിലിട്ടറി ആഫീസർ പള്ളിക്കകത്തു കയറി മദ്ബഹായിലേക്കു പോയി അകത്തു കയറി ഒരു കറുത്ത കുപ്പായമിട്ടുകൊണ്ടു് കുമ്പസാരിപ്പിക്കാൻ വന്നപ്പോഴാണു് പുരോഹിതനാണെന്നു മനസ്സിലായതു്. അദ്ദേഹം ഞങ്ങളെ ഓരോരുത്തരെയും കുമ്പസ്സാരത്തിനു വിളിച്ചു ഞങ്ങളെല്ലാവരും കുമ്പസാരിച്ചു. അദ്ദേഹം വി. കുർബാനയർപ്പിക്കുകയും ഞങ്ങൾ വി. കുർബാന അനുഭവിക്കുകയും ചെയ്തു. അദ്ദേഹം ഒരു അമേരിക്കൻ വൈദികനായിരുന്നുവെന്നു പിന്നീടു ഞങ്ങൾക്കു മനസ്സിലായി.

ഈ അവസരത്തിൽ ഞങ്ങളുടെ ക്യാമ്പിൽ ഒരു കത്തോലിക്കൻ മരണമടഞ്ഞു. വിവരം ഞങ്ങൾ ഒ. സി.യെ അറിയിച്ചു അദ്ദേഹം അടുത്ത പള്ളിയിലെ വികാരിക്കു് ഒരെഴുത്തു തന്നയച്ചു. ഞാൻ എഴുത്തു കൊണ്ടു

www.malankaralibrary.com



പോയി വികാരിക്കു കൊടുത്തു. മൃതദേഹം കൊണ്ടുചെല്ലുന്നതിന് അദ്ദേഹം പറഞ്ഞു. അതനുസരിച്ച് അലങ്കരിച്ച ഒരു പെട്ടിയിൽ മൃതദേഹവും വച്ചുകൊണ്ട് അഞ്ഞൂറിൽപ്പരം ആളുകൾ വിലാപയാത്രയായി പള്ളിയിൽ ചെന്ന് അവിടത്തെ വൈദികൻെറ കാർമ്മികത്വത്തിൽ സംസ്കരിച്ചു.

## വിനോദയാത്രയിലെ ഒരദ്ഭുതസംഭവം

ശനിയാഴ്ച മൂന്നുമണിക്കുശേഷം ലീഡറുടെ മേൽനോട്ടത്തിൽ ഓരോ ഗ്യാംഗിലുള്ളവരെയും സിനിമയ്ക്കു കൊണ്ടുപോകാൻ അനുവാദമുണ്ടായിരുന്നു. ഒരു ശനിയാഴ്ച ഗ്യാംഗിലുള്ളവരെ ഞങ്ങൾ താമസിച്ചിരുന്ന സ്ഥലമായ 'ന്യൂമാഡ്''ൽ നിന്നും പന്ത്രണ്ടു മൈൽ അകലെയുള്ള 'ജോർഗാഡ്'' എന്ന സ്ഥലത്തേക്കു ഞാൻ കൊണ്ടുപോയി. അവിടത്തെ റയിൽവേസ്റ്റേഷനടുത്തായിരുന്നു സിനിമാതിയേറ്റർ. അതുകൊണ്ടു ട്രയിനിൽനിന്നും ഇറങ്ങി അധികം നടക്കേണ്ടതായി വന്നില്ല. ഞങ്ങൾ ആദ്യത്തെ ഷോയ്ക്കുതന്നെ തിയേറ്ററിൽ കയറി. സിനിമ കഴിഞ്ഞു് റയിൽവേസ്റ്റേഷനിൽ വന്നു. പിറേറദിവസം രാവിലെമാത്രമേ ട്രെയിനിൽ പോകുന്നതിനു സാധ്യതയുണ്ടായിരുന്നുള്ളു. അതിനാൽ ഞങ്ങൾ റയിൽവേസ്റ്റേഷനിൽത്തന്നെ രാത്രി കഴിച്ചുകൂട്ടാൻ തീരുമാനിച്ചു. രാത്രി ഒരുമണിയായി; പത്തു ബോംബുകൾ ഒന്നിച്ചു പൊട്ടുന്നതുപോലുള്ള ഒരു ശബ്ദം ഞങ്ങൾ കേട്ടു. എല്ലാവരും പരിഭ്രമിച്ചു. തല കറങ്ങുന്നതുപോലെ എനിക്കു തോന്നി. റയിൽവേസ്റ്റേഷൻെറ ഒരു ഇരുമ്പുതൂ



ണിൽ ഞാൻ പിടിയുറപ്പിച്ചു. പക്ഷേ, അതുകൊണ്ടു ഫലമുണ്ടായില്ല. എൻെറ കൈ തെറിച്ചുപോകുന്നതുപോലെ തോന്നി. ആളുകളുടെ വിശിഷ്യ, സ്ത്രീകളുടെ നിലവിളിയുടെ ശബ്ദമല്ലാതെ മറെറാന്നും കേൾക്കാനില്ലായിരുന്നു. ഞാൻ ദൂരെ തെറിച്ചു വീണു. നീണ്ടുനിന്ന നിലവിളിയും ബഹളവും അല്പമൊന്നടങ്ങി. നേരം പ്രഭാതമായി. ഞാൻ എഴുന്നേററു നോക്കിയപ്പോൾ ബംഗാളിസ്ത്രീകളുടെ ഇടയ്ക്കാണു ഞാൻ കിടന്നതെന്നു ബോദ്ധ്യമായി. എല്ലാവരുടെയും ശരീരമാസകലം ചെളിയും വെള്ളവുംകൊണ്ട് വൃത്തികേടായിരുന്നു. ഹിന്ദിയറിയാവുന്നവർ അവിടത്തെ ആളുകളിൽനിന്നും മനസ്സിലാക്കി, ബോംബിട്ടതല്ല; അതു് ഭൂമികുലുക്കമായിരുന്നെന്നു്. ആ ഭൂമികുലുക്കത്തിൽ ആയിരം ചതുരശ്രമൈലോളം പലഭാഗങ്ങളിലായി ഭൂമി പിളർന്നുപോയിരുന്നു. റയിൽപാളങ്ങളും ബോഗികളുമെല്ലാം വളരെ ദൂരെ തെറിച്ചുവീണിരുന്നു. ട്രെയിൻ സർവീസില്ലാതിരുന്നതിനാൽ ഭൂമി പിളരാത്ത സ്ഥലം നോക്കിനോക്കി ഞങ്ങൾ നടന്നു് വൈകിട്ട് നാലുമണിയോടുകൂടിയാണു് ക്യാമ്പിൽ എത്തിച്ചേർന്നതു്.

## എണ്ണൂറുപേരുടെ ജീവൻ രക്ഷിച്ചു

ഞങ്ങളുടെ ഒൻപതുമാസത്തെ കാലാവധി തീർന്നപ്പോൾ ന്യൂമാഡിൽനിന്നും മൂന്നുദിവസത്തെ യാത്രയ്ക്കുശേഷം 'പാണ്ഡൂർ' എന്ന സ്ഥലത്തെത്തി ക്യാമ്പുചെയ്തു. കമാണ്ടിംഗ് ആഫീസർ എല്ലാവരോടുമായി ഒരു അഭ്യർത്ഥനചെയ്തു "നിങ്ങളുടെ കാലാവധി കഴിഞ്ഞു എങ്കിലും

www.malankaralibrary.com



മൂന്നുമാസംകൂടി ഇവിടെ താമസിച്ചു ജോലിചെയ്തതിനു ശേഷം നിങ്ങളെ നാട്ടിലേയ്ക്കു യാത്രയാക്കാം. അതിനു പ്രതിഫലമായി ഒരുമാസത്തെ ശമ്പളം കൂടുതൽ തരുന്നതാണ്." എന്നാൽ ആരുംതന്നെ ആ അഭ്യർത്ഥന സ്വീകരിച്ചില്ല. എല്ലാവരും വീട്ടിലേയ്ക്കു പോകണമെന്നു ശാഠ്യംപിടിച്ചു. എത്ര നിർബന്ധിച്ചിട്ടും ഒരുത്തരും ജോലിക്ക് ക്യാമ്പിനു വെളിയിൽ ഇറങ്ങിയില്ല. കമാണ്ടിംഗ് ആഫീസർ തിരിയെ പോയി. പിറേറദിവസം രാവിലെ രണ്ടായിരം അമേരിക്കൻ പട്ടാളക്കാർ വന്ന് ഞങ്ങളുടെ ക്യാമ്പു വളഞ്ഞു. മൂന്നു ചുററായിട്ടാണ് വലയം ചെയ്തത്.

ഒരു ടെൻറിൽ എട്ടുപേർ വീതമാണ് താമസിച്ചിരുന്നത്. ഓരോ ടെൻറിനും ഉള്ള രണ്ടു വാതിലുകളിലും ഈരണ്ടു പട്ടാളക്കാർവീതം അകത്തിരിക്കുന്ന ആളുകളുടെ നേരെ നിറതോക്കു ചൂണ്ടി നിന്നു. ഓരോ മണിക്കൂർ കഴിയുമ്പോഴും പട്ടാളക്കാർ മാറിമാറി വന്നുകൊണ്ടിരുന്നു. വരുന്ന പട്ടാളക്കാരിൽ ചിലർ മൂന്നുവിരൽ കാണിച്ച് മൂന്നുമാസം ജോലിചെയ്യണമെന്നു ബോദ്ധ്യപ്പെടുത്തി.

ഇത്രയൊക്കെ ആയിട്ടും ആളുകൾ വകവച്ചില്ല. ജോലിക്കിറങ്ങാനുള്ള വിസിൽ കേട്ടിട്ടും ഒരുത്തൻപോലും ടെൻറിനു വെളിയിൽ ഇറങ്ങിയില്ല. ഞങ്ങളുടെ കമാണ്ടിംഗ് ആഫീസർ, ഏരിയായിലുള്ള എല്ലാ ആഫീസറന്മാരെയും വിവരമറിയിച്ചു. എല്ലാവരും ഒരുമിച്ചുകൂടി ഒരു തീരുമാനം കൈക്കൊള്ളണമെന്നു പ്ലാനിട്ടു. അങ്ങനെ അന്നത്തെ രാത്രിയിൽ പട്ടാള ആഫീസറന്മാരുടെ



തീരുമാനമുണ്ടായി. കൊച്ചി യൂണിററിൽപ്പെട്ട കമാണ്ടിംഗ് ആഫീസർ അവരുടെ ഒരു സൂപ്രവൈസറോട് തീരുമാനത്തെക്കുറിച്ചു സംസാരിച്ചു. അയാൾ ഭയപ്പെട്ട് ഓടി എൻെറ അടുത്തുവന്ന് പട്ടാളമേലുദ്യോഗസ്ഥന്മാരുടെ തീരുമാനമറിയിച്ചു. അതിപ്രകാരമായിരുന്നു; "35-ാം യൂണിററിലുള്ള 32 ലീഡറന്മാരെയും നിരത്തിനിറുത്തി വെടിവയ്ക്കുക. അതിലും മററുള്ളവർ വഴങ്ങുന്നില്ലെങ്കിൽ എണ്ണൂറുപേരിൽ ബാക്കിയുള്ളവരെ മുഴവനും, ഫയർ ചെയ്യുക."

ഈ വിവരമറിഞ്ഞ ഉടൻതന്നെ ഞാൻ ഓരോ ഗ്യാങ്ങിലുമുള്ള ലീഡറന്മാരെ വിളിച്ചു വിവരം പറഞ്ഞു. അവരിൽ രണ്ടുപേർ ജോലിക്കു വരാമെന്നു സമ്മതിച്ചു. മററുള്ളവർ പറഞ്ഞത് വെടിവയ്ക്കുന്നതിന് തിരുവിതാംകൂർ മഹാരാജാവിൻെറ അനുവാദം വേണം; അല്ലാതെ നടപ്പില്ലെന്നാണ്. എന്നാൽ ഞങ്ങളുടെ കമാണ്ടിംഗ് ആഫീസർ പ്രത്യേക വിമാനംവഴി വന്ന് മഹാരാജാവിൻെറ അനുവാദവും വാങ്ങിയിരുന്നു.

ഞാൻ ചെന്ന് രണ്ടു ലീഡറന്മാരെ വിളിച്ചു രാവിലെ വിസിൽ കേൾക്കുമ്പോൾ ജോലിക്കിറങ്ങണമെന്നറിയിച്ചു. അവരുടെ ആലോചനപ്രകാരം ഞങ്ങളുടെകൂടെ ഇറങ്ങാമെന്ന് അഞ്ചെട്ടുപേർ സമ്മതിച്ചു. പിറേറദിവസം നേരം വെളുത്തു. പെരേഡിന് വിസിൽ മുഴങ്ങി. ഞാനും എൻെറ ഗ്യാംഗിൽപ്പെട്ട മൂന്നുപേരും ആദ്യമായി ജോലിക്കിറങ്ങി. ഇതുകണ്ട് പുറകെ പുറകേ ഓരോരുത്തർ ഇറങ്ങി എണ്ണൂറുപേരും ജോലിക്കുപോയി.

www.malankaralibrary.com



ജോലിസ്ഥലത്തു ചെന്നപ്പോൾ ആക്കും ജോലിചെയ്യുന്നതിനു് നിർവ്വാഹമില്ലാതെവന്നു. കാരണം പൈപ്പുകളും, ഭക്ഷണസാധനങ്ങൾ സൂക്ഷിക്കുന്ന സ്റ്റോറും എല്ലാം അധികാരികൾ പൂട്ടിയിരുന്നു; അങ്ങനെ രണ്ടുദിവസം മുഴുപ്പട്ടിണിയിൽ എല്ലാവരും കഴിച്ചുകൂട്ടി. മൂന്നാം ദിവസം 10 മണിയോടുകൂടി ചപ്പാത്തിയും ചായയും ജോലിസ്ഥലത്തു കൊണ്ടുവന്നുതന്നു. അതു ഭക്ഷിച്ചതിനു ശേഷമാണു് ആരോഗ്യം വീണ്ടുകിട്ടിയതു്. ഇങ്ങനെ ദൈവകൃപയാൽ ഞാൻ മുഖേന 800 പേർ രക്ഷപ്പെട്ടു. മൂന്നുമാസം കഴിഞ്ഞു് ഞങ്ങൾ സ്വന്തം വീടുകളിൽ എത്തി.

## ഉളിയാഴിത്തുറ മിഷൻ

നാലാഞ്ചിറ മിഷൻ അഭിവൃദ്ധിപ്പെട്ടതോടുകൂടി പ്രവർത്തനം സമീപപ്രദേശങ്ങളിലേക്കു് വ്യാപിപ്പിക്കണമെന്നു തീരുമാനിച്ചു. ഞാൻ ഉളിയാഴിത്തുറ എന്ന സ്ഥലത്തു പോയി പല പാവപ്പെട്ടവരെയും കണ്ടു സംസാരിച്ചു. ആ പ്രദേശത്തുള്ളവരെല്ലാം ഹിന്ദുക്കളായിരുന്നു. അവരിൽ പ്രമാണിമാരായ ചിലരെ പരിചയപ്പെടുകയും ഒരു മിഷൻ അവിടെ തുടങ്ങുന്നതിനുള്ള സാധ്യതകളെക്കുറിച്ചു് ആരായുകയും ചെയ്തു. അവിടെ ഒരു ചാപ്പലുണ്ടാക്കി ആരാധന ആരംഭിച്ചു.

## ചാപ്പൽ പൊട്ടക്കിണററിൽ

ഇങ്ങനെയിരിക്കെ ഒരുദിവസം നേരം വെളുത്തപ്പോൾ ഓല മേഞ്ഞിരുന്ന ചാപ്പൽ കാണ്മാനില്ല. അ



ന്വേഷണത്തിൽ അടുത്തുള്ള ഒരു പൊട്ടക്കിണററിൽ അതിന്റെ ചില ഭാഗങ്ങൾ കാണാനിടയായി. ഞാൻ ഉടൻതന്നെ വിവരം വന്ദ്യപിതാവിനെ അറിയിച്ചു. പിതാവു പൊലീസ് സൂപ്രണ്ടിനു ഒരു കത്തു തന്നു. അതു ഞാൻ പോലീസ് സൂപ്രണ്ടിനു കൊണ്ടുപോയി കൊടുത്തു. കത്തു വായിച്ചിട്ടു് അദ്ദേഹം ഫലിതരൂപത്തിൽ ഇങ്ങനെ പറഞ്ഞു: "പരിശുദ്ധാത്മാവിനു് ഇനിയും തടസ്സംകൂടാതെ പുറത്തിറങ്ങാമല്ലോ", അതിനുവേണ്ടിയുള്ള മാർഗ്ഗമായി പരിണമിക്കുകയാണു് അവരുടെ പ്രവർത്തനം എന്നദ്ദേഹം കൂട്ടിച്ചേർത്തു. അദ്ദേഹം സ്ഥലത്തു വന്നു് അന്വേഷണം നടത്തുകയും കളവുപോയ സാധനങ്ങൾ തിരിച്ചെടുപ്പിക്കുകയും ചെയ്തു.

## മന്ത്രവാദിയെ എതിരിട്ട കഥ

ഒരുദിവസം മിഷൻപ്രവർത്തനത്തിനായി ഞാൻ ഒരു വീട്ടിൽ ചെന്നു. അവിടെ കണ്ട കാഴ്ച എന്നെ വല്ലാതെ അരിശംകൊള്ളിച്ചു. ഒരു മുറത്തിൽ കുറേ കവടിയുമായി ഒരു മന്ത്രവാദി എന്തോ മന്ത്രങ്ങൾ ഉരുവിട്ടുകൊണ്ടിരിക്കുകയായിരുന്നു. ആളുകൾ അയാളുടെ ചുററും ഭയഭക്തിയോടെ ഇരിക്കുന്നതു കണ്ടപ്പോൾ കോപമടക്കാൻ കഴിയാതെ ഞാൻ കവടിയുമെല്ലാമെടുത്തു മുററത്തേയ്ക്കെറിഞ്ഞു അയാളുപയോഗിച്ച ശംഖ് ഞാൻ കല്ലുകൊണ്ടിടിച്ചു പൊടിച്ചു. അവിടെയിരുന്ന ആളുകൾ ഭയവിഹ്വലരായി എഴുന്നേററു മാറിനിന്നു. ഞാൻ ആരുടെ പ്രതിനിധിയെന്നു് അറിയാവുന്നവർ എഴുന്നേററു സ്ഥലംവിട്ടു. ചിലർ പറഞ്ഞു, എനിക്കു ദോഷമു

www.malankaralibrary.com



ണ്ടാകുമെന്നു്. എന്നാൽ എനിക്കു യാതൊരു ദോഷവുമുണ്ടായില്ല. ഇക്കാരണത്താൽ ധാരാളമാളുകൾ അവിടെ ക്രിസ്ത്യാനികളാകുവാനിടയായി.

അവിടെ ഉണ്ടായിരുന്ന പഴയ ചാപ്പലിൻെറ സ്ഥാനത്തു് ഇപ്പോൾ ഒരു പള്ളി ഉയർന്നു നില്ക്കുന്നു. പഴയ ആളുകളിൽ കുറേപ്പേർ മററു ക്രിസ്തീയവിഭാഗങ്ങളിലേക്കു പോയെങ്കിലും നൂറോളം വീട്ടുകാർ ഇപ്പോഴും അവിടെ കത്തോലിക്കാവിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു.

## കന്യാസ്ത്രീമഠം

മലങ്കരസുറിയാനിറീത്തിൻെറ അടിസ്ഥാനഘടകങ്ങളിലൊന്നാണു് കന്യാസ്ത്രീമഠം. ബഥനിപ്രസ്ഥാനത്തിൻെറ ആരംഭത്തിൽത്തന്നെ ആശ്രമവും മഠവും സ്ഥാപിതമായെന്നും ആദ്യത്തെ ബഥനിമഠം തിരുവല്ലായിലാണെന്നും മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

നാലാഞ്ചിറ മഠത്തിൻെറ പണി പൂർത്തിയായപ്പോൾ തിരുവല്ലായിൽനിന്നും കന്യാസ്ത്രീകൾ നാലാഞ്ചിറ വന്നുചേർന്നു. അധികം താമസിയാതെ രണ്ടു മൈൽ വടക്കു അരുവിയോടു സ്ഥലം വിലയ്ക്കു വാങ്ങി. കന്യാസ്ത്രീകളായിരുന്നു അവിടത്തെ അധ്യാപികമാർ. അക്കാലത്തു് അതുവഴി ബസ്സ് സർവീസ് ഇല്ലാതിരുന്നതിനാലും കന്യാസ്ത്രീകൾക്കു് അധികദൂരം നടന്നുപോകുന്നതിനു അന്നത്തെ സാഹചര്യം അനുകൂലമല്ലാഞ്ഞതിനാലും വന്ദ്യപിതാവു് അവർക്കു ഒരു കാളവണ്ടി വാങ്ങിക്കൊടുത്തു. വണ്ടിക്കാരൻ കിട്ടൻ രാവിലെ ബ. കന്യാസ്ത്രീകളെ സ്കൂളിൽ കൊണ്ടുപോകുകയും വൈകിട്ടു തിരിയെ കൊണ്ടുവരികയുമായിരുന്നു പതിവു്.



പുനരൈക്യപ്രസ്ഥാനത്തിൻെറ വളർച്ചയ്ക്കനുസൃതമായി കന്യാസ്ത്രീമഠങ്ങളുടെ എണ്ണവും വർദ്ധിച്ചു. സേവനോൽസുകരായ അനേകം യുവതികൾ കന്യകാലയങ്ങളിൽ ചേർന്നു. പല സ്ഥലങ്ങളിലും മഠങ്ങളും അവയോടു ചേർന്നു് സ്കൂളുകൾ, അനാഥമന്ദിരങ്ങൾ, ആശുപത്രികൾ മുതലായവയും സ്ഥാപിതമായി.

കന്യാസ്ത്രീകളുടെ മേൽനോട്ടത്തിൽ ഒരു ഹോസ്റ്റൽ (തിരുവനന്തപുരത്തു താമസിച്ചു പഠിക്കുന്ന കോളജ് കുമാരികളുടെ താമസസൗകര്യത്തിനുവേണ്ടി) തുടങ്ങാൻ തീരുമാനിച്ചു. അങ്ങനെയാണു തിരുവനന്തപുരം സിററിയിൽ ലിററിൽ ഫ്ളവർ ബഥനിഹോസ്റ്റൽ സ്ഥാപിതമായതു്. പാളയത്തു് ഒരു ചെറിയ കെട്ടിടം വാടകയ്ക്കെടുത്താണു് ആദ്യം ഹോസ്റ്റൽ ആരംഭിച്ചതു്. പിന്നീടു പല വാടകക്കെട്ടിടങ്ങളിലും ഹോസ്ററൽ നടത്തുകയുണ്ടായി. സ്വന്തമായി ഒരു കെട്ടിടമുണ്ടാക്കുകയാണു നല്ലതെന്നു ബ. കന്യാസ്ത്രീകൾക്കും വന്ദ്യപിതാവിനും തോന്നിയതുകൊണ്ടു് കൻേറാൺമെൻറു് പോലീസ് സ്റ്റേഷനു കിഴക്കുവശത്തായി കുറേ സ്ഥലം വിലയ്ക്കു വാങ്ങി അവിടെ മനോഹരമായ ഒരു കെട്ടിടം പണിയിച്ചു. അവിടെ ഇരുനൂറോളം കുട്ടികൾക്കു താമസിക്കുന്നതിനുള്ള സൗകര്യമുണ്ടു്. ഇപ്പോൾ കന്യാസ്ത്രീമഠത്തിൻെറ മേൽനോട്ടത്തിൽ നാലു ഹോസ്ററൽ ഉണ്ടെന്നാണു് എൻെറ അറിവു്:– പാളയം, നാലാഞ്ചിറ, പത്തനംതിട്ട, തെക്കേ വയനാട്ടു്.

www.malankaralibrary.com



മുപ്പത്തഞ്ചു കന്യാസ്ത്രീമഠങ്ങൾ ഇപ്പോൾ ബഥനിയുടെ കീഴിലുണ്ട്. കൂടാതെ മാർത്താണ്ഡം കേന്ദ്രമാക്കി വിദ്യാലയങ്ങൾ ആശുപത്രികൾ മുതലായവ നടത്തുന്ന മേരീമക്കൾ സന്യാസിനീസമൂഹത്തിനു ഇരുപത്തിരണ്ടു മഠങ്ങളും അനേകം ആതുരാലയങ്ങളുമുണ്ട്.

## പുനരൈക്യപാതയിലെ മായാത്ത ചില വ്യക്തിമുദ്രകൾ

ബഥനിയുടെയും പുനരൈക്യപ്രസ്ഥാനത്തിന്റെയും വളർച്ചയ്ക്കുവേണ്ടി അർപ്പണമനസ്കരായി കഠിനാധ്വാനംചെയ്തിട്ടുള്ള വൈദികശ്രേഷ്ഠന്മാരുടെയും അല്മായപ്രമുഖരുടെയും മഹനീയ സേവനങ്ങൾ അവിസ്മരണീയമത്രേ. എനിക്കു കൂടുതൽ പരിചയപ്പെടുവാൻ ഇടയായിട്ടുള്ളവരും എന്റെ ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്നവരുമായ ഏതാനും മുന്നണിസേനാനികളെപ്പറ്റി ചുരുക്കമായി പ്രസ്താവിക്കേണ്ടതുണ്ട്.

ബഥനിയുടെ ഉന്നതിക്കുവേണ്ടിയും പിന്നീട് പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടിയും വളരെയധികം പ്രവർത്തിച്ച ഒരു വൈദികശ്രേഷ്ഠനായിരുന്നു ബഹു. പുലിക്കോട്ട് ജോസഫ് റമ്പാൻ. അദ്ദേഹം ശെമ്മാശനായിരുന്ന കാലം മുതൽ പരിചയപ്പെടുവാൻ എനിക്കു സാധിച്ചു. ഒരു സുറിയാനി പണ്ഡിതനായിരുന്ന അദ്ദേഹത്തെ മലയാളപുസ്തകങ്ങൾ സുറിയാനിയിലേയ്ക്ക് തർജ്ജമ ചെയ്യുന്നതിനും സുറിയാനി പുസ്തകങ്ങൾ മലയാളത്തിലേയ്ക്കു പരിഭാഷപ്പെടുത്തുന്നതിനും വേണ്ടി വന്ദ്യതിരുമേനി തിരുമൂലആശ്രമത്തിൽ പലതവണ വരുത്തിയിട്ടുണ്ട്.



പുനരൈക്യത്തിനുശേഷം, വെണ്ണിക്കുളം, പുല്ലാട്, ഓതറ, പരുമല, തിരുമൂല എന്നീ സ്ഥലങ്ങളിലെ പിന്നോക്കസമുദായ ക്രിസ്ത്യാനികളെ തിരുമൂല വരുത്തി ധ്യാനയോഗങ്ങൾ നടത്തിവന്നു. അവർക്കു വേദപാഠക്ലാസ്സു നടത്തുന്നതിനും അവരെ പ്രാർത്ഥനാഗാനങ്ങൾ പഠിപ്പിക്കുന്നതിനും അദ്ദേഹം വളരെ ഉത്സാഹം പ്രകടിപ്പിച്ചു. അതുപോലെതന്നെ ധ്യാനദിവസങ്ങളിൽ ആളുകൾക്ക് യഥാസമയം ഭക്ഷണം നൽകുന്നതിലും അദ്ദേഹം ശ്രദ്ധാലുവായിരുന്നു.

പുനരൈക്യത്തിനുശേഷം വന്ദ്യപിതാവ് റോമിൽ പോയി തിരിയെ വരുമ്പോൾ അദ്ദേഹത്തിന്റെ സ്വീകരണത്തിനും, തിരുവനന്തപുരത്തെ താമസത്തിനും പ്രധാന ചുമതല വഹിച്ചിരുന്നത് പുലിക്കോട്ട റമ്പാച്ചനായിരുന്നു. പിന്നീട് അദ്ദേഹം സ്വന്തം സ്ഥലമായ കുന്നംകുളത്തു പോകുകയും അവിടത്തെ കന്യാസ്ത്രീമഠത്തിനടുത്തുള്ള പള്ളിയിൽ അന്ത്യസേവനം നിർവ്വഹിക്കുകയും ചെയ്തു. ആ പള്ളിയുടെ മദ്ബഹായ്ക്കു സമീപമാണ് അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നത്.

ബഥനി സ്ഥാപനങ്ങൾക്ക് വളരെയധികം ധനസഹായം ചെയ്ത ഒരു വൈദികനായിരുന്നു കവിയൂർ കലേക്കാട്ടിലച്ചൻ. ബഥനിയുടെ ആരംഭകാലത്ത് ആവശ്യങ്ങൾ അന്വേഷിച്ചറിഞ്ഞ് യഥാസമയം സഹായമെത്തിക്കുന്നതിൽ അദ്ദേഹം ദത്തശ്രദ്ധനായിരുന്നു. പുനരൈക്യത്തിനുശേഷം മലങ്കര റീത്തിനുവേണ്ടി ഒരു വലിയ പള്ളിയും കുരിശടിയും കവിയൂർ എന്ന സ്ഥലത്തു

www.malankaralibrary.com



പണികഴിപ്പിച്ചു് സഭാസേവനം അദ്ദേഹം പൂർത്തിയാക്കി.

പുനരൈക്യപ്രസ്ഥാനത്തെ വളർത്തുന്നതിനുവേണ്ടി വളരെ ത്യാഗംസഹിച്ച ഒരു വൈദികശ്രേഷ്ഠനായിരുന്നു പുത്തൻവീട്ടിലച്ചൻ. പുനരൈക്യത്തെപ്രതി സ്വന്തം കുടുംബക്കാർപോലും അദ്ദേഹത്തിനു് എതിരാളികളായി. ഒരു ഞായറാഴ്ച ഞാൻ അവിടത്തെ ചാപ്പലിൽ ചെല്ലുമ്പോൾ അച്ചൻ മാത്രം അവിടെയുണ്ടു്. അച്ചനോടു ചോദിച്ചപ്പോൾ പള്ളിയിൽ ആരുമില്ലെന്നും, എല്ലാവരും എതിരാണെന്നും വി. കുർബാനയ്ക്കു കൂടുന്നതിനു ആരുമില്ലെന്നും എന്നോടു പറഞ്ഞു. അങ്ങനെ അച്ചന്റെ കുർബാനയ്ക്കു ഞാനാണു് അന്നു കൂടിയതു്. ഒടുവിൽ സ്ഥലവാസികളെ വിളിച്ചുകൂട്ടി ഒരു വമ്പിച്ച പൊതുയോഗം സംഘടിപ്പിക്കുകയും മാർ ഈവാനിയോസ് തിരുമേനിക്കു് സ്വീകരണം നൽകുകയും ചെയ്തു. എതിരാളികൾ മിക്കവരും സത്യവിശ്വാസം സ്വീകരിച്ചു. അവിടെ ഒരു വലിയ പള്ളിയും ഇടവകയും രൂപം പ്രാപിക്കയുണ്ടായി.

പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി പീഡനം സഹിച്ചിട്ടുള്ള വൈദികപ്രമുഖനാണു് നിരണത്തു ബി. ഡി. അച്ചൻ. ഈ പ്രസ്ഥാനത്തിന്റെ ആരംഭത്തിൽ ഞാൻ വെള്ളയമ്പലത്തു് ഉണ്ടായിരുന്നപ്പോൾ അദ്ദേഹം അഭിവന്ദ്യപിതാവിനെ കാണുവാൻ വരികയും പുനരൈക്യപ്പെടുന്നതിനു് താൽപര്യപ്പെടുകയും ചെയ്തു. അന്നു് അദ്ദേഹത്തിന്റെ വകയായി വിളവൂരിലുണ്ടായിരുന്ന



എസ്റ്റേററിൽനിന്നും വളരെയധികം ഭക്ഷ്യധാന്യങ്ങൾ വെള്ളയമ്പലത്തു് എത്തിച്ചു് തിരുമേനിയെ സഹായിച്ചതും ഞാൻ ഓർക്കുന്നു. പുനരൈക്യത്തിനുശേഷം സ്വന്തസ്ഥലമായ നിരണത്തു് എത്തിയപ്പോൾ വിവരം അറിഞ്ഞ എതിരാളികൾ അദ്ദേഹത്തിന്റെ വസതിക്കു് കല്ലെറിയുകയും ഇടവകയിൽനിന്നും അദ്ദേഹത്തിനുണ്ടായിരുന്ന സകല ആനുകൂല്യങ്ങളും നിറുത്തലാക്കുകയും ചെയ്തു. അതൊന്നും വകവയ്ക്കാതെ അദ്ദേഹം ഉറച്ചുനിന്നു. അദ്ദേഹത്തിന്റെ വസതി സൂക്ഷിക്കുവാൻ പരുമലയുള്ള പിന്നോക്കസമുദായ ക്രിസ്ത്യാനികളായിരുന്നു രാത്രികാലങ്ങളിൽ പോയിരുന്നതു്. യാക്കോബായസഭയിൽ ചേർന്നിരുന്ന പിന്നോക്കസമുദായ ക്രിസ്ത്യാനികളിൽ സി. എം. എസ്. മുതലായ ഇതര ക്രിസ്തീയ വിഭാഗങ്ങളിലേയ്ക്കു് പോയിരുന്നവരെയെല്ലാം തിരിച്ചുവിളിച്ചു് തിരുസഭയിൽ ചേർക്കുന്നതിനും, പള്ളി വയ്ക്കുവാൻ പരുമല സ്ഥലം വാങ്ങിക്കുന്നതിനും, വന്ദ്യപിതാവിനെ പ്രേരിപ്പിച്ചതു് ബഹു: ബി. ഡി. അച്ചനായിരുന്നു. റീത്തുപ്രസ്ഥാനത്തിനു മറക്കാനാവാത്ത നിസ്തുല സേവനങ്ങളാണു് അദ്ദേഹം ചെയ്തിട്ടുള്ളതു്.

ബഥനിക്കുവേണ്ടി വളരെ ബദ്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന ഒരു വൈദികനായിരുന്നു മൂലമണ്ണിൽ മല്പാനച്ചൻ. തിയോഫിലോസ് തിരുമേനി തിരുവല്ലായിൽ താമസിക്കുമ്പോൾ ആഴ്ചയിൽ പലദിവസവും തിരുമേനിയോടൊത്തു താമസിച്ചിരുന്ന മല്പാനച്ചൻ സുറിയാനിയിൽനിന്നും മലയാളത്തിലേയ്ക്കു് അനേകം പാട്ടുകൾ

www.malankaralibrary.com



ഭാഷാന്തരപ്പെടുത്തുകയും മിക്കവയും എന്നെ പഠിപ്പിക്കുകയും ചെയ്തു. കൂടാതെ എന്നെ സുറിയാനിയും പഠിപ്പിച്ചു. അനേകരുടെ പുനരൈക്യത്തിനുവേണ്ടി ഇദ്ദേഹം ഫലപ്രദമായി പ്രവർത്തിച്ചിട്ടുണ്ട്.

തിരുമൂല ആശ്രമത്തിനു സമീപം കിഴക്കുവശത്തായി താമസിച്ചിരുന്ന ബ. ചിറ്റയ്യാട്ടച്ചൻ, മിക്ക ദിവസങ്ങളിലും വന്ദ്യപിതാവിനെ സന്ദർശിക്കുകയും വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തിരുന്നു. എൻെറ മാമോദീസായ്ക്കു സസന്തോഷം സഹകരിച്ച വൈദികരിൽ ഒരാളായിരുന്നു ഇദ്ദേഹം. പുനരൈക്യത്തിനുശേഷം അദ്ദേഹത്തിന് സ്വന്തം ഇടവക വിടുന്നതിനും ഇടവകക്കാരുടെ കടുത്ത എതിർപ്പുകളെ നേരിടുന്നതിനും ഇടയായി. അദ്ദേഹത്തിൻെറ സഹകരണത്തോടെ തിരുമൂലപുരത്ത് ഒരു പള്ളിയും ഹൈസ്കൂളും സ്ഥാപിച്ചിട്ടുണ്ട്.

ബഥനിയുടെ ആദ്യകാലത്തെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കു വഹിച്ചിരുന്ന ഒരു വൈദികനാണ് ബ. സ്തേഫാനോസച്ചൻ. ഏല്പിക്കപ്പെടുന്ന ഏതു ജോലിയും കൃത്യനിഷ്ഠയോടെ സസന്തോഷം ചെയ്തു തീർക്കുന്ന സ്വഭാവവിശേഷമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. സദാ പ്രസന്നവദനനായി മാത്രമേ, അദ്ദേഹത്തെ കാണാൻ കഴിഞ്ഞിരുന്നുള്ളൂ. ഹൃദ്യമായ സംഭാഷണചാതുരി ആരെയും ആകർഷിക്കും. ബഥനിയുടെ ആദ്യഘട്ടങ്ങളിൽ വളരെ കഷ്ടപ്പെട്ടു പല സ്ഥലങ്ങളിലും പോയി പിടിയരി ശേഖരിച്ചുകൊണ്ടു വരിക അദ്ദേഹത്തിൻെറ



പ്രത്യേക പ്രവർത്തനമായിരുന്നു. സഹായിയായി ഒരു ചാക്കും വഹിച്ചുകൊണ്ടു ഞാനും അദ്ദേഹത്തോടൊപ്പം പോയിരുന്നു.

പുസ്തകവില്പനയായിരുന്നു അദ്ദേഹത്തിൻെറ ചുമതലയിൽപ്പെട്ട മറെറാരു ജോലി. ഓരോ വീട്ടുകാർക്കും നേർച്ചക്കുടുക്കകൾ വിതരണം ചെയ്യുന്ന ജോലിയും അദ്ദേഹം നിർവഹിച്ചിരുന്നു. ബഥനിക്കു വേണ്ടിയുള്ള സംഭാവനകൾ അതിൽ നിക്ഷേപിക്കണമെന്നും ആണ്ടിലൊരിക്കൽ ബഥനിയിൽ ഏല്പിക്കണമെന്നുമായിരുന്നു വ്യവസ്ഥ. ഇങ്ങനെ കിട്ടിയിരുന്ന സംഭാവനകളാണ് ബഥനിയുടെ ആവശ്യങ്ങൾക്കായി ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്നത്. കുടുക്കവിതരണത്തിൽ റിക്കാർഡു സൃഷ്ടിച്ച ഒരു സംഭവം ഞാനോർക്കുന്നു.

സ്ഥലം പത്തനംതിട്ട മാക്കാംകുന്നു പള്ളി. മൂന്നു നോമ്പുകാലം. കാതോലിക്കാബാവാ, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനി, എം. എ അച്ചൻ (മാർ ഈവാനിയോസ് എന്നിവരുടെ പ്രസംഗങ്ങൾ കേൾക്കുന്നതിന് ധാരാളം ആളുകൾ പല സ്ഥലങ്ങളിൽനിന്നും എത്തിയിട്ടുണ്ട്. ഒരു വണ്ടി നിറയെ പുസ്തകങ്ങളും കുടുക്കകളും നേരത്തേതന്നെ സ്ഥലത്തെത്തിച്ചിരുന്നു. ആശ്രമപിതാവിൻെറ പ്രസംഗം കഴിഞ്ഞപ്പോൾ ധാരാളം ആളുകൾ പുസ്തകങ്ങൾക്കും കുടുക്കകൾക്കുമായി സ്തേഫാനോസച്ചനെ സമീപിച്ചു. ഉണ്ടായിരുന്ന കുടുക്കകൾ മുഴുവനും വിതരണംചെയ്തു. കുടുക്കകൾ തികയാതെ വന്നതിനാൽ പിന്നീടു അവർക്കു കൊണ്ടുകൊടുക്കാമെന്ന് അ

www.malankaralibrary.com



ദ്ദേഹം ഏററു. ആശ്രമപിതാവിൻെറ പ്രസംഗമായിരുന്നു
ഈ സംഭവത്തിനു കാരണം.

പുനരൈക്യത്തിനുശേഷം വെണ്ണിക്കുളത്തു പുത്തൻ
യി സ്ഥാപിച്ച ആശ്രമത്തിൽവച്ച് ഫാ. സ്റ്റേഫാ
നോസ് കർത്താവിൽ നിദ്രപ്രാപിച്ചു. അങ്ങനെ ആശ്രമ
സ്ഥാപനത്തിനുശേഷം ദിവംഗതരായവരിൽ പ്രഥമ
സ്ഥാനം അദ്ദേഹം നേടി. തിരുവനന്തപുരത്തു ബഥ
നിആശ്രമം സ്ഥാപിച്ചതിനുശേഷം അദ്ദേഹത്തിൻെറ
ഭൗതികാവശിഷ്ടം യാക്കോബായക്കാരുടെ എതിർപ്പുക
ളെ വകവയ്ക്കാതെ തിരുവനന്തപുരത്തു ബഥനിആശ്രമ
ത്തിൽ കൊണ്ടുവന്നു സംസ്കരിച്ചു.

ബഥനിയിലെ കർമ്മയോഗിയായ വൈദികനും
വൈദ്യനുമായിരുന്നു ബ. ജോബച്ചൻ. പെരുനാട്ട് ആ
ശ്രമം വകയായി അന്നുണ്ടായിരുന്ന കന്നുകാലികളെ മേ
യ്ക്കുന്നതിലും സംരക്ഷിക്കുന്നതിലും മുൻകൈയെടുത്തിരു
ന്നതു് ഇദ്ദേഹമായിരുന്നു. മഴക്കാലങ്ങളിൽ കട്ടത്തൊ കാ
ററും തണുപ്പുമേററു് തലയിൽ ചൂട്ടപാളയും* ധരിച്ചു്
കന്നുകാലികളെ മേയ്ച്ചു നടക്കുമ്പോഴും പുഞ്ചിരി വി
ടർന്ന മുഖമായിരിക്കും അദ്ദേഹത്തിൽ കാണപ്പെടുക.
വൈദികപട്ടം സ്വീകരിച്ചശേഷം ആതുരശുശ്രൂഷയിൽ
താൽപര്യം പ്രകടിപ്പിച്ച അദ്ദേഹം ഒരു വൈദ്യനായി
ട്ടാണ് അറിയപ്പെട്ടിരുന്നതു്. പാമ്പുവിഷം, പേപ്പട്ടി

* പണ്ടു കുടയ്ക്കു പകരം രണ്ടുമൂന്നു കമുകിൻപാളകൾ കൂട്ടി
ച്ചേർത്തു് ഈർക്കിൽകൊണ്ടു തയ്ച്ചു യോജിപ്പിച്ചെടുക്കുന്ന
താണു് ചൂട്ടുപാള.



വിഷം മുതലായവയിൽ അദ്ദേഹത്തിൻെറ ചികിത്സാ
വൈദഗ്ദ്ധ്യം സുപ്രസിദ്ധമായിരുന്നു. പുനരൈക്യപ്രസ്ഥാ
നത്തിൻെറ വളർച്ചയ്ക്കുവേണ്ടി ഒട്ടേറെ മിഷ്യൻസ്ഥ
ലങ്ങളിൽ അദ്ദേഹം നിസ്തന്ദ്രമായി പ്രവർത്തിച്ചിട്ടുണ്ടു്.
അദ്ദേഹം തിരുവല്ലാ കവിയൂർ ആശുപത്രിയിൽവച്ചു്
നിര്യാതനാവുകയും തിരുവല്ലാ ബഥനിആശ്രമസെമി
ത്തേരിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

തിരുമൂല ആശ്രമത്തിലെ യാക്കോബ് സാധു വൈ
ദികപട്ടം ലഭിച്ചപ്പോൾ ബർസ്ലീബാ എന്ന നാമം സ്വീ
കരിച്ചു. അദ്ദേഹം സാധുവായിരുന്നപ്പോൾ ഒരുദിവസം
എന്നെ വിളിച്ചു് 'താഴ്മ'യുടെ അർത്ഥവും പ്രാധാന്യവും
പഠിപ്പിച്ചു. അതു് പരിശീലിക്കുന്നതിനാണ് ആശ്രമ
ത്തിൽ ആഹാരംകഴിക്കുന്ന പാത്രങ്ങൾ അവരവർതന്നെ
കഴുകി വൃത്തിയാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. തയ്യ
ലിൽ അഭിരുചിയും വൈദഗ്ദ്ധ്യവുമുള്ള യാക്കോബുസാധു
ആശ്രമസ്ഥർക്ക് വേണ്ട വസ്ത്രങ്ങൾ തുന്നുന്നതിൽ പ്രത്യേ
കം ശ്രദ്ധിച്ചു. വൈദികനായശേഷം അദ്ദേഹം പുറമററം,
വെണ്ണിക്കുളം എന്നീ ബഥനിപ്പള്ളികളുടെ ചുമതലവ
ഹിച്ചിരുന്നു. പിടിയരിശേഖരിച്ചാണ് നിത്യവൃത്തി
കഴിഞ്ഞിരുന്നതു്. ചിലപ്പോൾ ഞങ്ങൾ പട്ടിണികിട
ന്നിട്ടുമുണ്ടു്. ഒടുവിൽ രോഗബാധിതനായി തിരുവല്ലാ
ആശുപത്രിയിൽവച്ചു് മരണമടഞ്ഞു. മൃതദേഹം തിരു
വല്ലാ ആശ്രമസെമിത്തേരിയിൽ സംസ്കരിച്ചു.

പെരുനാട്ട് ആശ്രമപ്പള്ളിയിൽ കഷ്ടാനുഭവ ആഴ്ച
ആരാധനയ്ക്കു് വരുകയും ആരാധനകളിൽ പങ്കുകൊണ്ട

www.malankaralibrary.com



ശേഷം ആശ്രമത്തിൽ ചേരുന്നതിന് തീവ്രമായി ആഗ്രഹിക്കയും മാതാപിതാക്കളുടെ അനുമതിവാങ്ങി ആശ്രമസ്ഥനാകുകയും ചെയ്തു ബ. അപ്രേം അച്ചന്റെ ഗംഭീരസ്വരം അപൂർവ്വസിദ്ധിയത്രെ. ഇദ്ദേഹം ചെങ്ങന്നൂർ ആശ്രമത്തിൽ താമസിക്കുമ്പോൾ ഇടയാറന്മുള പള്ളിയിൽ വി. കർബ്ബാനയ്ക്കുപോയി. അപ്പോൾ ഒരു കിണറിനു സ്ഥാനംകാണുന്നതിന് എന്നെയും കൂട്ടിക്കൊണ്ടു പോയി. വി. കർബ്ബാന കഴിഞ്ഞു് അടുത്തുള്ള വീട്ടിലായിരുന്നു പ്രഭാതഭക്ഷണം. കാപ്പികുടിച്ചമാത്രയിൽത്തന്നെ അദ്ദേഹത്തിനു ബോധക്ഷയമുണ്ടായി. ആളുകളെല്ലാം പരിഭ്രമിച്ചു. ഞാൻ എല്ലാവരെയും സമാധാനപ്പെടുത്തി; "അദ്ദേഹം കുടിച്ച കാപ്പിതന്നെയാണു ഞാൻ കുടിച്ചതു്. പിന്നെന്തിനു നിങ്ങൾ വിഷമിക്കണം" എന്നു പറഞ്ഞു് അവരെ ആശ്വസിപ്പിച്ചു. ഞാൻ അദ്ദേഹത്തെ കുറെ അധികനേരം വീശുകയും ശുശ്രൂഷിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ബോധക്ഷയം വിട്ടുമാറി. കിണറിനു സ്ഥാനം നിർണ്ണയിച്ചതിനുശേഷം ഞങ്ങൾ സ്ഥലം വിട്ടു.

ഒരിക്കൽ പന്തളം പള്ളിയിൽ വി. കർബ്ബാനയ്ക്കുശേഷം മാവേലിക്കര സ്വവസതിയിൽ പോകുകയും അവിടെവച്ചു് പെട്ടെന്നുണ്ടായ ഹൃദയസ്തംഭനംനിമിത്തം നിര്യാതനാവുകയും ചെയ്തു. അവിടെനിന്നും മൃതദേഹം തിരുവനന്തപുരത്തു് കൊണ്ടുവന്നു് ബഥനി ആശ്രമസെമിത്തേരിയിൽ സംസ്കരിച്ചു.



ചെങ്ങനാട്ടു് ബഥനിആശ്രമത്തിൽ 'സാധു'വായി ചേർന്നതുമുതൽ നിത്യസമ്മാനത്തിനു വിളിക്കപ്പെടുന്നതുവരെയും വിശ്വസ്തതയോടെ, ക്രിസ്തുവിനെ പൂർണ്ണമായി അനുകരിച്ചുകൊണ്ടു്, എല്ലാവർക്കും പ്രിയങ്കരനായും, പ്രാർത്ഥനാനിരതനായും ജീവിച്ച സാക്ഷാൽ ളുണസഹോദരനാണു് ബ്രദർ ആന്റണി. കാവിവസ്ത്രം സ്വീകരിച്ചപ്പോൾ ലഭിച്ച, ആന്റണി (അന്തോനിയോസ്) എന്ന വിശിഷ്ടനാമധേയം അന്വർത്ഥമാക്കുമാറു് ജീവിതവിശുദ്ധിയിൽ അദ്ദേഹം നിഷ്കൃഷ്ടപാലിച്ചിരുന്നു. ശിശുസഹജമായ സ്വഭാവനൈർമ്മല്യവും, മധുരഭാഷണവും കൊണ്ടു് ആർക്കും, ആഹ്ലാദവും ആശ്വാസവും പകർന്നുകൊണ്ടിരുന്ന അദ്ദേഹം എളിമയുടെ ഉത്തമ നിദർശനമത്രെ.

നാലാഞ്ചിറ ബഥനിആശ്രമത്തിൽ താമസിച്ചിരുന്നകാലത്തു് മിക്കവാറും തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ പോയി രോഗികളെ സന്ദർശിച്ചു് ആശ്വസിപ്പിക്കുക പതിവായിരുന്നു. കൂടാതെ നല്ലനല്ല പുസ്തകങ്ങൾ രോഗികൾക്കു വായിക്കുവാൻ കൊടുക്കുകയും അവർ വായിച്ചു തീർന്നാൽ അതുവാങ്ങി മററു രോഗികൾക്കു കൊടുക്കുകയും ചെയ്യുമായിരുന്നു. ആശുപത്രിയിലെ എല്ലാ ജീവനക്കാർക്കും അദ്ദേഹത്തെ പരിചയമായിരുന്നു.

ഒടുവിൽ ശയ്യാവലംബിയായിത്തീർന്ന അദ്ദേഹത്തെ മെഡിക്കൽ കോളജാശുപത്രിയിൽ പ്രവേശിപ്പിക്കുകയും യഥാസമയം കൂദാശകളെല്ലാം സ്വീകരിച്ചു് സമാധാനത്തോടെ പ്രസന്നവദനനായി കർത്താവിൽ നിദ്രപ്രാപി

www.malankaralibrary.com



ക്കുകയും ചെയ്തു. മൃതദേഹം നാലാഞ്ചിറ ബഥനി ആശ്രമ സെമിത്തേരിയിൽ സംസ്ക്കരിച്ചു.

## മാനേജർ ചാക്കോച്ചൻ

ബഥനിക്കും പുനരൈക്യപ്രസ്ഥാനത്തിനും വേണ്ടി നിരന്തരം പ്രവർത്തിച്ച അൽമേനികളിൽ പ്രഥമസ്ഥാനമർഹിക്കുന്ന ഒരാളാണു മാനേജർ ചാക്കോച്ചൻ. സഭയ്ക്കുവേണ്ടി അദ്ദേഹം സഹിച്ച കഷ്ടപ്പാടുകൾ നിരവധിയാണു്. തികച്ചും നിസ്സ്വാർത്ഥമായ ജീവിതമാണു് സമുദായസ്നേഹിയായ ശ്രീമാൻ കിളിലേത്തു് ചാക്കോച്ചൻ നയിച്ചിരുന്നതു്. ബഥനിപ്രസ്ഥാനമായിരുന്നു അദ്ദേഹത്തിന്റെ കുടുംബം.

ഞാനും സ്തേഫാനോസച്ചനുംകൂടി പിടിയരി ശേഖരിക്കുന്നതിനു പോയപ്പോഴാണു് അദ്ദേഹവുമായി ഞാൻ പരിചയപ്പെട്ടതു്. തിരുവല്ലായുള്ള അദ്ദേഹത്തിന്റെ റൈസ്മില്ലിൽ ചെല്ലുമ്പോൾ പലരുടെ സംഭാവനയായി സ്വീകരിച്ചു് സൂക്ഷിച്ചുവയ്ക്കുന്ന ഒരു പാട്ട അരി ആശ്രമത്തിനുവേണ്ടി തരുമായിരുന്നു. ആഴ്ചതോറും ഇങ്ങനെ അദ്ദേഹം സംഭാവനചെയ്തുകൊണ്ടിരുന്നു. ബഥനിക്കുവേണ്ടി പലവിധത്തിലുള്ള സഹായങ്ങളും അദ്ദേഹം ചെയ്തിരുന്നതുകൊണ്ടു് 'ബഥനിച്ചാക്കോച്ചൻ' എന്നാണു് ആളുകൾ അദ്ദേഹത്തെ വിളിച്ചിരുന്നതു്. പില്ക്കാലത്തു് അദ്ദേഹത്തിന്റെ നിസ്സ്വാർത്ഥസേവനം കണ്ടു സന്തുഷ്ടനായ വന്ദ്യപിതാവു് അദ്ദേഹത്തെ ബഥനിയുടെ മാനേജരാക്കി. അങ്ങനെയാണു് മാനേജർ ചാക്കോച്ചൻ എന്ന പേരു കിട്ടിയതു്.



ഞാൻ തിരുവല്ലാ ബഥനിപ്പള്ളിയിൽ തിയോഫിലോസ് തിരുമേനിയുടെകൂടെ താമസിക്കുന്ന കാലത്തു് മാനേജർ ചാക്കോച്ചനും ചേരിയിൽ ശ്രീമാൻ കൊച്ചുകുഞ്ഞും, മേലാമ്പറമ്പിൽ ശ്രീമാൻ ഉമ്മച്ചനും എല്ലാദിവസവും രാവിലെ പള്ളിയിൽവന്നു് വി. കർബാന കണ്ടതിനുശേഷം അടുക്കളയിൽ വന്നു് വല്ലതും കുറവുണ്ടോ എന്നു് അന്വേഷിക്കുകയും വല്ല കുറവുമുണ്ടെങ്കിൽ അതു പരിഹരിക്കുകയും ചെയ്യുക പതിവായിരുന്നു.

അദ്ദേഹത്തിനു് തിരുവല്ലാ ചന്തയിൽ ഉണ്ടായിരുന്ന റൈസ്മില്ലും ജൗളിക്കടയും, തിരുമൂല ബാലികാമഠത്തിനു സമീപം ഉണ്ടായിരുന്ന പലചരക്കുകടയും ഉപേക്ഷിച്ചിട്ടാണു് പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി അദ്ദേഹം അഹോരാത്രം പ്രവർത്തിച്ചിരുന്നതു്.

പണ്ടത്തെ അഞ്ചലോട്ടക്കാരനെപ്പോലെയാണു് സന്ദേശവുമായി തിരുവല്ലായിൽനിന്നും പെരുനാട്ടിലേയ്ക്കും പെരുനാട്ടിൽനിന്നും തിരുവല്ലായിലേയ്ക്കും ബഥനിയുടെ പുനരൈക്യപ്രവർത്തനകാലങ്ങളിൽ അദ്ദേഹം ഓടിയിട്ടുള്ളതു്. ആദ്യദിവസം പുനരൈക്യപ്പെട്ട അല്മായപ്രതിനിധിയും ചാക്കോച്ചനത്രേ.

പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭകാലങ്ങളിൽ വന്ദ്യതിരുമേനിയോടൊത്തു് തിരുവനന്തപുരത്തുവന്നു താമസമുറപ്പിച്ചു് ഈ പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്ന അദ്ദേഹം തന്റെ ജീവിതസായാഹ്നം കുറവൻകോണത്തുള്ള വൃദ്ധമന്ദിരത്തിൽ കഴിച്ചുകൂട്ടി. കുറേക്കാലം മെഡിക്കൽകോളജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഒടുവിൽ രോഗം വർ

www.malankaralibrary.com



ഥിക്കുകയും കർത്താവിൽ നിദ്രപ്രാപിക്കുകയും ചെയ്തു. അഭിവന്ദ്യ ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനി, ബ. വൈദികർ, കന്യാസ്ത്രീകൾ, ബന്ധുമിത്രാദികൾ, സുഹൃത്തുക്കൾ എന്നിങ്ങനെ നിരവധി ആളുകളുടെ സാന്നിദ്ധ്യത്തിൽ പട്ടം പള്ളിയിൽ വൈദികർക്കായി ഒരുക്കിയിട്ടുള്ള കല്ലറകളിലൊന്നിൽ അദ്ദേഹത്തിന്റെ മൃതദേഹം സംസ്ക്കരിക്കപ്പെട്ടു.

അദ്ദേഹത്തിന്റെ വത്സലപുത്രിയായ മദർ സെമഹാ ഇപ്പോൾ ബഥനിമഠങ്ങളുടെ സുപ്പീരിയർ ജനറലായി സേവനമനുഷ്ഠിച്ചുവരുന്നു.

## ശ്രീമാൻ മത്തായിസാർ മലഞ്ചരുവിൽ

ശ്രീമാൻ മലഞ്ചരുവിൽ മത്തായിസാറും ഞാനും ഒരു സ്ഥലക്കാരും (ഉള്ളന്നൂർ) അയൽവാസികളുമായിരുന്നു. പന്തളത്തു തോന്നല്ലൂർ സ്കൂളിൽ അദ്ദേഹം പഠിച്ചുകൊണ്ടിരുന്നകാലം മുതൽ എനിക്ക് അദ്ദേഹത്തെ പരിചയമുണ്ട്. വിദ്യാഭ്യാസത്തിലും സാമ്പത്തികനിലയിലും ഒട്ടും മോശമല്ലാത്ത ഒരു കുടുംബത്തിലെ അംഗമാണ് അദ്ദേഹം. എന്റെ വിദ്യാഭ്യാസത്തിൽ സാരമായ ഒരു പങ്കു അദ്ദേഹം വഹിച്ചിരുന്നു. പിന്നോക്കസമുദായക്കാരുടെ വിദ്യാഭ്യാസത്തിനുവേണ്ടി അദ്ദേഹത്തിന്റെ വസതിക്കുസമീപംതന്നെ ഒരു ഷെഡ്ഡുണ്ടാക്കി രാത്രികാലങ്ങളിൽ ബോധനം നടത്തിവന്നു.

മലഞ്ചരുവിൽ കുടുംബത്തിലെ നെൽക്കൃഷിപ്പണികളെല്ലാം ചെയ്തിരുന്നതു് എന്റെ അപ്പനായിരുന്നതുകൊണ്ടു് ആ കുടുംബവുമായി കൂടുതലടുക്കുന്നതിനു് എ



നിക്കു സാധിച്ചു. എന്നാൽ ക്രിസ്തീയവിശ്വാസത്തിലേയ്ക്കുള്ള എന്റെ ചായ്‌വ് എനിക്കു സ്വദേശംതന്നെ വിട്ടുപോകേണ്ട സാഹചര്യം സൃഷ്ടിച്ചതിനാൽ പ്രസ്തുത കുടുംബവുമായി അധികകാലമിടപെടുവാൻ സാധിച്ചില്ല.

ശ്രീ മത്തായിസാർ ഉള്ളന്നൂർ വിളയാടിശ്ശേരി സ്കൂളിൽ അധ്യാപകനായിരുന്ന കാലത്തു് ബ. കോമാട്ടച്ചനുമൊരുമിച്ചു വന്ദ്യപിതാവിനെ കാണുന്നതിനായി തിരുമൂലപുരം ബഥനിആശ്രമത്തിൽ വന്നപ്പോഴാണ് ഞാൻ വീണ്ടും അദ്ദേഹത്തെ കാണുന്നതു്. എന്നെ കണ്ടമാത്രയിൽ ആശ്ചര്യപ്പെട്ട് "നീ എങ്ങനിവിടെ വന്നു"? എന്നെന്നോടുചോദിച്ചു. എന്നെപ്പറ്റിയുള്ള വിവരങ്ങൾ വിശദമായി ഞാൻ രണ്ടുപേരെയും ധരിപ്പിച്ചു.

അധികം താമസിയാതെ മത്തായിസാറിന്റെ പരിശ്രമംകൊണ്ടു് ഉള്ളന്നൂർ ഒരു ബഥനിപ്പള്ളി പണിതീർത്തു. അതിന്റെ കൂദാശയ്ക്കായി വന്ദ്യപിതാവിനോടൊപ്പം ഞാനും അവിടെ പോയിരുന്നു. പയ്‌വഴി മുതൽ പള്ളി നിൽക്കുന്നതുവരെ ഒരു മൈലോളംദൂരം കാടുകൾ വെട്ടിത്തെളിച്ചു റോഡുണ്ടാക്കി അതുവഴിയാണു് വന്ദ്യതിരുമേനിയെ ആഘോഷപൂർവ്വം എതിരേററു കൊണ്ടുപോയതു്. പുനരൈക്യത്തിന്റെ ആരംഭകാലത്തു ഈ പള്ളിക്കുവേണ്ടി വളരെയധികം എതിർപ്പുകളുണ്ടായിട്ടും അവയെസധൈര്യം നേരിട്ട് പുനരൈക്യപ്രസ്ഥാനത്തിൽ ഉറച്ചു നിൽക്കുകയും പ്രസ്ഥാനത്തിനുവേണ്ടി നിരന്തരം പ്രവർത്തിക്കുകയും ചെയ്തു. പില്ക്കാലത്തു് ഇദ്ദേഹത്തിന്റെ പരിശ്രമഫലമായി ഉള്ളന്നൂർ മനോഹര

www.malankaralibrary.com



മായ ഒരു പള്ളിയും അതിന് സമീപം ഒരു കന്യാസ്ത്രീമഠവും സ്ഥാപിതമായി.

പിന്നീടു ഞാൻ ശ്രീ മത്തായിസാറിനെ കാണുന്നതു് പട്ടം അരമനയിൽ വച്ചാണു്. എല്ലാ സ്ഥലത്തും മിഷൻപ്രവർത്തനം നടത്തുക, പള്ളി പണിയിക്കുക എന്നീ ചുമതലകൾ വന്ദ്യപിതാവു് അദ്ദേഹത്തെ ഏല്പിച്ചു. ക്രിസ്തുമതപ്രചാരണാർത്ഥം മൂകചലച്ചിത്രപ്രദർശനവും പ്രസംഗപരമ്പരകളും നടത്തി അദ്ദേഹം ജനങ്ങളെ പ്രബുദ്ധരാക്കിവന്നു. മാർ ഈവാനിയോസ് കോളജിന്റെ സ്ഥലം വാങ്ങുന്നതിൽ ഇദ്ദേഹത്തിന്റെ അന്യാദൃശമായ വൈഭവം അത്യന്തം ഉപകരിച്ചു.

ഇങ്ങനെ ബഥനിക്കുവേണ്ടിയും പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടിയും നിരന്തരം പ്രവർത്തിച്ചുകൊണ്ടിരുന്ന ശ്രീ മത്തായി സാർ സ്വസന്താനങ്ങളിൽ എട്ടുപേരെ ദൈവമഹത്വത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനു് ഒരുക്കിയതിൽ എല്ലാവരുടെയും അഭിനന്ദനം അർഹിക്കുന്നു. അവരിൽ നാലുപേർ വൈദികരും നാലുപേർ കന്യാസ്ത്രീകളുമായി സഭാസേവനം നടത്തിക്കൊണ്ടിരിക്കുകയാണു്. ഇപ്പോൾ ശ്രീ മത്തായിസാർ വാർദ്ധക്യസഹജമായ അനാരോഗ്യത്താൽ സ്വഭവനത്തിൽ വിശ്രമിച്ചുകൊണ്ടിരിക്കുന്നു.

## ദുഃഖകരമായ ഒരു യാത്ര

എന്റെ ആദ്യകാലത്തെ ആശ്രമജീവിതത്തിൽ സംഭവബഹുലങ്ങളായ പല അനുഭവങ്ങൾക്കും സാക്ഷ്യം വഹിച്ച പെരുനാട്ടു് ബഥനിആശ്രമം വീണ്ടും ഒന്നു സന്ദർശി



ക്കുന്നതിനു് എനിക്കു് ആഗ്രഹംതോന്നി. സാമ്പത്തിക വൈഷമ്യങ്ങൾ എന്നെ അലട്ടിക്കൊണ്ടിരുന്നതിനാൽ പെട്ടെന്നൊരു യാത്ര സാദ്ധ്യമല്ലല്ലോ എന്നു ഞാൻ വ്യസനിച്ചു. അപ്പോഴും ദൈവം എന്നെ സഹായിച്ചു. ഭരണങ്ങാനത്തു കിണറുകൾക്കു സ്ഥാനം നിർണ്ണയിക്കുവാൻ ചെല്ലുന്നതിനുള്ള ഫീസും വണ്ടിക്കൂലിയുമായി ഒരു മാന്യൻ അയച്ചിരുന്ന 50 രൂപായോളം പോസ്റ്റുമാൻ എന്നെ ഏല്പിച്ചു. എനിക്കു സന്തോഷമായി. ഉടൻതന്നെ ഞാൻ ഭരണങ്ങാനത്തേയ്ക്കു് യാത്രതിരിച്ചു.

പിറേറദിവസം (27-4-1968) സ്ഥാനനിർണ്ണയത്തിനുശേഷം പെരുനാട്ടു് ആശ്രമത്തിലേയ്ക്കു പോകണമെന്ന ആഗ്രഹത്തോടെ ഭരണങ്ങാനത്തുനിന്നും പൂഞ്ഞാർ കോട്ടയം ബസ്സിൽ യാത്രതിരിച്ചു. നിർഭാഗ്യമെന്നേ പറയേണ്ടു, ഞാൻ സഞ്ചരിച്ചിരുന്ന ബസ്സ് ചേർപ്പുങ്കൽ എന്ന സ്ഥലത്തെത്തിയപ്പോൾ ഒരു കാറിനു് സൈഡുകൊടുക്കവേ വളരെ താഴ്ചയിലേയ്ക്കു മറിഞ്ഞു. മൂന്നുദിവസത്തിനുശേഷം ഞാൻ കണ്ണുതുറന്നപ്പോൾ പാലാ ഗവണ്മെന്റ് ആശുപത്രിയിലാണെന്നു മനസ്സിലായി. അഞ്ചുദിവസം അവിടെയും 24 ദിവസത്തോളം തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലും ചികിത്സയിൽ കഴിഞ്ഞു. എന്റെ വലത്തുവശത്തെ വാരിയെല്ലുകൾക്കു് സാരമായ കേടുകൾ സംഭവിച്ചതിനാൽ യാത്രചെയ്യാൻ നിർവ്വാഹമില്ലാതായതുകൊണ്ടു് പിന്നീടു് നാലുവർഷങ്ങൾക്കുശേഷമാണു് പെരുനാട്ടു് ബഥനി ആശ്രമം കാണുവാൻ എനിക്കു ഭാഗ്യമുണ്ടായതു്.

www.malankaralibrary.com



## പുതിയ അരമന

ഇപ്പോൾ അതിരൂപതയുടെ അദ്ധ്യക്ഷനായ ആർച്ചുബിഷപ്പ് മാർ ഗ്രീഗോറിയോസ് തിരുമേനിയാണ് പുതിയ അരമന ഇരിക്കുന്ന സ്ഥലം അതിരൂപതയ്ക്കുവേണ്ടി വാങ്ങിക്കുകയും അവിടെ മനോഹരമായ ഒരു അരമന പണിയിക്കുകയും ചെയ്തതു്. പ്രാർത്ഥനയാലും ദിവ്യബലിയർപ്പണത്താലും ഈ സ്ഥലം അരമനയ്ക്കു് വളരെ യോജിച്ചതാണെന്ന കാര്യത്തിൽ തർക്കമില്ല. പുനരൈക്യപ്രസ്ഥാനത്തിന്റെ ആസ്ഥാനമായ ആർച്ചുബിഷപ്സ് ഹൗസ് തിരുവനന്തപുരം പട്ടണത്തിനു് ആദ്ധ്യാത്മികസൗന്ദര്യം നൽകുന്നതോടൊപ്പം കേരളത്തിന്റെ സാമൂഹ്യസാംസ്കാരികപ്രവർത്തനങ്ങൾക്കു പ്രകാശം പരത്തുന്നു എന്നതും അഭിമാനാർഹങ്ങളായ കാര്യങ്ങളാണ്. മാത്രമല്ല, അഭിവന്ദ്യതിരുമേനി കേരളത്തിന്റെ മാത്രമല്ല, ഭാരതത്തിന്റെതന്നെ മുഖച്ഛായ മാറ്റുന്നതിനു തീവ്രയത്നം നടത്തുന്ന ഒരു ധീരയോദ്ധാവു കൂടിയാണെന്നതു് ഏവർക്കും അറിയാവുന്ന കാര്യമാണ്. അങ്ങനെ മനുഷ്യന്റെ ആദ്ധ്യാത്മികവും ശാരീരികവുമായ അഭിവൃദ്ധിയ്ക്കുവേണ്ടി മാർഗ്ഗദർശിയായി നിലകൊള്ളുന്ന പട്ടം ആർച്ചുബിഷപ്സ് ഹൗസ് ചരിത്രത്തിന്റെ താളുകളിൽ സ്ഥാനം പിടിച്ചിരിക്കുന്നതു് അഭിമാനത്തോടും രോമാഞ്ചത്തോടുംകൂടി മാത്രമേ സ്മരിക്കാൻ കഴിയുകയുള്ളൂ. പാവപ്പെട്ടവരുടെയും അശരണരുടെയും ആശാകേന്ദ്രമാണ് അഭിവന്ദ്യതിരുമേനി. മാർ ഈവാനിയോസ് തിരുമേനി സമാരംഭിച്ച പ്രസ്ഥാനം ലോകശ്ര-



ദ്ധയിൽ കൊണ്ടുവരുവാൻ തന്റെ പിൻഗാമിയായ മാർ ഗ്രീഗോറിയോസ് തിരുമേനിക്കു സാധിച്ചു.

## ബഥനിസ്മാരകം

പെരുനാട്ട ബഥനിആശ്രമത്തിൽനിന്നും വന്ദ്യപിതാവും കൂട്ടരും ഇറങ്ങിത്തിരിച്ച കഥ മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. വർഷങ്ങൾക്കുശേഷം 1974 മേയ്മാസം 31-ാം തീയതി ഞാൻ പെരുനാട്ട പഴയ ആശ്രമം സന്ദർശിച്ചു. അന്നത്തെ വനപ്രദേശങ്ങൾ ഇന്നവിടെ കാണ്മാനില്ല. അക്കാലത്തു ബഥനിക്കുണ്ടായിരുന്ന കൃഷിസ്ഥലങ്ങൾ ഇന്നു റബ്ബർതോട്ടങ്ങളാണ്. അവിടെയുണ്ടായിരുന്ന ചാപ്പലിനു വലുപ്പത്തിൽ വ്യത്യാസമില്ലെങ്കിലും അന്നത്തെ പുല്ലുമേഞ്ഞ മേൽക്കൂരകൾക്കു പകരം ഇന്നു് ഓടു മേഞ്ഞതും വെള്ളപൂശിവൃത്തിയാക്കിയ ഭിത്തികളുള്ളതുമായ ഒരു മനോഹരകെട്ടിടം കാണാം.

അനേകായിരം വഴിയാത്രക്കാർക്കു് ഉപയോഗപ്രദമായിരുന്നതും ഹാശാആഴ്ചയിൽ കന്യാസ്ത്രീകൾ താമസിച്ചു് ആരാധനയിൽ സംബന്ധിക്കുന്നതിനു് ഉപയോഗിച്ചിരുന്നതും വന്ദ്യപിതാവു് പണിയിച്ചതുമായ ഒരു സത്രം അവിടെയുണ്ടായിരുന്നതു് ഇന്നവിടെ കാണ്മാനില്ല. അനാഥശാല നിന്നിരുന്ന സ്ഥലം ഇന്നു കൃഷിക്കുപയോഗിച്ചു വരുന്നു.

എന്നാൽ വന്ദ്യപിതാവിന്റെ പെരുനാടരമനയുടെ പലകകൊണ്ടു മറച്ച ചുവരും, ചാണകം മെഴുകി വൃത്തിയാക്കിയ തറയും, അദ്ദേഹം ഉപയോഗിച്ചിരുന്ന

www.malankaralibrary.com



കട്ടിൽ, മേശ, കസേര, വിളക്ക്, പായ് തലയിണ എന്നീ ഉപകരണങ്ങളും അതേ നിലയിൽ സൂക്ഷിച്ചിരിക്കുന്നതു കണ്ടാൽ അദ്ദേഹത്തിൻെറ സ്മരണ നിലനിറുത്തുന്നതിനുവേണ്ടി ചെയ്തിരിക്കയല്ലേ എന്നു തോന്നും.

അതുപോലെതന്നെ മാർ തിയോഫിലോസ് തിരുമേനിയുടെ മുറിയും അതിലെ ഉപകരണങ്ങളും അതേനിലയിൽത്തന്നെ സൂക്ഷിച്ചിട്ടുണ്ട്. എൻെറ ആവശ്യപ്രകാരം അവിടത്തെ സുപ്പീരിയർ രണ്ടു മുറികളും തുറന്നു എന്നെ കാണിച്ചു .വന്ദ്യതിരുമേനിയുടെ അരമനവരാന്തയിൽ സൂക്ഷിച്ചിരിക്കുന്ന മേശയിൽ എനിക്കു ഭക്ഷണം തന്നു. ആദ്യകാലത്തുണ്ടായിരുന്ന വൈദികരിൽ ഒരാൾ (റവ. ഫാ. മത്തായി) മാത്രമാണിന്നവിടെയുള്ളതു്. ഇദ്ദേഹം വാർദ്ധക്യസഹജമായ അസുഖങ്ങളിൽ കഴിയുകയാണ്. ഞാൻ അദ്ദേഹത്തെ സന്ദർശിക്കുകയും കുശലപ്രശ്നങ്ങൾക്കുശേഷം പിരിയുകയും ചെയ്തു.

എൻെറ മടക്കയാത്രയിൽ വടശ്ശേരിക്കര മാണിവല്യപ്പൻെറ വീട് (ബംഗ്ലാവ്) സന്ദർശിക്കുന്നതിനു ഞാൻ മറന്നില്ല. വന്ദ്യതിരുമേനി തിരുവല്ലാനിന്നും പെരുനാട്ട ആശ്രമത്തിലേയ്ക്കു് ജലമാർഗ്ഗം യാത്രചെയ്യുമ്പോൾ പെരുനാട്ട ആശ്രമത്തിൽനിന്നും കുതിരയെ കൊണ്ടുവരുന്നതുവരെ വിശ്രമിക്കുന്നതിനുപയോഗിച്ചിരുന്ന വീടാണ് ബംഗ്ലാവ്. ബഹുമാനപ്പെട്ട കന്യാസ്ത്രീകളുടെയും, അനാഥക്കുട്ടികളുടെയും യാത്രയ്ക്കും ഈ വീടു ഒരു വിശ്രമസ്ഥാനമായിരുന്നു. ബഥനിക്കും പുനരൈക്യപ്രസ്ഥാ



നത്തിനുംവേണ്ടി വളരെയേറെ സഹായസഹകരണങ്ങൾ ഈ വല്യപ്പനിൽനിന്നും ഉണ്ടായിട്ടുണ്ട്. മാണി വല്യപ്പൻ മൺമറഞ്ഞുപോയെങ്കിലും ആ കുടുംബാംഗങ്ങൾ ഇന്നു പുനരൈക്യപ്രസ്ഥാനത്തിൻെറ അംഗങ്ങളാണ്. ആ ബംഗ്ലാവാകട്ടെ ഇന്നും അതേ രീതിയിൽ നിലകൊള്ളുന്നു.

ചെറുപ്പം മുതൽതന്നെ ബഥനിക്കും റീത്തുപ്രസ്ഥാനത്തിനുംവേണ്ടി ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി എന്നെ ഭരമേല്പിച്ച ജോലി ഞാൻ ഇന്നും നിർവിഘ്നം തുടരുകയാണ്. എൻെറ പ്രചാരണവേലയുടെ ഫലമായി ആയിരത്തിൽപ്പരം ആത്മാക്കളെ കത്തോലിക്കാ വിശ്വാസത്തിലേക്കു കൊണ്ടുവരുവാൻ സാധിച്ചുവെന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. എന്നെ ഏല്പിച്ച ജോലി മരണംവരെയും കൃത്യമായി ചെയ്യുന്നതിന് വേണ്ട ശക്തി തരുവാൻ സർവ്വശക്തനായ ദൈവത്തോടു പ്രാർത്ഥിക്കയും അനുവാചകരുടെ പ്രാർത്ഥന അഭ്യർത്ഥിക്കയും ചെയ്തുകൊള്ളുന്നു.

—സമാപ്തം—